
അനന്ത നിക്ഷേപം

ഒന്നാം ഭാഗം I

ദിവ്യരക്ഷകന്റെ ജീവിതരഹസ്യങ്ങളെപ്പറ്റിയുള്ള

പ്രതിദിനധ്യാനങ്ങൾ



DEFINITORY S.D.C. CANCELLED
No. 342
LIBRARY.
HOUSE OF STUDIES S.D.C. CANCELLED
MANGALORE.

പരിഭാഷകൻ

റവ. ബ്രൂ. ലിയോപ്പോൾഡ്, ടി. ഒ. സി. എഫ്

K19
V58
DHARMARAM COLLEGE LIBRARY
2841
BANGALORE.

രണ്ടാം പതിപ്പു.

"ചെറുപുഷ്പ" മുദ്രാലയം മഞ്ഞുമ്മൽ.

1941

(പകർപ്പവകാശം സ്വായത്തം)

265-6
XXV

NEW

PRACTICAL MEDITATIONS

FOR EVERY DAY IN THE YEAR,

ON THE

LIFE OF OUR LORD JESUS CHRIST.

CHIEFLY INTENDED

FOR THE USE OF RELIGIOUS COMMUNITIES.

BY THE

REV. FATHER BRUNO VERCRUYSSE, S. J.

Translated by

REV. BR. LEOPOLD, T. O. C. D.

Second Edition,

THE LITTLE FLOWER PRESS,

MANJUMMEL.

1941

Nihil obstat.

FR. IGNATIUS T. O. C. D.

CENSOR.

4-9-1940

Re-Imprimatur.

FR. ALEXANDER LEKTHAPARAMBIL,

VIC. GEN.

Ernakulam,
5—9—1940

അവതാരിക

"അനന്തനിക്ഷേപം" എന്ന ഈ ഗ്രന്ഥം ഒരു ധ്യാനഗ്രന്ഥമാകുന്നു. എന്താണു ധ്യാനം എന്നു പറയുന്നതു്? യെരമ്യാസ് ദീപ്തദർശി, ലോകം മുഴുവനും ശൂന്യമായിക്കിടക്കുന്നതിനെപ്പറ്റി നിലവിളിച്ചപ്പോൾ, ആ ശൂന്യാവസ്ഥയ്ക്കുള്ള കാരണമായി ചൂണ്ടിക്കാണിച്ചതു് "തന്റെ ഹൃദയത്തിൽ ചിന്തിക്കുന്ന ഒരുത്തനും ഇല്ല" (Jer. XII. 11.) എന്ന സംഗതിയാണു്. ഹൃദയത്തിൽ ചിന്തിക്കുക" എന്നു പറയുന്നതിന്റെ സാരം നാം നല്ലവണ്ണം മനസ്സിലാക്കേണ്ടതുണ്ടു്. എല്ലാവരും ഓരോവിധത്തിൽ ചിന്തയുള്ളവരും ചിന്തിക്കുന്നവരുമാണു്. പക്ഷെ, പലരുടേയും ചിന്ത ഭൌമികകാര്യങ്ങളിൽ മാത്രമാകുന്നു. തങ്ങൾ ലോകത്തിനു വേണ്ടി മാത്രമുള്ളവരാണെന്നോ, എന്നും ലോകത്തിൽതന്നെയിരിക്കാനുള്ളവരാണെന്നോ ഉള്ള ഭാവത്തിലാണു് അവരുടെ ചിന്ത മുഴുവനും. ജീവിത പരമോദ്ദേശ്യത്തേയും പരമാന്ത്യത്തേയും പറ്റി അവർ ചിന്തിക്കുന്നില്ല. അവരുടെ ആരംഭം എന്തായിരുന്നു? അന്ത്യം എന്തായിരിക്കും? അവർ ലോകത്തിൽ വന്നതു എന്തിനു്? അവർ എങ്ങോട്ടു പോകുന്നു? അവരെ നിമിഷംപ്രതി അടുത്തടുത്തുകൊണ്ടിരിക്കുന്ന നിത്യതത്ത്വത്തിന്റെ സ്വഭാവം എന്തു്? ഇതൊന്നും ചിന്തിക്കാത്തവർ വളരെയുണ്ടു്. മരണം, വിധി, സ്വർഗ്ഗം, നരകം എന്ന നിത്യസത്യങ്ങളെക്കുറിച്ചു് ചിന്തിക്കാത്തവരും, ആ ചിന്തയിൽനിന്നു് മനഃപൂർവ്വം ഒഴിയാൻ ശ്രമിക്കുന്നവരുമായി വളരെ ആളുകൾ ലോകത്തിൽ ഉണ്ടാകും. എങ്കിലും അവരിൽ ഒരുത്തനെങ്കിലും ആ സത്യങ്ങളുടെ പിടിയിൽനിന്നൊഴിയാൻ സാധിക്കുന്നുണ്ടോ? മരണത്തെ മാറ്റിവയ്ക്കാൻ, അഥവാ ഒഴിച്ചുനിറുത്താൻ സാധിച്ച ഒരു മനുഷ്യനെങ്കിലും ലോകത്തിലുണ്ടോ? നിത്യസത്യങ്ങളുടെ ചങ്ങലയിലെ ഒരു കണ്ണിയാകുന്നു മരണം. അതിനെ ഒഴിക്കാൻ സാധിക്കാത്ത മനുഷ്യനു ആ നിത്യചങ്ങലയുടെ അനന്തര കണ്ണികളെപ്പറ്റി ചിന്തിക്കാതെ കഴിച്ചുകൂട്ടാൻ സാധിക്കുന്നതെങ്ങനെ? ഈ അനന്ത

സന്യാസത്തെപ്പറ്റിയുള്ള ചിന്ത ആരിൽ ഇല്ലാതിരിക്കുന്നു, അവൻ തന്റെ ഹൃദയംകൊണ്ടു ചിന്തിക്കുന്നവനല്ലെന്നു പറയാം. അങ്ങനെ "ഹൃദയത്തിൽ ചിന്തിക്കാത്ത" തുനിമിത്തം മർത്യവംശം ഇന്നും എത്രയോ ശൂന്യമായിക്കിടക്കുന്നുവെന്നു കാണുന്നതിനു, ആധുനികശാസ്ത്രജ്ഞന്മാരുടെ ഭൂതക്കണ്ണാടിയല്ല, യെരമ്യാസ് ദീർഘദർശിയെപ്പോലുള്ള ദിവ്യന്മാരുടെ ദൂരദർശിനിയാണു ആവശ്യം. നമ്മുടെ ജീവിതാന്ത്യത്തെപ്പറ്റി നമ്മുടെ ഹൃദയത്തിൽ ചിന്തിക്കാൻ ശീലിക്കുക. ആ ചിന്തയാണു ധ്യാനം. ആ ധ്യാനമാണ് ലോകത്തിന്റെ ശൂന്യാവസ്ഥയെ നീക്കാനുള്ള പ്രത്യൗഷധം.

ഈശോയിലുള്ള സ്വർഗ്ഗീയസമ്പത്തുകളെപ്പറ്റി അറിയാതിരിക്കുന്നതാണു ഒട്ടുവളരെ ക്രിസ്ത്യാനികളുടെ ആത്മികദരിദ്ര്യത്തിനുള്ള കാരണമെന്നു ആൽവരേസ് എന്ന ശ്രേഷ്ഠഗുരു പറയുകയുണ്ടായിട്ടുണ്ട്. മിശിഹായുടെ സമ്പത്തുകളെ നാം കണ്ടറിയുന്നതെങ്ങിനെ? അതിനുള്ള മാർഗ്ഗവും ധ്യാനമല്ലാതെ മറ്റൊന്നുമല്ല. ഈശോയുടെ ജീവിതം, പ്രബോധനങ്ങൾ, അവിടുന്നു നമുക്കുവേണ്ടി സഹിച്ച ക്ലേശങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ധ്യാനിക്കാതെ നാം അവിടുത്തെ നിക്ഷേപങ്ങളെ അറിയുന്നതല്ല.

വൈദികലോകത്തിൽ സുപ്രസിദ്ധമായിത്തീർന്നിട്ടുള്ള ഒരു ഇംഗ്ലീഷ് ധ്യാനപുസ്തകത്തിന്റെ ഭാഷാന്തരമാണ് ഈ "അനന്തനിക്ഷേപം." ബ്ര്യൂണൊ വെർക്രൂയിസ് എന്ന പേരിൽ പ്രസിദ്ധനായിത്തീർന്നിട്ടുള്ള ഒരു ജെസ്വിത്തുസഭാംഗമാണ് ഇതിന്റെ മൂലഗ്രന്ഥകാരൻ. അദ്ദേഹം ഇതു സന്യാസികൾക്കും, സന്യാസിനികൾക്കുംവേണ്ടി എഴുതിയതാണ്. എങ്കിലും ഈ ഗ്രന്ഥം കത്തോലിക്കലോകത്തിനു ആകപ്പാടെ അനർഘമായ ഒരാദ്ധ്യാത്മികസമ്പത്തായിത്തീർന്നിരിക്കുന്നു. ധ്യാനം സന്യാസികൾക്കും, സന്യാസിനികൾക്കും മാത്രമുള്ള ഒരേർപ്പാടാണെന്നു ചിലരുടെയിടയിൽ ഒരു തെറ്റിദ്ധാരണയുണ്ട്. ഞാൻ മുകളിൽ പറഞ്ഞ സംഗതികൾ മനസ്സിരുത്തി വായിക്കുന്നവർ ആ തെറ്റിദ്ധാരണ കളയുമെന്ന് വിശ്വസിക്കുന്നു. ധ്യാനം എല്ലാവരുടേയും നിത്യരക്ഷയ്ക്ക് അവശ്യം ആവശ്യമാണ്. സന്യാസികളും സന്യാസിനികളും അത് തങ്ങളുടെ സഭകളുടെയും ആശ്രമങ്ങളുടെയും മുറകൾ അനുസരിച്ചും, തങ്ങൾ [illegible]

ടെ ജീവിതാവസ്ഥയെ കൈവരിച്ചിരിക്കുന്നവരാകകൊണ്ടു കൂട്ടത്തിൽ നിഷ്കർഷവെച്ചും, ചില പ്രത്യേക രീതികളും അനുസരിച്ചും നടത്തുന്നവെന്നേയുള്ളൂ. അയ്യേനികർക്കും തങ്ങളുടെ പരമാസ്വബുദ്ധിക്കു പ്രത്യേക രീതികളൊ ചട്ടങ്ങളൊ ഒന്നും അനുസരിച്ചല്ലെങ്കിലും, ധ്യാനം ഒഴിച്ചുകൂടാത്തതാകുന്നു. രക്ഷാകരങ്ങളായ നിത്യസത്യങ്ങളേയും, നമ്മുടെ ദിവ്യരക്ഷകന്റെ ജീവിതഭിഷ്ടാനങ്ങളേയും, ഉപദേശങ്ങളേയും, അവിടുത്തെ പീഡാനുഭവങ്ങളേയുംകുറിച്ചു് തങ്ങളുടെ ഹൃദയങ്ങളിൽ കൂടക്കൂടെ ചിന്തിക്കാത്ത മനുഷ്യർ—മറൊരു വാക്കിൽ പറഞ്ഞാൽ, ധ്യാനിക്കാത്ത മനുഷ്യർ—ഏതു സ്ഥിതിക്കാരായിരുന്നാലും ശരി, ക്രൂത്യതയിലേയ്ക്കും അനർത്ഥത്തിലേയ്ക്കും പായുന്നവരാണെന്നു് പറയേണ്ടിയിരിക്കുന്നു. ധ്യാനം ആവശ്യമാണെന്നു് സമ്മതിക്കുന്നവരുടെ ഇടയിലും, അതു് എല്ലായ്പോഴും ആവശ്യമാണെന്നു് ധരിക്കാത്തവരുണ്ടു്. നാലോ അഞ്ചോ ആണ്ടു കൂടുമ്പോൾ ഏടവകപ്പള്ളിയിൽ കഴിക്കുന്നധ്യാനത്തിൽ പങ്കുകൊണ്ടാൽമതി, അല്ലെങ്കിൽ ആണ്ടിലൊരിക്കൽ നടത്തുന്ന "റിടീട്ടിൽ" ചേർന്നാൽ മതി എന്നൊക്കെ വിചാരിക്കുന്നവരുണ്ടാകും. അതുകൊണ്ടു കുഴപ്പമില്ലെന്നു വയ്ക്കുന്നതു് നല്ല കാര്യംതന്നെ. എന്നാൽ അതുകൊണ്ടുമാത്രമായില്ല. ധ്യാനം ആണ്ടോടാണ്ടു കൂടുമ്പോൾ നടത്തുന്ന ഒരു വാർഷികചടങ്ങായാൽ പോരാ. അതു് നമ്മുടെ ആദ്ധ്യാത്മികജീവിതത്തിൽതന്നെ ഒരു പ്രധാന സ്ഥാനത്തെ അർഹിക്കേണ്ട മഹത്തായ കാര്യമാണു്. ദിവസംതോറുമുള്ള പ്രാർത്ഥനകൾക്കു മുമ്പോ പിമ്പോ ചുരുങ്ങിയ സമയത്തേയ്ക്കു് ഒരു ധ്യാനം കൂടി നടത്താൻ ശീലിക്കുന്ന കുടുംബങ്ങൾ ആദ്ധ്യാത്മികനിലയിൽ വലിയ അഭിവൃദ്ധി പ്രാപിക്കുമെന്നതു് തർക്കമറ്റ സംഗതിയാകുന്നു. സന്യാസികൾക്കും സന്യാസിനികൾക്കും മറ്റും ഈ പുസ്തകപരമ്പരകൊണ്ടുള്ള പ്രയോജനത്തെപ്പറ്റി എടുത്തു പറയേണ്ടതില്ലല്ലൊ.

ധ്യാനം നടത്തുന്ന സമ്പ്രദായത്തെക്കുറിച്ചു ചുരുക്കത്തിൽ ചില സംഗതികൾ പറയാനുണ്ടു്. (ക) വായനയും ധ്യാനവും രണ്ടും രണ്ടാണു്. വായിക്കുന്ന ഓരോ വാക്യത്തിന്മേലും ബോധം നിറുത്തി അതിൽ അടങ്ങിയിരിക്കുന്ന വിഷയത്തെപ്പറ്റി ഹൃദയംകൊണ്ടു ചിന്തിക്കാത്തപക്ഷം ധ്യാനമാവുകയില്ല. (ഖ) ധ്യാനപുസ്തകം ധ്യാനത്തിന്നായി നമ്മെ പ്രേരിപ്പിക്കുകയും ഉ

ത്തെഴുപ്പിക്കുകയുംചെയ്യുന്ന ഒരു ഉപകരണംമാത്രമാണ്. വായിച്ചുകേൾക്കുന്ന ഓരോ വാക്യവും, ഓരോ വിഷയവും ഓരോരുത്തരിൽ അഗാധങ്ങളായ ചിന്തകളെ അങ്കുരിപ്പിക്കും. ആ ചിന്തകളെ സഫലമാക്കുന്നതിലാണ് ധ്യാനത്തിന്റെ സാഫല്യം അടങ്ങിയിരിക്കുന്നത്. (ന) സ്നേഹപ്രകരണങ്ങളും, പ്രതിജ്ഞകളും എന്നിവ പുസ്തകത്തിൽ ചുരുക്കമായി കൊടുത്തിരിക്കുന്നത് മാതൃമേ ആകാവൂ എന്നില്ല. അവയെ ഓരോരുത്തരും സ്വയം വികസിപ്പിക്കണം. ധ്യാനം ഓരോരുത്തർക്കും കൂടുതൽ ഫലപ്രദമാകുന്നതിനുള്ള ഈ ജോലി ഓരോരുത്തർ സ്വന്തംനിലയിൽതന്നെ വഹിക്കണം. ഗ്രന്ഥകർത്താവ് അതിനുവേണ്ട ചില മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുന്നുവെന്നേയുള്ളു. (ര) പ്രതിജ്ഞ ധ്യാനത്തിന്റെ പ്രായോഗികവശമാകയാൽ, വളരെ പ്രാധാന്യമുള്ള സംഗതിയാണ്. പക്ഷെ, സ്വന്തം ശക്തിയിൽ ആശ്രയിച്ചുകൊണ്ട് ആരും പ്രതിജ്ഞ ചെയ്യരുത്. സ്വശക്തിയാകുന്ന കടലിൽ ഇറക്കിവിട്ട പ്രതിജ്ഞകളാകുന്ന കപ്പലുകളുടെ നിഷ്ഠൂരിഷ്ഠങ്ങളും മനുഷ്യജീവിതമാകുന്ന കടൽത്തീരം മുറെ അടിഞ്ഞു കയറിക്കിടക്കുന്നതു ഒരു സാധാരണ കാഴ്ചയാണ്. അതിനാൽ പ്രതിജ്ഞകളും ചെയ്യുന്നതു നമ്മുടെ ശക്തിയിൽ ആശ്രയിച്ചുകൊണ്ടല്ലാ, ദൈവത്തിന്റെ ശക്തിയിലും സഹായത്തിലും ആശ്രയിച്ചുകൊണ്ടുവേണം. ആശ്രയം ദൈവത്തിൽ വയ്ക്കുമ്പോൾ നമുക്കു പ്രതിജ്ഞകളും ഉറപ്പായി ചെയ്വാൻ കഴിയും. (ങ) "സംഭാഷണം" എന്ന അഭിധാനത്തിൽ ഓരോ ധ്യാനത്തിലും കൊടുത്തിരിക്കുന്ന വിഷയവും ധ്യാനിക്കുന്നവരുടെ സദ്വിചാരങ്ങളും പ്രേരണകളും അനുസരിച്ചു വികസിപ്പിക്കാവുന്നതാണ്. പുസ്തകത്തിൽ ചേർത്തിരിക്കുന്നതിനും പുറമെ ഓരോരുത്തരുടെയും പ്രത്യേകമനുഷ്യന്മാരായ വിശുദ്ധാത്മാക്കളോടും സംഭാഷണം ചെയ്വാവുന്നതാണ്. (ന) ധ്യാനം ആരംഭിക്കുന്നതിനുമുമ്പു, നാം ആരുടെ മുമ്പിൽനിന്നു, എന്തു്, എന്തിനായി ചെയ്വാൻ പോകുന്നുവെന്ന് ഓരോരുത്തരും സ്വല്പനേരം ചിന്തിക്കുക. (ഛ) ധ്യാനം അവസാനിച്ചശേഷം, നാം അതു് നല്ലവണ്ണമാണ് നിർവ്വഹിച്ചുതെങ്കിൽ അതിന് അനുഗ്രഹംചെയ്ത ദൈവത്തിനു നന്ദി പറയുകയും, മോശമായിട്ടാണ നടത്തിയതെങ്കിൽ അതിനു കാരണമായ സൂക്ഷക്കുറവിനേയും ഉദാസീനതയേയും കുറ്റപ്പെടുത്തുകയും പശ്ചാത്തപിക്കയും മേലാൽ അ

പ്രകാരം വരാതിരിക്കാൻ സൂക്ഷിക്കുകയും ചെയ്യുക. (വ) രാത്രി നിദ്രയ്ക്കു പോകുമ്പോൾ പിറേദിവസത്തെ ധ്യാനവിഷയം മനസ്സിൽ വരുത്തി ഉറക്കം വരുന്നതുവരെ അതിനെപ്പറ്റി ചിന്തിക്കുന്നതും നല്ലതാണ്. (ൻ) സഹജീനതയൊ ക്ഷീണമൊന്നിമിത്തം ധ്യാനം ക്രമപ്രകാരം നടത്താൻ സാധിക്കാതിരിക്കുമ്പോൾ, ധ്യാനവിഷയം ബോധത്തിൽ വരുത്തി അതിനെപ്പറ്റി സാമാന്യമായെങ്കിലും ചിന്തിക്കുക. (ഥ) സ്വന്തം ഇല്ലായ്മയെ നല്ലപോലെ ഗ്രഹിക്കുകയും, ദൈവവേലനമായ ആശ്രമത്തിൽ ഏതെങ്കിലും സ്ഥലമോ സ്ഥാനമോ അർഹിക്കാൻ തനിക്കു യോഗ്യതയില്ലെന്ന ഏറ്റുപറയുകയും, ഏതുതരത്തിലുള്ള കുറവാരോപണവും ശിക്ഷയും നമ്മനസ്സോടെ ഏല്ക്കുന്നതെന്നു തീർച്ചപ്പെടുത്തുകയും ചെയ്തുകൊണ്ടു ധ്യാനം അവസാനിപ്പിക്കുക നല്ലസന്ന്യാസികളുടെ മുറയാണു. (ഥഥ) "ഫലംകൊണ്ടു വൃക്ഷം അറിയപ്പെടുന്നു" എന്ന വേദവാക്യം അനുസരിച്ചു ധ്യാനത്തിന്റെ ഫലം നമ്മുടെ പ്രവൃത്തികളിൽ കാണേണ്ടതാണെന്നുള്ള വിചാരം എപ്പോഴും ഉണ്ടായിരിക്കണം. (ഥന) ധ്യാനിക്കുന്നവർ ഓരോരുത്തരും, എന്റെ ആത്മാവെ, ഉണർന്നിരുന്നു പ്രാർത്ഥിക്കുക എന്നു സ്വയം പറയേണ്ടിയിരിക്കുന്നു.

നമ്മുടെ സന്ന്യാസികളും, സന്ന്യാസിനികളും എന്നെല്ലാം എല്ലാവരും ഈ ഗ്രന്ഥപരമ്പര ഉപയോഗിച്ചു നിരവധി ആത്മികനന്മകൾ പ്രാപിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടെ ഞാൻ ഇതിനെ മഹാജനസമക്ഷം സവിനയം അവതരിപ്പിച്ചുകൊള്ളുന്നു.

മഞ്ഞുമ്മൽ,
കുമ്പളീത്താസന്ന്യാസമന്ദിരം
25—3—'28

ഫാ. മൈക്കൾ ടി. ഒ. സി. സി.
പ്രയർ ജനറൽ.

മുഖവുര

നമ്മുടെ ദിവ്യരക്ഷകന്റെ പരിശുദ്ധ ജീവിതത്തെയും, പ്രബോധനങ്ങളേയും; പരമപീഡകളേയും പരാമർശിച്ചു് ജെസ്വിത്ത് സഭാംഗമായ ബ്ര്യൂണൊ വെർക്രൂയിസ് എന്ന വന്ദ്യൻ ഇംഗ്ലീഷിൽ വിരചിച്ചിട്ടുള്ള ധ്യാനഗ്രന്ഥം വൈദികന്മാരുടെ ഇടയിലെങ്കിലും സുപരിചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. സുപ്രസിദ്ധവും സൽഫലസമ്പന്നവുമായ ഈ ഗ്രന്ഥം നമ്മുടെ ഒരു സഹോദരീഭാഷയായ തമിഴിലേയ്ക്കു വിവർത്തനംചെയ്യപ്പെട്ടിട്ടു് വളരെക്കാലം കഴിഞ്ഞിരിക്കുന്നു. എന്നാൽ ഇതിനു് ഒരു മലയാളഭാഷാന്തരംകൂടിയുണ്ടാകുന്നതു കേരളീയകത്തോലിക്കർക്കു പൊതുവേയും, കേരളത്തിലെ വൈദികവ്യക്തം, സന്ന്യാസികർക്കും, സന്ന്യാസിനികർക്കും പ്രത്യേകിച്ചും ഉപകാരപ്രദമായിരിക്കുമെന്നു പലരും അഭിപ്രായപ്പെടുകയും ആഗ്രഹിക്കയും ചെയ്തിട്ടുണ്ടു്. ഒരു എളിയ സന്ന്യാസിയെന്ന നിലയിൽ ഈ ഗ്രന്ഥവുമായുള്ള ദൈനംദിനപരിചയം മേല്പറഞ്ഞ ആവശ്യത്തെ ആകുംവിധം സാധിക്കുവാനുള്ള യത്നത്തിനു ഈയുള്ളവനെ പ്രേരിപ്പിച്ചു. അങ്ങനെ സാമാന്യം വലിപ്പമേറുന്ന ഈ പുസ്തകം മലയാളഭാഷയിലേയ്ക്കു് വിവർത്തനംചെയ്തുവെച്ചിട്ടു കാലം കുറെയായെങ്കിലും, ഇതിന്റെ പ്രസിദ്ധീകരണത്തിനു വിളംബങ്ങളും വിഘ്നങ്ങളും ഓരോന്നായി നേരിട്ടുകൊണ്ടിരുന്നു. പുസ്തകം ഒന്നാകെ പ്രസിദ്ധപ്പെടുത്താൻ വിചാരിച്ചതാണു പ്രധാന വിഘ്നം എന്നു ഇതിനകം മനസ്സിലായ്കയാൽ, ഇപ്പോൾ ഖണ്ഡങ്ങളായിട്ടാണു ഈ പ്രസിദ്ധീകരണം മുഴമിപ്പിച്ചിരിക്കുന്നതു.

ഇതിന്റെ മൂലഗ്രന്ഥം ആശ്രമവാസികളായ സന്ന്യാസികളേയും സന്ന്യാസിനികളേയും ഉദ്ദേശിച്ചാണു എഴുതപ്പെട്ടിരിക്കുന്നതെങ്കിലും,പ്രതിപാദ്യവിഷയങ്ങൾ മറ്റു വൈദികന്മാർക്കുന്നല്ലാ, എല്ലാത്തരക്കാരായ അത്മേനികർക്കും അത്യന്തം ഉപകാരപ്രദങ്ങളായിരിക്കുന്നുണ്ടു്. സന്ന്യാസികർക്കും സന്ന്യാസിനികർക്കും വിശേഷവിധം ഉപകരിക്കണമെന്നു് മൂലഗ്രന്ഥകാരനുണ്ടായിരുന്ന ഉദ്ദേശ്യത്തെ ഭാഷാന്തരീകരണത്തിലും അനുസരിച്ചിട്ടു

ണെന്നു മാത്രമേയുള്ളു. പുസ്തകം ഉപയോഗിക്കുന്നവർ അവരുടെ ജീവിതാവസ്ഥയ്ക്കു യുക്തമായ വിചാരഭേദങ്ങൾ ആവശ്യമുള്ള ഘട്ടങ്ങളിൽ വരുത്തിയാൽ ഇതു സന്യാസികൾക്കും, സന്യാസിനികൾക്കും, മറ്റു വൈദികന്മാർക്കും എന്നല്ല അയോനികൾക്കും ഒന്നുപോലെ പ്രയോജനപ്രദമാണെന്നു അനുഭവവേദ്യമാകും. ധ്യാനത്തിനുമാത്രമല്ലാ മതാത്മകമായ വിജ്ഞാനത്തിനും ഈ ഗ്രന്ഥം ഉപകരിക്കുമെന്നതിനു സംശയമില്ല. മതപ്രസംഗങ്ങളും ഉപദേശങ്ങളും ചെയ്യുന്നവർക്കു ഈ പുസ്തകപരമ്പര ഒരു വലിയ സഹായകമായിരിക്കുമെന്നാണു പ്രത്യാശ.

മൂലഗ്രന്ഥകാരൻ ധ്യാനവിഷയങ്ങളുടെ ക്രമീകരണത്തെയും പ്രതിപാദനരീതിയേയുംകുറിച്ചു തന്റെ മുഖവുരയിൽ പറഞ്ഞിട്ടുള്ള ചില പ്രധാനസംഗതികളും ഇവിടെ എടുത്തു പറയേണ്ടതുണ്ടു. കേവലം പഞ്ചാംഗക്രമം അനുസരിച്ചു ധ്യാനവിഷയങ്ങൾ നിണ്ണയിക്കുന്നപക്ഷം നേരിടാവുന്ന ചില വിഘ്നങ്ങളെ ഒഴിക്കുവാനും, എന്നാൽ ആ സമ്പ്രദായംകൊണ്ടുള്ള ഗുണങ്ങൾ നഷ്ടപ്പെടുത്താതിരിക്കാനും ഉപയുക്തമായ ഒരു രീതിയിലാണു ഇതിലെ വിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്നതെന്നു അദ്ദേഹം പറയുന്നു. തപസ്സുകാലത്തിന്റെ ആരംഭദിവസമായ വിഭൂതി തിരുനാൾ ചിലപ്പോൾ ഫെബ്രുവരി ൮-ാംനു- വരാവുന്നതിനാൽ, ആ തിയ്യതിവരെ മാസത്തിലെ ദിവസക്രമം അനുസരിച്ചും; വിഭൂതിതിരുനാൾമുതൽ ഈശോയുടെ തിരുഹൃദയത്തിരുനാൾവരെ, ആഴ്ചക്രമം അനുസരിച്ചുമാണു ധ്യാനങ്ങൾ ചേർത്തിരിക്കുന്നതു്. എന്നാൽ വിഭൂതിത്തിരുനാളും, തിരുഹൃദയത്തിരുനാളും എപ്പോഴും ഒരേ തിയ്യതികളിലാകാതെ മാറിമാറി വരുവാനിടയുള്ളതുകൊണ്ടു്, വിഭൂതിത്തിരുനാളിനുമുമ്പും തിരുഹൃദയത്തിരുനാളിനു പിമ്പും ആവശ്യാനുസൃതം ഉപയോഗിക്കുന്നതിനുവേണ്ടി നമ്പ ധ്യാനങ്ങൾ വിശേഷാൽ ചേർക്കുകയും ചെയ്തിരിക്കുന്നു. അവ ഓരോ ആണ്ടിലേയും ആവശ്യം അനുസരിച്ചു ജൂലായിമാസംവരെ ഉപയോഗിക്കാവുന്നതാണു. ജൂലായിമാസംമുതൽ പഞ്ചാംഗക്രമം അനുസരിച്ചുതന്നെ വിഷയങ്ങൾ ക്രമവൽക്കരിച്ചിട്ടുണ്ടു.

ധ്യാനവിഷയങ്ങളുടെ പ്രതിപാദനരീതിയെ സംബന്ധിച്ചും മറ്റു ധ്യാനപുസ്തകങ്ങളെ അപേക്ഷിച്ചു സ്വതന്ത്രമായ ഒരു രീതിയാണു് താൻ സ്വീകരിച്ചിരിക്കുന്നതെന്നു് മൂലഗ്രന്ഥകാ

രൻ പറയുന്നു. സുവിശേഷത്തിൽ തുടർച്ചയായി വിവരിക്കപ്പെട്ടുന്ന വിഷയങ്ങളെക്കുറിച്ചുള്ള പ്രതിപാദനം ചില ഘട്ടങ്ങളിൽ നിറുത്തിയിട്ട് സാന്മാർഗ്ഗിക പുണ്യങ്ങളെയും, സന്യാസജീവിതാവസ്ഥയുടെ കടമകളേയും, സന്യാസസഭകളുടെ സ്ഥാപകന്മാരായ വിശുദ്ധാത്മാക്കളുടെ ജീവിതോദ്ദിഷ്ടാന്തങ്ങളേയും, ആണ്ടിനകം വരുന്ന പ്രധാന തിരുനാളുകളേയും കുറിച്ച് സന്ദർഭോചിതങ്ങളായ ധ്യാനങ്ങൾ വിരചിച്ചിട്ടുള്ളതു ഇതിന്നു ഒരു ഉദ്ദിഷ്ടാന്തമാണ്. ചില തിരുനാളുകൾക്കു മുമ്പുള്ള ഒമ്പതു ദിവസങ്ങളിലും, തിരുനാളുകൾ കഴിഞ്ഞിട്ടുള്ള എട്ടു ദിവസങ്ങളിലും ഉപകരിക്കത്തക്കവണ്ണം ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള ധ്യാനങ്ങൾ ഈ ഗ്രന്ഥകാരൻ ഏർപ്പെടുത്തിയ ഒരു പുതിയ പ്രസ്ഥാനം തന്നെയാകുന്നു. നോമ്പുകാലത്തേയുള്ള ധ്യാനങ്ങൾ, പൊതുവെ, നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ചുള്ളവയാണെങ്കിലും, ആ കാലഘട്ടത്തിലെ തിരുളാഴ്ചകൾതോറുമുള്ള ധ്യാനങ്ങൾ തപസ്സിന്റെ ആവശ്യകതയേയും അഭ്യാസത്തേയും പരാമർശിക്കുന്നവയായിട്ടാണ് ഈ ഗ്രന്ഥകാരൻ എഴുതിയിരിക്കുന്നത്. ഇത് നോമ്പുകാലത്തിൽ തിരുസ്സഭ ചെയ്യുന്ന ആജ്ഞയ്ക്കും ഉപദേശത്തിന്നും അത്യന്തം അനുയോജ്യമാണെന്നതിന്നു സംശയമില്ല. മാസങ്ങളുടെ ആദ്യവെള്ളിയാഴ്ചകൾ ഈശോയുടെ തിരുഹൃദയഭക്തിയ്ക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ആ ദിവസങ്ങൾക്കായിട്ടതന്നെ പ്രത്യേകം ചേർത്തിരിക്കുന്ന ധ്യാനങ്ങൾ തിരുഹൃദയഭക്തന്മാർക്ക് വളരെ ഉപകാരപ്രദമായിരിക്കും. ഇതുപോലെതന്നെ മാസങ്ങളുടെ അന്ത്യത്തിൽ ആത്മശോധനയ്ക്കും മറ്റുമായി ചേർത്തിരിക്കുന്ന ധ്യാനങ്ങളും, പരിശുദ്ധകുർബാന ഉൾക്കൊള്ളുന്ന ദിവസങ്ങളിലെ ഉപയോഗത്തിന്നായി നിർദ്ദേശിച്ചിരിക്കുന്ന ധ്യാനങ്ങളും ഈ പുസ്തകത്തിന്റെ വിശേഷ വിധികളാകുന്നു.

ഓരോ ധ്യാനവും മൂന്നു വകുപ്പുകളായിട്ടാണ് വിഭജിച്ചിരിക്കുന്നത്. എന്നാൽ ആ വകുപ്പുകൾ മൂന്നും വായിച്ച് ധ്യാനിക്കാൻ സമയമില്ലാത്തവർ രണ്ടു വകുപ്പുകളോ, അതും സാദ്ധ്യമല്ലെങ്കിൽ ഒരു വകുപ്പു മാത്രമോ വായിച്ചു ധ്യാനം നടത്താം. പക്ഷെ, സമയവും സൌകര്യവുമുള്ളവർ മൂന്നു വകുപ്പുകളും വായിക്കുന്നതുതന്നെയായിരിക്കും അധികം ഉത്തമം. ധ്യാനസമയത്തു നാം ചെയ്യേണ്ട സ്നേഹപ്രകരണങ്ങളും, പ്രതിജ്ഞകളും

വളരെ സംക്ഷിപ്തമായ ഒരു രൂപത്തിൽ സൂചിപ്പിക്കുക മാത്രമേ ഇപ്പുസ്തകത്തിൽ ചെയ്തിട്ടുള്ളൂ. അവയെ ഓരോരുത്തർക്കും യഥേഷ്ടം വർദ്ധിപ്പിച്ചുകൊള്ളാം. ധ്യാനിക്കുന്നവർക്കു സ്വന്തം നിലയിൽ ചില പ്രകരണങ്ങളും പ്രതിജ്ഞകളും നടത്താനുണ്ടാകുമെന്നുള്ളതു തീർച്ചയാകുന്നു. അവ ഓരോരുത്തരുടേയും സ്വന്തം ആലോചനയുടേയോ, സ്വന്തം ശുദ്ധീകരണത്തിന്നായുള്ള ദൈവപ്രേരണയുടേയോ ഫലങ്ങളാകയാൽ പുസ്തകത്തിൽ ചേർത്തിരിക്കുന്ന സ്നേഹപ്രകരണങ്ങളേയും പ്രതിജ്ഞകളേയുംകാൾ അതുകൾ ഓരോരുത്തർക്കും ഉപകാരപ്രദങ്ങളായിരിക്കുമെന്നു വാസ്തവം വിസ്മരിച്ചുകൂടാത്തതാണു്. കന്യകാമഠങ്ങളിലും മറ്റും ഈ ധ്യാനം പൊതുവിൽ വായിക്കേണ്ടിവരുമ്പോൾ, വായനക്കാർ മുൻകൂട്ടി ഒന്നു രഹസ്യത്തിൽ വായിച്ചു് സന്ന്യാസി എന്ന പദത്തിന്നു പകരം സന്ന്യാസിനിയെന്നും, സഹോദരൻ എന്നതിന്നു പകരം സഹോദരിയെന്നും മറ്റും വേണ്ട ഭേദങ്ങൾ മനസ്സിലാക്കിയിരിക്കുന്നതു് നന്നായിരിക്കും. ഇങ്ങനെ എല്ലാ ജീവിതസ്ഥിതിക്കാർക്കും സന്ദർഭയുക്തം വരുത്തേണ്ട ഭേദങ്ങൾ വരുത്തി വായിക്കാവുന്നതാണു്.

ഇനി, പരിഭാഷകനെന്ന നിലയിൽ രണ്ടു വാക്കുകൂടി പറഞ്ഞുകൊണ്ടു് ഈ മുഖവുര അവസാനിപ്പിക്കാം. ഈ പുസ്തകം ഇംഗ്ലീഷിൽനിന്നു പദാനുപദം പരിവർത്തനം ചെയ്യുകയെന്ന രീതിയല്ലാ സ്വീകരിച്ചിട്ടുള്ളതു്. ആശയം കഴിയുന്നതും ഇംഗ്ലീഷ് മൂലത്തോടൊപ്പിച്ചും, വിശദീകരണം ആവശ്യമെന്നു തോന്നുന്നിടങ്ങളിൽ ചിലതെല്ലാം സ്വയം ചേർത്തും സാമാന്യം സ്വതന്ത്രമായ ഒരു രീതിയിലാണു് ഇതിന്റെ പല ഘട്ടങ്ങളുടെയും ഭാഷാന്തരം. അതെല്ലാം എത്രത്തോളം സഫലമായിട്ടുണ്ടെന്നു തീർച്ചയാക്കേണ്ട ഭാരം വായനക്കാർക്കാണു്. ഒരു ധ്യാനപുസ്തകമെന്ന നിലയിൽ ഇതു് സാമാന്യക്കാർക്കും ഉപയോഗപ്രദമാകുമെന്നു കരുതി, ഭാഷാരീതിക്കു് സാഹിത്യപരമായ സൌന്ദര്യം അധികം ഭിക്ഷിക്കാതിരുന്നിട്ടുള്ളതു് സാഹിത്യരസികന്മാർ ക്ഷമിക്കുമെന്ന വിശ്വസിക്കുന്നു. ഈ പുസ്തകപരമ്പരകൊണ്ടു് എന്റെ സഹോദരങ്ങളായ സന്ന്യാസികൾക്കോ, സന്ന്യാസിനികൾക്കോ, മറ്റു വന്ദ്യ വൈദികന്മാക്കോ, മഹാജനങ്ങൾക്കോ തെല്ലൊരു ഉപകാരമുണ്ടായി എന്നു വന്നാൽ ഞാൻ കൃതാർത്ഥനായി. പുസ്തകം വായിച്ചു് ധ്യാനിക്കാനിടവരുന്നവർ ഇതി

ന്റെ മൂല ഗ്രന്ഥകാരനേയും പരിഭാഷകനേയും പരിഭാഷയ്ക്കു് ഓരോ വിധത്തിൽ സഹായസഹകരണങ്ങൾ ചെയ്തിട്ടുള്ളവരേയുംകൂടെ പ്രാർത്ഥനയിൽ ഓർക്കേണമെന്നപേക്ഷിച്ചുകൊണ്ടും എന്റെ ഈ എളിയ പരിശ്രമത്തിൽ സസ്നേഹം സഹായിച്ചിട്ടുള്ളവരുടെ നേർക്ക് എനിക്കുള്ള അപാരമായ കൃതജ്ഞതയെ പ്രകാശിപ്പിച്ചുകൊണ്ടും ഇതിനെ മഹാജനങ്ങളുടെ സൗഹൃദമായ സ്വീകരണത്തിന്നായി സമർപ്പിച്ചുകൊള്ളുന്നു.

മഞ്ഞുമ്മൽ,
കർമ്മലീത്താ സന്ന്യാസമഠം.
19 — 3 — 28

ബ്രദർ ലിയോപ്പോൾഡ്
ടി. ഒ. സി. ഡി.
പരിഭാഷകൻ.

വിഷയവിവരം

ജനുവരി

തിയ്യതി.		പുറം.
1.	ഇന്നത്തെ മൂന്നു വിശേഷങ്ങൾ.	1
2.	ഈശോ എന്ന തിരുനാമം.	5
3.	ഈശോ എന്ന തിരുനാമം നൽകപ്പെട്ടതു്.	8
4.	സമയത്തിന്റെ വില.	12
5.	സമയം നന്നായി ചെലവഴിക്കണം.	17
6.	ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ക്രീസ്തുവിനെ ആരാധിച്ചതിരുനാൾ.	21
7.	ദൈവവരത്തിന്റെ പ്രേരണ അനുസരിക്കുന്നതിൽ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പ്രദർശിപ്പിച്ച വിശ്വസ്തത.	25
8.	ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ യാത്രയിൽ നടന്ന മൂന്നു സംഭവങ്ങൾ.	29
9.	ഹേറോദേസ് രാജാവിന്റെ പരിഭ്രമവും അതിനു നിവൃത്തി മാർഗ്ഗമാക്കിയ കപടപ്രവൃത്തികളാൽ ഉണ്ടായ അശാഭംഗവും.	33
10.	ജ്യോതിശ്ശാസ്ത്രജ്ഞന്മാർ സമർപ്പിച്ച കാഴ്ചദ്രവ്യങ്ങൾ.	37
11.	ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാർക്കു സിദ്ധിച്ച ഭാഗ്യം.	41
12.	ആ ജ്യോതിശ്ശാസ്ത്രജ്ഞരെ ക്ഷണിച്ച ദൈവാനുഗ്രഹം.	45
13.	ജ്യോതിശ്ശാസ്ത്രജ്ഞന്മാർ സ്വദേശത്തേയ്ക്കു പിന്തിരിയുന്നു.	49
14.	രാവിലെ ഉണരുമ്പോൾ ഭക്തിഞ്ഞാനി പുനർജ്ജീവിപ്പിക്കുന്നതിനു് ഉപകരിക്കുന്ന മൂന്നു സംഗതികൾ.	53
15.	ഉണ്ണിഈശോ പിറന്നിട്ടു് നാല്പതാം ദിവസം യെരുസലേം ദേവാലയത്തിൽ നടന്ന പരമ രഹസ്യങ്ങൾ.	57
16.	ഉണ്ണിഈശോയെ ദേവാലയത്തിൽ കാഴ്ചവെച്ചതു്.	60

17. ദേവാലയത്തിൽ ഉണ്ണിഈശോയും സീമെയോനും തമ്മിൽ കണ്ടതു. 64
18. സീമെയോന്റെ വാക്യങ്ങളെക്കുറിച്ചു്. 68
19. മഹാത്മാവായ സീമെയോന്റെ പ്രവചനങ്ങൾ. 72
20. ആത്മരക്ഷ ഏറ്റവും സാരമായ കാര്യമാകുന്നു. 76
21. നിത്യരക്ഷ ഏറ്റവും മുഖ്യകാര്യമായി നീ കരുതുന്നുണ്ടോ എന്നറിയുന്നതെങ്ങിനെ? 80
22. തുക്കട്ടംബു ഈജിപ്തിലേക്കു് യാത്രചെയ്യുന്നതു്. 84
23. പരി. ദൈവജനനിയുടെയും വിശുദ്ധ യൌസേപ്പിതാവിന്റെയും വിസ്മയനീയമായ കീഴ്വഴക്കം. 89
24. മൂന്നുതരം കീഴ്വഴക്കം. 93
25. തുക്കട്ടംബു ഈജിപ്തിൽനിന്നു മടങ്ങിപ്പോരുന്നു. 97
26. തുക്കട്ടംബും യേശുവും ദേവാലയത്തിലേയ്ക്കു പോകുന്നു. 101
27. ഉണ്ണിഈശോയെ കാണാതെയായതും മൂന്നാംദിവസം ദേവാലയത്തിൽവെച്ചു് കണ്ടതും. 105
28. ഉണ്ണി ഈശോ യേശുവും ദേവാലയം വിട്ടു നസറേത്തിലേയ്ക്കു പോകുന്നു. 109
29. ഈശോയുടെ അജ്ഞാതജീവിതത്തിലെ രഹസ്യം. 113
30. ശുദ്ധ നിയോഗത്തിന്റെ സ്വഭാവം, പ്രേരക കാരണങ്ങൾ അഭ്യാസം എന്നിവ. 118
31. ഈശോ തന്റെ അജ്ഞാതജീവിതത്തിൽ കീഴ്വഴക്കത്തിന്റെ ഒരു ദൃഷ്ടാന്തമായിരുന്നു. 121

ഫെബ്രുവരി

1. ഈശോ തന്റെ അജ്ഞാതജീവിതത്തിൽ പ്രദർശിപ്പിച്ച അടക്കം, ശാന്തം; ഭക്തി, എന്നിവ. 126
2. ദൈവജനനിയുടെ ശുദ്ധീകരണത്തിരുനാൾ. 130
3. ഈശോ ജ്ഞാനത്തിലും വയസ്സിലും ദൈവത്തിന്റെയും മനുഷ്യരുടേയും പക്കലുള്ള പ്രസാദത്തിലും വർദ്ധിച്ചുവന്നു. 133

അനന്ത നിക്ഷേപം

ജനുവരി ഒന്നാം തിയ്യതി

ഇന്നത്തെ മൂന്നു വിശേഷങ്ങൾ

പ്രാരംഭം:— ക. ഉണ്ണി ഈശോ ആത്മാവായി ചിന്തിയ തിരുരക്തം അവിടുന്നു നമുക്കുവേണ്ടി പരമപിതാവിന്നു കാഴ്ചവെക്കുന്നതു് ആത്മനാ ഭർശിക്കുക.

ഖ. ആത്മികശുഷ്കാന്തിയും ഭക്തിതീക്ഷ്ണതയും അധികരിപ്പിച്ചുകൊണ്ടു്, ഈ നവവത്സരം ആരംഭിക്കുന്നതിന്നുവേണ്ടതായ ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു്

ഉണ്ണി ഈശോയുടെ ഛേദനാചാരം.

ധ്യാനം:— ഇന്നു തിരുപ്പിറപ്പിന്റെ എട്ടാം ദിവസവും നവവത്സരാരംഭവും ദിവ്യരക്ഷകൻ നമ്മേപ്രതി ചേലാകർമ്മം സ്വീകരിച്ച ദിവസവുമാണല്ലൊ. ഏതൽകാരണങ്ങളാൽ ഇതു് ഒരുപ്രത്യേക ദിവസമായി തിരുസഭ ആചരിച്ചുവരുന്നു. പാപത്തിന്റെ അടയാളത്തേയും, അതിന്നുള്ള ശിക്ഷകളേയും, അതിനാൽ ഉളവാകുന്ന പരിഹാരബാധ്യതയേയും ഈശോ തന്റെ മേൽ വഹിക്കുകയും, പാപപരിഹാരബലിയായി സ്വയം സമർപ്പിക്കുകയും; തന്റെ തിരുരക്തം അല്പം നമുക്കുവേണ്ടി ചൊരിയുകയും ചെയ്തുകൊണ്ടു്, ഈശോ അവിടുത്തെ മാദ്ധ്യസ്ഥ്യാദ്യോഗം നിറവേറ്റുവാൻ ഇന്നു ആരംഭിച്ചിരിക്കുന്നു.

വിലമതിക്കാൻ സാധിക്കാത്ത ഈ കാണിക്കയോടുകൂടെ ഈശോ ആരംഭിച്ചിരിക്കുന്ന ഐഹികജീവിതത്തിലെ ഓരോ

ക്ഷണങ്ങളേയും അവിടുന്നു നമ്മുടെ പാപങ്ങളുടെ പരിഹാരത്തിന്നായി സമർപ്പിച്ചുമിരിക്കുന്നു. മനുഷ്യരുടെമേൽ ദൈവത്തിനുള്ള സ്നേഹം എത്രമാത്രമെന്നു നോക്കുക!

പ്രായോഗികചിന്ത:— സ്നേഹത്തിന്നു പ്രതിസ്നേഹം കാണിക്കേണ്ടതാണ്. ഇന്നു വത്സരാരംഭമാണല്ലൊ. സ്നേഹനിധിയായ ദൈവത്തിന്നു, ഈ വത്സരത്തിലെ അനുഷ്ഠിക്രിയകളെല്ലാം നാം കാഴ്ചവയ്ക്കണം. അങ്ങനെതന്നെ ഈ വത്സരത്തിലുള്ള ഓരോ ദിവസങ്ങളും, ഓരോ ക്ഷണങ്ങളും അവിടത്തെ ശുശ്രൂഷയിൽ, അവിടത്തെ ഏറ്റം വചിയ സ്തുതിക്കായി, ചെലവഴിക്കുന്നതിന്നുവേണ്ടി, ഈ വത്സരം മുഴുവനും അവിടത്തെയ്ക്കു പ്രതിഷ്ഠിക്കുകയും ചെയ്യണം. അതോടുകൂടെ നമ്മുടെ ആത്മാവിനേയും, അതിന്റെ ശക്തികളേയും, ശരീരത്തേയും, അതിന്റെ കഴിവുകളേയും സമർപ്പിക്കുക. നമ്മുടെ ഈ പ്രതിഷ്ഠയ്ക്കും സ്നേഹത്തിന്നും സാക്ഷ്യമായി നമ്മുടെ രക്തം മുഴുവനും ചിന്തേണ്ടിവന്നാൽ, അതിന്നും തയ്യാറായിരിക്കുക.

സ്നേഹപ്രകരണങ്ങൾ:— ഓ! ദിവ്യ ഉണ്ണീശോയേ, അനന്തമഹിമപ്രതാപവാനായ നീ, നീചകൃമിയായ എന്റെനേർക്കുള്ള സ്നേഹാധിക്യത്താൽ, നിന്റെ മൃദുവായ ശരീരത്തിൽനിന്നു രക്തം ചൊരിഞ്ഞിരിക്കുന്നതുകണ്ടു ഞാൻ വിസ്മയിക്കുന്നു. ഞാൻ ഹൃദയപൂർവ്വം നിന്നെ സ്നേഹിക്കയും ആരാധിക്കുകയുംചെയ്യുന്നു. എന്നെ കടാക്ഷവീക്ഷണം ചെയ്യേണമെ.

പ്രതിജ്ഞ:— എന്റെ പ്രവൃത്തികളെല്ലാം ഈ സമർപ്പണത്തിനനുയോജ്യമായവയായിരിപ്പാൻ തക്കവിധം, ഈ വത്സരത്തിന്റെ ആരംഭംമുതൽതന്നെ ഞാൻ ശ്രമിക്കും.

രണ്ടാം വകുപ്പ്

ഈശോ എന്ന തിരുനാമധാരണം.

ധ്യാനം:—ദൈവദൂതൻ വിശുദ്ധ യൗസേപ്പിനു പ്രത്യക്ഷനായി: മറിയ "ഒരു പുത്രനെ പ്രസവിക്കും, നീ അവിടത്തെയ്ക്കു ഈശോ എന്ന നാമകരണംചെയ്യണം; എന്തുകൊണ്ടെന്നാൽ അവിടുന്നു തന്റെ ജനത്തെ രക്ഷിക്കും" (മത്തേ. ക്ര. വ. ക്ര) എന്നു അറിയിച്ചു. ഒരു ആൺകുട്ടി പിറന്നാൽ എട്ടാം ദിവസം ഛേദനാചാരകർമ്മവും നാമകരണവും നടത്തുക ഇസ്രയേൽ ജനങ്ങളുടെ

ഇടയിൽ പതിവുണ്ടായിരുന്നു. ക്രൂശതെയും ശിഷ്യ പിറന്നപ്പോ ഴണ്ടായ വിശേഷങ്ങളാലും, ആ ശിശുവിന്നു പിന്നീടു് ഉണ്ടാകു വാനിരിക്കുന്ന ഗുണങ്ങളുടെ പ്രത്യാശയാലും ഒരു ഉത്തമമായ നാമം കൊടുക്കേണ്ടതായിരുന്നു. ജഡംധരിച്ച ദൈവവചനത്തി ലുള്ള അനന്തമായ സൽഗുണങ്ങളെ ദൈവപിതാവുമാത്രം അറി ഞ്ഞിരുന്നതിനാൽ, ഈ തിരുക്കുമാരന്റെ ശ്രേഷ്ഠസ്ഥിതിക്കു യോജ്യമായ നാമം നൽകുന്നതിനു് അവിടുത്തെയുള്ളുമാത്രമെ കഴി യുമായിരുന്നുള്ളു. ഇതിനാൽ ഈ പുത്രനു രക്ഷകൻ എന്നർത്ഥമു ള്ള ഈശോ എന്ന തിരുനാമം നല്കുവാൻ അവിടുന്നു നിശ്ച യിച്ചിരുന്നു. മഹാ മഹിമവരങ്ങളടങ്ങിയ ഈ നാമത്തിനുള്ള അർത്ഥത്തെ ദിവ്യപൈതൽ ഒരു ക്ഷണനേരംപോലും നിറവേ റാതിരുന്നില്ല. ഇതിനാൽ അവിടുന്നു് ഈ തിരുനാമം സ്വീക രിച്ചപ്പോൾത്തന്നെ തിരുരക്തം ചിന്തി നമ്മെ രക്ഷിപ്പാൻ വ ന്നിരിക്കുന്നുവെന്നും കാണിച്ചു. ഈ ലോകം മുഴുവനും രക്ഷിക്കു ന്നതിനു് ഈ തിരുരക്തത്തിന്റെ ഒരു തുള്ളിമാത്രം മതിയായി രുന്നു.

പ്രായോഗിക ചിന്ത:— പഴയ നിയമകാലത്തു് ശിശുക്കൾ ഛേദനാചാരം വഴിയായി അബ്രഹാമിന്റെ സന്തതികളും, ആ ദേഹം കൈക്കൊണ്ടിരിക്കുന്ന വാഗ്ദാനത്തിനു് അവകാശികളും ആയി തീർന്നിരുന്നു. എന്നാൽ നാം അവരിലും ഭാഗ്യവാന്മാ രാണു്. എന്തുകൊണ്ടെന്നാൽ, പഴയനിയമത്തിലെ കർത്താൽ സൂചിപ്പിച്ചിരുന്ന നമ്മുടെ ജ്ഞാനസ്നാനം വഴിയായി, നാം ദൈവത്തിന്റെ പ്രിയ മക്കളും തന്റെ പരമ രാജ്യത്തിന്റെ അവകാശികളുമായി തീരുന്നതുകൂടാതെ, നാം ധരിക്കുന്ന ക്രി സ്ത്യാനികൾ എന്ന നാമംകൊണ്ടു്, ഈശോയുടെ ശിഷ്യരും അവിടുത്തെ സഹോദരരും, കൂട്ടവകാശികളും ആകുന്നുണ്ടു്. അ ഹോ! നമ്മുടെ നാമം എത്ര മഹിമയുള്ളതു്! ആ നാമത്തിൽ എ ത്രയോ ഗംഭീരങ്ങളായഅർത്ഥങ്ങൾ അടങ്ങിയിരിക്കുന്നു! ഈശോ കാണിച്ചുതന്നിരിക്കുന്ന സുകൃത ദൃഷ്ടാന്തങ്ങൾക്കു വിപരീതമാ യി ജീവിക്കുകയോ, ഈ നാമത്തിൽ നിക്ഷിപ്തമായിരിക്കുന്ന ശ്രേഷ്ഠമായ അർത്ഥങ്ങൾ നമ്മുടെ പ്രവൃത്തികളാൽ തെളിയിക്കാ തിരിക്കുകയൊ, ഇതിനെ വ്യർത്ഥമായി ധരിച്ചു് അധിക്ഷേപി ക്കുയോ ചെയ്യുന്നതായാൽ, നമുക്കു കർശ്ശനമായ വിധിയും ശി ക്ഷയും ഉണ്ടാകുന്നതിനു് ഈ നാമം കാരണമാകുമെന്നു് എപ്പോ

ഴും ഓർത്തുകൊള്ളണം.

സ്നേഹപ്രകരണങ്ങൾ:— ഭയഭക്തിയോടും സ്നേഹത്തോടും കൂടെ ദൈവത്തിനു നന്ദി പറയുക.

പ്രതിജ്ഞ:— നമ്മുടെ പ്രവൃത്തികൾ എല്ലാം നാം ധരിച്ചിരിക്കുന്ന ഉന്നത നാമത്തിനനുയോജ്യമായവയായിരിപ്പാൻതക്കവിധം ഈ വർഷത്തിൽ പരിശ്രമിക്കുക.

മൂന്നാം വകുപ്പ്

നവവത്സരം

ധ്യാനം:—ക്രിസ്തുനാഥന്റെ ഈശോ നമുക്കുവേണ്ടിചിന്തിയ രക്തം "പുതിയ നിയമത്തിലെ രക്തമാകുന്നു." (മത്തേ. 26-ാം) ഈ പുതിയ നിയമം മുമ്പ്, രൂപകങ്ങളാൽ കാണിച്ചിരുന്നവയെ നിറവേറ്റുകയും, മനുഷ്യരുടെ ദാസ്യസ്ഥിതി മാറ്റി, അവർക്ക് ദൈവമക്കളുടെ സ്വാതന്ത്ര്യം കൊടുക്കുകയും, ഇതിനു തടയാളമായിരുന്ന പഴയനിയമത്തിലെ കഠിനമായ ആചാരങ്ങളെയും മുറകളെയും നീക്കി സ്നേഹമസൃണങ്ങളായ മുറകളെ നൽകി, ഭൂമിയെ നവീകരിക്കുകയും ചെയ്തിരിക്കുന്നു.

പ്രായോഗികചിന്ത:— ഇന്ന് ഒരു നവവത്സരം ആരംഭിക്കുന്നതും, ഈ ദിവസത്തിൽ സംഭവിച്ച മഹാ പരമരഹസ്യംകൊണ്ട് ലോകത്തിൽ ഒരു നവീകരണം ഉണ്ടായതും നാം ചിന്തിച്ച്, ദൈവശുശ്രൂഷാപരമായ കാര്യങ്ങളിൽ വലിയ ശ്രദ്ധാന്തിയും മതിപ്പും നമ്മിൽ നവമായിളളവാക്കുവാൻ ശ്രമിക്കണം. ഈ വത്സരത്തിൽ ഏറ്റവും വലിയ ഭക്തിതീക്ഷ്ണതയും പുണ്യവർദ്ധനവും നമ്മിൽ ഉണ്ടായിവരട്ടെ. ഇപ്പോൾ കഴിഞ്ഞുപോയ വത്സരത്തെപ്പോലെ, ഇതും ശീഘ്രത്തിൽ കടന്നുപോകും. ഈ വത്സരത്തിന്റെ അന്ത്യംവരെ നാമും ജീവിച്ചിരിപ്പാൻ ദൈവം നമുക്കു കൃപ നൽകുമെങ്കിൽ, നാം ഇതു പുണ്യജീവിതംകൊണ്ടു ദൈവത്തിന്നായി ചെലവഴിച്ചു എന്നു കാണുന്നതു നമുക്കു എത്ര വലിയ സന്തോഷവും ഭാഗ്യവുമായിരിക്കും!

സംഭാഷണം:— ദിവ്യ ഉണ്ണിക്ക് ക്രിസ്തുനാഥകർമ്മം ചെയ്യപ്പെട്ടപ്പോൾ, നിറവേറിയ പരമരഹസ്യങ്ങളെ കണ്ടിരുന്നപരിശുദ്ധ മാതാവിനോടു സംഭാഷണം ചെയ്യുക.

ജനുവരി രണ്ടാം തിയ്യതി

ഈശോ എന്ന തിരുനാമം.

പ്രാരംഭം:— ഫ. "ശിശുവിന്നു് ഈശോ എന്നു നാമകരണം ചെയ്യണം. എന്തുകൊണ്ടെന്നാൽ അവിടുന്നു തന്റെ ജനത്തെ രക്ഷിക്കും" എന്നു ദൈവദൂതൻ വിശുദ്ധ യൗസേപ്പിനോടു അറിയിക്കുന്നതു കേൾക്കുന്നതായി സങ്കല്പിക്കുക.

ഫ. ഈശോ എന്ന തിരുനാമത്തിന്റെ മഹത്വത്തെയും, യോഗ്യതകളേയും, ശക്തിയേയും നന്നായി ഗ്രഹിപ്പാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു്

ഈശോ എന്ന തിരുനാമത്തിന്റെ മഹത്വം.

ധ്യാനം:— ഈശോ എന്ന തിരുനാമം നൽകപ്പെട്ട വിധം നോക്കിയാൽ, അതു് മഹാ മഹിമയുള്ള ഒരു നാമമാണു് എന്നു കാണാം. എന്തുകൊണ്ടെന്നാൽ, ഈ തിരുനാമം ദൈവപിതാവുതന്നെ ഒരു മുഖ്യദൂതൻ വഴിയായി അറിയിച്ചിട്ടുള്ളതാണു്. ഈ തിരുനാമത്തിന്റെ അർത്ഥം നോക്കിയാലും ഇതു് ഒരു മഹാനാമമാണെന്നു ഗ്രഹിക്കാം. മനുഷ്യർ ചിലപ്പോൾ തങ്ങളുടെ നാട്ടിന്റെ രക്ഷകൻ എന്ന നാമം നന്ദിസൂചകമായി ചിലർക്കു കൊടുത്തിട്ടുണ്ടു്. എന്നാൽ ലോകത്തിന്റെ രക്ഷകൻ എന്ന നാമം യാതൊരുത്തർക്കും വിളിക്കപ്പെട്ടിട്ടില്ല. മനുഷ്യനായി അവതരിച്ച ദൈവപുത്രനുമാത്രം ഇപ്രകാരം സാർത്ഥകമായി ഈ നാമം നൽകപ്പെടുകയും, അവിടുന്നു് അതിന്റെ അർത്ഥത്തെ ഉത്തമവും പൂർണ്ണവുമായി നിറവേറുകയും ചെയ്തു.

പ്രായോഗിക ചിന്ത:— വി. പൗലോസ് എഴുതിയിരിക്കുന്നതുപോലെ, "സകല നാമങ്ങൾക്കും മേലായ ഈ പരിശുദ്ധ നാമത്തെ നാം എതുഭക്തിവണക്കങ്ങളോടുകൂടെ ഉച്ചരിക്കേണ്ടിയിരിക്കുന്നു" (ഫിലി. ൨) വിശ്വാസികൾ ഈ തിരുനാമത്തെ

ഉച്ചരിക്കുമ്പോഴും കേൾക്കുമ്പോഴും തലകുനിഞ്ഞു ആചരിക്കുകതിരുസഭയുടെ ആരംഭംമുതല്ക്കുള്ള പതിവാണ്. നീ ഈ തിരുനാമം ഉച്ചരിക്കുകയും, പ്രാത്ഥിക്കുകയും ചെയ്യുമ്പോൾ, പലപ്പോഴും വേണ്ടത്ര ഭക്തിവണക്കങ്ങൾ ക്രുടാതെയിരുന്നിട്ടില്ലയോ?

സ്നേഹപ്രകരണങ്ങൾ:— ദൈവം വിശ്വസ്തനാകുന്നു. അതിനാൽ തന്റെ പുത്രനും, നമ്മുടെ കർത്താവുമായ ഈശോമിശിഹാ സ്ഥാപിച്ച തിരുസ്സഭയിലേയ്ക്ക് നമ്മെ വിളിക്കാൻ തിരുമനസ്സായതോർത്തു സന്തോഷിക്കുകയും; പൂർണ്ണ ഹൃദയത്തോടുകൂടെ അവിടുത്തെയ്ക്ക് കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— ഈശോ എന്ന തിരുനാമത്തിന്റെ പ്രത്യേക ഭക്തരാകുക. മറ്റുള്ളവരിലും ഈ ഭക്തിയുണ്ടാവാൻ ഈ വത്സരത്തിൽ നമ്മാലാകുംവിധം യത്നിക്കുന്നുണ്ടെന്നു പ്രതിജ്ഞ ചെയ്യുക.

രണ്ടാം വകുപ്പ്

ഈശോ എന്ന തിരുനാമത്തിന്റെ യോഗ്യതകൾ.

ധ്യാനം:— രാജാക്കന്മാർ പ്രഭുക്കൾ മുതലായവരുടെ പുത്രന്മാക്കു ജന്മാവകാശമായി സിദ്ധിക്കാറുള്ള ശ്രേഷ്ഠമായ സ്ഥാനപ്പേരത്രേ, അവരുടെ മുൻഗാമികൾ തങ്ങളുടെ സ്തുത്യർഹമായ ക്രിയകൾകൊണ്ടു സമ്പാദിച്ചിരിക്കുന്നതാകയാൽ, ആ പേരുകൊണ്ട് അവക്കു സ്വന്തം നിലയിൽ വിശേഷയോഗ്യതയൊന്നും സിദ്ധിക്കുന്നില്ല. എന്നാൽ ഇപ്രകാരമുള്ളതല്ല ദൈവപുത്രൻ ധരിച്ചിരിക്കുന്ന നാമം; എന്തെന്നാൽ അവിടുന്നു മനുഷ്യവർഗ്ഗത്തെ പാപത്തിനുള്ള ശിക്ഷയായ മരണത്തിൽനിന്ന് തന്റെ പ്രാണബലികൊണ്ടു രക്ഷിക്കുകയും സ്വർഗ്ഗീയ ഭാഗ്യത്തിന് അവരെ വീണ്ടും അവകാശികളാക്കുകയും ചെയ്തു. ഇതിനാൽ, അവിടുന്നു തന്റെ യോഗ്യതകളാലെതന്നെ ഈ തിരുനാമം ധരിക്കുകയാകുന്നു ചെയ്തിരിക്കുന്നത്. ഇതിനെക്കാൾ യോഗ്യതയുള്ള മറ്റൊരു നാമം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ?

പ്രായോഗികചിന്ത:— ദൈവത്തിന്റെ ഒരുപുത്രൻ എന്നും, മിശിഹായുടെ സഹോദരൻ അഥവാ സഹോദരി എന്നും നിനക്കുള്ള നാമം വളരെ വിലയേറിയ നാമമാണെന്നിരുന്നാലും, അതു നിനക്കു നിന്റെ യോഗ്യതകളാൽ സിദ്ധിച്ചതല്ല. ജ്ഞാനസ്നാനത്തിൽ ലഭിച്ച പ്രസാദവരത്താലും, ദൈവം നിന്നെ ഈ

ജീവിതത്തിനു തെരിഞ്ഞെടുത്തു നിനക്കു വിശേഷ അനുഗ്രഹം നൽകിയതിനാലും സിദ്ധിച്ചിരിക്കുന്നതത്രെ. എന്നാൽ ആ നാമത്തെ അപമാനിക്കാതെ സൂക്ഷിക്കേണ്ടതാണു് നിന്റെ കടമ. മഹിമയോടെ ധരിച്ചിരിക്കുന്ന ഈ ശ്രേഷ്ഠനാമത്തിനു നീ യോഗ്യനാകുവാൻവേണ്ടി; ദൈവാനുഗ്രഹത്തെ നിന്റെ ക്രിയകൾ കൊണ്ടു് സഫലീകരിക്കുന്നതിനു നിനക്കു കടമയുണ്ടു്. ഈ നിമിഷംവരെ ദൈവപ്രസാദവരം നിനക്കു സിദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. എന്നാൽ ആ അനുഗ്രഹവിശേഷത്തിന്റെ പ്രേരണയ്ക്കനുസരണമായി നീ വ്യാപരിച്ചിട്ടുണ്ടോ? നിനക്കു ലഭിച്ചിരിക്കുന്ന ഈ മഹിമയുള്ള നാമത്തിനു അനുയോജ്യമായിട്ടാണോ നീ ജീവിക്കുന്നതു്?

സ്നേഹപ്രകരണങ്ങൾ:— "ദൈവത്തിന്റെ പ്രസാദവരം വഴിയായി നമ്മുടെ കർത്താവീശോമിശിഹായുടെ തിരുനാമം നിങ്ങളിൽ മഹത്വപ്പെടണം" എന്നു് തെസ്സലോനിയാക്കാർക്കുള്ള ലേഖനത്തിൽ വി. പൗലോസ് പ്രകാശിപ്പിച്ചിരിക്കുന്ന അഗ്രഹം നിന്നിലും നിറവേറുവാൻ ഉത്സാഹിക്കുക. (തെസ്സ. ഏ, ഏഛ.)

പ്രതിജ്ഞ:— ഈ അഗ്രഹം സാധിക്കുന്നതിനായി ഈ വത്സരം മുഴുവനും ഉത്സാഹത്തോടെ ഞാൻ പരിശ്രമിക്കും.

മൂന്നാം വകുപ്പു്

ഈശോ എന്ന തിരുനാമത്തിന്റെ ശക്തി.

ധ്യാനം:— "ഈശോയുടെ നാമത്തിൽ സ്വർല്ലോകരും, ഭൂലോകരും, അധോലോകരും മുട്ടുകുത്തുന്നു." (ഫിലി. ഛ. ഏ0) എന്നു് വിശുദ്ധ പൗലോസ് എഴുതിയിരിക്കുന്നു. ഈശോ എന്ന തിരുനാമം ഉച്ചരിക്കുമ്പോൾ, സകലവും കീഴടങ്ങേണ്ടതാണു്. ഈ തിരുനാമത്താലല്ലയോ വി. അപ്പോസ്തോലന്മാർ അത്യാശ്ചര്യജനകങ്ങളായ അത്ഭുതങ്ങൾ ചെയ്തിട്ടുള്ളതു്? ഈ തിരുനാമം വഴിയായി ക്രിസ്ത്യാനികൾ വിജാതീയരുടെ ദേഹത്തിൽനിന്നു് പിശാചുക്കളെ ബഹിഷ്കരിച്ചിരുന്നു. എല്ലാക്കാലത്തും ഉണ്ടായിട്ടുള്ള രക്തസാക്ഷികൾ ഈ തിരുനാമം വഴിയായിട്ടത്രേ ധൈര്യം പ്രാപിച്ചിട്ടുള്ളതു്. വന്ദകന്യകാരും കന്യകകളും ഈ തിരുനാമം വഴിയായി ഈ ലോകമായങ്ങളെ ജയിച്ചിരുന്നു. സത്യതിരു

സഭചെയ്യുന്ന എല്ലാ പ്രാർത്ഥനകളും ഈ തിരുനാമംകൊണ്ട് അവസാനിപ്പിച്ചുവരുന്നു. കൂടാതെയും നാം മരണാവസ്ഥയിൽ ആയിരിക്കുമ്പോൾ, ഈ തിരുനാമം വഴിയായി ആശ്വാസവും ധൈര്യവും പ്രാപിക്കണമെന്നും ആഗ്രഹിക്കുന്നു.

പ്രായോഗികചിന്ത:— ഈശോ എന്ന തിരുനാമം ഇത്ര ശക്തിയുള്ളതായിരിക്കെ; നമുക്കു പരീക്ഷകളും ഉണ്ടാകയോ, ദുഃഖാരിഷ്ടതകളും നേരിടുകയോ, സന്ദേഹങ്ങളും നമ്മെ പീഡിപ്പിക്കയോ, നാം ഓരോ പ്രവൃത്തികളും ആരംഭിക്കയോ ചെയ്യുമ്പോഴൊക്കയും മഹാ ഭക്തിയോടും മനോശരണത്തോടുംകൂടെ ഈ തിരുനാമം ഉച്ചരിക്കേണ്ടതല്ലയോ? "എന്റെ നാമത്തിൽ പിതാവിനോട് എന്തെങ്കിലും നിങ്ങൾ യാചിച്ചാൽ അവിടുന്ന് അതു നിങ്ങൾക്കു നൽകും." എന്ന് ഈശോതന്നെ വെളിപ്പെടുത്തിയിരിക്കുന്നു. (യോഹ. ഛന്ദ, വചന) ആകയാൽ ഈശോ എന്ന തിരുനാമം അടങ്ങിയ ഏതെങ്കിലും ഒരു സുകൃതജപം കൂടക്കൂടെ ചൊല്ലി ശീലിക്കുന്നതു; ദുഃഖാരിഷ്ടതകളും ഉണ്ടാകുമ്പോഴും, പ്രത്യേകം മരണസമയത്തിലും ഈ തിരുനാമം നിന്റെ ഹൃദയത്തിലും നാവിന്മേലും സദാ ഉദിച്ചുകൊണ്ടിരിപ്പാൻ ഉപകരിക്കുന്നതാണ്. ഈശോയേ, ഈശോയേ, നീ എനിക്കു ഈശോ ആയിരിക്കേണമേ, എന്നിതു, നിന്റെ അന്ത്യവാക്യമായിരിക്കത്തക്കവിധം നീ പരിശ്രമിക്കുമെങ്കിൽ, നീ എത്രയോ ഭാഗ്യവാനായിരിക്കും.

സംഭാഷണം:—ഈ ധ്യാനത്തിൽ നിനക്കു ലഭിച്ച ഭക്തിപരമായ വിചാരങ്ങൾക്കു യോജിക്കുംവിധം ദിവ്യഉണ്ണിയോടു സംഭാഷണം ചെയ്യുക.

ജനുവരി മൂന്നാം തിയ്യതി

ഈശോ എന്ന തിരുനാമം നൽകപ്പെട്ടതു.

പ്രാരംഭം:— ഫ്രാ. മുഖ്യദൂതനായ വിശുദ്ധ ഗാബ്രിയേൽ പരിശുദ്ധ കന്യകയോടു: "നീ ഒരു പുത്രനെ പ്രസവിക്കും, അവിടുത്തേയ്ക്ക് ഈശോ എന്ന നാമകരണം ചെയ്യണം" എന്നു പറയുന്നതു കേൾക്കുന്നതായി സങ്കല്പിക്കുക. (ലൂക്കാ. ഫ്രാ. നാഫ്രാ)

൨. ജ്ഞാനസ്നാനത്തിൽ നിനക്കു ലഭിച്ച നാമത്തിന്നനുയോജ്യമായവിധം വർത്തിക്കുന്നതിന്നു വേണ്ടിയ ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ഈശോ എന്ന തിരുനാമം അവിടുത്തെ എളിമയ്ക്കു പ്രതിഫലമായി ലഭിച്ച സമ്മാനമാകുന്നു.

ധ്യാനം:— "അവിടുന്നു ഈശോ എന്നു നാമകരണം ചെയ്യപ്പെട്ടു." (ലൂക്കാ. ൨. ൨൧) ഈശോ എന്ന തിരുനാമത്തിന്റെ അർത്ഥം രക്ഷകൻ എന്നാണു. മഹത്തമമായ ഈനാമം അവിടുത്തെയ്ക്കു നല്കപ്പെട്ടതു എപ്പോഴാണു? അവിടുന്നു ഈ ഭൂമിയിൽ പിറന്നശേഷം ദൈവജനന്മാരാൽ സ്തുതിക്കപ്പെടുകയോ, ഇടയന്മാരാൽ ആരാധിക്കപ്പെടുകയോ ചെയ്തസമയത്താണോ? അല്ല. പാപത്തിന്റെ അടയാളത്തെ തന്റെ തിരുമേനിയിൽ സ്വീകരിക്കുകയും, പാപിയായി കാണപ്പെടുത്തക്കവിധം പരിഛേദനം ഏൽക്കുകയും ചെയ്തുകൊണ്ടു മഹാ എളിമ പ്രദർശിപ്പിച്ചപ്പോഴാണു അതിന്നു പ്രതിഫലമായിട്ടത്രെ ഈ തിരുനാമം അവിടുത്തെയ്ക്കു നൽകപ്പെട്ടതു്. കർത്താവു് ദാസന്റെ വേഷം എടുത്തുകൊണ്ടു "തന്നെത്താൻ അത്യധികമായി താഴ്ത്തിയതിനാൽ എല്ലാ നാമങ്ങൾക്കും മേലെപ്പെട്ട നാമം അവിടുത്തെയ്ക്കു നൽകപ്പെട്ടിരിക്കുന്നു." (ഫിലി. ൨, ൯)

പ്രായോഗികചിന്ത:— ജ്ഞാനസ്നാനം, സ്ഥൈര്യലേപനം സന്ന്യാസവ്രതാനുഷ്ഠാനം മുതലായവയാൽ നമ്മുടെ നെറ്റിയിൽ പതിക്കപ്പെട്ട ഈശോ എന്ന തിരുനാമത്തെ നാം യഥായോഗ്യം ധരിച്ചു എന്നു വരണമെങ്കിൽ; നാം നമ്മുടെ മനസ്സിലും, ഹൃദയത്തിലും, വചനങ്ങളിലും ക്രിയകളിലും വിനയമുള്ളവരായിരിക്കണം. നമുക്കു ഏതേതു വിധത്തിലുള്ള അപമാനങ്ങളും നിന്ദനങ്ങളും നേരിട്ടാലും, നാം എപ്പോഴും സമാധാനത്തോടും ക്ഷമയോടുംകൂടെയിരിക്കണം. ഈശോ അനുഭവിച്ച അപമാനങ്ങൾക്കും നിന്ദകൾക്കും നാം ഓഹരിക്കാരാകുമെങ്കിൽ അവിടുത്തെ മഹിമപ്രതാപത്തിലും നമുക്കു ഓഹരി ലഭിക്കുമെന്നു ശരണപ്പെടാം.

സ്നേഹപ്രകരണങ്ങൾ:— ദൈവകൃപയിൽ ആശ്രയിച്ചു

കൊണ്ട്, ജീവിതവിശുദ്ധിയിൽ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കാനുള്ള ഉജ്ജ്വലമായ ആഗ്രഹം നമ്മിൽ ജനിപ്പിക്കുക. നമ്മുടെ ജീവിതം ഈശോയുടെ ജീവിതത്തോടു കൂടുതൽകൂടുതൽ അനുരൂപമാകുവാൻവേണ്ടി തന്റെ സ്നേഹത്തെപ്രതി നമ്മെത്തന്നെ നന്മനസ്സോടെ എളിമപ്പെടുത്തുക.

പ്രതിജ്ഞ:— ദൈവതിരുവുള്ളപ്രകാരം എനിക്കുണ്ടാകുന്ന നിന്ദകളും അപമാനങ്ങളും എല്ലാം സന്തോഷത്തോടുകൂടെ അല്ലെങ്കിൽ ക്ഷമയോടുകൂടെ അനുഭവിക്കാൻ ഞാൻ എപ്പോഴും ശ്രമിക്കും.

രണ്ടാം വകുപ്പ്

ഈശോ എന്ന തിരുനാമം അവിടുത്തെ അനുസരണത്തിനു സമ്മാനമായി ലഭിച്ചതാണ്.

ധ്യാനം:— "അവർ അവിടുത്തെയ്ക്ക് ഈശോ എന്നു നാമകരണംചെയ്തു" എപ്പോഴാകുന്നു ഈ നാമകരണം നടന്നത്? താൻ സ്വമേധയാ ഛേദനാചാരത്തിനു വിധേയനായി മോസെസിന്റെ കഠിനമായ വേദാചാരങ്ങളെ എല്ലാം അനുസരിച്ചു നടക്കുന്നതിനു സമ്മതിച്ചു, തന്റെ സ്വന്ത ഇഷ്ടവും നേസ്വാതന്ത്ര്യവും പരമപിതാവിനു ബലിയായി കാഴ്ചവച്ചശേഷമാകുന്നു. വിശുദ്ധ പൗലോസ് എഴുതിയിരിക്കുന്നതുപോലെ, പരിഛേദനത്തിന് കീഴ്പെടുന്ന ഏവനും പഴയവേദത്തിലെ സകലമുറകളേയും പ്രമാണങ്ങളേയും അനുസരിപ്പാൻ കടപ്പെട്ടവനാകുന്നു. (ഗാല. ൫, ൩) ജഡംധരിച്ച ദൈവവചനത്തിന്റെ, ഈശോ എന്ന തിരുനാമം സ്വീകരിക്കുവാൻ സഹിക്കേണ്ടിയിരുന്ന പ്രയാസങ്ങൾ എത്രമാത്രമെന്നു ചിന്തിക്കുക. വി. പൗലോസ് തന്നെ എഴുതിയിരിക്കുന്നതുപോലെ, അവിടുന്നു മരണത്തോളം കീഴ്വഴങ്ങിക്കൊണ്ടു തന്നെത്താൻ താഴ്ത്തി. ഇതിനാൽ ദൈവപിതാവ് അവിടുത്തെ ഉയർത്തി; സകല നാമങ്ങൾക്കും ഉപരിയായ നാമം അവിടുത്തേയ്ക്കു നൽകുകയുംചെയ്തു.

പ്രായോഗികചിന്ത:— ഈശോയോടു നമുക്കുള്ള സാമ്യം എത്ര ഭാഗ്യമുള്ളതാകുന്നു! നാം അനുസരണവാഞ്ഛാനം വഴിയായി, നമ്മുടെ സ്വാതന്ത്ര്യത്തെ ദൈവത്തിനു ബലികഴിക്കുകയും, സഭയുടെ ചട്ടപ്രകാരമുള്ള മതാനുഷ്ഠാനങ്ങൾക്കുത്തിന് നമ്മുടെ മനസ്സിനെ മരണംവരെ കീഴ്പെടുത്തുകയും ചെയ്തിരിക്കു

ന്നു. എന്നാൽ സഭയുടെ ഈ പ്രമാണങ്ങളും, ക്രമങ്ങളും, മോസെസിന്റെ പ്രമാണങ്ങളെ അപേക്ഷിച്ച് എത്രയോ പ്രശാന്തങ്ങളും സുഗമങ്ങളുമാകുന്നു? ഇങ്ങനെയായിരിക്കെ ഇതിൽ എത്രതന്നെ പ്രയാസങ്ങൾ തോന്നിയാലും, അവയെ നിരന്തരം ജയിച്ചു വിശ്വസ്തതയോടുകൂടെ നമ്മുടെ കടമകളെ നാം നിർവ്വഹിക്കാൻ ശ്രമിക്കണം, ഈ യത്നംകൊണ്ടു മാത്രമെ നാംവഹിക്കുന്ന മഹത്തായപേര് നിത്യസമ്മാനത്തിനും മഹത്വത്തിനും നമ്മെ അർഹരാക്കുന്ന ഒന്നാകയുള്ളൂ.

സ്നേഹപ്രകരണങ്ങൾ:— ആ എന്റെ കർത്താവേ, നിസ്സാരകാര്യങ്ങൾക്കുവേണ്ടിയും, ലഘുവായ വിഷമങ്ങൾ നിമിത്തവും എത്ര പ്രാവശ്യം ഈ വിശ്വസ്തതയെ ഞാൻ ലംഘിച്ചിരിക്കുന്നു! ഇതോർത്തു ഞാൻ ലജ്ജിക്കുന്നു. ഔദാര്യമുള്ള ഒരു ഹൃദയത്തെ എനിക്കു തന്നരുളേണമെന്ന് അങ്ങയോടു പ്രാർത്ഥിച്ചുകൊള്ളുന്നു.

പ്രതിജ്ഞ:— ഞാൻ ഇന്നുമുതൽ അധികം ഉദാരതയോടും വിശ്വസ്തതയോടുംകൂടെ വർത്തിക്കാൻ ശ്രമിക്കുന്നതുകൂടാതെ ഇന്നയിന്ന കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധപതിക്കാനും, ഇന്നയിന്ന ക്രമങ്ങളെ പ്രത്യേക താല്പര്യത്തോടെ അനുസരിപ്പാനും ശ്രമിക്കുന്നുണ്ട്.

മൂന്നാം വകുപ്പ്

ഈശോ എന്ന തിരുനാമം അവിടുത്തെ സ്വപരിത്യാഗത്തിനു സമ്മാനമായി ലഭിച്ചതാണ്.

ന്യായം:— അവിടുത്തയ്ക്ക് ഈശോ എന്ന തിരുനാമം നല്കപ്പെട്ടത് എപ്പോൾ? ഏതവസരത്തിൽ? ഭൂലോകമ്മത്താൽ അവിടുന്നു നമുക്കുവേണ്ടി ക്ലേശം അനുഭവിച്ചനിമിഷത്തിൽത്തന്നെ. അതേ, നമുക്കുവേണ്ടി രക്തം ചിന്തുകയും, അരിഷ്ടതകളും ക്ലേശാനുഭവങ്ങളും ത്യാഗങ്ങളുംകൊണ്ടു പരിപൂർണ്ണമായ അവിടുത്തെ അവസാനശ്വാസംവരെ ഭീഷ്ടിക്കുന്നതായ ഒരുജീവിതത്തിനു സ്വയം പ്രതിഷ്ഠിക്കുകയും ചെയ്ത നിമിഷത്തിൽത്തന്നെയാകുന്നു സ്വർഗ്ഗസ്ഥനായപിതാവ് അവിടുത്തയ്ക്കു (ലോക) രക്ഷകൻ എന്ന് അർത്ഥമുള്ള ഈശോ എന്ന മഹനീയ നാമം നൽകിയതു്.

പ്രായോഗികചിന്ത:— നാം ത്യാഗവും തപസ്സും വഴിയായി, അവിടുത്തെ അനുസരിക്കുന്നതിനു് ഒരു പ്രബല ദൃഷ്ടാന്തം

നൽകേണ്ടതിലേയ്ക്കായി ഈശോ തന്റെ ലോകപ്രവേശത്തോടെ പീഡകളെ സഹിച്ചുകൊള്ളാൻ തിരുമനസ്സായി എന്ന് വിശുദ്ധ പത്രോസ് എഴുതിയിരിക്കുന്നു. എന്നല്ല യാതൊരുത്തനും അവിടുത്തെ അനുഗമിക്കാൻ മനസ്സുണ്ടെങ്കിൽ അവൻ തന്നത്താൻ പരിത്യജിച്ച് തനതു കുരിശുമെടുത്തുകൊണ്ട് അവിടുത്തെ അനുഗമിക്കേണ്ടിയിരിക്കുന്നു. "തന്റെ കുരിശുംവഹിച്ചുകൊണ്ടു എന്റെ പിന്നാലെ വരാത്തവൻ എനിക്കു യോഗ്യനല്ല" (മത്തേ. ഫ്ര. പ്രവ) എന്നു ദിവ്യഗുരുവായ അവിടുന്നുതന്നെ അരുളിയിട്ടുണ്ടല്ലൊ. ആകയാൽ നമ്മുടെദിവ്യഗുരുവിന്റെ അനുഗ്രഹം നമുക്കു ലഭിക്കുന്നതിനും, അവിടുത്തെ യഥാർത്ഥശിഷ്യർക്കു നൽകുമെന്ന് അവിടുന്നു വാഗ്ദാനം ചെയ്തിരിക്കുന്ന ഉന്നതസമ്മാനത്തിനു നാംയോഗ്യരാകുന്നതിനുംവേണ്ടി കുരിശുകളായ ദുഃഖപീഡകളെ നാം സ്നേഹിക്കുക. "ഹൃദയപരിവർത്തനം" എന്നു വിശുദ്ധ പൗലോസ് പറയുന്ന ആ ആന്തരികവും ബാഹ്യവുമായ ആശാനിഗ്രഹം ഇടവിടാതെ അഭ്യസിക്കുക. ഈ മഹൽകാര്യത്തിൽ നമ്മെത്തന്നെ പരിശോധിക്കുകയും, അതിന്റെ അഭ്യസനവും ശ്രദ്ധയും നമ്മിൽ മന്ദീഭവിച്ചിരിക്കുന്നുവെങ്കിൽ വീണ്ടും അതിനെ ഉജ്ജ്വലിപ്പിക്കയും ചെയ്യാൻ ശ്രമിക്കണം.

സാഭാഷണം:— അവിടുത്തെ അനുഗമിക്കുവാൻ മനസ്സുള്ളവക്കെല്ലാവക്കും യഥാർത്ഥമായ മഹിമയ്ക്കും ഭാഗ്യത്തിനും പോരായമാർഗ്ഗം കീഴ്വഴക്കവും, പീഡാനുഭവവും, നിന്ദാപമാനവും ആണെന്നു തനതു ഉഷ്ണാന്തത്താൽ പ്രത്യക്ഷീകരിച്ചിരിക്കുന്ന ഈശോയോടു സംഭാഷണം ചെയ്യുക.

ജനുവരി നാലാം തിയ്യതി.

സമയത്തിന്റെ വില.

പ്രാരംഭം:— ഫ്ര. നമുക്കു സമയമുള്ളപ്പോൾതന്നെ നന്മചെയ്വാൻ പ്രയാസപ്പെടണം: (ഗാല. ന്യ. ഫ്ര.) എന്നു വിശുദ്ധ പൌലോസ് എഴുതിയിരിക്കുന്നതിനെ നിന്റെ സ്മൃതിപ

ത്തിൽ വരുത്തുക.

൨. സമയത്തിന്റെ വില നന്നായി ഗ്രഹിക്കുന്നതിനും, ഈ നവവത്സരംമുഴുവനും നല്ലനിലയിൽചെലവഴിക്കുന്നതിനും വേണ്ടുന്ന ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പ്.

൧ ദാനം:— വിശുദ്ധ ബർണ്ണാർദ്ദ് പറയുന്നതുപോലെ സമയം സ്വർഗ്ഗത്തെപ്പോലെ വിലയുള്ളതാകുന്നു. എന്തുകൊണ്ടെന്നാൽ, ഈകാലത്തിലാണ് നമുക്കുണ്ടാകുന്ന പരീക്ഷകളും, വിരോധങ്ങളും മുതലായവയെ ദൈവത്തെപ്രതി സഹിച്ചും, ജാഗ്രതയോടുകൂടെ ജയിച്ചുംകൊണ്ട് സ്വർഗ്ഗം പ്രാപിക്കാവുന്നതു. മാത്രമല്ല, നമുക്കുണ്ടാകുന്ന ഓരോ അവസരങ്ങളെ നാം വേണ്ടവിധം ചെലവഴിക്കുന്നതായാൽ, അതിന്നു പ്രതിഫലമായി സ്വർഗ്ഗം നമുക്കു ലഭിക്കും. ഒരു ക്ഷണനേരം നന്നായി ചെലവഴിച്ചതുകൊണ്ടുതന്നെ നിത്യഭാഗ്യം പ്രാപിച്ചെന്നു വന്നേക്കാം. ഇതാണ് നല്ല കള്ളനുണ്ടായ അനുഭവം. അയാളുടെ ജീവിതം മുഴുവനും ദുർവ്വൃത്തിയിൽ മുഴുകിയതായിരുന്നു എങ്കിലും മരിക്കുന്ന സമയം ദൈവപ്രസാദവരത്തിന്റെ വെളിച്ചത്താൽ തന്റെ പാപങ്ങളെ കുണ്ടറിഞ്ഞു താഴ്മയോടുകൂടെ ദിവ്യരക്ഷകന്റെ കൃപയപേക്ഷിച്ചു. ഉടനെ അവിടുന്ന് അവനോടു്: "ഇന്നുതന്നെ നീ എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും" (ലൂക്കാ. ൨൩, ൪൩.) എന്നുള്ള കരുണാസംപൂർണ്ണമായ വചനങ്ങളും അരുളുകയുമുണ്ടായി.

പ്രായോഗികചിന്ത:— ഇങ്ങിനെയിരിക്കെ നമുക്കു ലഭിക്കുന്ന ഈ സമയം നാം എത്ര കായ്മയായി ഗണിക്കേണ്ടിയിരിക്കുന്നു? ഇതു് ഒരു മഹാരാജ്യത്തെ വാങ്ങുവാൻതക്ക വിലപിടിച്ച രത്നത്തെക്കാളും കായ്മയായി മതിക്കേണ്ടതല്ലയോ? എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യത്തോടു താരതമ്യപ്പെടുത്തിയാൽ ഈ ലോകത്തിലെ മഹാരാജ്യങ്ങളും ഏറ്റവും നിസ്സാരവും ഹീനവും ആയിരിക്കും. നാം ഈ ജീവിതകാലം യഥാവിധി ചെലവഴിക്കുന്നതായാൽ സർവ്വസൗഭാഗ്യസംപൂർണ്ണമായ സ്വർഗ്ഗരാജ്യം നിത്യമായി നമുക്കു അനുഭവിക്കാം. ഇതുമല്ല നാം നന്നായി ചെലവഴിക്കുന്ന ഓരോ ക്ഷണങ്ങളുംക്കും പ്രതിഫലമായി

മോക്ഷത്തിൽ വിശേഷമഹിമയും ഭാഗ്യപദവികളും ലഭിക്കുന്നതാണു്. ഇതിനാൽ നാം നമുക്കുള്ള സമയം ഉത്തമമായവിധത്തിൽ വ്യയംചെയ്യുന്നതായാൽ സ്വർഗ്ഗത്തിൽ ഒരു നൂതന സ്വർഗ്ഗം ലഭിക്കുന്നതുപോലെയാകും.

സ്നേഹപ്രകരണങ്ങൾ:— നമുക്കു മഹാ ധൈര്യവും ശുഷ്കാന്തിയും വരുത്തേണ്ടുന്ന ഈ സത്യം വിശ്വസിച്ചിരുന്നിട്ടും നാം ഇതുവരെ ഇത്ര വിലയേറിയ സമയം വൃഥാ ചെലവഴിച്ചതിനെക്കുറിച്ചു് പശ്ചാത്തപിക്കുക.

പ്രതിജ്ഞ:— എനിക്കുള്ള സമയം ക്രമമായി ഭാഗിച്ചു് ഓരോ കാര്യങ്ങൾക്കു് സമയം നിശ്ചയിക്കായ്കകൊണ്ടത്രെ പല പ്പോഴും ഇത്ര വിലയേറിയ സമയം നഷ്ടീഭവിക്കുന്നതു്. ആകയാൽ മേലാലെങ്കിലും ഞാൻഈ കാലത്തെ വേണ്ടവിധം ചെലവഴിപ്പാൻ തക്ക ക്രമങ്ങൾ നിശ്ചയിക്കുന്നുണ്ടു്. ഇപ്രകാരം ഖണ്ഡിതമായി ഞാൻ ചെയ്യുമെങ്കിൽ എനിക്കെത്ര വലിയ പ്രതിഫലമാണു് സിദ്ധിപ്പാനിരിക്കുന്നതു്.

രണ്ടാം വകുപ്പു്.

ധ്യാനം:— "ഈശോയുടെ തിരുരക്തം എത്ര വിലയേറിയതോ, അത്രയ്ക്കു്, നമുക്കുള്ള ഈ സമയവും വിലയേറിയതാകുന്നു" എന്നു വി. ബർണ്ണാർട്ടു് എഴുതിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ സമയംകൊണ്ടു നാം ചെയ്യുന്ന സൽകൃത്യങ്ങൾ, ഈശോയുടെ പരിത്രാണനംവഴിയായി, ദൈവതിരുമുമ്പാകെ വിലയുള്ളതായിത്തീരുന്നു. ഈ പരിത്രാണനം ഈശോ തന്റെ തിരുരക്തത്തിന്റെ വിലകൊണ്ടു് സമ്പാദിച്ചിട്ടുള്ളതാണു്. അവിടുന്നു് നമുക്കുവേണ്ടി തന്റെ തിരുരക്തം ചിന്തിയതിനാൽ നമുക്കു ഈ സമയം യോഗ്യതകളെ സമ്പാദിപ്പാൻ തക്കതായിത്തീർന്നു. ആകയാൽ അവിടുത്തെ ദിവ്യമായ രക്തം നമുക്കു് ഈ സമയത്തു് യോഗ്യത പ്രാപിപ്പാൻ ഇടവരുത്തുന്ന ഒരു മഹാ സമ്പത്താണു്.

പ്രായോഗികചിന്ത:— "ഈശോയുടെ അമൂല്യതിരുരക്തം" സകല ഭാഷകളിലും പ്രകീർത്തിക്കപ്പെട്ടിട്ടുള്ള ഒന്നാണു്. ഇതിനെക്കാൾ വിലയേറിയതെന്തുണ്ടു്? വിശുദ്ധ തോമസ് പറയുന്നതുപോലെ, ലോകത്തെ വീണ്ടുരക്ഷിക്കുന്നതിനു് ഇതിന്റെ

ഒരു തുള്ളി മതിയായിരിക്കുന്നു. അതിനാൽ ഈ തിരുരക്തത്തിന്റെ ഫലത്താൽ യോഗ്യത നേടുവാൻ തക്കതായി നമുക്കു സിദ്ധിച്ചിരിക്കുന്ന സമയം ഒരു ക്ഷണംപോലും വൃഥാ വ്യയം ചെയ്തു കളയാതിരിക്കാൻ നമുക്കു എത്രയധികം താല്പര്യം വേണ്ടിയിരിക്കുന്നു? ദൈവംതന്നെ ഇതിനു നമുക്കു ദൃഷ്ടാന്തം തരുന്നുണ്ടു്. എങ്ങനെയെന്നാൽ, അവിടുന്നു നമുക്കു തന്റെ വരങ്ങളേയും അനുഗ്രഹങ്ങളേയും ധാരാളമായി തരുന്നു; സമയത്തെയാകട്ടെ, ഒന്നിച്ചു് അത്ര ധാരാളമായി തരുന്നില്ല. അതായതു്, ഒരു ക്ഷണം കഴിഞ്ഞശേഷം മാത്രമെ മറ്റൊരു ക്ഷണം തരുന്നുള്ളു എന്നു താല്പര്യം. രണ്ടു ക്ഷണം ഒന്നിച്ചു് ആക്കും കൊടുത്തിട്ടില്ല. ഇപ്രകാരമായിരുന്നിട്ടും മനുഷ്യരിൽ അനേകംപേർ സമയം എത്ര ധാരാളമായി നഷ്ടപ്പെടുത്തുന്നു! നിസ്സാരകാര്യങ്ങൾക്കു വേണ്ടിയും, വല്ല വിധവും സമയം പോയാൽ മതി എന്നുള്ള മനഃസ്ഥിതിയിലും എന്നല്ലാ, ദൈവത്തെ ഉപദ്രവിക്കാനും, തങ്ങൾക്കു നിത്യകഷ്ടത വരുത്താനായുംകൂടെ സമയം ചെലവഴിക്കുന്നുണ്ടു്!

സ്നേഹപ്രകരണങ്ങൾ:— ദൈവം തന്നിരിക്കുന്ന ദാനങ്ങളിൽവെച്ചു് എത്രയും വിലയേറിയ ദാനമായ സമയം ഇങ്ങനെ വ്യർത്ഥമായും നിസ്സാരകാര്യങ്ങൾക്കുവേണ്ടിയും ദൈവത്തെ ഉപദ്രവിക്കുന്നതിന്നായും ചെലവഴിച്ചവരുന്ന ഇത്രയേറെ ജനങ്ങളുടെ അന്ധതയെ ഓർത്തു ദുഃഖിക്കുക. മുകളിൽ പറഞ്ഞവിധം ചിലപ്പോൾ നീയുംചെയ്തുപോയിട്ടുള്ളതിനെ ഓർത്തു വ്യസനിച്ചുകൊണ്ടു് ദൈവകാരുണ്യം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— സമയം ഉത്തമമായ നിലയിൽ ചെലവഴിച്ചിരുന്ന വിശുദ്ധരെ ഞാൻ അനുകരിക്കുന്നുണ്ടു്. മനസ്സറിവോടുകൂടെ ഒരു ക്ഷണനേരംപോലും വൃഥാ കളയുകയില്ല എന്നു വിശുദ്ധ അല്ഫോൻസ് ലിഗോരിയും മറ്റു ചില വിശുദ്ധരും പ്രതിജ്ഞ ചെയ്തിരുന്നു.

മൂന്നാം വകുപ്പു്.

ധ്യാനം:— സമയം ദൈവത്തെപ്പോലെ വിലയുള്ളതാകുന്നു. എന്തുകൊണ്ടെന്നാൽ ഒരു ക്ഷണനേരംതന്നെയും ഉത്തമമായി ചെലവഴിക്കുന്നതായാൽ ദൈവത്തെ നിത്യമായി

അനുഭവിക്കുന്നതിനു നമുക്കിടയാകുമെന്നു വിശ്വാസ ബെഞ്ചർ ട്ടീൻ എഴുതിയിരിക്കുന്നു. ഈ സ്ഥിതിയിൽ നാമെല്ലാവരും സമയത്തെക്കുറിച്ചു എത്ര കഠിനമായ കണക്കു ദൈവത്തിനുമുമ്പാകെ കേൾപ്പിക്കേണ്ടിവരും? ഒരു വ്യർത്ഥവാക്കു പറയുന്നതിനു ഒരു ക്ഷണനേരം മാത്രമെ നഷ്ടപ്പെടുകയുള്ളു. ഒരു ക്ഷണനേരത്തിന്റെ നഷ്ടം നിസ്സാരമെന്നു നാം വിചാരിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവത്തിനുമുമ്പാകെ ഇതു നിസാരമായി തീരുകയില്ല. മനുഷ്യർ പറയുന്ന വ്യർത്ഥവചനങ്ങളെക്കുറിച്ചുകൂടെയും വിധിദിവസത്തിൽ ന്യായം ബോധിപ്പിക്കേണ്ടിവരും എന്നു ഈശോ അരുളിച്ചെയ്തിരിക്കുന്നു.

പ്രായോഗികചിന്ത:— നീ ഈ പറഞ്ഞവയൊക്കയും വിശ്വസിക്കുന്നുണ്ടല്ലൊ. എന്നാൽ ഈ വിശ്വാസത്തിനു തക്കവണ്ണം നീ പ്രവർത്തിക്കുന്നുണ്ടൊ? സമയം ചെലവഴിക്കുന്നതിനെക്കുറിച്ചു് അഥവാ സമയം നഷ്ടപ്പെടുത്തുന്നതിനെയും ഇപ്രകാരം നഷ്ടപ്പെടുത്തുന്നതിനുള്ള കാരണങ്ങളെയുംകുറിച്ചു് നിന്റെ ആത്മികപരിശോധനസമയം നീ ഖണ്ഡിതമായി പരിശോധിക്കുന്നുണ്ടോ? ഇതിനെക്കുറിച്ചു ഉത്തമമായവിധം പശ്ചാത്തപിക്കുകയും ഇതിനെ പരിഹരിക്കാൻതക്ക പ്രതിജ്ഞ ചെയ്കയും ചെയ്യുന്നുണ്ടൊ? പാപസങ്കീർത്തനത്തിൽ ഇവ വെളിപ്പെടുത്തുന്നുണ്ടൊ? ഇവയെല്ലാം നല്ലവണ്ണം ശോധനചെയ്യുനോക്കുക. ഈ നവവത്സരം മുതല്ക്കെങ്കിലും സമയം നന്നായി ചെലവഴിക്കുന്നതിനുവേണ്ടി ഇന്നുവരെ ഏതെല്ലാം അവസരങ്ങളിൽ എന്തെല്ലാം കാര്യങ്ങൾക്കായി സമയം വ്യർഥം വ്യയംചെയ്തുകളഞ്ഞു എന്നും ശോധനചെയ്തു കണ്ടുപിടിക്കുക.

മേലാൽ നമുക്കുള്ള സമയം ഏറ്റവും പ്രയോജനകരവും ഉപകാരപ്രദവുമായി ചെലവഴിക്കുന്നതിനു ഉപയുക്തമായ മാർഗ്ഗം, നമുക്കുള്ള സമയങ്ങളിൽ ചെയ്യപ്പെടുന്ന കാര്യങ്ങളും, അവ ഓരോന്നും ചെയ്യേണ്ടുന്ന സമയവും, നിശ്ചയിക്കുകയും അനിശ്ചയാനുസൃതം വർത്തിക്കുകയും ചെയ്യുക എന്നതാണു്. എന്നാൽ സന്ന്യാസസഭകളും, വൈദികവിദ്യാലയങ്ങളും മുതലായ സ്ഥാപനങ്ങളിൽ ഈദൃശമായക്രമം എപ്പോഴുമുണ്ടു്. അതാതുദിവസത്തിലും, സമയത്തിലും, നിർവ്വഹിക്കേണ്ട കടമകളും ഉണ്ടു്. ഇപ്രകാരം നിശ്ചയിച്ചുറപ്പിക്കുന്നതിനു മണിയടിച്ചു ഓർപ്പിക്കുന്നുമുണ്ടു്; എന്നുവരികിലും പ്രസ്തുത കാര്യങ്ങൾക്കുള്ള സമയം കഴി

ഞ്ഞിട്ടും നമുക്കു സമയം ശേഷിച്ചിട്ടുണ്ടാകും; ഈ സമയമത്രെ നാം ക്രമപ്പെടുത്തി ഉപയോഗിക്കേണ്ടതു്. ഇതു നാം ചെയ്യാതിരുന്നാൽ, ആ സമയം ഉത്തമമായി ചെലവഴിപ്പാൻ ഇടവരാതെ നഷ്ടപ്പെടുക മാത്രമല്ല, അതുകൊണ്ടു് എപ്പോഴും നമ്മുടെ മനസ്സിൽ ചാഞ്ചല്യങ്ങളും വിഷാദങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. ഇവ അനുഭവംകൊണ്ടു് ബോദ്ധ്യപ്പെട്ടിട്ടില്ലയോ?

സംഭാഷണം:- വിശുദ്ധ അൽഫോൻസ് ലിഗോരി, സമയം ഒരിക്കലും നഷ്ടപ്പെടുത്തുകയില്ലെന്നു് പ്രതിജ്ഞചെയ്തുകൊണ്ടു് ഇതിനുതക്കവണ്ണം മരണപര്യന്തം പൂർണ്ണവിശ്വസ്തനായി ആദ്ധ്യാത്മിക പുസ്തകങ്ങൾ രചിക്കുന്നതിനും, ഭക്തകൃത്യങ്ങൾ ചെയ്യുന്നതിനും സദാ ശ്രമിച്ചുവന്നിരുന്നു. ഈ വിശുദ്ധന്റെ ഉത്തമദൃഷ്ടാന്തം അനുകരിപ്പാൻവേണ്ടുന്ന ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ജനുവരി അഞ്ചാം തിയ്യതി

സമയം നന്നായി ചെലവഴിക്കണം.

പ്രാരംഭം ഫ. ഇതു രക്ഷയുടെ ദിവസങ്ങൾ; ഇതു അനുഗ്രഹത്തിന്റെ കാലം (൨ കൊറീ. ൬: ൨) എന്നു വിശുദ്ധ പൗലോസ് പറയുന്നതു കേൾക്കുന്നതായി സങ്കല്പിക്കുക.

൨. ഈ ധ്യാനത്തിന്റെ ഫലമായി സമയത്തിന്റെ വിലനന്നായി ഗ്രഹിച്ചുകൊണ്ടു, സമയം പ്രയോജനകരമായവിധം വ്യയം ചെയ്യാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു്

ധ്യാനം:— സമയം ഒട്ടും നഷ്ടമാക്കിക്കളയാതിരിക്കുന്നതിനും അതു് ഉത്തമമായി ചെലവഴിക്കുന്നതിനും എപ്പോഴും ദൈ

വപ്രസാദവരമുള്ളവരായി ജീവിക്കുക ആവശ്യമാണ്.

ഗുരുതരമായ പാപത്തോടുകൂടെയിരിക്കുന്ന ഒരുത്തൻ ചെയ്യുന്നപ്രവൃത്തികളും, എത്ര വിശുദ്ധവും വിശിഷ്ടവുമായിരുന്നാലും അവ തനിച്ച്, അവനു നിത്യഭാഗ്യപ്രാപ്തിക്കു പറ്റുന്നവയായിരിക്കയില്ലെന്നു സത്യവിശ്വാസം നമ്മെ പഠിപ്പിക്കുന്നു. ഇപ്രകാരമിരിക്കെ മനസ്സാക്ഷിയോടുകൂടെ ചാവുദോഷത്തിൽ ഇരിക്കുന്ന സമയമല്ലാതെ നിത്യഭാഗ്യത്തിനു പറ്റാതെ നഷ്ടപ്പെട്ടുപോകുന്നുവെന്നു സ്പഷ്ടമാണല്ലൊ. അഹോ, ഇതെത്രവലിയ നഷ്ടം! എത്ര മഹാകഷ്ടം! ക്രിസ്ത്യാനികളിൽ ഒരു മഹാദുരിപക്ഷത്തിന്റെയും കഷ്ടത ഇതുതന്നെയല്ലയോ? ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ഈ വത്സരം അഥവാ ഇതിൽ അധികഭാഗവും എന്നപേക്ഷ മേല്പറഞ്ഞവിധം നഷ്ടമായിപ്പോയേക്കാം! ഒരു ദിവസം ഇതിനെക്കുറിച്ച് എത്രയധികം ദുഃഖിച്ചു വിലപിക്കേണ്ടിവരും?

പ്രായോഗികചിന്ത;— ചാവുദോഷം എന്ന നിർഭാഗ്യത്തിൽനിന്നു രക്ഷപെട്ടിരിക്കുന്നതൊഴികെ, മറ്റു യാതൊരു ഉപകാരവും സന്ന്യാസജീവിതംകൊണ്ടു നിനക്കു ഇല്ലാതിരുന്നാൽതന്നെയും, നീ ഈ ജീവിതത്തിനു വിളിക്കപ്പെട്ടതു മഹാഭാഗ്യമായിക്കരുതേണ്ടതല്ലയോ? ഇതിൽ മരണംവരെ നിലനിൽക്കുന്നതിനുവേണ്ടി, ആവശ്യപ്പെട്ടാൽ എത്ര കഷ്ടാരിഷ്ടതകളും സഹിക്കേണ്ടതാണ്.

സ്നേഹപ്രകരണങ്ങൾ:— ആ എന്റെ ദൈവമെ ഈ വിശുദ്ധ ജീവിതത്തിന്മേൽ മതിപ്പും സ്നേഹവും എന്നിൽ വർദ്ധിപ്പിക്കേണമെ.

പ്രതിജ്ഞ:— എന്നാൽ പാട്ടുള്ളിടത്തോളം ശേഷംപേരെ പാപത്തിന്റെ നിർഭാഗ്യാവസ്ഥയിൽനിന്നു രക്ഷിച്ചിട്ട്, അവരും ഈ സന്ന്യാസജീവിതത്തിൽ ഞാൻ അനുഭവിക്കുന്ന ഭാഗ്യത്തിന്റെ ഓഹരി പ്രാപിക്കാൻ ഇടയാകുന്നതിനു ഞാൻ യത്നിക്കുന്നുണ്ട്.

രണ്ടാം വകുപ്പ്

ധ്യാനം:—സമയം നഷ്ടമായിപ്പോകാതിരിക്കുന്നതിനു ദൈവത്തിന്റെ പ്രസാദവരം കാത്തുസൂക്ഷിക്കേണ്ടതിനും പുറമെ ഓരോ പ്രവൃത്തികളും പരിശുദ്ധമായ കരുതലോടുകൂടെ ചെയ്യേണ്ടതും ആവശ്യമാണ്. നമ്മുടെ പ്രവൃത്തികൾ നല്ലതോ, സാധാരണ

തരത്തിലുള്ളതോ ആയിരുന്നാലും, അവ ദൈവത്തിന്ന് ഇഷ്ടമാകുന്നതുകൊണ്ടും, ദൈവത്തെക്കുറിച്ചും എന്ന ഈ സ്വഭാവാതീതകരുതലുകളോടുകൂടെയാകുന്ന ചെയ്യേണ്ടതു്. മനുഷ്യർ പുറമേയുള്ളവമാത്രം നോക്കുന്നു. ദൈവം അന്തഃസ്തങ്ങളെ തൂക്കുൺപാർക്കുന്നു. ആകയാൽ അവിടുത്തെക്കുറിച്ചു ചെയ്യാത്തപ്രവൃത്തികൾക്ക് ഒന്നിനും അവിടുന്നു സമ്മാനം നൽകുകയില്ല. ഫരിസേയരും ഉപദേഷ്ടാക്കന്മാരും ഡംഭുകൊണ്ടും മായസ്തുതി ആഗ്രഹിച്ചുകൊണ്ടും വളരെ നന്മപ്രവൃത്തികൾ ചെയ്തിരുന്നു. ഇതിന്നു അവക്കു പരലോകത്തിൽ പ്രതിസമ്മാനം ലഭിക്കുകയില്ലയെന്നും, ഇവർ സമയം വൃഥാ ചെലവഴിക്കുന്നു എന്നും, ഈശോ സുവിശേഷത്തിൽ അരുളിച്ചെയ്തിരിക്കുന്നു. (മത്തേ. 23, 5)

പ്രായോഗികചിന്ത:— നീ ചെയ്ത നന്മപ്രവൃത്തികളുടെ യോഗ്യത മുഴുവനും അഥവാ വല്ല ഭാഗമെങ്കിലും, നിനക്കു നഷ്ടീഭവിച്ചിട്ടുണ്ടു് എന്നു ഭയപ്പെടുവാൻ ന്യായമില്ലയോ? എന്തുകൊണ്ടെന്നാൽ സ്വാർത്ഥത, ഡംഭു, മുഖസ്തുതി എന്നിവ, നിന്റെ പ്രവൃത്തികളുടെ ഉദ്ദേശ്യങ്ങളായിരുന്നിട്ടില്ലയോ? നീ നിന്റെ ഹൃദയത്തിലോട്ടു തിരിഞ്ഞു നിന്നോടുതന്നെ ഇതു ചോദിക്കുകയും, നിഷ്പക്ഷമായി ഉത്തരം പറയുകയും ചെയ്യു.

സ്നേഹപ്രകരണങ്ങൾ:— ആ എന്റെ ദൈവമേ, നിന്റെ തിരുമുമ്പാകെ എന്റെ നല്ലപ്രവൃത്തികളുടെ യോഗ്യത നശിപ്പിച്ചുകളയുന്ന സ്വപ്രതിപത്തിയോടു വിരോധിപ്പാനും അതിനെ ജയിച്ചടക്കുവാനും എന്നെ നീ സഹായിക്കേണമെ.

പ്രതിജ്ഞ:— നന്മയും തിന്മയുമല്ലാത്ത പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന സമയം പ്രയോജനകരവും വിശുദ്ധവും ആയിത്തീരുന്നതിനുവേണ്ടി എല്ലാ ദിവസവും ക്രമത്തോടെ ശുദ്ധകരുതൽ നവീകരിക്കുക.

മൂന്നാം വകുപ്പ്.

ധ്യാനം:— നമുക്കു സമയം നഷ്ടമായിപ്പോകാതെ അതു് ഉത്തമമായവിധത്തിൽ ചെലവഴിക്കുന്നതിന്നു്, നമ്മുടെ പ്രവൃത്തികളെല്ലാം ഭക്തിതീക്ഷ്ണതയോടും ദൈവതൃക്കണ്ണുകൾക്കു പ്രസാദിക്കുന്നവിധത്തിലുള്ള ശുദ്ധിയോടുംകൂടെ ചെയ്യേണ്ടിയിരിക്കുന്നു.

നീ പരിചയം നിമിത്തം ശ്രദ്ധ കുറയാതെയോടെ അനേക പ്രവൃത്തികളും ചെയ്യുന്നുണ്ട്. എന്നാൽ അവ ഭക്തിയും ശ്രദ്ധയുംക്കൂടാതെ; അശ്രദ്ധയോടെ നിവ്വഹിക്കുന്നതിനാൽ, അവയ്ക്ക് നീ ചെലവഴിക്കുന്ന സമയത്തിന്റെ വലിയ ഭാഗവും ഫലംക്കൂടാതെ നഷ്ടപ്പെട്ടുപോകുന്നു. ഇതുകൊണ്ടാണ് നാം ചെയ്യുന്ന സകല പ്രവൃത്തികളും, യാതൊരു ന്യൂനതയുംക്കൂടാതെ അത്യുത്തമമായിരിക്കത്തക്കവിധം ശ്രദ്ധിച്ചുകൊള്ളുന്നതിനു പരിശുദ്ധാത്മാവിന്റെ തുണയ്ക്കായി നമ്മോട് ഉപദേശിക്കുന്നത്.

പ്രായോഗികചിന്ത:— ഈ ദിവ്യോപദേശം ഉണ്ടായിട്ടും ഉത്സാഹത്തോടുംക്കൂടെ അനുവർത്തിച്ചുകൊള്ളുന്നവർ ക്രിസ്ത്യാനി, അഥവാ സന്യാസി ഭാഗ്യവാനായിരിക്കും. ഇപ്രകാരമുള്ളവർ ചുരുങ്ങിയ സമയംകൊണ്ട് എത്ര വലിയ യോഗ്യതകളാണ് സമ്പാദിക്കുക! ജ്ഞാനാഗമത്തിൽ എഴുതിയിരിക്കുന്നതുപോലെ ഇപ്രകാരമുള്ളവർ ചുരുങ്ങിയ സമയംകൊണ്ടു ദീർഘനാളത്തെ യോഗ്യതപ്രാപിക്കും. (ജ്ഞാനാ. ര, ഫ്ന)

ഇപ്രകാരമുള്ള ഭാഗ്യം നമുക്കും പ്രാപിക്കുന്നതിന് പലവഴികളുള്ളവയിൽ ഒന്നു നാം പലപ്പോഴും കുരിശിന്റെ അടയാളം വരക്കുമ്പോൾ അതു നന്നായി ചെയ്യുവാൻ ആഗ്രഹിക്കുന്നു, എന്നു പറയുവാൻ ശീലിക്കുന്നതുകൂടാതെ, ഓരോ പ്രവൃത്തികളും കഴിഞ്ഞശേഷവും നാം ഏതുവിധമാണ് അതു നിവ്വഹിച്ചുതെന്ന് പരിശോധിച്ചറിയുന്നതുമാകുന്നു.

സംഭാഷണം:— സ്തനിസ്ലാവുസ് പുണ്യവാനോട് സംഭാഷണം ചെയ്ക. ഈ പുണ്യവാൻ സന്യാസജീവിതത്തിൽ പ്രവേശിക്കുന്നതിനുമുമ്പുതന്നെ വിശുദ്ധിയുടെ ഒരു ഉയർന്പദവിയിലെത്തിയിരുന്നു. ഇതു് ആശ്ചര്യകരമായ പ്രവൃത്തികൾകൊണ്ടല്ലേ പ്രാപിച്ചതു. താൻ ചെയ്യുന്ന സകല വേലകളും — എത്രയും നിസ്സാരങ്ങളായവക്കുടെയും – ശ്രദ്ധ കുറയാതെയോടും, ഭക്തിതീക്ഷ്ണതയോടും ഏകാഗ്രമായ ശ്രദ്ധയോടുംക്കുടെ നിവ്വഹിച്ചുപോന്നതിനാലത്രെ.

ഇപ്രകാരം ഈ പുണ്യവാൻ ജീവിച്ച ചുരുങ്ങിയകാലത്തിൽ, ഒരു ക്ഷണംപോലും നഷ്ടപ്പെട്ടുത്താതെ എല്ലാം ഉത്തമമായവിധത്തിൽ ചെലവഴിച്ചിരുന്നു. വിശിഷ്ടവും ഫലപുഷ്ടവുമായ ഈ സമ്പ്രദായത്തെ അനുകരിക്കുന്നതിനു വേണ്ട ദൈവാനുഗ്രഹം ലഭിച്ചുതരുവാൻ ഈ വിശുദ്ധനോട് പ്രാർത്ഥിക്കുക.

ജനുവരി ആറാം തിയ്യതി

ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ക്രീസ്തുവിനെ ആരാധിച്ച തിരുനാൾ

പ്രാരംഭം ക:- ഈ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ തങ്ങൾക്കു പ്രത്യക്ഷമായ നക്ഷത്രത്തിന്റെ പ്രകാശത്തെ അനുഗമിക്കുന്നതു കാണുന്നുവെന്നു് വിചാരിക്കുക,

ഫ. ഈ തിരുനാൾ ഏതെല്ലാം സംഭവങ്ങളേയും, നന്മകളേയും, കടമകളേയും നമ്മെ ഓർമ്മിപ്പിക്കുന്നു എന്നു ഗ്രഹിക്കാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ഈ തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്ന
വിശ്വയനീയ കാര്യങ്ങൾ

ധ്യാനം:— തിരുസ്സഭ എല്ലാക്കാലത്തും ഈ തിരുനാൾ മഹാ ഘോഷത്തോടുകൂടെ എട്ടുദിവസം ആചരിക്കുന്നുണ്ടു്. ഇന്നു് ഈശോ ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാർക്കും, അവർ വഴിയായി അവരെപ്പോലെ അജ്ഞാനാന്ധകാരത്തിൽ നിമഗ്നരായിരുന്ന എല്ലാ ജനങ്ങൾക്കും തന്നെത്തന്നെ പ്രത്യക്ഷപ്പെടുത്തിയ മംഗളമഹാസംഭവത്തെ നമ്മേയും അനുസ്മരിപ്പിക്കുന്നു. "എഫിഫനീയ" എന്ന പദത്തിനുതന്നെ "പ്രത്യക്ഷീകരണം" എന്നാണു് അർത്ഥം. ഇന്നത്തെ ദിവ്യപൂജയിൽ വായിക്കപ്പെടുന്ന സുവിശേഷത്തിൽ ഇതിന്റെ ചരിത്രം വിവരിക്കപ്പെട്ടിരിക്കുന്നു, എന്തെന്നാൽ: ഹെറോദേസ് രാജാവിന്റെ കാലത്തു യൂദായുടെ ബഥ്ലഹേമിൽ യേശു പിറന്ന ശേഷം, ഇതാ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കിഴക്കുനിന്നു യരുസലേമ്മിലേക്കു വന്നു ചോദിച്ചതായതു്: "യൂദന്മാരുടെ രാജാവായി അവതരിച്ചിരിക്കുന്നയാൾ എവിടെയാകുന്നു? എന്തെന്നാൽ ഞങ്ങൾ അവിടുത്തെ നക്ഷത്രം കിഴക്കുകണ്ടു അവിടുത്തെ ആരാധിക്കുവാനായി വന്നിരിക്കുന്നു." (മത്തേ, ൨, ൧; ൨)

പ്രായോഗികചിന്ത:— ഇന്നു നാം ആഘോഷിക്കുന്ന ഈ തിരുനാൾ, നമുക്ക് പ്രയോജനകരമായ പ്രബോധനങ്ങൾ അടങ്ങിയ മറ്റു ചില കാര്യങ്ങളേയും ഓർമ്മപ്പെടുത്തുന്നുണ്ട്. ചേതോഹരവും അനുയോജ്യവുമായ മാർഗ്ഗങ്ങളിലൂടെ ഈശോ സകലർക്കും തന്നെത്തന്നെ പ്രത്യക്ഷപ്പെടുത്തുന്നു: വിശ്വാസികളായ യഹൂദന്മാർക്കു ദൈവിക വഴിയായും, വിജാതീയരായ ജ്യോതിശ്ശാസ്ത്രജ്ഞന്മാർക്ക് നക്ഷത്രം വഴിയായും അവിടുന്നു സ്വയം അറിയിക്കുന്നു. ഇപ്രകാരംതന്നെ നാമും ജാതിഭേദം നോക്കാതെ ഏതേതു ജനതയ്ക്കും ദൈവഭേദം അറിയിക്കാനും, എല്ലാവരെക്കൊണ്ടും ദൈവത്തെ സ്നേഹിപ്പിക്കാനും പ്രയാസപ്പെടണമെന്ന് ഈ സംഭവം നമ്മെ പ്രബോധിപ്പിക്കുന്നു. വിശേഷിച്ച്, വിവിധ സ്ഥിതിക്കാരായ മനുഷ്യർക്ക് അവരിൽ ഓരോരുത്തരുടെ ഒരുക്കത്തിനനുയോജ്യമായ രക്ഷാമാർഗ്ഗങ്ങളെ നൽകുന്ന ദയാർദ്രവും വിസ്മയനീയവുമായ ദൈവവിചാരണയെ നമ്മെ ഓർമ്മിപ്പിക്കുകയും, നാംഎപ്പോഴും ദൈവത്തിൽ ഉറപ്പായ വിശ്വാസം വയ്ക്കണമെന്നു പഠിപ്പിക്കുകയുംകൂടെ ചെയ്യുന്നുണ്ട്.

സ്നേഹപ്രകരണങ്ങൾ:— ഇവയെല്ലാം കണ്ടു വിസ്മയിക്കുകയും ദൈവപരിപാലനയ്ക്കു നമ്മെ ഏല്പിച്ചുകൊണ്ട് അവിടുത്തെ ആരാധിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— ഈ തിരുനാളിന്റെ ഉദ്ദേശ്യത്തിനുമേലും ഇന്നു അനുസ്മരിപ്പിക്കുന്ന മഹാ രഹസ്യത്തിനുമേലും കൂടക്കൂടെ ചിന്തിക്കുക.

രണ്ടാം വകുപ്പ്

ഈ തിരുനാളിൽ അനുസ്മരിപ്പിക്കപ്പെടുന്ന നന്മകൾ

ധ്യാനം:— വിഗ്രഹാരാധകന്മാരുടെ ഇടയിൽ സത്യവിശ്വാസത്തേയും, ദൈവാരാധനയേയും പാലിക്കുന്ന ജനതയായിട്ട് ദൈവം അബ്രഹാമിന്റെ സന്തതികളെ തെരിഞ്ഞെടുത്തിരുന്നു. എന്നാൽ ലോകത്തിലുള്ള സകല ജനങ്ങളും ഈശോയിൽഏകജനമായിരിക്കുന്നതിനുവേണ്ടി, ഏവരേയും ഏക വിശ്വാസത്തിലേയ്ക്ക് വിളിക്കുന്ന ഒരു ദിവസം വരേണ്ടതുണ്ടായി

ന്നു. ഇതിനെ ദൈവം അബ്രഹാമ്മിനോടു വാഗ്ദാനം ചെയ്തിട്ടു മുണ്ടായിരുന്നു. നമ്മുടെ പിതാക്കന്മാരായ സകല വിജാതീയ ജനങ്ങളുടേയും പ്രതിനിധികളായിട്ടെന്നോണം ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാരെ ഈശോ തന്റെ പക്കലേയ്ക്കു ഇങ്ങനെ വിളിച്ചതിനാൽ ഈ വാഗ്ദാനം നിവൃത്തിതമായി. ആകയാൽ നമുക്കു സിദ്ധിച്ചിരിക്കുന്ന സത്യവിശ്വാസം എന്ന മഹാ ദാനത്തെക്കുറിച്ചും, ഈ സത്യവിശ്വാസം നിഷ്കൃർഷയായി പാലിക്കപ്പെടുന്ന ദേശത്തിൽ, ഭക്തിയും വിശ്വാസസ്ഥിരതയും ഉള്ള മാതാപിതാക്കന്മാരിൽനിന്നു നാംപിറന്ന വിശ്വാസത്തിന്റെ പഠനങ്ങൾക്കു തക്കവിധം വളർത്തപ്പെടുവാൻ നമുക്കു ഭാഗ്യം ലഭിച്ചതിനെക്കുറിച്ചും, ദൈവത്തിന്റെനേരെ നാം പ്രത്യേകം കൃതജ്ഞതയും സ്നേഹവും പ്രദർശിപ്പിക്കേണ്ടതാണെന്നുംകൂടെ ഈ തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്നു.

പ്രായോഗികചിന്ത:— ഇത്ര മഹാ നന്മകളുടെ സ്മരണ എപ്പോഴും, പ്രത്യേകം ഈ ദിവസത്തിലും, നമ്മിൽ ഉണ്ടായിരിക്കണം. ദൈവം നമുക്കു ചെയ്ത ഈ മഹത്തായ ഉപകാരങ്ങൾക്കു നാം അത്യധികം പ്രതിനന്ദി കാണിക്കാൻ പ്രയാസപ്പെടണം. നന്ദികേടു ദൈവപ്രസാദവരമാകുന്ന സജീവജലത്തിന്റെ ഉറവയെ ഉണക്കിക്കളയുന്ന ഒരു തീക്ഷ്ണദോഷമാകയാൽ അതിനെ അത്യന്തം വെറുക്കുകയും ഭയപ്പെട്ടു ഒഴിയുകയും വേണം.

സ്നേഹപ്രകരണങ്ങൾ:— തിരുസ്സഭ ഇന്നു ചെയ്യുന്ന ജപം ഈ തിരുനാളിനു് അനുയോജ്യമായ സന്തോഷത്തെ സൂചിപ്പിക്കുന്നതും, കൃതജ്ഞതാപരമായ പ്രാർത്ഥനകൾക്കു് നമ്മെ പ്രേരിപ്പിക്കുന്നതുമാകയാൽ; ഈ ദിവസത്തിൽ പലപ്പോഴും പ്രത്യേകം ധ്യാനസമയത്തും ഈ വിചാരങ്ങൾ നമ്മിൽ വരുത്തുവാൻ ശ്രമിക്കുക.

പ്രതിജ്ഞ:— ഇന്നു ദിവ്യപൂജയുടെയും പരിശുദ്ധകുർബാന സ്വീകരണത്തിന്റെയും, മറ്റു ഭക്തകൃത്യങ്ങളുടെയും സമയത്തു തിരുസ്സഭയുടെ നിയോഗത്തോടു് യോജിപ്പാൻ ഞാൻ ശ്രമിക്കുന്നുണ്ടു്.

മൂന്നാം വകുപ്പ്

പ്രതിവത്സരം ഈ തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്ന ശ്രേഷ്ഠവും സന്തോഷകരവുമായ കാര്യങ്ങൾ

ധ്യാനം:— ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാർക്കുണ്ടായ സജീവവിശ്വാസം അവർ വലിയ കാര്യങ്ങൾ നിവ്വഹിക്കുന്നതിന്നു കാരണമായി. എങ്ങനെയെന്നാൽ, വിശ്വാസം നിമിത്തം അവർ പുതിയ മനുഷ്യരും, യഥാത്ഥജ്ഞാനികളും, രക്തസാക്ഷികളും, പ്രേഷിതരും ആയിത്തീന്നു. അവർ വിശുദ്ധ തോമാശ്ലീഹായിൽനിന്നു ജ്ഞാനസ്നാനം സ്വീകരിക്കുകയും, അവർത്തന്നെ വിശ്വാസം പ്രസംഗിച്ചു പ്രേഷിതരായി, തങ്ങളുടെ രക്തം ചിന്തി ഈ വിശ്വാസത്തിന്നു സാക്ഷികളായി മരിക്കയുംചെയ്തു എന്നാണ് ഐതിഹ്യം. തിരുസ്സഭ ഇവരെ വിശുദ്ധന്മാരായി ബഹുമാനിച്ചുവരുന്നതുകൂടാതെ, കൊച്ചോനിയ മെത്രാസനപ്പള്ളിയിൽ പൂജ്യമായി വണങ്ങപ്പെടുന്ന ഇവരുടെ തിരുശ്ശേഷിപ്പുകളെ എ.ഡ.—ാം നൂറാണ്ടുമുതൽ ഇന്നുവരെ ജനങ്ങൾ ചെന്നു സന്ദർശിച്ചു വണങ്ങിയും വരുന്നുണ്ട്.

പ്രായോഗികചിന്ത:— വിശ്വാസത്തിന്റെ മനോഹരമായ ഈ പ്രകാശം ഈശോമിശിഹാ നമ്മുടെമേലും ചിന്തിയിട്ടില്ലയോ? ഈ വിശ്വാസം നമ്മോടുകൂടെ പിറന്നു വളരുകയും, ശക്തിപ്പെടുകയും ചെയ്തിരിക്കുന്നു എന്നു പറയാം. എങ്ങനെയെന്നാൽ, നമ്മുടെ ചെറുപ്പംമുതൽതന്നെ, വിശ്വാസത്തിന്റെ മഹിമയേറിയ രഹസ്യങ്ങൾ അറിഞ്ഞു് അതിന്റെ കടമകളെ നിറവേറുന്നതിന്നു നമുക്കു് ഇടയായിട്ടുണ്ടു്. അതുകയാൽ നാം പ്രതിദിനം നമ്മിൽ ആദ്ധ്യാത്മിക ഫലങ്ങളെ വർദ്ധിപ്പിച്ചുകൊണ്ടു് ദൈവത്തിന്റെ ഈ അനന്ത കാരുണ്യത്തിന്റെനേർക്കു നമുക്കുള്ള കൃതജ്ഞത പ്രകാശിപ്പിക്കേണ്ടതാണു്. വിശ്വാസം, സ്നേഹം വഴിയായി പ്രവർത്തിക്കുമെന്നു വിശുദ്ധ പൗലോസ് എഴുതിയിരിക്കുന്നു. (ഗാല. ൫, ൬) എവിടെ സ്നേഹമുണ്ടോ അവിടെ വലിയ പ്രവൃത്തികളുമുണ്ടാകും എന്നു വിശുദ്ധ ഗ്രെഗരിയും എഴുതിയിരിക്കുന്നു. ഈ വാക്കുകളും നിന്നെക്കുറിച്ചും പറയത്തക്കവണ്ണമാണോ നിന്റെ ജീവിതം?

സംഭാഷണം:— രക്ഷകനെ അറിയുന്നതിന്നു് വിജാതീയ

തിൽനിന്നു ആത്മാമായി വിളിക്കപ്പെട്ട ഈ ജ്യോതിശ്ശാസ്ത്രജ്ഞരോട് സ്നേഹസംഭാഷണം ചെയ്യുക. അവരെ സ്തുതിക്കുക. വിശ്വാസവും സ്നേഹവും ദിനംപ്രതി നമ്മിൽ വർദ്ധിച്ചുവരുന്നതിനു ഇവരുടെ മദ്ധ്യസ്ഥത പ്രാർത്ഥിക്കുക.

ജനുവരി ഏഴാം തിയ്യതി.

ദൈവവരത്തിന്റെ പ്രേരണയെ അനുസരിക്കുന്നതിൽ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പ്രദർശിപ്പിച്ച വിശ്വസ്തത.

പ്രാരംഭം:— ക. ദിവ്യരക്ഷകൻ പിറന്ന സ്ഥലത്തേയ്ക്ക് തങ്ങളെ നയിക്കുന്ന നക്ഷത്രത്തെ ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ അനുഗമിക്കുന്നതായി വിചാരിക്കുക.

ഖ. ദൈവവരത്തിന്റെ പ്രേരണകളെ ശ്രദ്ധിക്കാതിരിപ്പാനും സഹിക്കുവാൻവേണ്ട സഹായം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പ്

ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ദൈവവരത്തിന്റെ പ്രേരണകളെ ശ്രദ്ധിക്കാതിരുന്നതും അനുസരിക്കുന്നതും

ധ്യാനം:— ദൈവം നൽകുന്ന നന്മകളെ വിശ്വസ്തതാപൂർവ്വം ഉപയോഗപ്പെടുത്തുന്നതിനു ആദ്യംതന്നെ അതിന്റെ പ്രേരണകളെ ശ്രദ്ധിക്കാതിരിയോടുകൂടെ അനുസരിക്കണം. ഈ ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധിക്കാതിരി വിസ്മയനീയമായിരുന്നു. എങ്ങനെയെന്നാൽ, അസാധാരണ പ്രകാശമുള്ള ഒരു നക്ഷത്രം അവർക്കു പ്രത്യക്ഷപ്പെടുകയും, അവരുടെ ഹൃദയത്തിൽ ഉണ്ടായ ഒരു സ്വരം അതിന്റെ അർത്ഥം അവരെ ഗ്രഹിപ്പിക്കുകയുംചെയ്തു. ഉടനെ അവർ തങ്ങൾക്കുണ്ടായിരുന്ന വിഘ്നങ്ങളെയെല്ലാം ജയിച്ചു് ആ നക്ഷത്രത്തെ അനുഗമിക്കുവാൻ ധൈര്യപ്പെട്ടു. ഇ

തുനിമിത്തം, "അവിടത്തെ നക്ഷത്രം കണ്ട ഉടനെ ഞങ്ങൾ പുറപ്പെട്ടുവന്നു"വെന്ന ഹെരോദേസിനോട പറയുവാൻ വാസ്തവത്തിൽ അവക്ക സാധിച്ചു. (മത്തേ. ൨, ൨)

ഇവരെപ്പോലെ നക്ഷത്രങ്ങളെ സൂക്ഷിക്കുകയും, ഈ നവീന നക്ഷത്രം കാണുകയും, അതിനെ അനുഗമിക്കുന്നതിന്നു അനുകരണത്തിൽ പ്രേരിതരാവുകയുംചെയ്ത വേറെ ജ്യോതിശ്ശാസ്ത്രജ്ഞന്മാരും ഉണ്ടായിരുന്നിരിക്കാം. പക്ഷെ അവർ പിന്നെയും വേറെ അടയാളങ്ങൾ പാത്തിരിക്കണമെന്ന വിചാരിച്ചു. ഈ വിചാരവും താമസവും കാരണത്താൽ ലോകരക്ഷകനെ തങ്ങളുടെ കണ്ണാലെ കാണുന്നതിനുള്ള ഭാഗ്യം അവക്ക നഷ്ടപ്പെട്ടു.

പ്രായോഗികചിന്ത:— ദൈവം നിനക്ക തരുന്ന നല്ല വിചാരങ്ങൾക്ക തക്കവിധം പ്രവർത്തിക്കുന്നതിന്നു നീ പ്രദർശിപ്പിക്കുന്ന അശ്രദ്ധ നിമിത്തം എത്ര വളരെ പ്രസാദവരങ്ങളും, യോഗ്യതകളും, നിനക്ക നഷ്ടമായിപ്പോയിട്ടുണ്ടു! എന്തെന്നാൽ സാധാരണമായി പറഞ്ഞാൽ, സൽപ്രേരണകളേയും നല്ലനല്ല നിവേശനങ്ങളേയും അനുവർത്തിക്കാൻ താമസം വരുത്തുന്നതു, അവയെ ഉപേക്ഷിക്കുന്നതിന്നു തുല്യമാണു. നിനക്ക ഒഴിവുള്ള സമയങ്ങളിൽ, പരസ്നേഹപ്രവൃത്തി ചെയ്യുക, പരിശുദ്ധ കുർബാനയെ സന്ദർശിക്കുക മുതലായ സൽകർമ്മങ്ങൾ ചെയ്യുന്നതിന്നു എത്രയോ പ്രാവശ്യം നിനക്ക ആകർഷണമുണ്ടായിട്ടുണ്ടു? പിന്നെയാവാമെന്ന വെച്ചതിനാൽ അവ ചെയ്യാതെ വിട്ടുപോയിട്ടില്ലെ? നിന്റെ കഴിഞ്ഞ ജീവിതത്തെ സൂക്ഷ്മമായി പരിശോധിക്കുക. എന്നാൽ ഇതു വാസ്തവമാണെന്ന ബോദ്ധ്യമാകും.

സ്നേഹപ്രകരണങ്ങൾ:— മേല്പറഞ്ഞവയെല്ലാം ശരിയെന്ന അനുസരിച്ചു പശ്ചാത്തപിക്കുക.

പ്രതിജ്ഞ:—ദൈവം എന്നിൽ നിവേശിപ്പിക്കുന്ന നല്ല വിചാരങ്ങളെ ശ്രദ്ധാതിപൂർവ്വം അനുസരിക്കുന്നതിന്നു ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടാന്തം ഞാൻ അനുസരിക്കുന്നുണ്ടു.

രണ്ടാം വകുപ്പു.

അവർ ദൈവവരത്തിന്റെ പ്രേരണയെ ഔദാര്യപൂർവ്വം അനുസരിക്കുന്നു

ധ്യാനം:— ദൈവവരത്തെ വിശ്വസ്തതയോടുകൂടെ ഫ

ലപ്രദമാക്കേണമെങ്കിൽ, ഔദാര്യവും ആവശ്യമുണ്ടു്. സ്വപ്രതിപത്തിയും ഭീരുത്വവും നിമിത്തം, സ്വഭാവജന്യമെന്നോണം നമുക്കു തോന്നുന്ന പ്രയാസങ്ങളെ ജയിച്ചടക്കുന്നതിനിടയാക്കുന്നതു് ഔദാര്യമാണു്. ഈ ഔദാര്യം ജ്യോതിശ്ശാസ്ത്രജ്ഞന്മാക്കു് അവശ്യം ആവശ്യമായിരുന്നു. എന്തുകൊണ്ടെന്നാൽ അവർ ചെയ്യേണ്ടിയിരുന്ന പ്രയാണം ദീർഘവും വഴികൾ ദുർഘടങ്ങളും ആയിരുന്നു. ക്രമേണ പ്രത്യക്ഷപ്പെട്ട നക്ഷത്രം ക്രീസ്തു പിറന്ന സ്ഥലംവരെ അവരെ നയിക്കുമോ? ഇനി മടങ്ങി എന്നാണു് തങ്ങളുടെ അരമനയിൽ വന്നുചേരുക? എന്നിവ ഒന്നും അവക്കു് വിവില്ലായിരുന്നു. തങ്ങളുടെ ദേശവാസികൾ തങ്ങളെ ആക്ഷേപിക്കുമെന്നും അവർ അറിഞ്ഞിരുന്നു. എങ്കിലും അവയൊന്നും ഗണ്യമാക്കാതെ, പ്രത്യക്ഷ അടയാളങ്ങളാൽ തങ്ങളെ വിളിച്ച ദൈവത്തിൽ പൂർണ്ണമായ വിശ്വാസംവെച്ചുകൊണ്ടു്, അവിടത്തെ തൃക്കൈകളിൽ തങ്ങളെത്തന്നെ ഏല്പിച്ചു പുറപ്പെട്ടു.

പ്രായോഗികചിന്ത:—ഞാൻ എത്രയോ പ്രാവശ്യം ദൈവവരത്തിന്റെ പ്രേരണകൾക്കു അനുസരണമില്ലാത്തവനായിരുന്നിട്ടുണ്ടു്? പൂർണ്ണവ്യാനം മുതലായവ നടത്തിയദിവസങ്ങളിൽ, പ്രത്യേകകാരണങ്ങളോടുകൂടെ ചെയ്ത പ്രതിജ്ഞകളെ കൂടെയും ഞാൻ വിശ്വസ്തതയോടുകൂടെ നിറവേറാതെ പോയതെങ്ങിനെ? എനിയ്ക്കു് എത്രയും ആവശ്യമുള്ളതും, പ്രയോജനകരവുമെന്നു ഞാൻ നല്ലപോലെ അറിഞ്ഞിരുന്ന സൽകൃത്യങ്ങളിൽപോലും വിശ്വസ്തതയില്ലാതെ പ്രവർത്തിച്ചതെന്തുകൊണ്ടു്? എന്റെ ഔദാസീന്യമോ വ്യർത്ഥതയോ ആയിരുന്നില്ലെ കാരണം?

സ്നേഹപ്രകരണങ്ങൾ:— ഇതു് എളിമയോടുകൂടെ ദൈവതിരുമുമ്പാകെ സമ്മതിച്ചു പറയുകയും, കഴിഞ്ഞ ജീവിതത്തിലെ വീഴ്ചകളെക്കുറിച്ചു അനുതപിക്കുകയും ചെയ്യുക. ഏതെല്ലാം സന്ദർഭങ്ങളിലാണു് ശ്രദ്ധ കാണിക്കാതിരുന്നതെന്നു പരിശോധിച്ചു, മേലാൽ ഏറ്റവും സൂക്ഷ്മത്തോടുകൂടെ വ്യാപരിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുക.

പ്രതിജ്ഞ:— ദൈവം ഈ സമയത്തു നിനക്കു തരുന്ന ആത്മികതെളിവിനു തക്കവണ്ണം യുക്തമായ പ്രതിജ്ഞ ചെയ്തുകൊള്ളുക.

മൂന്നാം വകുപ്പ്

ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ദൈവവരത്തോട് അനുയോജിച്ച പ്രവൃത്തിക്കുന്നതിൽ സ്ഥിരതയുള്ളവരായിരുന്നു

ധ്യാനം:— പ്രസാദവരത്തെ വിശ്വസ്തതയോടുകൂടെ സഫലമാക്കുന്നതിനു മൂന്നാമതായി വേണ്ടതു സ്ഥിരതയാണു്. എന്തുകൊണ്ടെന്നാൽ ദൈവവരം നമ്മിൽ ജനിപ്പിക്കുന്ന നല്ല ആഗ്രഹങ്ങൾ ഉടനടൻ നിറവേറുവാൻ എപ്പോഴും സാധിക്കുന്നതല്ല. പലപ്പോഴും പല ദിവസങ്ങൾ എന്നല്ല പല മാസങ്ങൾവരെ പ്രയത്നിച്ചാൽമാത്രമെ കാര്യം സാധിക്കുകയുള്ളു. ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാക്ക് ഇപ്രകാരം നീണ്ടുനില്ക്കുന്ന സ്ഥിരതയുണ്ടായിരുന്നു. കാലാവസ്ഥയുടെ വിഷമവും, വഴിയുടെ ദൈർഘ്യവും അവരെ ക്ഷീണിപ്പിച്ചില്ല. അങ്ങനെതന്നെ യെരുസലേംപട്ടണത്തോട്അടുത്തപ്പോൾ, നക്ഷത്രംമറഞ്ഞുപോയെന്നതാവട്ടെ, ആ അസാധാരണ നക്ഷത്രം സൂചിപ്പിച്ച വലിയ സംഭവത്തിന്മേൽ ആ പട്ടണവാസികൾ കാണിച്ച അനിവ്വചനീയമായ അശ്രദ്ധയാവട്ടെ, അതുപോലെയുള്ള മറ്റേതെങ്കിലും കാരണങ്ങളാവട്ടെഅവരുടെ ധീരമായ പ്രതിജ്ഞയെ ഇളക്കുവാനോ മറിക്കുവാനോ പര്യാപ്തവുമായില്ല. ഇവരുടെമനഃസ്ഥൈര്യത്തിനു് പ്രതിഫലമായി ആ നക്ഷത്രം വീണ്ടും പ്രത്യക്ഷമാകുന്നതിനും, മറിയ ഉണ്ണിയുടെ സമീപത്തു അവരെക്കൊണ്ടുപോകുന്നതിനും ദൈവം തിരുമനസ്സായി.

പ്രായോഗികചിന്ത:— നമ്മുടെ സ്ഥിരത എത്ര ക്ഷീണിതരമായിരിക്കുന്നു? പ്രഭാതത്തിൽ ചെയ്ത പ്രതിജ്ഞ മദ്ധ്യാഹ്നംവരെ നിലനിൽക്കുന്നുണ്ടോ? പലപ്പോഴും ഓരോ പ്രവൃത്തികളുടെ ആരംഭത്തിൽ നാം ചെയ്ത പ്രതിജ്ഞകൾ, ആ പ്രവൃത്തി അവസാനിക്കുന്നതിനുമുമ്പുതന്നെ ലംഘിച്ചിട്ടില്ലയോ? എന്നിരിക്കെ നാം പുണ്യവർദ്ധനവു പ്രാപിക്കാത്തതിനെപ്പറ്റി ആശ്ചര്യപ്പെടാനുണ്ടോ? നമ്മുടെ ഈ ന്യൂനതതീർക്കാൻ ഇന്നുമുതൽക്കെങ്കിലും ശ്രമിക്കുക. ഓരോ സന്ദർഭങ്ങളിൽ നമുക്കു വേണ്ടധൈര്യവും സ്ഥൈര്യവും ലഭിക്കുന്നതിനു് ഈ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ മാദ്ധ്യസ്ഥ്യം വഴിയായി ദൈവത്തെ പ്രാർത്ഥിക്കുകയും ചെയ്യുക.

സംഭാഷണം:— ദൈവവരത്തിന്റെ പ്രേരണകളെ വിശ്വസ്തതയോടെ അനുവർത്തിക്കുന്നതിന്നും, ഇതു നമ്മിൽ ഉളവാക്കുന്ന നല്ല പ്രതിജ്ഞകളെ കണിശമായും സ്ഥിരതയോടുകൂടെയും നിറവേറുന്നതിന്നും വേണ്ട അനുഗ്രഹം ഇവർ വഴിയായി പ്രാർത്ഥിക്കുക.

ജനുവരി എട്ടാം തിയ്യതി

ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ യാത്രയിൽ നടന്ന മൂന്നു സംഭവങ്ങൾ

പ്രാരംഭം:— ക. നക്ഷത്രം മറഞ്ഞുപോകുന്നതുകണ്ടു് അവർ ക്ലേശിക്കുന്നതു കാണുന്നതായി വിചാരിക്കുക.

ഖ. അവരുടെ യാത്രയിൽ ഉണ്ടായ വിവിധ സംഭവങ്ങളുടെ അർത്ഥം ഗ്രഹിക്കാൻ വേണ്ടതായ മാനസികവെളിച്ചവും, അവയിൽനിന്നു ആദ്ധ്യാത്മികപ്രയോജനം ലഭിക്കാൻ വേണ്ട ദൈവപ്രസാദവരവും പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു്

നക്ഷത്രം മറഞ്ഞുപോയതു്

ധ്യാനം:— ജ്യോതിശ്ശാസ്ത്രജ്ഞന്മാർ യൂദസ്ഥലം പട്ടണത്തോടു് അടുത്തപ്പോൾ, നക്ഷത്രം മറഞ്ഞുപോയി. ഇതുവരെ അവർക്കു് മാർഗ്ഗനിർദ്ദേശംചെയ്തു സമാശ്വസിപ്പിച്ചിരുന്ന ആ നക്ഷത്രം മറഞ്ഞുപോയപ്പോൾ, അവർ എന്താണു ചെയ്യേണ്ടിയിരുന്നതു്? അവർ ധൈര്യപ്പെടുന്നവരാകാതെ പട്ടണത്തിലേയ്ക്കു പ്രയാണം തുടരേണ്ടതായിരുന്നു. അപ്രകാരംതന്നെ അവർ പട്ടണത്തിലേയ്ക്കു പ്രവേശിക്കുകയും, ക്രീസ്തു പിറക്കേണ്ട സ്ഥലം ഏതെന്നു ഹെറോദേസ് വഴിയായി ഉപദേഷ്ടാക്കന്മാരോടും, ശാസ്ത്രികളോടും ചോദിക്കുകയും ചെയ്തു. ബെത്ലഹേം നഗരി

യിലത്രെ അവിടുന്നു പിറക്കേണ്ടതെന്നു ആ ഉപദേഷ്ടാക്കന്മാരും, ശാസ്ത്രികളും വഴിയായി അറിഞ്ഞപ്പോൾ; ഉടനെ അങ്ങോട്ടു പ്രയാണം ചെയ്‌വാനും തുടങ്ങി.

പ്രായോഗികചിന്ത:—ദൈവം ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാരെ നടത്തിയതുപോലെ, തന്റെ പ്രിയ ശിഷ്യരേയും നടത്തിവരുന്നു. എങ്ങിനെയെന്നാൽ അവിടുന്നു തന്റെ ശുശ്രൂഷകന്മാർക്ക് ചിലപ്പോൾ വലിയ ആത്മികസന്തോഷവും, ആശ്വാസവും നൽകാറുണ്ടു. എങ്കിലും അവരുടെ വിശ്വാസത്തേയും, സ്നേഹത്തേയും പരീക്ഷിക്കുന്നതിന്നും, അവരെ അധികം വിശുദ്ധരാക്കുന്നതിന്നുംവേണ്ടി, ചിലപ്പോൾ ഈ സന്തോഷവും, ആശ്വാസവും നീങ്ങി ആത്മികാന്ധകാരത്തിൽ ആകുവാനും അനുവദിക്കുന്നുണ്ടു്. ഇങ്ങനെയുള്ള അവസരങ്ങളിൽ നാം ഇവരെ അനുകരിച്ചു്, ചാഞ്ചല്യരഹിതരായി നമ്മുടെ കർത്തവ്യങ്ങളും, അനുദിന ഭക്തകൃത്യങ്ങളും മുതലായവകൊണ്ടു വരാതെ നിവർത്തിക്കുകയാണു വേണ്ടതു്; മാത്രമല്ല, ഈ ആദ്ധ്യാത്മികപ്രകാശം വീണ്ടും ലഭിക്കുന്നതുവരെ, നമ്മുടെ ആത്മികനിയന്താവു പറഞ്ഞുതരുന്ന സദുപദേശങ്ങളും കേട്ടു് എളിമയോടും അനുസരണത്തോടുംകൂടെ വർത്തിച്ചുവരികയും വേണം. നീ ഇപ്രകാരം ചെയ്തുവരുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— ദൈവം നടത്തുന്ന എല്ലാ സ്ഥിതികളിലും സമനിലയിൽ വർത്തിക്കുന്ന സ്വഭാവം നിന്നിൽ സ്ഥിരപ്പെട്ടുത്തുക.

പ്രതിജ്ഞ:— വിശുദ്ധ ഫ്രാൻസീസ് ദെ സാലേസ് പറയുന്നതുപോലെ, ഏതേതു കാര്യത്തിലും ആശ്വാസത്തെക്കാൾ ആശ്വാസദാതാവായ ദൈവത്തെ മുഖ്യമായി തേടുന്നതാണെന്നു് പ്രതിജ്ഞചെയ്യുക.

രണ്ടാം വകുപ്പു്.

നക്ഷത്രം വീണ്ടും കാണപ്പെടുന്നു.

ധ്യാനം:— ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ താഴ്മയും, മനോവിശ്വാസവും, അനുസരണവുംകണ്ടു്; അവക്കു ഉടനെ സമ്മാനം നൽകുവാൻ ദൈവം തിരുമനസ്സായി. എങ്ങനെയെന്നാൽ,

തങ്ങൾക്കു് അറിക്കപ്പെട്ടപ്രകാരം അവർ ബെത്ലെഹേം നഗരിക്കുപോകുന്നതിന്നായി യെരുസലേംപട്ടണത്തെ വിട്ട ഉടനെ, നക്ഷത്രം വീണ്ടും പ്രത്യക്ഷപ്പെട്ടു; "ശിശു സന്നിധിചെയ്തിരുന്ന സ്ഥലത്തിന്നു മുകളിൽ ചെന്നു നില്ക്കുവോളം ആ നക്ഷത്രം അവക്കു മുമ്പു പോയ്ക്കൊണ്ടിരുന്നു. (മത്തേൟ. 9.)

പ്രായോഗികചിന്ത:— ഇവരുടെ വിശ്വാസവും സ്ഥിരതയും നാം അനുകരിക്കുമെങ്കിൽ ദൈവത്തിരുവുള്ളപ്രകാരം നമുക്കുണ്ടാകുന്ന വിവിധ പരീക്ഷകളും അരിഷ്ടതകളും ഇങ്ങനെ അവസാനിക്കുന്നതിന്നു് ദൈവം ഇടവരുത്തും. എന്നാൽ കഷ്ടം, നമ്മിലുള്ള വിശ്വാസവും സ്ഥിരതയും എത്ര സ്വല്പമായിരിക്കുന്നു! നാം നമ്മുടെ പ്രതിജ്ഞകളിൽ സ്ഥിരതയില്ലാതെയും, ആത്മികനിയന്ത്രകരുടെപക്കൽ അഭയംപ്രാപിക്കാതെയും മന്ദന്മാരായി, വിവിധ ചിന്തകളിൽ നിമഗ്നരായി സ്രഷ്ടവസ്തുക്കളിൽ വൃഥയാശ്വാസം അന്വേഷിക്കുന്നു! ഇതു വാസ്തവമല്ലയൊ?

സ്നേഹപ്രകരണങ്ങൾ:— ഈ വിഷയത്തിൽ നിനക്കുള്ള കുറവുകളെ എളിമയോടുകൂടെ സമ്മതിച്ചുകൊണ്ടു് ലജ്ജിക്കുകയും പശ്ചാത്തപിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— മേലിൽഎനിക്കുണ്ടാകാവുന്ന പരീക്ഷകളിലും, ദുഃഖനഷ്ടങ്ങളിലും ഏറ്റവും വിശ്വസ്തനായി വ്യാപരിക്കുന്നുണ്ടു്.

മൂന്നാം വകുപ്പു്.

നക്ഷത്രം ചെന്നു നിന്ന സ്ഥലം.

ധ്യാനം:— നക്ഷത്രം ചെന്നുനിന്ന സ്ഥലം കണ്ടപ്പോൾ ആ ശാസ്ത്രജ്ഞന്മാക്കുണ്ടായ ആശ്ചര്യം ഏതുവിധമായിരുന്നിരിക്കണം! ആ സ്ഥലം സകലരാലും തൃജിക്കപ്പെട്ട ഒരു തൊഴുത്തായിരുന്നു. ഒരു പുൽതൊട്ടിയിൽ വൈക്കോലിന്മേൽ ജീർണ്ണവസ്ത്രങ്ങളാൽ ചുറ്റിയിട്ടുള്ളതായി കിടക്കുന്ന ഒരു ശിശുവിനേയും മറുസ്ത്രീകളിൽനിന്നും വ്യത്യസ്ഥമായ യാതൊരു യോഗ്യതാലക്ഷണങ്ങളും ഉണ്ടെന്നു തോന്നിക്കാത്ത ഒരു മാതാവിനെയും, ഒരു മരപ്പണിക്കാരനെയും, ഈ തിരുക്കുട്ടുംബത്തെ ഇടയ്ക്കിടയ്ക്കു സന്ദർശിച്ചു് പലേ സഹായങ്ങളും ചെയ്തിരുന്ന സാധുക്കളായ ചില

ഇടയന്മാരെയും ആണ് അവർ അവിടെ കണ്ടത്! ഇത് അവരുടെ വിശ്വാസത്തിന് എത്രവലിയ പരീക്ഷയായിരുന്നു? ഈ ശിശുവാണ് ഇസ്രയേലിനോട് വാഗ്ദാനംചെയ്യപ്പെട്ട രാജാവെന്നും മനുഷ്യവംശത്തിന്റെ രക്ഷകനെന്നും അവർ എങ്ങനെ വിചാരിക്കും? മനുഷ്യസ്വഭാവത്തിന് സഹജമായ ശങ്കയെ ഉജ്ജ്വലിപ്പിക്കുവാനും, വിശ്വാസത്തിൽ ഇളക്കമുള്ളവരെ വീഴിപ്പാനും ഇതു വേണ്ടുവോളം മതിയായിരുന്നു. എന്നാൽ ഈ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ എളിമയുള്ളവരായിരുന്നതിനാൽ ദൈവം തന്റെ അനന്തമായ കരുണ അവരിൽ ചൊരിഞ്ഞു. ദൈവം എളിമയുള്ളവർക്ക് തന്റെ നന്മകൾ നൽകുന്നു. (യാക്കോ. ൪.) എന്നുണ്ടല്ലൊ. ദൈവാനുഗ്രഹത്താൽ പെട്ടെന്ന് അവരുടെ ബുദ്ധി തെളിഞ്ഞു; ദിവ്യരക്ഷകൻ സ്വമനസ്സാലെ അനുസരിക്കുന്ന എളിമയുടെ അനർഘരഹസ്യത്തെ ഗ്രഹിക്കുന്നു. അവിടുത്തെ ആരാധിക്കുന്നു. ഇതിനാൽ അവരുടെ ആത്മാവുകളിൽ അവർണ്ണനീയമായ സന്തോഷം ജനിക്കുന്നു. ആ തൊഴുത്തു് അവർക്കു് സ്വർഗ്ഗംപോലെ തോന്നുകയും ചെയ്യുന്നു.

പ്രായോഗികചിന്ത:— എളിമയുള്ളവരെ, അതായതു്, ദൈവത്തെമാത്രം അന്വേഷിച്ചു അങ്ങെയ്ക്കായി മാത്രം ജീവിക്കുന്നവരെ, സുകൃതങ്ങളാൽ ധന്യരാക്കുവാൻ ദൈവം നൽകുന്ന വിസ്മയനീയവരങ്ങൾ, അസാമാന്യജ്ഞാനങ്ങൾ, എളിമയുടെ ആവശ്യകതയും വൈശിഷ്ട്യവും എന്നിങ്ങനെയുള്ള വിഷയങ്ങളെപ്പറ്റി നാം കേൾക്കുകയും വായിക്കുകയും ധ്യാനിക്കുകയും ചെയ്തിട്ടുള്ളവയൊക്കയും ഇപ്പോൾ ഓർമ്മയിൽ വരുത്തുക.

സംഭാഷണം:— ജ്യോതിശ്ശാസ്ത്രജ്ഞന്മാരോടുകൂടെ നീയും അന്തരികമായി ദിവ്യഉണ്ണിയുടെ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം വീണ് അവിടുത്തെ ആരാധിക്കുക. എളിമയിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനും, നിനക്ക് ദിവ്യാശ്വാസമുള്ളപ്പോഴും ഇല്ലാത്തപ്പോഴും തുല്യമായ മനഃസമാധാനത്തോടുകൂടെ നിന്റെ അനുദിനകൃത്യങ്ങളെ നിറവേറുന്നതിനും വേണ്ട ദൈവവരം ഏകാഗ്രതയോടെ പ്രാർത്ഥിക്കുക.

ജനുവരി ഒന്നാം തിയ്യതി.

ഹേറോദേസ് രാജാവിന്റെ പരിഭ്രമവും അതിനു നിവൃത്തിമാർഗ്ഗമായിയ കപടപ്രവൃത്തികളാൽ ഉണ്ടായ ആശാഭംഗവും.

പ്രാരംഭം:— ഫ. "കപടഭക്തരായ നിങ്ങൾക്ക് ഹാ, കഷ്ടം!" എന്നു് ഈശോ അരുളിച്ചെയ്യുന്നതു കേൾക്കുന്നതായി വിചാരിക്കുക. (മത്തേ. വ. ന. ഫന.)

വ. നിഷ്കപടഹൃദയവും അവക്രമായ ഉദ്ദേശങ്ങളും തരുവാൻ ദൈവത്തെ പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പ്.

ധ്യാനം:— ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഹേറോദേസിന്റെ പക്കൽ ചെന്നു്: "യൂദന്മാരുടെ രാജാവായി അവതരിച്ചിരിക്കുന്ന വൻ എവിടെയാകുന്നു? എന്തുകൊണ്ടെന്നാൽ, ഞങ്ങൾ അദ്ദേഹത്തിന്റെ നക്ഷത്രം കിഴക്കു കണ്ടു്, അദ്ദേഹത്തെ ആരാധിപ്പാൻ വന്നിരിക്കുന്നു" എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ വിശുദ്ധ സുവിശേഷകൻ എഴുതിയിരിക്കുന്നതുപോലെ, ഹേറോദേസ് രാജാവും അയാളോടുകൂടെ യെരുസലേം മുഴുവനും പരിഭ്രമിച്ചു. (മത്തേ. വ. ന.) എന്നാൽ രാജാവു് പെട്ടെന്നു് ഇത്ര സംഭ്രമിക്കുന്നതിനു കാരണമെന്തു്? തന്റെ രാജ്യത്തിനു് ഏതെങ്കിലും ഗൗരവതരമായ വിപത്തോ, പ്രജകൾക്കു വല്ല കഷ്ടാരിഷ്ടതകളോ വരാൻപോകുന്നതായി ധരിച്ചിട്ടായിരിക്കുമോ? അല്ലാ; അയാളുടെ ക്ഷോഭത്തിനു കാരണം, സ്വാർത്ഥതയും അത്യാഗ്രഹവും അസൂയയുംതന്നെ ആയിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ഉദരതന്റെ ഭരാശമൂലമാണു് അയാൾ പരവശനാകുന്നതു്.

പ്രായോഗികചിന്ത:- നീ നിന്നെത്തന്നെ നന്നായി പരിശോധിച്ചുനോക്കുക. നീയും ചിലപ്പോൾ വല്ലാത്ത മനഃക്ഷോഭത്തിനു തളർന്നുപോകുന്നില്ലെ? എന്നാൽ ഇത്ര വലിയ ഇളക്കത്തിനും ഭേദത്തിനുമുള്ള മുഖ്യകാരണം എന്താണു്? അസൂയയോ, നീ തന്നെയോ ദൈവത്തോടു ചെയ്യുന്ന ദ്രോഹമായിരിക്കുമോ? അതോ

ആത്മാവുകൾ നശിച്ചുപോകുന്നതും, തിരുസ്സഭയ്ക്കു ഞെരുക്കം നേരിടുന്നതും കണ്ടിട്ടോ, അല്ലെങ്കിൽ ശേഷംപേർ നിന്നെനിന്ദിക്കയും, ശാസിക്കയും, നിന്റെ മനസ്സിനു വിരോധമായി പ്രവർത്തിക്കുകയും ചെയ്യുന്നു. നീ അത്യധികം സ്നേഹിച്ചിരുന്നതു നഷ്ടീഭവിക്കുന്നു; എന്നീ കാരണങ്ങളാലൊ? അങ്ങിനെയാണെങ്കിൽ നിന്നിൽ മറഞ്ഞിരിക്കുന്ന അഹങ്കാരം, ഡംഭ്, സ്വാർത്ഥം അസൂയ, സ്രഷ്ടവസ്തുക്കളോടുള്ളബന്ധം, നിന്നെക്കുറിച്ചും നിന്റെ സുഖങ്ങളെപ്പറ്റിയും നിനക്കുള്ള അമിതമായ പ്രതിപത്തി എന്നിങ്ങനെയുള്ളവികൊണ്ടാണ് ഈ അമിതവികാരമുണ്ടാകുന്നതു് എന്നു നിശ്ചയിക്കാം. ഇതിനെപ്പറ്റി നന്നായി പരിശോധിച്ചുനോക്കുക.

സ്നേഹപ്രകരണങ്ങൾ:— നീ നിനക്കുതന്നെ പൂർണ്ണമായി മരിക്കുന്നതിനു നിന്നെ പഠിപ്പിക്കേണമെന്നും, "നാം എപ്പോഴും നമ്മുടെ ആശാപാശങ്ങളെ അടക്കി ജീവിച്ചിരുന്നെങ്കിൽ എത്ര വലിയ സമാധാനം അനുഭവിക്കുമായിരുന്നു" എന്നു ക്രിസ്താനുകരണത്തിൽ പറഞ്ഞിരിക്കുന്നതിന്റെ സാരം നന്നായി ഗ്രഹിക്കുന്നതിനും വേണ്ട അനുഗ്രഹംനൽകേണമെന്നും ദൈവത്തെ പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— അനാവശ്യമായ വിചാരങ്ങൾ നമ്മിൽ ജനിക്കുന്ന ക്ഷണത്തിൽ തന്നെ അവയെ തള്ളി ആത്മസമാധാനത്തോടുകൂടെ ഇരിക്കാൻ ശ്രമിക്കുക.

രണ്ടാം വകുപ്പു.

ഹേറോദേസിന്റെ കാപടട്യം

ധ്യാനം:— വിശുദ്ധ മത്തേവൂസ് സുവിശേഷകൻ എഴുതിയിരിക്കുന്നതുപോലെ, "അപ്പോൾ ഹെറോദേസ് ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാരെ രഹസ്യമായി വിളിച്ചിട്ടു നക്ഷത്രം കാണപ്പെട്ടതു എപ്പോഴാണെന്നു് അവരോടു പ്രത്യേകം ചോദിച്ചുറിഞ്ഞു, നിങ്ങൾ ചെന്നു ശിശുവിനെ വളരെ ജാഗ്രതയോടെ അന്വേഷിപ്പിൻ, നിങ്ങൾ അവിടത്തെ കണ്ടെത്തിയാൽ ഞാനും വന്നു് അവിടത്തെ ആരാധിപ്പാൻവേണ്ടി എന്നോടു അറിയിക്കുകയും ചെയ്‌വിൻ." (മത്തേ. ൨. ൬. ൮) എന്നു പറഞ്ഞു

അയാൾ അവരെ അയച്ചു. അയാൾ പുറമെ ഈവിധ ഭക്തിയും, വണക്കവും കാണിച്ചുവെങ്കിലും, ഉള്ളേ എന്താണ കരുതിയിരുന്നതു? ക്രീസ്തുവിന്റെ പ്രായവും, അവിടുന്ന വസിക്കുന്ന സ്ഥലവും, അറിഞ്ഞിട്ടു പിന്നീടു നാം കാണുന്നതുപോലെ അവിടുത്തെ കൊല്ലുന്നതിനും, ഈ കൊലയിൽനിന്നു അവിടുന്ന ഒരുവിധത്തിലും ഒഴിയരുതെന്നുവെച്ചിട്ടു ആ ബെത്ലഹേമിലും അതിന്റെ സകല അതിർത്തികളിലും ഉള്ള ആപ്രായക്കാരായ സകല ആൺകുട്ടികളേയും കൊല്ലിക്കുന്നതിനും ആണു അയാൾ ഉള്ളിൽ ഉറച്ചിരുന്നതു. ഇതിനെക്കാൾ വെറുക്കത്തക്ക കപടപ്രകാശനമുണ്ടോ?

പ്രായോഗികചിന്ത:— ഏതേതുകാര്യത്തിലും കപടഭക്തി ദൈവത്തിനും മനുഷ്യർക്കും വെറുപ്പുള്ളതാണു. എന്നാൽ കപടഭക്തി ചില കാര്യങ്ങളിൽ സാധാരണമായി നടക്കുന്നുണ്ടു. പുണ്യമായി പ്രവർത്തിക്കാൻ യഥാർത്ഥത്തിൽ ഉദ്ദേശിക്കാതെ പുണ്യഭാവം അഭിനയിക്കുന്നതു കപടഭക്തിയാകുന്നു. ഇതരന്മാർ കാണുമ്പോൾമാത്രം ശ്രേഷ്ഠന്റെ കല്പനകളും സഭയുടെ ക്രമവും അനുസരിക്കുക, ശ്രേഷ്ഠന്റെ മുമ്പാകെയായിരിക്കുമ്പോൾ അദ്ദേഹത്തോടു വണക്കവും അദ്ദേഹത്തിന്റെ കല്പനകളിന്മേൽ വഹിയ അനുസരണവും കാണിക്കുക. ശ്രേഷ്ഠൻ ഇല്ലാത്തപ്പോൾ അദ്ദേഹത്തെ നിന്ദിക്കുക, നാം ആഗ്രഹിക്കുന്നകാര്യം സാധിക്കാൻവേണ്ടി, നമ്മുടെ മനസ്സിലെ കരുതൽ ഒളിച്ചുകൊണ്ടു വേറൊന്നു പുറമെ പറയുക, ഇതരന്മാരാൽ സ്തുതിക്കപ്പെടുന്നതിനുവേണ്ടി, നമ്മുടെ മനസ്സിലെ കരുതൽ ഒളിച്ചുകൊണ്ടു വേറൊന്നു പുറമെ പറയുക, ശേഷംപേരാൽ സ്തുതിക്കപ്പെടുന്നതിനുവേണ്ടി തന്നത്താൻ നിന്ദിച്ചു സംസാരിക്കുക എന്നിവയെല്ലാം മുകളിൽപറഞ്ഞ കപടഭക്തിയോടുകൂടിയ വർത്തമാനങ്ങളാണു.

സ്നേഹപ്രകരണങ്ങൾ:— കപടഭക്തി, വഞ്ചന, കപടപ്രകാശനം മുതലായവ ദൈവത്തിനുമുമ്പാകെ വെറുത്തു തള്ളുക.

പ്രതിജ്ഞ:— "ഇതാ കപടമില്ലാത്ത സാക്ഷാൽ ഇസ്രയേല്യനാരൻ" എന്നു ഈശോ നത്താനയേലിനെക്കുറിച്ചു പറഞ്ഞിരിക്കുന്നു. ഏതാളുമായ പ്രശസ്തിക്കു നീയും യോഗ്യനാകുവാൻ ശ്രമിക്കുക.

മൂന്നാം വകുപ്പു

ഹേറോദേസിന്റെ ആശാഭംഗം

ധ്യാനം:— കപടഭക്തരുടെ പ്രതീക്ഷ വ്യർത്ഥമായിപ്പോകുമെന്ന പരിശുദ്ധാത്മാവു അരുളിച്ചെയ്തിരിക്കുന്നു. (യോബ് ൮, ൧൩) ഹെറോദേസ് ഇതിന്നു ദൃഷ്ടാന്തമാണ്. എങ്ങനെയെന്നാൽ, കർത്താവിന്റെ ദൂതൻ ജ്യോതിശ്ശാസ്ത്രജ്ഞന്മാർക്കു പ്രത്യക്ഷനായി അവർ വന്നവഴിയെ പിന്തിരിയരുതെന്നും, വേറെ വഴിക്കു സ്വദേശത്തിലേയ്ക്കു പോകണമെന്നും ആജ്ഞാപിച്ചു. അനന്തരം ആ ദൂതൻ വിശുദ്ധ യൗസപ്പിനു പ്രത്യക്ഷനായി ശിശുവായ ഈശോയെ ഈജിപ്തിലേയ്ക്കു കൊണ്ടുപോകുന്നതിന്നും ഉപദേശിച്ചു. അതിനാൽ ഹേറോദേസിന്റെ ദുഷ്ടശ്രമപ്രവൃത്തികൾ വിഫലമായിപ്പോയി. മാത്രമല്ലാ, ബെത്ലഹേമിലും, അതിന്റെ ചുറ്റിലുമുണ്ടായിരുന്ന ശിശുക്കൾ അയാളുടെ കല്പനപ്രകാരം വധിക്കപ്പെട്ടതിനാൽ സ്വർഗ്ഗത്തിൽ വിശുദ്ധരുടെ ഒരു നൂതന സമൂഹം ഉണ്ടാകുന്നതിനു് ഇടയായി. ഹെറോദേസിന്റെ ഈ ക്രൂരകൃത്യം അവന്റെ പാതകത്വത്തിന്നു് ഒരു ശാശ്വത ലക്ഷ്യമായി ഭവിച്ചിരിക്കയും ചെയ്യുന്നു.

പ്രായോഗിക ചിന്ത:— വേദഭക്തി കൈവെടിഞ്ഞ ദുഷ്ടന്മാർ, ഈശോയേയും, തന്റെ തിരുസ്സഭയേയും, ഈ തിരുസ്സഭയുടെ അംഗങ്ങളായ ക്രിസ്ത്യാനികളേയും എപ്പോഴും ദ്വേഷിക്കുമെന്നിരുന്നാലും, ദൈവം അനുവദിച്ചാലല്ലാതെ ഒന്നും ചെയ്വാൻ അവർക്കു കഴിയുന്നതല്ല. ആകയാൽ നമ്മുടെ ആശ്രയം മുഴുവനും ദൈവത്തിൽ മാത്രമായിരിക്കണം. ദുഷ്ടന്മാരുടെ ദുരുദ്ദേശ്യങ്ങൾ അവർക്കുതന്നെ പ്രതികൂലമായും നമുക്കു് അനുകൂലമായും തിരിക്കുന്നതിന്നു ദൈവം ശക്തനത്രെ. തിരുസ്സഭാചരിത്രം വായിച്ചാൽ ആശ്വാസജനകമായ ഈ സംഗതിയുടെ യാഥാർത്ഥ്യം തെളിയിക്കുന്ന ദൃഷ്ടാന്തങ്ങൾ ധാരാളം കാണാൻ കഴിയും. തിരുസ്സഭയെ ദ്വേഷിച്ചവർമൂലം എത്ര ലക്ഷംപേർ വേദസാക്ഷികളുടെ കിരീടം ധരിച്ചു നിത്യാനന്ദഭാഗ്യം അനുഭവിക്കാൻ ഇടവന്നു!

സംഭാഷണം:— ഈ ധ്യാനത്തിൽ നിനക്കുണ്ടാകുന്ന ന

ല്ലവിചാരങ്ങൾക്ക് അനുസൃതമായി ദിവ്യ ഉണ്ണിയേശുവിനെ സംതൃപ്തിപ്പെടുത്തുക.

ജനുവരി പന്ത്രണ്ടാം തിയ്യതി

ജ്യോതിശ്ശാസ്ത്രജ്ഞന്മാർ സമർപ്പിച്ച കാഴ്ചദ്രവ്യങ്ങൾ

പ്രാരംഭം:— ഫ. അവർ ദിവ്യ ഉണ്ണിയുടെ പാദത്തിങ്കൽ സാഷ്ടാംഗംവീണു ആരാധിക്കുകയും, അവർ കൊണ്ടുവന്നിരുന്ന കാണിക്കകളെ അവിടുത്തേയ്ക്കു സമർപ്പിക്കുകയും ചെയ്തുന്നതു കാണുന്നതായി സങ്കല്പിക്കുക.

ഫ. വിശ്വാസം, സ്നേഹം, ഔദാര്യം മുതലായ പുണ്യങ്ങളിൽ ഇവരെ അനുകരിക്കുന്നതിനുവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പ്

ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കാണിക്കകളെ സമർപ്പിച്ചതു്.

ധ്യാനം:— ഒരു പ്രഭുവിനേയോ, ദേശാധിപതിയേയോ മറ്റൊരുന്തർശിപ്പാൻ ചെല്ലുമ്പോൾ, അവർക്ക് എന്തെങ്കിലും ഒരു കാഴ്ച സമർപ്പിക്കുക പൌരസ്ത്യരുടെ ഇടയിലെ ഒരു നടപ്പാണു്. ഈ സമ്പ്രദായംതന്നെയാണു് ജ്യോതിശ്ശാസ്ത്രജ്ഞന്മാരും അനുസരിച്ചതു്. അവർ ദിവ്യ ഉണ്ണിയുടെ പാദത്തിങ്കൽ സാഷ്ടാംഗംവീണു നമസ്കരിക്കയും, സുവിശേഷകൻ പറയുന്നതുപോലെ തങ്ങളുടെ നിക്ഷേപങ്ങളെ തുറന്നു് പൊന്നും, കുന്തുരുക്കവും, നുമ്പശയും (മീറ) അവിടുത്തേയ്ക്കു സമർപ്പിക്കുകയും ചെയ്തു. ഇവ മൂന്നും അവരുടെ രാജ്യങ്ങളിൽ കിട്ടിയിരുന്ന വസ്തുക്കളിൽ ഏറ്റവും വിലയേറിയവയായിരുന്നു. എന്നാൽ ദൈവത്തിന്റെ നിഗൂഢമായ വിചാരണയുടെ ഫലമായി മിശിഹായുടെ മൂന്നു മുഖ്യലക്ഷണങ്ങൾക്കു് ഇവ സാദൃശ്യം വഹിച്ചിരുന്നു. എന്തെന്നാൽ പൊന്നു് അവിടുത്തേയ്ക്കു പൊതുവിലുള്ള നി

ത്രൈരാജത്വത്തേയും, കുന്തുരുക്കം അവിടുത്തെ ദൈവത്വത്തേയും, മീറ അവിടുത്തെ മാനുഷികത്വത്തേയുമാകുന്നു സൂചിപ്പിച്ചിരിക്കുന്നത്.

പ്രായോഗികചിന്ത:— ദൈവം ഈജിപ്തുകാരുടെ ധനംകൊണ്ടു് ഇസ്രായേൽ ജനതയെ സംപുഷ്ടരാക്കിയശേഷം; നിങ്ങൾ വെറുംകയ്യായി എന്റെ മുമ്പാകെ വരരുതു്. (പുറപ്പാ. 23:15) എന്നു് അവരോടു് ആജ്ഞാപിച്ചിരുന്നു. സ്വർഗ്ഗനായ അവിടുന്നു തന്റെ വാത്സല്യകുമാരന്റെ അനന്തയോഗ്യതകളാൽ നമ്മെ സമ്പന്നരാക്കിക്കൊണ്ടു, നമ്മോടും ഇപ്രകാരംതന്നെയാണു് ആജ്ഞാപിക്കുന്നതു്. അതിനാൽ എന്തെങ്കിലും കാഴ്ചദ്രവ്യവുമായല്ലാതെ ദൈവത്തെ ആരാധിപ്പാനായി അവിടുത്തെ സന്നിധിയിൽ ചെല്ലുന്നതു് അപരാധകരവുമാകുന്നു എന്നു വി. പത്രോസ് ക്രിസോലൊഗ്രസ് എഴുതിയിരിക്കുന്നു. അതുകയാൽ നാം പരിശുദ്ധ കുർബാന സന്ദർശിച്ചു് ആരാധിക്കുമ്പോഴും നമ്മുടെ ആരാധനയോടുകൂടെ ആശാനിഗ്രഹകൃത്യങ്ങളോ, ഔദാര്യപൂർവ്വകമായ പ്രതിജ്ഞകളോ കൂടെ തിരുമുൽക്കാഴ്ചയായി വയ്ക്കേണ്ടതാണു്.

സ്നേഹപ്രകരണങ്ങൾ:— ദൈവത്തെ കൂടുതൽ കൂടുതലായി ഇഷ്ടപ്പെടുത്തേണമെന്നുള്ള ആഗ്രഹത്തോടുകൂടെ നിന്നെത്തന്നെ നീ അവിടുത്തേയ്ക്കു സമർപ്പിക്കുക.

പ്രതിജ്ഞ:— ജപദ്ധ്യാനത്തോടുകൂടെ ആശാനിഗ്രഹത്തേയും ചേർക്കുക. എങ്ങനെയെന്നാൽ ജപദ്ധ്യാനം ചെയ്യുമ്പോൾ കഴിയുന്നതും എണ്ണം ചുരുക്കാതെ നിൽക്കുകയോ നിവർന്നിരിക്കുകയോ ചെയ്യുക.

രണ്ടാം വാക്യപ്പു.

അവർ കാഴ്ചസമർപ്പിച്ച സന്ദർഭം

ധ്യാനം;— ജ്യോതിശ്ശാസ്ത്രജ്ഞന്മാർ സമർപ്പിച്ച ആ ഉപഹാരങ്ങൾക്കു യോജിച്ച അവരുടെ വിനയവും ഭക്തിയുമാണു് ആ കാഴ്ചകളെ അത്ര വളരെ വിശിഷ്ടവും സ്വീകാര്യവുമാക്കിത്തീർത്തതു്. ആ ഭക്തിവിനയങ്ങൾമൂലം അവരുടെ ഹൃദയങ്ങൾ വലിയ സന്തോഷവും ഔദാര്യവുംകൊണ്ടു നിറഞ്ഞിരുന്നു.

അതിനാൽ തങ്ങൾക്കുണ്ടായിരുന്നവയിൽ ഏറ്റവും വിലയേറിയ സാധനങ്ങൾ അവർ ഹൃദയപൂർവ്വം അവിടുത്തെയ്ക്കു കാഴ്ചവെച്ചു. അവരുടെ അഗാധമായ എളിമ മുഖാന്തരം ഇതിലും വിലയേറിയ പദാർത്ഥം ഒന്നും അവിടുത്തേയ്ക്കു സമർപ്പിക്കാൻ ഇല്ലാത്തതിനേക്കുറിച്ചു്, അവർ അത്യന്തം ഖേദിച്ചു. അവരിൽ വിളങ്ങിയിരുന്ന ദൈവസ്നേഹവും ഭക്തിതീക്ഷ്ണതയും കാരണം അവിടുന്നു് അവരുടെ രാജാവും ദൈവവും ആണെന്നറിഞ്ഞു് അവിടുത്തെനിത്യ ശുശ്രൂഷയ്ക്കു് അവർ സ്വയം സമർപ്പിച്ചു.

പ്രായോഗികചിന്ത:— അന്നു് അവർക്കു സിദ്ധിച്ച ഭാഗ്യത്തെക്കാൾ വലിയ ഭാഗ്യമാണു് സന്ന്യാസികളായ നമുക്കു സിദ്ധിച്ചിട്ടുള്ളതു്. എന്തെന്നാൽ, നാം ദാരിദ്ര്യം വിഷയവിരക്തി, അനുസരണം എന്നീ മൂന്നു വ്രതങ്ങൾ വഴിയായി സ്നേഹസംപൂർണ്ണമായ ഈശോയുടെ തിരുഹൃദയപീഠത്തിങ്കൽ നമ്മെത്തന്നെ ബലിയായി സമർപ്പിച്ചിരിക്കുന്നു. ഈ ബലി പൂർണ്ണപൂർണ്ണതയ്ക്കുതകണമെങ്കിൽ, സ്വാർത്ഥപരിത്യാഗം എന്ന മഹാപുണ്യം നമ്മിൽ എപ്പോഴും ഉണ്ടായിരിക്കേണ്ടതാണു്. ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ആ മൂന്നു കാഴ്ചദ്രവ്യങ്ങളെ സമർപ്പിച്ചപ്പോൾ, അവക്കു് ഉണ്ടായിരുന്ന നിഷ്കളങ്കമായ ഉദ്ദേശ്യം നമുക്കും ഉണ്ടായിരുന്നാൽ ദൈവതിരുമുമ്പാകെ അതു വളരെ വിലയേറിയതായിരിക്കും.

സ്നേഹപ്രകരണങ്ങൾ:— ദാവീദുരാജാവിന്റെ ഹൃദയം ദൈവസ്നേഹംകൊണ്ടു പ്രോജ്ജ്വലിച്ചിരുന്ന കാലത്തു് അദ്ദേഹം പറയാറുണ്ടായിരുന്നതുപോലെ "എന്റെ ദൈവമേ, ഇതാ ഞാൻ എന്റെ ഹൃദയപരമാർത്ഥത്തോടും, സന്തോഷത്തോടും കൂടെ സകലവും നിനക്കു കാഴ്ചവെച്ചിരിക്കുന്നു" എന്നു നമുക്കും പറയാം. (ക്ര. നാളാഗമം. വർ. ക്ര)

പ്രതിജ്ഞ:— വിശുദ്ധ പിതാക്കന്മാർ പഠിപ്പിക്കുന്നതുപോലെ, പൊന്നു് കുന്തുരുക്കം, മീറ എന്നീ മൂന്നു സാധനങ്ങൾ സന്ന്യാസവാഗ്ദാനങ്ങളുടെ സാദൃശ്യങ്ങളാകുന്നു; അതുകയാൽ ഞാൻ എന്റെ വാഗ്ദാനങ്ങളെ കൂടക്കൂടെ പുതുക്കിക്കൊണ്ടിരിക്കും.

മൂന്നാം വകുപ്പ്:

ഈശോ അവരുടെ കാഴ്ചകളെ സ്വീകരിച്ചിരിക്കുന്ന വിധം

ധ്യാനം:— നാം സമർപ്പിക്കുന്ന കാഴ്ച ദ്രവ്യത്തിൻെറ വൈശിഷ്ട്യത്തേക്കാൾ, നമ്മുടെഉള്ളുരുള്ളിയെയത്രെ ദൈവം പ്രത്യേകമായി ഗവനിക്കുന്നത്. അതിനാൽ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ സമർപ്പിച്ച കാണിക്കകളെ ദിവ്യഉണ്ണി എത്ര പ്രസാദത്തോടുകൂടെ അംഗീകരിച്ചിട്ടുണ്ടായിരിക്കണം? ഔദാര്യത്തിൽ ദൈവത്തെ ജയിക്കാൻ ആർക്കും കഴിയുന്നതല്ല. അതുകയാൽ ആ രാജാക്കന്മാർ സമർപ്പിച്ച കാഴ്ചകൾക്കു പ്രതിഫലമായി അവിടുന്ന് ഏറ്റവും വിലയേറിയ വരങ്ങളും, ജീവിതാന്ത്യംവരെ സുകൃതജീവിതാനുഷ്ഠാനത്തിൽ സുസ്ഥിരമായ നിലനിൽപും അവർക്കു നൽകിയെന്നതിൽ സംശയമില്ല.

പ്രായോഗികചിന്ത:— മേല്പറഞ്ഞവയെപ്പറ്റി ചിന്തിക്കുമ്പോൾ, എത്ര വലിയ ആശ്വാസവും സന്തോഷ്കാന്തിയും നമുക്കുണ്ടാകേണ്ടതാണ്. ഭാഗ്യമില്ലാത്തവനു കൊടുക്കുന്ന ഒരു പാത്രം വെള്ളത്തിനുപോലുമെങ്കിലും പ്രതിസമ്മാനം നൽകാതിരിക്കുകയില്ലാ എന്നു അരുളിച്ചെയ്തിരിക്കുന്ന ഈശോ നാംചെയ്യുന്ന അല്പമായ സൽക്കർമ്മങ്ങൾക്കുപോലുമെങ്കിലും പ്രതിഫലം നൽകാതിരിക്കുമോ? എന്നാൽ നമ്മുടെ പ്രവൃത്തികൾ സ്വർഗ്ഗഭാഗ്യപ്രാപ്തിക്കു ഉപകരിക്കണമെങ്കിൽ, അവ വിശ്വാസത്തോടും, ദൈവത്തിൻെറ വാഗ്ദാനത്തിലുള്ള പ്രതീക്ഷയോടും, പ്രതിദിനം പ്രഭാത പ്രാർത്ഥനയിൽ നാം വയ്ക്കുന്ന നല്ല നിയോഗങ്ങളോടുംകൂടെ നിവ്വഹിക്കപ്പെടേണ്ടിയിരിക്കുന്നു.

സംഭാഷണം:— ദിവ്യ ഉണ്ണിയോടു സംഭാഷണം ചെയ്യുക. നിൻെറ സന്ന്യാസവാഗ്ദാനങ്ങളെ ദൃഢയംഗമമായ സ്നേഹത്തോടും നിൻെറ സകല ശക്തികളോടുംകൂടെ നവീകരിക്കുക. നിന്നെ മുഴുവനും അവിടുത്തേയ്ക്കു ബലിയായി സമർപ്പിക്കുക. നിൻെറ നല്ല ആഗ്രഹങ്ങളും, പ്രതിജ്ഞകളും, അവിടുത്തേയ്ക്കു ഏറ്റവും ഇഷ്ടമുള്ളവയായിത്തീരുവാൻ തക്കവണ്ണം പ്രത്യേകം ശ്രമിക്കുന്നതിന്ന് ഒരുങ്ങുകയും ചെയ്യുക.

ജനുവരി പതിനൊന്നാം തിയ്യതി.

ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാർക്ക് സിദ്ധിച്ച ഭാഗ്യം

പ്രാരംഭം:— ക. ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ദിവ്യ ഉണ്ണിയുടെ തൃപ്പാദത്തിങ്കൽ ദിവ്യാനന്ദത്തിൽ മുഴുകിയിരിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

ഖ. ഈ പരമാനന്ദകരമായ പ്രസാദവരത്തിന്റെ ഓഹരി നമുക്കും തന്നരുളേണമെന്ന് അഭ്യർത്ഥിക്കുക.

ഒന്നാം വകുപ്പ്

അവർക്ക് ഈശോയെക്കുറിച്ചുള്ള അറിവു സിദ്ധിപ്പാനിടയായി

സ്ഥാനം:— ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ രക്ഷാമാർഗ്ഗത്തിലേയ്ക്കു വിളിക്കപ്പെട്ടതിനെക്കുറിച്ചു വിശുദ്ധ സുവിശേഷത്തിൽ എഴുതിയിരിക്കുന്നവയെപ്പറ്റി ചിന്തിക്കുമ്പോൾ, അവക്കു ലഭിച്ച ഭാഗ്യത്തിന്റെ ഓമ്മയാണ് ആദ്യമായി നമ്മുടെ സ്മൃതിപഥത്തിൽ വരുന്നതു്. അജ്ഞാനാന്ധകാരത്തിൽ ജീവിച്ചിരുന്ന അവരെ ജ്ഞാനപ്രഭാപൂരിതമായ സത്യസത്രപിയുടെ ദിവ്യപ്രകാശത്തിലേയ്ക്കു് അത്ഭുതാവഹമായവിധം വിളിച്ചതും, മറ്റു ജനങ്ങളെ സുവിശേഷം അറിയിക്കുന്നതിനു മുമ്പു സുവിശേഷബോധനത്തിനു് അവരെ ആദ്യമായി ക്ഷണിച്ചതും, അവക്കു് എത്ര വലിയ നന്മയ്ക്കും ഭാഗ്യത്തിനും കാരണമായി! അജ്ഞാനതിമിരത്തിലും, പാപത്തിലും ജീവിച്ചു മരിക്കുന്ന നിരവധി ജനങ്ങളിൽവെച്ചു് അവക്കുമാത്രം അവാച്യവും ചിന്താതീതവുമായ ഈ ഭാഗ്യം ലഭിക്കുന്നതിനു കാരണം, രക്ഷിതാവായദൈവത്തിന്റെ സ്നേഹവും കരുണയുമല്ലാതെ മറ്റൊന്നുമല്ല.

പ്രായോഗികചിന്ത:— ക്രിസ്തീയ മാതാപിതാക്കന്മാരിൽ നിന്നു പിറന്ന ചെറുപ്പത്തിലെതന്നെ ഈശോയെ അറിയുന്നതിനും സ്നേഹിക്കുന്നതിനും, തന്റെ ദിവ്യോപദേശങ്ങൾ പഠിക്കുന്നതിനും നിനക്കു ലഭിയായതു ദൈവത്തിന്റെ വിശേഷകരുണയും സ്നേഹവുംകൊണ്ടല്ലയോ? വേറെ അസംഖ്യം ജന

ങ്ങളെപ്പോലെ നീയും, വിഗ്രഹാരാധകരോ, യഹൂദന്മാരോ, മഹമ്മദീയരോ ആയ മാതാപിതാക്കന്മാരിൽനിന്നു പിറന്നിരുന്നുവെങ്കിൽ, ഇഹത്തിലും പരത്തിലും നിന്റെ സ്ഥിതി എത്രനൈർഭാഗ്യകരമാകുമായിരുന്നു? ഈ നൈർഭാഗ്യത്തിൽ അകപ്പെടാതെ, ആത്മരക്ഷയ്ക്കും പുണ്യജീവിതത്തിനും പര്യാപ്തമായ വിവിധ നന്മകളാൽ നീ പരിപൂരിതനാകുന്നതിനിടയായതു നിന്റെ സൃഷ്ടാവു നിനക്കു ചെയ്ത എത്രയും മഹത്തായ ഒരനുഗ്രഹമല്ലയോ?

സ്നേഹപ്രകരണങ്ങൾ:— മേല്പറഞ്ഞ നന്മകളെക്കുറിച്ചു സന്തോഷിച്ചുകൊണ്ടു നന്ദിയുള്ള ഹൃദയത്തോടുകൂടെ ദൈവത്തെ സ്തുതിക്കുക.

പ്രതിജ്ഞ:— ആർക്കു് അധികം കൊടുക്കപ്പെട്ടുമോ, അവനോടു് അധികം ചോദിക്കപ്പെടും എന്ന ദിവ്യരക്ഷിതാവു് അരുളിച്ചെയ്തിരിക്കുന്നതു കൂടക്കൂടെ ഓർക്കുക. (ലൂക്കാ. ൧൨, ൪൮).

രണ്ടാം വകുപ്പു്

ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഉണ്ണി ഈശോയുടെ തിരുസന്നിധിയിൽ സമീകരിക്കപ്പെട്ടതു്

ധ്യാനം:— അവർ ദീർഘവും ക്ലേശപൂർണ്ണവുമായ യാത്ര കഴിച്ചു് ഒടുവിൽ ഉണ്ണിഈശോയുടെ ദിവ്യസന്നിധിയിൽ ചെന്നുചേർന്നു. ഒന്നിലധികം ദിവസം അവർ അവിടെത്താമസിച്ചുവെന്നും, അങ്ങനെ അത്രയും കാലം ഈശോയുടെ കൂടെയുണ്ടായിരുന്ന പരി. ദൈവജനനിക്കും വി. യൗസേപ്പുപിതാവിനും, ചില ഇടയന്മാർക്കുംമാത്രം ലഭിച്ചിരുന്ന മഹാഭാഗ്യം — അവിടത്തെ സഹവസിക്കുകയെന്നുള്ള മഹാഭാഗ്യം — അവർക്കും ലഭിച്ചു എന്നും നമുക്കു വിചാരിക്കാം. ആ സഹവാസം അവർക്ക് എത്ര ഭാഗ്യപ്രദമായിരുന്നിരിക്കണം? എത്ര ദൈവാനുഗ്രഹങ്ങൾ അവർ ആ സഹവാസംകൊണ്ടു പ്രാപിച്ചിരിക്കണം? നക്ഷത്രത്തിന്റെ ക്ഷണനവും തങ്ങൾ അനുസരിച്ചതിനെക്കുറിച്ചു് അവർ അപ്പോൾ എത്ര വളരെ സന്തോഷവും കൃതാർത്ഥതയും പ്രാപിച്ചിട്ടുണ്ടായിരിക്കണം?

പ്രായോഗികചിന്ത:— അവർക്ക് അന്നു് സിദ്ധിച്ച ആ

ഭാഗ്യം നിനക്കും സിദ്ധിച്ചിട്ടുണ്ട്. എങ്ങനെയെന്നാൽ ദൈവവിളി എന്ന നക്ഷത്രം നിന്നെ സന്ന്യാസസഭയിലേക്ക് എന്നല്ലാ, ഒരു പക്ഷെ, അവിടത്തെ നാമമോ അവിടത്തെ മാതാവിന്റെ നാമമോ ധരിച്ചിരിക്കുന്ന സന്ന്യാസസഭയിലേയ്ക്കു തന്നെയും ആനയിച്ചില്ലയൊ? നീ അവിടത്തെ ഉന്നതമായ ഉദ്ദേശപ്രകാരം ഈ സഭയിൽ വർത്തിക്കുന്നതിനും അവിടത്തെ ആശ്ചര്യകരമായ വിചാരണയാൽ അവിടുന്നുതന്നെ നിന്നെ നയിക്കുന്നതിനും, അവിടത്തെ അനുഗ്രഹനന്മകൾ നിന്റെമേൽ ധാരാളമായി വർഷിച്ചുകൊണ്ടു അവിടത്തെപ്പോലെ എല്ലായിടത്തും ദുഷ്ടരുടെ ദ്വേഷത്തിനും രോഷത്തിനും വിഷയീഭവിക്കുന്നതിനും കൃപചെയ്തിരിക്കുന്നതു, അല്പമാത്രമായ ഒരു ഉപകാരമാണെന്നാണോ നീ വിചാരിക്കുന്നതു? ഇതിനും പുറമെ, അവിടുന്നു ഒടുക്കത്തോളമുള്ള നിലനിൽപ്പ് എന്ന ദാനം വഴിയായി മഹിമപ്രതാപംതികഞ്ഞ പരലോകസഭയിലേയ്ക്കു നിന്നെ കൂട്ടിക്കൊണ്ടുപോകുന്നതുവരെ, ഭാഗ്യവും പുണ്യവും നിറഞ്ഞ എത്രയൊ നാളുകൾ ഇവിടെ നിനക്കു നൽകിയിരിക്കുന്നു?

സ്നേഹപ്രകരണങ്ങൾ:— ജ്യോതിശ്ശാസ്ത്രജ്ഞന്മാക്കു സിദ്ധിച്ച ഭാഗ്യത്തെക്കുറിച്ചു അവരെ അഭിവന്ദിക്കയും, അവരേപ്പോലെ നീയും ദൈവവിളി എന്ന നക്ഷത്രത്തിനു വിശ്വസ്തനായ്തുകൊണ്ടു സന്തോഷിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— ദൈവം നിന്നെ സന്ന്യാസസഭയിലേയ്ക്കു വിളിച്ചതിനെപ്പറ്റി അവിടത്തേയ്ക്കു നന്ദി പറയാതെയും, മരണംവരെ ഇതിൽ നിലനില്ക്കുന്നതിനുള്ള അനുഗ്രഹങ്ങൾ അപേക്ഷിക്കാതെയും, നിന്റെ ആയുഷ്കാലത്തിലെ ഒരു ദിവസമെങ്കിലും കടന്നുപോകാൻ സമ്മതിക്കരുതു.

മൂന്നാം വകുപ്പു്.

അവർ ദിവ്യ ഉണ്ണിയെ കരങ്ങളിൽ എടുത്തു ചുംബിക്കുന്നു

ധ്യാനം:— ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ദിവ്യ ഉണ്ണിയുടെ അതിവിസ്മയനീയമായ കൃപലാവണ്യംകണ്ടു് ആനന്ദസാഗരത്തിൽ മുങ്ങുകയും, ദൈവജനനിയുടെ വിമലകരങ്ങളിൽനിന്നു് ആ ദിവ്യശിശുവിനെ വാങ്ങി അവർ മാവ്വോട് ചേർത്തണയ്ക്കുക

യും, അനേകം പ്രാവശ്യം ചുംബിക്കുകയുംചെയ്തു. പിന്നീടും അവക്ക് ഒഴിവുള്ള സമയത്തെല്ലാം തങ്ങൾക്കു സിദ്ധിച്ച ആ മഹാഭാഗ്യത്തെക്കുറിച്ച്, അവർ ഏകാഗ്രമായി ധ്യാനിക്കുകയും ചെയ്തിരുന്നു. അഹോ! ആ അവസരങ്ങളിലെല്ലാം അവർ എത്ര മാത്രം ആനന്ദിക്കുകയും, എത്ര ധാരാളമായ ആദ്ധ്യാത്മിക പ്രകാശവും, വിശുദ്ധിയും, ദൈവസ്നേഹവും പ്രാപിക്കുകയും ചെയ്തിരിക്കണം?

പ്രായോഗികചിന്ത:— അവർക്കു ലഭിച്ച ആ ഭാഗ്യം നിനക്കും ലഭിക്കുന്നില്ലെന്നാണോ നീ വിചാരിക്കുന്നത്? പരിശുദ്ധ കുർബാന ഉൾക്കൊള്ളുമ്പോഴൊക്കയും, നീയും ആ ഭാഗ്യപൂർണ്ണമായ സന്ദർശനസൗഖ്യം അനുഭവിക്കുന്നുണ്ട്. അപ്പോൾ നീ ഈശോയെ കരങ്ങളിൽ എടുക്കുകയോ, ഹൃദയത്തോടു ചേർക്കുകയൊ മാത്രമല്ല ചെയ്യുന്നത്; നിന്റെ ഹൃദയത്തിൽത്തന്നെ അവിടുത്തെ പ്രവേശിപ്പിക്കുകയും, അവിടുത്തോടു നീ ഗാഢമായി യോജിക്കുകയും, ഒരുവിധത്തിൽ നീ അവിടുത്തോടു ഏകീഭവിക്കുകയുംകൂടെ ചെയ്യുന്നില്ലയൊ? എങ്കിലും പതിവായി പരിശുദ്ധ കുർബാന ഉൾക്കൊണ്ടിരുന്നിട്ടും, ഈശോയോടുള്ള സ്നേഹൈകൃത്തിൽ വേണ്ട അഭിവൃദ്ധി നീ പ്രാപിക്കാതിരിക്കുന്നതെന്തുകൊണ്ട്? വേണ്ട ഒരുക്കംകൂടാതെയും, തീക്ഷ്ണഭക്തിയില്ലാതെയും ആ ദിവ്യകൂദാശ ഉൾക്കൊള്ളുന്നതുകൊണ്ടല്ലയൊ? നീ കൂടക്കൂടെ പരിശുദ്ധ കുർബാന ഉൾക്കൊണ്ടുവരുന്നതു മിക്കവാറും ഈവിധം മന്ദഭക്തിയോടുകൂടെ ആകയാൽ, ഈ ശീലം നിന്നിൽ വേരുറച്ചുപോയിരിക്കാം. എത്രയും പരിശുദ്ധമായ കായ്യങ്ങളിൽ കൂടെയും വിചാരശൂന്യമായ പെരുമാറ്റം തഴക്കമായാൽ, ആവക കായ്യങ്ങളിൽ അവശ്യം വേണ്ടതായ ഭയഭക്തികളും, വണക്കവും നഷ്ടപ്പെട്ടുപോകുന്നതു മനുഷ്യസ്വഭാവത്തിന്റെ സഹജമാണ്. ഈ നൈർഭാഗ്യം നിന്നെയും ബാധിച്ചിരിക്കാം. അതുകയാൽ ഇപ്രകാരമുള്ള നൈർഭാഗ്യാവസ്ഥയിൽ മേലിലും അകപ്പെടാതിരിക്കുന്നതിനും, പരിശുദ്ധ കുർബാനയുടെ സ്വീകരണംമൂലം ഉളവാകാവുന്ന വിലയേറിയഫലം നഷ്ടീഭവിക്കാതിരിക്കുന്നതിനുംവേണ്ടി, ഏഴാം ഭാഗത്തിൽ പരിശുദ്ധ കുർബാനയെക്കുറിച്ചു വിവരിക്കുന്ന ആറു ധ്യാനങ്ങളിൽ, ഒന്നാമത്തെ ധ്യാനത്തെ പലപ്പോഴും വലിയ സൂക്ഷ്മത്തോടുകൂടെ വായിക്കുക. അല്ലെങ്കിൽ ആ ഭാ

ഗത്തിൽത്തന്നെയുള്ള "ഭക്തിയോടെ കുർബാന കൈക്കൊള്ളുവാൻ സഹായിക്കുന്ന സുകൃതാഭ്യാസങ്ങൾ" എന്ന വിഷയമൊ "ക്രീസ്താനുകരണം" എന്ന പുസ്തകത്തിൽ ദൈവസ്നേഹവും ഭക്തിയും ജ്വലിപ്പിക്കുന്നതായുള്ള അദ്ധ്യായങ്ങളൊ പരിശുദ്ധ കുർബാനയുടെ സ്വീകരണത്തിനു മുമ്പും, പിമ്പും വായിക്കുക.

സംഭാഷണം:— ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഉണ്ണി ഈശോയുടെ പക്കൽ നിന്നുകൊണ്ടിരുന്നപ്പോൾ മദ്ധ്യസ്ഥത പറയാനും അവർ ദിവ്യ ഉണ്ണിയിൽനിന്നു പ്രാപിച്ച നന്മകളുടെ ഓഹരി നിനക്കും ലഭിച്ചുതരുവാനും അവരോടു താല്പര്യമായി പ്രാർത്ഥിക്കുക.

ജനുവരി പന്ത്രണ്ടാം തിയ്യതി

ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാരെ ക്ഷണിച്ച ദൈവാനുഗ്രഹം

പ്രാരംഭം:— ഞാനത്രെ നിങ്ങളെ തെരിഞ്ഞെടുത്തതു് എന്നു ദിവ്യരക്ഷിതാവു് അരുളിച്ചെയ്യുന്നതായി വിചാരിക്കുക. (യോഹ. ൧൫, ൧൬)

൨. നമ്മുടെ ദൈവവിളിയെപ്പറ്റി നല്ല മതിപ്പും സ്നേഹവും, വർദ്ധിച്ചുവരുന്നതിനുവേണ്ട ദൈവവരം നമുക്കു നൽകേണമെന്നു് അഭ്യർത്ഥിക്കുക.

ഒന്നാം വകുപ്പു

ദൈവം ജ്യോതിശ്ശാസ്ത്രജ്ഞന്മാരെ വിളിച്ചതു് അവിടുത്തെ സൌജന്യപൂർണ്ണമായ പ്രസാദവരം വഴിയായിട്ടാണു്

ധ്യാനം:— ദൈവം അവിടുത്തെ വിചാരണയുടെ സാധാരണ മുറവിട്ടു അസാധാരണമായ ഒരു നക്ഷത്രം വഴിയായി അവരെ വിളിക്കാനും; ഈ നക്ഷത്രംകൊണ്ടുതന്നെ അവർക്കു മാർഗ്ഗനിർദ്ദേശം ചെയ്യാനും ഒട്ടുംതന്നെ കടപ്പെട്ടിരുന്നില്ല. മാത്രമ

ല്ല; മിശിഹായെ അറിവാനും കാണുവാനും ഇവരെപ്പോലെയൊ ഇവരെക്കാൾ കൂട്ടതലൊ യോഗ്യതയും ഗുണങ്ങളും ഉള്ളവരായ എത്ര ആളുകൾ വേറെയും ഉണ്ടായിരുന്നു. എന്നാലും ദൈവം അവരെയെല്ലാം വിട്ടുംവെച്ച് ഈ മൂന്നുപേരെ മാത്രം ഇപ്രകാരം തന്റെ അടുക്കലേയ്ക്കു നായിക്കുന്നതിന് അവർക്ക് എന്തു പ്രത്യേക യോഗ്യതയാണ് ഉണ്ടായിരുന്നത്? ഇതു ദൈവത്തിന്റെ സൗജന്യസംപുഷ്ടമായ ജ്ഞാനമല്ലാതെ മറ്റൊന്നുമായിരുന്നില്ല.

പ്രായോഗിക ചിന്ത:— എന്നെ ദൈവം സന്ന്യാസജീവിതത്തിനു വിളിച്ചതു് എന്തുകൊണ്ടു? എന്റെ ബാല്യത്തിലെ കുറവില്ലായ്മയും, അപ്പോൾ എന്നിലുണ്ടായിരുന്ന വിശുദ്ധിയും കാരണത്താലൊ? അല്ല, എന്റെ ആത്മശരീരഗുണങ്ങളുടെ ശ്രേഷ്ഠതകൊണ്ടോ? അതൊന്നുമല്ല; ഈ വിഷയങ്ങളിൽ എന്നേക്കാൾ യോഗ്യരായി വേറെ പലരുമുണ്ടായിരുന്നു. പിന്നെ എന്തുകൊണ്ടാണു ഞാൻ ഇതിനു് അർഹനായതു്? അതു ദൈവത്തിന്റെ സൌജന്യസംപുഷ്ടമായ സ്നേഹവിശേഷംകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. നിങ്ങൾ എന്നെ തെരിഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരിഞ്ഞെടുക്കുകയാണു ചെയ്തിരിക്കുന്നതു് എന്ന ദിവ്യരക്ഷിതാവു അരുളിച്ചെയ്തിരിക്കുന്നു. (യോഹ. ൧൫, ൧൬)

സ്നേഹപ്രകരണങ്ങൾ:— "ഞാൻ എന്തെങ്കിലും ആകുന്നെങ്കിൽ അതു ദൈവത്തിന്റെ അനുഗ്രഹത്താലാകുന്നു" (൧. കൊറീ. ൧൫, ൧൦) എന്ന വിശുദ്ധ പൗലോസിനെപ്പോലെ തീക്ഷ്ണതയുള്ള സ്നേഹത്തോടും നന്ദിയോടുംകൂടെ ചൊല്ലുക.

പ്രതിജ്ഞ:— അങ്ങേ പ്രസാദവരം എന്നിൽ നിഷ്ഫലമായിപ്പോയില്ല, എന്നു ക്രിസ്തീഹായോടുകൂടെ സത്യമായി പറയുന്നതിനു യോഗ്യനായിത്തീരുവാൻ ഞാൻ യത്നിക്കും.

രണ്ടാം വകുപ്പു്

ജ്ഞാതിസ്നേഹത്തെയാരെ വിളിച്ചതു് അവരുടെ മാനസാന്തരത്തിനുള്ള ദൈവാനുഗ്രഹമായിരുന്നു

ധ്യാനം:— ഈ ശാസ്ത്രജ്ഞന്മാർ അജ്ഞാനാന്ധകാര

ത്തിന്റെയും ദുഷ്ടന്മാരുടേയുംമദ്ധ്യേ ജനിക്കുകയും, വളരുകയും ചെയ്തതിനാൽ, ഇവരും തത്തുല്യരായ മറനേകംപേരെപ്പോലെ, നിത്യനാശത്തിലേയ്ക്കുള്ള വിസ്തീർണ്ണമായ പാതയിൽക്കൂടെ നടക്കുകയായിരുന്നുവെന്നു നമുക്കു വിചാരിക്കാം. ഇങ്ങനെയിരിക്കെ മാനസാന്തരസാധകമായ ദൈവാനുഗ്രഹം അതിൽനിന്ന് അവരെ നിത്യഭാഗ്യത്തിലേയ്ക്കു തിരിക്കുകയും, നീതിയുടെ നേർവഴികളിൽ ആക്കുകയും, ഈശോമിശിഹായിൽ പുതിയ മനുഷ്യരാക്കി പകർത്തുകയും ചെയ്തു.

പ്രായോഗികചിന്ത:— ദൈവവിളി എന്ന നക്ഷത്രം നിനക്കു പ്രകാശിക്കുന്നതിനുമുമ്പു നീ എവിടെ ആയിരുന്നു? നീ വഷളായതും വഷളാക്കുന്നതുമായ ലോകത്തിന്റെ നടുവിലായിരുന്നു. അവിടെ നീ കാണുകയും കേൾക്കുകയും ചെയ്തതെല്ലാം നിന്നെ തിന്മയിലേയ്ക്ക് ആകർഷിക്കുന്നവയായിരുന്നു. അന്നു നിന്റെ ജീവിതം എങ്ങിനെയുള്ളതായിരുന്നു? ദുർഗ്ഗുണത്തിന്റേയും വഷളത്വത്തിന്റേയും പ്രവാഹം നിന്നെ എവിടത്തോളം ഒഴുക്കിവിടുവാൻ നീ സമ്മതിച്ചു? നിന്റെ കഴിഞ്ഞ ജീവിതത്തെ നോക്കുക. ഏതെല്ലാം പാപങ്ങൾ നീ പ്രവർത്തിക്കുകയും, പാപപരങ്ങളായ ഏതെല്ലാം മാർഗ്ഗങ്ങളിൽ നീ മുഴുകി ജീവിക്കുകയും ചെയ്തു? ഈ ജീവിതം നിത്യനാശത്തിലേയ്ക്കല്ലാതെ മറ്റെവിടെയ്ക്കാണ് നിന്നെ കൂട്ടിക്കൊണ്ടുപോയിരുന്നത്? ദൈവവിളി എന്ന ആ ദൈവികദാനം നിന്നെ അതിൽ നിന്നു വിമുക്തനാക്കുകയും, നിത്യരക്ഷയുടെ ഇടുങ്ങിയ സുകൃതവഴിയിൽ കൊണ്ടുവന്നാക്കുകയും ചെയ്തു. ഓ! ഭാഗ്യകരമായ ദൈവവിളി! ഈ ദൈവവിളി നിനക്കും മാനസ്സാന്തരത്തിനുള്ള ദൈവികാനുഗ്രഹംതന്നെയായിരുന്നു.

സ്നേഹപ്രകരണങ്ങൾ:— വിശുദ്ധ പത്രോസ് പറയുന്നതുപോലെ, അന്ധകാരത്തിൽനിന്ന് അവിടത്തെ ആശ്ചര്യകരമായ പ്രകാശത്തിലേയ്ക്കു നിന്നെ വിളിപ്പാൻ തിരുമനസ്സായ ദൈവത്തിന്റെ അനന്ത കരുണയെക്കുറിച്ചു നന്ദിയും, അവിടത്തോടു വിശ്വസ്തതയും ഉള്ളവനായി വർത്തിക്കുക. (വ. പത്രോസ്. ൨. ൯)

പ്രതിജ്ഞ:— നിന്റെ കഴിഞ്ഞ ജീവിതത്തിലെ കുറവുകളെ പരിഹരിപ്പാനും ദൈവം നിനക്കു നൽകിയ പ്രസാദവരങ്ങളെ ഫലിപ്പിക്കുവാനും അത്യുത്സാഹിയായിരിക്കുക.

മൂന്നാം വിരുന്ന്

ജ്യോതിശ്ശാസ്ത്രജ്ഞന്മാർക്കുണ്ടായ ദൈവവിളി അവരെ വിശുദ്ധരാക്കുന്നതിനുള്ള ദൈവാനുഗ്രഹമായിരുന്നു

ധ്യാനം:— ദൈവത്തെയും ദൈവകാര്യങ്ങളെയും ഒഴിച്ചാൽ, ശേഷമൊക്കെയും മായയാകുന്നു എന്ന് ഈ ദൈവാനുഗ്രഹം അവരെ സ്പഷ്ടമായി ഗ്രഹിപ്പിക്കുകയും, ഉപവിയുടെ പരിപാവനമായ ആഗ്രഹത്താൽ അവരുടെ ഹൃദയങ്ങളെ നിറയ്ക്കുകയുംചെയ്തു. അന്നുമുതൽ അവർ ഉത്തമ പുണ്യങ്ങളുടെ അഭ്യാസത്തിൽ പ്രതിദിനം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്നു. തൻമൂലം അനന്തരകാലത്ത് അവർ മൂന്നുപേരും വിശുദ്ധന്മാരുടെ ഗണത്തിൽ ചേർക്കപ്പെടുകയും, ലോകത്തിലെങ്ങും വണങ്ങപ്പെടുകയും ചെയ്തുവരുന്നു.

പ്രായോഗികചിന്ത:— നിന്നെ ദൈവവിളി എന്ന ദാനം അതിന്റെ വരപ്രസാദവെളിച്ചത്താലും; മാധുര്യത്താലും ഈ ലോകത്തിന്റെ നശ്വരാവസ്ഥയെ നിനക്കു സ്പഷ്ടമായി കാണിച്ചുതരികയും, അതിന്റെ പ്രതിബന്ധങ്ങളെ പാടെ മാറ്റി പുണ്യപൂർണ്ണതയിലേയ്ക്ക് നയിക്കുന്ന ജീവിതാവസ്ഥയിൽ പ്രവേശിപ്പിക്കുകയും, അതിൽ നിന്നെ ധൈര്യപ്പെടുത്തുകയുംചെയ്തു. നിന്റെ മനുഷ്യസഹജമായ അസ്ഥിരതയെ ജയിക്കാൻ ആ ദൈവവിളി നിത്യവ്രതങ്ങളാൽ നിന്നെ ബന്ധിച്ചു ശക്തനാക്കുകയും ചെയ്തിരിക്കുന്നു. ഈ വ്രതങ്ങളാകട്ടെ പുണ്യപൂർണ്ണത പ്രാപിക്കാൻ നിന്നെ നിർബന്ധിക്കുകയും, അതു പ്രാപിക്കുന്നതിനുള്ള വഴികളായിത്തീരുകയും ചെയ്യുന്നു. അവയെ വിശ്വസ്തതയോടെ അനുകരിക്കുന്നപക്ഷം ആ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഇന്നു സ്വർഗ്ഗത്തിൽ അനുഭവിക്കുന്ന ഭാഗ്യാനന്ദങ്ങൾക്കു ഒരിക്കൽ നീയും അർഹനാകാതിരിക്കുകയില്ല.

സംഭാഷണം:—ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴുന്ന ജ്യോതിശ്ശാസ്ത്രജ്ഞന്മാരോടു സംഭാഷണം ചെയ്യുക. അവരെ അഭിനന്ദിക്കുക. അവരോടുകൂടെ അവരുടെ ഭാഗ്യത്തിൽ ആനന്ദിക്കുക. നിന്റെ വിശുദ്ധ ദൈവവിളിയെപ്പറ്റി നിനക്കു കൂടുതലായ മതിപ്പും സ്നേഹവും ഉണ്ടാകുന്നതിനും, വിശുദ്ധിയിൽ എപ്പോഴും അഭിവൃദ്ധി പ്രാപിക്കുന്നതിനും നീ തെരിഞ്ഞെടുത്തിരിക്കുന്ന

ജീവിതഗതിയിൽ ചാഞ്ചല്യം ഉണ്ടാകാതിരിക്കുന്നതിനും വേണ്ട ദൈവാനുഗ്രഹം ലഭിച്ചതേണമെന്ന് അവരോട് തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുക.

ജനുവരി പതിമ്മൂന്നാം തിയ്യതി

ജ്യോതിശ്ശാസ്ത്രജ്ഞന്മാർ സ്വദേശത്തേയ്ക്കു പിന്തിരിയുന്നു

പ്രാരംഭം:— ക. അവർ പുറപ്പെടുന്നതിനു മുമ്പ് ഈശോയുടെ തൃപ്പാദത്തിങ്കൽ സാഷ്ടാംഗം വീണു വണങ്ങുന്നതു് ആത്മനാ ദർശിക്കുക.

ഖ. ഇവക്കു ഉണ്ണി ഈശോയുടെ തിരുമുമ്പിൽവച്ചുണ്ടായ ഭക്തി, സ്നേഹം, വിനയം മുതലായവ പരിശുദ്ധ കുർബാനയുടെ സന്നിധിയിൽ ചെല്ലുമ്പോഴൊക്കെയും നിനക്കും ഉണ്ടാവാൻ വേണ്ടി പ്രാർത്ഥിക്കുക. ആ പുണ്യങ്ങൾ ലഭിച്ചിട്ടല്ലാതെ അവിടെനിന്നു മടങ്ങിപ്പോരുകയില്ലെന്ന് ഉറപ്പുകയും ചെയ്യുക.

ഒന്നാം വകുപ്പ്

അവരുടെ പുറപ്പാട്

ധ്യാനം:— ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ദിവ്യ ഉണ്ണിയുടെ സന്നിധിയിൽ ആയിരുന്നപ്പോൾ തങ്ങളുടെ ഹൃദയങ്ങളിൽ അവർ അനുഭവിച്ച ആനന്ദവും, ഭാഗ്യവും എത്രയധികമായിരുന്നുഎന്നു പറഞ്ഞറിയിക്കുന്നതിനോ, ചിന്തിച്ചു ഗ്രഹിക്കുന്നതിനോ നമുക്കു സാദ്ധ്യമല്ല. അഹോ! അവർ തങ്ങളുടെ ജീവിതം മുഴുവനും എത്ര സന്തോഷത്തോടെ അവിടത്തന്നെ ചെലവഴിക്കുമായിരുന്നു! ദിവ്യ ഉണ്ണിയിൽനിന്നു പിരിഞ്ഞുപോകുക അവർക്കു പരമ സങ്കടമായിരുന്നു; എങ്കിലും അതു കൂടാതെ കഴിക്കു

വാൻ നിവൃത്തിയുണ്ടായിരുന്നില്ല. എന്നാൽ ഏതുപ്രകാരമാണ് അവർ പിരിഞ്ഞതെന്നു ചിന്തിക്കുക. കർത്താവു അത്യുചിതകരമായവിധം തങ്ങളെ വിളിച്ചതിനെക്കുറിച്ചു, ഹൃദയപൂർവ്വം അവിടത്തേയ്ക്കു നന്ദിപറയുന്നു. സകലതും അവിടത്തെ അറിഞ്ഞു സ്നേഹിക്കുന്നതിനുവേണ്ടി പ്രയത്നിക്കണം എന്ന ആശയോടെ തങ്ങളെ മുഴുവനും അവിടത്തെ സ്തുതിക്കും മഹിമയ്ക്കുമായി സമർപ്പിക്കുന്നു. അവിടത്തെ ആശീർവ്വാദവും സഹായവും അഭ്യർത്ഥിക്കുന്നു. ഇങ്ങനെയൊക്കെയും ചെയ്തുകൊണ്ടാണ് അവർ അവിടെനിന്നും തിരിച്ചുപോയത്.

പ്രായോഗികചിന്ത:— നാം പരിശുദ്ധ കുർബാന ഉൾക്കൊള്ളുകയോ, സന്ദർശിക്കുകയോ ചെയ്തിട്ട്, ഈശോയുടെ സന്നിധിയിൽനിന്നു പിരിഞ്ഞുപോകുന്നതു മേല്പറഞ്ഞവിധത്തിലായിരിക്കണം. എന്നാൽ അങ്ങനെയാണോ നാം ചെയ്യാറുള്ളതു്? ഇതിനു നേരെ എതിരായി, ഭക്തിയില്ലായ്മയും മാന്ദ്യത്തോടുകൂടെയും, നാം പരിശുദ്ധ കുർബാനയുടെ സന്നിധിയിൽനിന്നു മടങ്ങിപ്പോയിട്ടില്ലയോ? ഹൃദയം സ്നേഹത്താൽ ജ്വലിക്കാതെ എന്നല്ല, യാതൊരു നല്ല വിചാരംപോലുംകൂടാതെ നീ പലപ്പോഴും ദേവാലയംവിട്ടു ഇറങ്ങീട്ടില്ലയോ? പക്ഷെ സജീവമായ വിശ്വാസവും, തീക്ഷ്ണമായ സ്നേഹവുംകൂടാതെ പരിശുദ്ധ കുർബാന ഉൾക്കൊള്ളുന്നതിനാലായിരിക്കാം ഇപ്രകാരം സംഭവിക്കുന്നതു്.

സ്നേഹപ്രകരണങ്ങൾ:— ഇവയെല്ലാംകണ്ടു ലജ്ജിച്ചു സദയം താഴ്ത്തുകയും ഹൃദയപൂർവ്വം പശ്ചാത്തപിക്കുകയുംചെയ്യുക.

പ്രതിജ്ഞ:— മേലിൽ ശുഷ്കാന്തിപൂർവ്വം ദൈവത്തിനു ശുശ്രൂഷചെയ്തുകൊണ്ടു നിന്റെ കഴിഞ്ഞ ജീവിതത്തിലെ അപരാധങ്ങൾക്കു പരിഹാരം ചെയ്വാൻ ശ്രമിക്കുക.

രണ്ടാം വകുപ്പു.

അ ജ്ഞാതിശ്ശിഷ്യന്മാരുടെ പ്രത്യാഗമനം

ധ്യാനം:— ഹെറോദേസിന്റെ പക്കലേയ്ക്കു മടങ്ങരുതെന്നു് നിദ്രാവസരത്തിൽദൈവദൂതൻ അവരെ അറിയിച്ചതി

നാൽ വേറൊരുവഴിക്ക് അവർ സ്വരാജ്യത്തേയ്ക്കു മടങ്ങിപ്പോയി. (മത്തേ. ൨, ൧൨) മാത്രമല്ല, മുമ്പുണ്ടായിരുന്നവയെക്കാൾ ഉൽകൃഷ്ടങ്ങളായ ഉദ്ദേശങ്ങളും അവർക്ക് ആ സമയം ഉണ്ടായിരുന്നിരിക്കണം. അതേ, ലോകമായകളേയും ആഡംബരങ്ങളേയുംകുറിച്ചുള്ള ചിന്തയും ഔകികസുഖങ്ങളിലുള്ള ആശയുംവിട്ട തങ്ങളെ മുഴുവനും പരിത്യജിച്ച് ഈശോകത്താവിനെ സ്നേഹിക്കുന്നതിനും, അവിടുത്തെക്കുറിച്ചു വേലചെയ്യുന്നതിനും, കഷ്ടപ്പെടുന്നതിനും ആഗ്രഹിച്ചുകൊണ്ടായിരിക്കണം അവർ മടങ്ങിപ്പോയത്. ഇവ സകല നന്മകളുടേയും മാതാവിനോടുകൂടെ അവർ വസിച്ചതിന്റെ സ്പൃഹണീയമായ ഫലങ്ങളായിരുന്നു.

പ്രായോഗികചിന്ത:— നാം ധ്യാനിക്കുമ്പോഴും, ദിവ്യപൂജയിൽ സംബന്ധിക്കുമ്പോഴും, പരിശുദ്ധ കുർബാന സന്ദർശിക്കുമ്പോഴും, വിശിഷ്യ ദിവ്യകാരുണ്യം സ്വീകരിക്കുമ്പോഴും ഈശോയുമായുള്ള നമ്മുടെ ഐക്യത്തിന്റെ ഫലങ്ങളും മുകളിൽപ്പറഞ്ഞ വിധത്തിലുള്ളവയായിരിക്കണം. ഈ ഉത്തമ ഫലങ്ങൾ പ്രാപിക്കാൻ നാം പരിശ്രമിക്കാത്തതു എന്തുകൊണ്ടു? ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ ഹൃദയങ്ങളിൽ അത്ര ഭാഗ്യപൂർണ്ണമായപരിവർത്തനംവരുത്തിയ ദൈവത്തോടുതന്നെ, നമ്മുടെ ഈ സൽകൃത്യാഭ്യാസങ്ങൾ നമ്മെ സംയോജിപ്പിക്കുന്നില്ലയോ? ഇല്ലെങ്കിൽ അതിനു വിഘ്നമായി വല്ലതും ഉണ്ടായിരിക്കണം. ആ വിഘ്നം എന്താണെന്നു നീ പരിശോധിച്ചു കണ്ടുപിടിക്കയാണു വേണ്ടതു.

സ്നേഹപ്രകരണങ്ങൾ:— ദൈവമേ, ആ വിഘ്നം എന്തെന്നറിവാനും, അതിനെ ജയിപ്പാനും വേണ്ട വരപ്രസാദം തന്നരുളേണമെ.

പ്രതിജ്ഞ:— ഈ ഉദ്ദേശ്യം സാധിക്കുന്നതിനുപയുക്തമായ മാർഗ്ഗങ്ങൾ ഞാൻ ഉപയോഗിക്കുന്നതാണു്.

മൂന്നാം വകുപ്പു്.

ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ സ്തോത്രം

ധ്യാനം:— സത്യത്രിത്വമേ ഇവരുടെ നേർക്കു ചെയ്യുന്ന

ബഹുമാനവും, അവരുടെ തിരുശ്ശേഷിപ്പുകൾക്കു ചെയ്യുന്ന വണക്കവും, ബെത്‌ലഹേമിലെ പുൽക്കൂട്ടിൽവെച്ചു പ്രാപിച്ച ജ്ഞാനത്തിലും, ദൈവസ്നേഹത്തിലും ഭക്തിയിലും അവർ സ്ഥിരമായി വർത്തിച്ചുവെന്നതിന്ന് ഉത്തമ ലക്ഷ്യങ്ങളാണ്. അവർ കൊണ്ടാടുന്നതെ നാളത്തേയ്ക്കു മാത്രമല്ലാ, സുവിശേഷം പ്രസംഗിക്കപ്പെടുന്നതിന്നു മുപ്പത്തുമൂന്നു സംവത്സരംമുമ്പു മുതൽക്കേ അതു പ്രതീക്ഷിച്ചിരിക്കുകയും, സുവിശേഷം ആദ്യം പ്രസംഗിക്കപ്പെട്ടപ്പോൾ, അവർ ജ്ഞാനസ്നാനം സ്വീകരിച്ചു ക്രിസ്ത്യാനികളാകയുംചെയ്തു. അവസാനം സ്വരക്തം ചിന്തി തങ്ങളുടെ വിശ്വാസത്തെ അവർ സ്ഥിരീകരിക്കുകയുമുണ്ടായി.

പ്രായോഗികചിന്ത:— നീ നിന്നിലേയ്ക്കുതന്നെ തിരിഞ്ഞു നിന്റെ നവസന്ന്യാസജീവിതമാകുന്ന ഭാഗ്യകരമായ കാലസന്ധിയിൽ, നിനക്കുണ്ടായിരുന്ന ഭക്തിയും ശ്രേഷ്കാന്തിയും എങ്ങനെയുള്ളതായിരുന്നുവെന്നു ചിന്തിക്കുക. ആ ഭക്തിയും ശ്രേഷ്കാന്തിയും നിന്റെ ആത്മിക ഗുരുക്കളുടെ പ്രേരണയാൽ ക്രമേണ പ്രതിദിനം വർദ്ധിച്ചുവരേണ്ടതായിരുന്നു. എന്നാൽ നിന്റെ സ്ഥിതി അതിനു വിപരീതമായിട്ടാണൊ തീന്നിരിക്കുന്നതെന്നു പരിശോധിക്കുക. ആദ്യകാലത്തെ ഭക്തി നീക്ഷ്ണതയിൽനിന്നു നീ നിപതിച്ചുപോയിട്ടില്ലയോ? സഭയുടെ ക്രമങ്ങളെ അനുസരിക്കുന്നതിലും, വിനയം, ആശാനിഗ്രഹം, ഉപവി എന്നീ പുണ്യങ്ങളുടെ അഭ്യസനത്തിനുള്ള അവസരങ്ങളെ പ്രയോജനപ്പെടുത്തുന്നതിലും, മുമ്പിലത്തെപ്പോലെയുള്ള ശ്രേഷ്കാന്തി നിനക്കുണ്ടോ? നിനക്കു പാറിപ്പോയിട്ടുള്ള വീഴ്ചകളെ ഈടുശമായ ആത്മികപരിശോധനകളാൽകണ്ടുപിടിക്കുമ്പോൾ, നിനക്കു വ്യസനം തോന്നാനുണ്ടായിരിക്കാം. എങ്കിലും അധൈര്യപ്പെടണമെന്നില്ല. ഈ അറിവു നിനക്കു ഉപകാരമുള്ളതാകയും, പുണ്യാഭിവൃദ്ധിയുടെ പാഥയിലേയ്ക്കു നിന്നെ നയിക്കുകയും ചെയ്യും.

സംഭാഷണം:— നിന്റെ കാവൽമാലാഖയോടു സംഭാഷിക്കുക. പുണ്യാഭിവൃദ്ധി പ്രാപിക്കുന്നതിനു നിനക്കു ആദ്യകാലത്തുണ്ടായിരുന്ന ആഗ്രഹത്തെ പുനർജ്ജീവിപ്പിപ്പാനും; വീണ്ടും നീ വീണുപോകുന്നെങ്കിൽ രക്ഷാകരമായ പശ്ചാത്താപം നിന്നിൽ അങ്കുരിപ്പിച്ചു വീണ്ടും നിന്നെ എഴുന്നേല്പിക്കുവാനും അപേക്ഷിക്കുക.

ജനുവരി പതിനാലാം തിയ്യതി

രാവിലെ ഉണരുമ്പോൾ ഭക്തിശ്രേഷ്ഠാന്തി പുനർജ്ജീവിപ്പിക്കുന്നതിന് ഉപകരിക്കുന്ന മൂന്ന സ ഗതികൾ

പ്രാരംഭം:— ഫ. ഞാൻ നിനക്കു നൽകിയിരിക്കുന്ന ഈ ദിവസം എന്ന മഹാദാനത്തിന്റെ വൈശിഷ്ട്യം നീ ഇ നിയെങ്കിലും അറിയുന്നതു നന്നായിരിക്കും, എന്ന നമ്മുടെ ദിവ്യ രക്ഷകൻ അരുളിച്ചെയ്യുന്നതായി സങ്കല്പിക്കുക.

ഫ. ഈ വത്സരം മുഴുവനും പുണ്യശ്രേഷ്കാന്തിയിൽ അ ഭിവൃദ്ധി പ്രാപിക്കുവാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ തിരുനാളിന്റെ എട്ടാമ ത്തെദിവസമായ ഇന്ന നമ്മുടെ ആദ്ധ്യാത്മിക ശ്രേഷ്കാന്തിയെ വർദ്ധിപ്പിക്കാൻ നാം ഉത്സാഹിക്കണം. ദിവസത്തോറും കാല ത്തു ഉണരുമ്പോൾ ഈ ധ്യാനത്തിന്റെ വിഷയങ്ങളായി താ ഴെ വിവരിക്കപ്പെട്ടന്ന മൂന്ന സംഗതികളിൽ ഏതെങ്കിലും ഒ ന്നുകൊണ്ടു നമ്മുടെ ആദ്ധ്യാത്മിക ശ്രേഷ്കാന്തിയെ ഉജ്ജ്വലി പ്പിക്കാൻ സാധിക്കും.

ഒന്നാം വകുപ്പു

ധ്യാനം:—ദൈവത്തെ സ്തുതിപ്പാനും, പുണ്യയോഗ്യതകളെ സമ്പാദിപ്പാനും മാത്രമായിട്ടാണ്, ഈ ദിവസം എനിക്കു നൽ കപ്പെട്ടിരിക്കുന്നതു്. കഴിഞ്ഞദിവസംകൂടെന്നുപോയി. നാളത്തേ തു് എനിക്കു ലഭിക്കുമോ എന്ന തീർച്ചയില്ല. ഈ ദിവസംമാ ത്രമെഇപ്പോൾ എന്റെ കൈവശത്തിലുള്ള. ഈ ദിവസത്തിൽ അല്പനേരംപോലും വൃഥാ കളയാതെ എല്ലാം ഫലവത്തായി ചെ ലവഴിച്ചാൽ, ഇന്ന വൈകുന്നേരം എനിക്ക എത്ര വലിയ സ ന്തോഷം ഉണ്ടാകും? ദൈവം ഈ ദിവസത്തെക്കുറിച്ചു് എന്നോട് കർക്കശമായി കണക്കു ചോദിക്കും. എന്തെന്നാൽ ദൈവസ്തുതി ക്കും എന്റെ നിത്യരക്ഷയ്ക്കുമായി വിനിയോഗിക്കുന്നതിനല്ലാ തെ യാതൊരു ദിവസവും എനിക്കു തരപ്പെട്ടന്നില്ല.

പ്രായോഗികചിന്ത:— രാവിലെ ഉണരുമ്പോൾ ഈ വി

ചാരം ക്രൂട്ടക്കുടെ എന്നിൽ വരുന്നുണ്ടോ? ഈ വിചാരത്തോടുകൂടെയാണൊ ഞാൻ വസ്ത്രം ധരിക്കുന്നതും മറ്റു കൃത്യങ്ങൾക്കായി മുതിരുന്നതും? ഭക്തിജനകങ്ങളായ ഇതര വിചാരങ്ങൾ ഉണ്ടാകുന്നതിനും, ശ്രേഷ്ഠകാന്തിപൂവ്വം വർത്തിക്കുന്നതിനും, ഈ ഉദ്ദേശമായ വിചാരം എനിക്കു പ്രയോജനകരമായിരിക്കും. വിശുദ്ധന്മാരായിത്തീർന്നിട്ടുള്ളവർ, ഈ വിചാരംകൊണ്ടു പുണ്യാഭിവൃദ്ധി പ്രാപിക്കുകയും, ദൈവസ്തുതി സാധിക്കുകയും ചെയ്തിട്ടുണ്ട്. തങ്ങളുടെ പുണ്യാഭിവൃദ്ധിയിൽ താല്പര്യമുള്ള അനേകം സന്ന്യാസികളിലും, ഭക്തിയുള്ള ക്രിസ്ത്യാനികളിലും ഈ വിചാരം ഇതേ ഫലങ്ങളെത്തന്നെ ദിവസംപ്രതി ഉളവാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

സ്നേഹപ്രകരണങ്ങൾ:— ആ എന്റെ ദൈവമേ, ഞാൻ പ്രഭാതത്തിൽ ഉണരുമ്പോൾ ഇദ്ദേശമായ നല്ലവിചാരങ്ങൾക്കിടകൊടുക്കായ്കയാൽ പലേ സൽഫലങ്ങളെ നഷ്ടപ്പെടുത്തിയിട്ടുണ്ട് എന്നു ഓർത്തു പശ്ചാത്തപിക്കുന്നു.

പ്രതിജ്ഞ:— ഞാൻ ഓരോ ദിവസവും ഇതു നിരൂപയോഗമായും ദോഷകരമായും ആരംഭിക്കാൻ ഇടവരുത്തുന്നതു് എന്റെ ആത്മാവിന്റെ മാന്ദ്യസ്ഥിതിയാകയാൽ ഇനി അതിൽ വീഴാതിരിപ്പാൻ ഞാൻ സൂക്ഷിക്കും.

രണ്ടാം വകുപ്പു

ധ്യാനം:— എന്റെ പുണ്യവർദ്ധനവിനും നീതിമാർഗ്ഗത്തിൽ ജീവിതാന്ത്യംവരെ ഉറച്ചു നിൽക്കുന്നതിനും ഉപകരിക്കുന്ന പ്രത്യേക അനുഗ്രഹങ്ങളെ ഈ ദിവസത്തിൽ എനിക്കു തരുവാൻ ദൈവം തിരുമനസ്സായിരിക്കുന്നു. ഞാൻ അതനുസരിച്ചു നടക്കാതിരുന്നാൽ എനിക്കു വരുന്ന അപത്തു് എത്ര വലുതായിരിക്കും? തൻമൂലം പിന്നീടു ഞാൻ എത്രയധികം ദുഃഖിക്കേണ്ടിവരും? ഇഹത്തിലും പരത്തിലും എത്രവലിയ നഷ്ടമാണു് അതുമൂലം എനിക്കു വന്നുകൂടാവുന്നതു്?

പ്രായോഗികചിന്ത:— ഈ വിചാരം ഇന്നു മുഴുവനും നമ്മെ, ദൈവവരത്തിന്റെ പ്രേരണകളെ ഗ്രഹിക്കുന്നതിൽ നല്ല ഉണർവും അവയെ അനുസരിക്കുന്നതിൽ താല്പര്യവും ഉള്ളവരാക്കിത്തീർക്കും. നാം വിവിധങ്ങളായ ചിന്തകളും,

വ്യർത്ഥമായ ഭയവുംകൊണ്ടു പലപ്പോഴും ചഞ്ചലചിത്തരായി ആ ദൈവദാനങ്ങളെ നിഷ്ഫലമാക്കി കളഞ്ഞിട്ടുണ്ട്. ആകയാൽ നന്ദികെട്ടവർക്കു നിശ്ചയിക്കപ്പെട്ടിരിക്കുന്ന ലജ്ജാകരവും ഭയങ്കരവുമായ ശിക്ഷ നമുക്കും വരാതിരിപ്പാൻവേണ്ടി, ഈ വിചാരത്താൽ നാം ഭയപ്പെടേണ്ടതല്ലയോ?

സ്നേഹപ്രകരണങ്ങൾ:— ദൈവപ്രസാദവരത്തെ ദുഷ്പ്രയോഗിച്ചേക്കുമോ എന്നോർത്തു ഭയപ്പെട്ടു ഞെട്ടുകയും, സൽകൃത്യാഭ്യസനത്തിലും പുണ്യപരിശീലനങ്ങളിലും അഭിവൃദ്ധി പ്രാപിക്കാൻ ഉപകരിപ്പിക്കാമായിരുന്ന അനേകം അവസരങ്ങളെ പലപ്പോഴും നിഷ്പ്രയോജനമാക്കിയിട്ടുള്ളതിനെപ്പറ്റി അതിയായി ദുഃഖിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

പ്രതിജ്ഞ:— ദൈവം നൽകിയ ദാനത്തെ അറിഞ്ഞിരുന്നെങ്കിൽ നന്നായിരുന്നു; എന്നു നന്ദികേടും, ഹൃദയകാഠിന്യവുമുള്ളവരായ യരൂശലേം നിവാസികളോടു് അരുളിച്ചെയ്യപ്പെട്ട വാക്യം ഈ ദിവസത്തിൽ നീ പലപ്പോഴും ചിന്തിക്കുക.

മൂന്നാം വകുപ്പു

ധ്യാനം:— ഈ ദിവസം, പക്ഷേ, എന്റെ അവസാനദിവസമായിരിക്കാം. എന്നെപ്പോലെ ലോകത്തിൽ ജീവിച്ചിരുന്നവരിൽ ഒരു ലക്ഷത്തിൽ അധികംപേർക്കു ഇതു് അവസാനദിവസമാണു്. ഞാനും പക്ഷേ, അവരിൽ ഒരുവൻ ആകയില്ലാ എന്നു് എന്താണുറപ്പു? ഇതു് എന്റെ അന്ത്യദിവസമാണെന്നു നേരത്തെ അറിയാൻ കഴിഞ്ഞിരിക്കയാണെങ്കിൽ ഇപ്പോൾ ഞാൻ എന്തു ചെയ്യുമായിരുന്നു? അല്പപാപങ്ങളെക്കൂടെയും ഞാൻ എത്ര സൂക്ഷ്മത്തോടുകൂടെ ഒഴിച്ചുവയ്ക്കുമായിരുന്നു. ദൈവത്തിന്നു് ഏറാം പ്രസാദം ഉണ്ടാകുവാൻവേണ്ടി എന്നെ കടപ്പെടുത്തിയിരിക്കുന്നവ ഒന്നും ഉപേക്ഷിക്കാതിരിക്കാനും, സകലകൃത്യങ്ങളും സൂക്ഷ്മമായ ശുദ്ധയോടുകൂടെ ചെയ്വാനും ഞാൻ ശ്രദ്ധിക്കാതിരുന്നുവോ? ഞാൻ പുണ്യപൂർണ്ണത പ്രാപിക്കുന്നതിനു ഇതിലധികം എന്താണാവശ്യമുള്ളതു്?

പ്രായോഗികചിന്ത:— ഈ ഉത്തമഫലം പ്രാപിക്കാൻ നമുക്കുള്ള ബദ്ധമേറിയ ഒരു മാർഗ്ഗം തപോധനനായ വിശുദ്ധ അന്തോനിയൂസ് തന്റെ ശിഷ്യർക്കു നൽകിയ ഉപദേശം അനുസ

രിക്കുന്നതാകുന്നു. "എന്റെ പ്രിയ മക്കളേ, ഓരോ ദിവസവും നിങ്ങളുടെ ജീവിതത്തിന്റെ അന്ത്യദിവസമെന്നു വിചാരിച്ചു സൂക്ഷത്തോടെ വർത്തിക്കുവിൻ" എന്നാണു ആ വിശുദ്ധന്റെ ഉപദേശം. ഈ പ്രബോധനം അനുസരിച്ചു നടന്ന പലരും ചുരുങ്ങിയ സമയംകൊണ്ടു പുണ്യപൂർണ്ണതയുടെ ഉന്നത പദവിയിലെത്തിയിട്ടുണ്ട്. വി. യോഹന്നാൻ ബക്മാൻസ് ഈശോസഭയിൽ ഒരു നവസന്ന്യാസി ആയിരുന്നപ്പോൾ വിശുദ്ധ അന്തോനിയൂസിന്റെ ഈ വചനങ്ങളെപുരസ്കരിച്ചുള്ള ഒരു ഉപദേശം കേൾപ്പാൻ ഇടയായ്വരുകയും ആ ഉപദേശത്തെ തന്റെ ജീവിതത്തിൽ അനുവർത്തിക്കണമെന്നു ഉടനെ ഉറപ്പുകയുമുണ്ടായി. അതിനാൽ "അടുത്ത ദിവസം എനിക്കു സ്വാധീനമില്ലായ്കകൊണ്ടു, പുണ്യപൂർണ്ണതയ്ക്കായി ചെലവഴിക്കാൻ ഇന്നത്തെ ദിവസം മാത്രമേ എനിക്കുള്ളൂ" എന്നു് അദ്ദേഹം എഴുതിവെച്ചിരുന്നു. ഇതു് ഇന്നും സൂക്ഷിക്കപ്പെട്ടിരുന്നുണ്ടു്. നാമും ഇപ്രകാരംതന്നെ ചെയ്യണം. ഈ ക്രമം തന്നെ നമുക്കും അനുസരിക്കാം. നാം എല്ലാ ദിവസവും രാവിലെ ഉണരുമ്പോൾ മുകളിൽ പറഞ്ഞവിധം വിചാരിച്ചു പ്രവൃത്തിച്ചാൽ ഈ മാതൃകായുവാവിനെപ്പോലെ നമുക്കും പുണ്യത്തിൽ ശീഘ്രമായി അഭിവൃദ്ധി പ്രാപിക്കാം. അങ്ങനെ നാമും ചെയ്യുന്നതായാൽ ദാവീദു ദീർഘദർശി പാടുന്നതുപോലെ, നമ്മുടെ ദിവസങ്ങൾ യോഗ്യതകളാലും സൽകൃത്യങ്ങളാലും നിറഞ്ഞവയായിരിക്കും. (സങ്കീ. 101 ഠ്ര൪)

സംഭാഷണം:— നിന്റെ കാവൽമാലാഖയോടു സംഭാഷിക്കുക. ദിവസത്തോറും രാവിലെ ഉണരുമ്പോൾ മേൽപറഞ്ഞ വിചാരങ്ങളെ നിന്നിൽ വരുത്തുവാനും, അവ മനസ്സിൽ എല്ലായ്പോഴും സ്ഥിതിചെയ്വാനും ഇടവരുത്തണമെന്നു് അപേക്ഷിക്കുക.

ഇന്നു നാം അരുതെ തിരുനാൾ ഘോഷിക്കുന്നവോ ആ വിശുദ്ധ ഹില്ലാര്യോന്റെ മദ്ധ്യസ്ഥതയും അപേക്ഷിക്കുക.

ജനുവരി പതിനഞ്ചാം തിയ്യതി.

ഉണ്ണിയേശുക്രിസ്തു പിറന്നിട്ടു നാല്പതാംദിവസം യെരുശലേം ദേവാലയത്തിൽ നടന്ന പരമരഹസ്യങ്ങൾ.

ദൈവജനനിയുടെ ശുദ്ധീകരണം. ഈ നാഥ നമുക്കു കാണിച്ചുതരുന്ന സന്മാതൃകകൾ.

പ്രാരംഭം: ക്ര. ദൈവജനനി എളിമയോടുകൂടെ ദേവാലയവാതുക്കൽ വരുന്നതു കാണുന്നതായി സങ്കല്പിക്കുക.

ഫ. ഈ നാഥ അപ്പോൾ പ്രകാശിപ്പിച്ച പുണ്യങ്ങളെ കണ്ടുഗ്രഹിക്കാനും അനുകരിക്കാനുംവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പ്

ദൈവജനനിയുടെ അനുസരണം

ധ്യാനം:– ഈശോ പിറന്നിട്ടു നാല്പതാംദിവസം പരിശുദ്ധകന്യകമറിയം അന്നത്തെ വേദനിയമം അനുസരിച്ച് മറ്റു സ്ത്രീകളെപ്പോലെ ശുദ്ധീകരണകർമ്മം നടത്തുന്നതിനായി യെരുശലേം ദേവാലയത്തിൽ ചെന്നു. എന്നാൽ ഈ നാഥ പരിശുദ്ധാത്മാവിന്റെ അത്ഭുതമായ പ്രവൃത്തിയാൽമാത്രം ദിവ്യപുത്രന്റെ മാതാവാകയും, തന്റെ കന്യാവ്രതത്തിന്നു യാതൊരു ഭംഗവുംകൂടാതെ എന്നും കന്യകയായി വർത്തിക്കുകയും ചെയ്തിരുന്നു. ഇതുമല്ലാ, മറ്റു സ്ത്രീകളെപ്പോലെ പാപമാലിന്യം അശേഷം ഇല്ലാതെ പൂർണ്ണവിശുദ്ധയുമായിരുന്നു. ഇതിനാൽ, അവിടുത്തെയ്ക്കു ശുദ്ധീകരണത്തിന്നു് ആവശ്യമുണ്ടായിരുന്നില്ല. എങ്കിലും വേദാചാരങ്ങളോടു് ഉണ്ടായിരുന്ന അനന്യസാധാരണമായ ബഹുമാനവും, സ്നേഹവും, അനുസരണവും കാണിക്കുന്നതിനും, തന്നിൽ സംഭവിച്ചിരുന്ന പരമരഹസ്യത്തെ അറിയാത്തവരായ യൂദന്മാക്കു് തെറ്റിദ്ധാരണയും ഉതപ്പും ഉണ്ടാകാതിരിക്കുന്നതിനുംവേണ്ടി ഈ കല്പന നിറവേറ്റുവാൻ അ

വിട്ടുന്ന മനസ്സായി.

പ്രായോഗികചിന്ത:– ദൈവജനനിയായ പരിശുദ്ധ കന്യകമറിയത്തിന്റെ അനുസരണത്തിനും നിന്റെ അനുസരണത്തിനും തമ്മിൽ എത്ര വ്യത്യാസം! ഈ നാഥ തനിക്ക കടമില്ലാത്തതും വലിയ പ്രയാസമുള്ളതുമായ പ്രമാണങ്ങളെക്കുടെയും അനുസരിക്കുന്നു. നീയോ എളുപ്പമുള്ള കാര്യങ്ങളിൽനിന്നുകൂടെയും, അല്പകാരണംകൊണ്ടു പിന്മാറിക്കളയുന്നു. നിന്റെ ഇപ്രകാരമുള്ള അനുസരണക്കുറവു പലപ്പോഴും നിന്റെ സഹവാസികൾക്ക് ഉൽമാതൃകയായിത്തീരുകുടി ഉണ്ടായിട്ടില്ലെ?

സ്നേഹപ്രകരണങ്ങൾ:– നിന്റെ കഴിഞ്ഞ ജീവിതത്തിലെ ഈവക കുറവുകളെ കണ്ടു ദുഃഖിക്കുകയും ലജ്ജിക്കുകയും ചെയ്യുക.

പ്രതിജ്ഞ:– ദൈവജനനിയുടെ നല്ല ദൃഷ്ടാന്തങ്ങളെ അനുകരിച്ചു സഭയുടെ മുറകളും ചട്ടങ്ങളും, കീഴ്വഴങ്ങേണ്ടതായ മറ്റു കാര്യങ്ങളും ദൈവത്തിനുവുള്ള പ്രകാരമുള്ളവയെന്നു ഗ്രഹിച്ചു കൃത്യമായി ഞാൻ നിറവേറും.

രണ്ടാം വകുപ്പ്

പരിശുദ്ധ കന്യകമറിയത്തിന്റെ വിനയം

ധ്യാനം:– ദൈവജനനി ശ്രേഷ്ഠീകരണപദവിക്ക് കീഴ്വഴങ്ങിയതിനാൽ, തനിക്ക് ലഭിച്ചിട്ടുള്ള ദൈവവരങ്ങളുടെ മഹിമയെ മറയ്ക്കുന്നതിനു സമ്മതിച്ചു. ദേവാലയത്തിന്റെ പുറവാതിലിങ്കൽ അശുദ്ധകളായ മറ്റു സ്ത്രീകളെപ്പോലെ അവിടുന്ന് ഗണിക്കപ്പെട്ടതിനാൽ തന്റെ കന്യാവ്രതത്തിന്റെ മഹിമയെ മനുഷ്യദൃഷ്ടിക്കു അവിടുന്ന് ഗോപനംചെയ്യുകയുണ്ടായിതു്. ദേവാലയത്തിലേയ്ക്കു പ്രവേശിക്കുന്നതിനു മുമ്പ് ശുദ്ധീകരണത്തെ അർഹിക്കുന്ന മറ്റു സ്ത്രീകളിൽ ഒരുത്തിയെപ്പോലെയത്രെ മാതാവും കാണപ്പെട്ടിരുന്നതു്. കന്യകമറിയം എളിമയുള്ളവളായിരുന്നതിനാൽ, എളിമയ്ക്കു ചേർന്ന ഈ സ്ഥിതിയിൽ സന്തോഷിക്കുകയും തന്റെ കന്യാത്വത്തിന്റെ യഥാർത്ഥ ശ്രേഷ്ഠ്യം ദൈവംമാത്രം അറിയുന്നതു മതിയെന്നു കരുതി മനുഷ്യവിധികളെ നിസ്സാരമായി ഗണിക്കുകയും ചെയ്തു.

പ്രായോഗികചിന്ത:– നാം ഇപ്രകാരമാണൊ വിചാരിക്കുകയും വഞ്ചിക്കുകയും ചെയ്യുന്നതു്? കഷ്ടം! ദൈവതിരുമുമ്പിൽ ഏതുവിധമായാലും വേണ്ടതില്ലെന്നു കരുതിക്കൊണ്ടു മനുഷ്യരുടെമുമ്പിൽ കുറവില്ലാത്തവരായിരിപ്പാൻമാത്രം നാം പ്രയാസപ്പെടുന്നു. ശ്രേഷ്ഠന്മാർ നമ്മെ കുറപ്പെടുത്താതെയും, നമ്മോടുകൂടെയുള്ളവർ നാം കുറക്കാരെന്നു പറയാതെയും ഇരുന്നാൽ എല്ലാം ശരിയായി എന്നുള്ള ഭാവത്തിൽ നാം സ്വയം തൃപ്തിപ്പെട്ടുവരുന്നു! ഇതെന്തൊരു അന്ധതാപം!

സ്നേഹപ്രകരണങ്ങൾ:–"ഞാൻ സമ്പന്നനാകുന്നു, ധനപുഷ്ടിയുള്ളവനുമാകുന്നു; എനിക്കു് ഒന്നിനും മുട്ടില്ലാ എന്നു് നീ പറയുന്നു. എന്നാൽ നീ നിർഭാഗ്യനും, പരിതാപയോഗ്യനും, ദരിദ്രനും, കുരുടനും, നഗ്നനും ആകുന്നു എന്നു് നീ അറിയുന്നില്ല." (വെളിപാടു് ൩. ൧൭.) എന്നു് വിശുദ്ധ യോഹന്നാൻ എഴുതിയിരിക്കുന്നതു് നീ ഓർമ്മിക്കണം.

പ്രതിജ്ഞ:– കൂടെക്കൂടെ എന്നോടുതന്നെ ഞാൻ ഇപ്രകാരം ചോദിക്കും: ദൈവതിരുമുമ്പിൽ എന്റെ യഥാർത്ഥാവസ്ഥ എന്താണു്? അവിടുത്തെ അനന്തനീതിയുടെ സിംഹാസനത്തിങ്കൽ ഇപ്പോൾതന്നെ കണക്കു ബോധിപ്പിക്കേണ്ടിവന്നാൽ എന്റെ സ്ഥിതി എന്തായിരിക്കും? എന്റെ കഴിഞ്ഞ ജീവിതത്തെ പരിശോധിച്ചാൽ സന്തോഷിപ്പാനൊ, ദുഃഖിപ്പാനൊ എതിനാണു് അധികം ന്യായമുള്ളതു്?

മൂന്നാം വകുപ്പു

കന്യകമാരിയത്തിനു ദാരിദ്ര്യത്തോടുണ്ടായിരുന്ന പ്രതിപത്തി

ധ്യാനം:– ശുദ്ധീകരണത്തിന്നായി ചെല്ലുന്ന സ്ത്രീകളും, പുരോഹിതർവഴിയായി ഒരു ബലിസമർപ്പിക്കേണ്ടതുണ്ടായിരുന്നു. അതിലേയ്ക്കു്, ഒരു വയസ്സുള്ള ഒരു ചെമ്മരിയാട്ടിൻകുട്ടിയേയൊ, അല്ലെങ്കിൽ രണ്ടു മാടപ്രാക്കളേയൊ രണ്ടു ചെങ്ങാലിക്കുഞ്ഞുങ്ങളെയോ എങ്കിലും കൊടുക്കുകയായിരുന്നു പതിവു്. ഇവയിൽ ആദ്യത്തേതു് സമ്പന്നന്മാരുടേയും, രണ്ടാമത്തേതു് ദരിദ്രന്മാരുടേയും കാഴ്ചയായിരുന്നു. പരിശുദ്ധ കന്യകയ്ക്കു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ സമർപ്പിച്ച സ്വർണ്ണംകൊണ്ടു ധനവാന്മാരുടെ

മുറയ്ക്കുള്ള കാഴ്ച സമർപ്പിക്കാമായിരുന്നു. എങ്കിലും അപ്രകാരം ചെയ്യാതെ, എളിമയിൽ തനിണ്ടായിരുന്ന സ്നേഹംനിമിത്തം ദരിദ്രന്മാരുടെ മുറയ്ക്കുള്ള കാഴ്ചയാണ് കൊടുപ്പാൻ നിശ്ചയിച്ചത്. യൂദെയരാജ്യത്തു അതുവരെ ആരും അഭ്യസിക്കാനറിയാത്തവിധമുള്ള മനോദാരിദ്ര്യത്തെ അനുവർത്തിക്കാനും, സ്നേഹിപ്പാനും ഈ കന്യക എവിടെനിന്നു പഠിച്ചു? നിശ്ചയമായും അതു്, ഒരു നീചമായ മൃഗത്തൊഴുത്തിൽ ദരിദ്രനായി ജനിപ്പാൻ സേച്ഛയാ സന്നദ്ധനായ തന്റെ ദിവ്യകുമാരന്റെ അടുക്കൽനിന്നു തന്നെ പഠിച്ചതായിരിക്കണം.

പ്രായോഗികചിന്ത:— തല ചായിക്കുന്നതിനുപോലുമുടെയും വേണ്ട സ്ഥലം ലഭിക്കാതെ അത്ര ദരിദ്രനായി ഭൂമിയിൽ പിറന്ന ഉണ്ണിഈശോ—സപ്തഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥൻ—നമുക്കു കാണിച്ചുതന്നിരിക്കുന്ന സന്മാതൃകകളെ എപ്പോഴും നമ്മുടെ ദൃഷ്ടിപഥത്തിൽ വച്ചുകൊണ്ടിരുന്നാൽ; നാമും ഈ അമ്മയെപ്പോലെ ദാരിദ്ര്യത്തെ വളരെ വിലവച്ചു സ്നേഹിപ്പാനും, ദാരിദ്ര്യംമൂലം ചിലപ്പോൾ നമുക്കുണ്ടാകാവുന്ന അരിഷ്ടതകളെ സന്തോഷത്തോടെ സഹിപ്പാനും ശക്തരാകും.

സംഭാഷണം:— നമ്മുടെ സ്നേഹമുള്ള അമ്മയോടു സംഭാഷണം ചെയ്യുക. കീഴ്ഴഴക്കം, വിനയം; ദാരിദ്ര്യം ഇതുകളിൽ ഏറ്റവും വലിയ സ്നേഹം നിനക്കു ലഭിച്ചുതരേണമെന്നു അവിടുത്തോടു അഭ്യർത്ഥിക്കുക. ആദ്യവനവാസിയായ വി. പൗലോസ് വഴിയായും ദൈവജനനിയുടെ മദ്ധ്യസ്ഥതയെ നാം പ്രാർത്ഥിക്കുക. തിരുസ്സഭ ഇന്നു ഈ വിശുദ്ധന്റെ തിരുനാൾ ആചരിക്കുന്നു.

ജനുവരി പതിനാറാം തിയ്യതി

ഉണ്ണിഈശോയെ ദേവാലയത്തിൽ കാഴ്ചവെച്ചതു്

പ്രാരംഭം. ഫ. ദൈവജനനി ദിവ്യഉണ്ണിയെ നിത്യപിതാവിന്നു കാഴ്ചവയ്ക്കുന്നതു് കാണുന്നതായി വിചാരിക്കുക.

൨. ദൈവത്തിന്നു യോഗ്യമായ കാഴ്ചകളെ സമർപ്പിപ്പാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

കന്യകമറിയം ദിവ്യഉണ്ണിയെ ദേവാലയത്തിലേയ്ക്കു കൊണ്ടുപോകുന്നു

ധ്യാനം:– കത്താവിന്റെ പ്രമാണങ്ങളിൽ എഴുതപ്പെട്ടിരിക്കുന്ന പ്രകാരം ദിവ്യഉണ്ണിയെ പരമപിതാവിന്നു കാണിക്കയായി സമർപ്പിക്കുന്നതിനുവേണ്ടി, അവർ അവിടുത്തെ യരുസലേം ദേവാലയത്തിലേയ്ക്കു കൊണ്ടുപോയി. (ലൂക്കാ. ൨. ൨൨. ൨൩.) മാതാപിതാക്കന്മാർ എല്ലാവരും തങ്ങളുടെ ആദ്യപുത്രസന്താനത്തെ ദേവാലയത്തിൽ കൊണ്ടുചെന്നു കത്താവിന്നു കാഴ്ചവയ്ക്കണം എന്നുള്ള പ്രമാണം പ്രസവാനന്തരം സ്ത്രീകൾ ശുദ്ധീകരിക്കപ്പെടണം എന്ന പ്രമാണത്തോടു ചേർന്നതുതന്നെയായിരുന്നു. ദൈവദൂതൻ ഈജിപ്സ്യരുടെയെല്ലാം കടിഞ്ഞൂൽ പുത്രന്മാരെ സംഹരിച്ചരാത്രിയിൽ, എബ്രായക്കാരിൽ ആരുടേയും കടിഞ്ഞൂൽ പുത്രന്മാരെ സംഹരിക്കാതെ രക്ഷിച്ചതിനുള്ള കൃതജ്ഞതാപ്രകാശനത്തിന്നായി ഏർപ്പെടുത്തിയിരുന്ന ഈ പ്രമാണപ്രകാരം, ഉണ്ണിഈശോയെ ദൈവത്തിന്നു കാഴ്ചവയ്ക്കുകയും, സെക്കൽസ് എന്ന നാണയം കൊടുത്തു വീണ്ടുകൊള്ളുകയും ചെയ്വാൻ ആവശ്യമായിരുന്നു.

പ്രായോഗികചിന്ത:– ദൈവം തിന്മയിൽനിന്നു നമ്മെ അകറ്റുകയും, നമുക്ക് അനവധി നന്മകൾ നല്കുകയും ചെയ്തവരുന്നു, ഇങ്ങനെയുള്ള ഉപകാരങ്ങളെപ്പറ്റി നാം എപ്പോഴും അവിടുത്തേക്കു നന്ദിയുള്ളവരായിരിക്കണം എന്നു് ഈ പ്രമാണം നമ്മെ സ്പഷ്ടമായി പഠിപ്പിക്കുന്നു. ദൈവം ആത്മികവും ശാരീരികവുമായ അനേകം തിന്മകളിൽനിന്നു് നിന്നെ രക്ഷപ്പെടുത്തുകയും, സ്വാഭാവികങ്ങളും സ്വഭാവാതീതങ്ങളുമായ അനേകം ഉപകാരങ്ങൾ നിനക്കു് നല്കുകയും ചെയ്തിരിക്കുന്നു. നീ ഇവ നല്ലപോലെ ഓർമ്മിച്ചിരിക്കണം. അവിടുന്നു, നിനക്കു ചെയ്തിട്ടുള്ള സംഖ്യാതീതങ്ങളായ ഉപകാരങ്ങൾക്ക് നീ തക്കതായ നന്ദി കാണിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. എന്നാൽ അവ

യെക്കുറിച്ചു നന്ദിയോടുകൂടിയ സ്മരണയെങ്കിലും നിനക്കുണ്ടോ എന്നു് നിന്നോടു നീതന്നെ ചോദിക്കുക.

സ്നേഹപ്രകരണങ്ങൾ:— കർത്താവു് എനിക്കു ചെയ്ത എല്ലാ ഉപകാരങ്ങൾക്കും പകരമായി ഞാൻ അവിടുത്തോടു് എന്താണു് ചെയ്യേണ്ടതു്? (സങ്കീർത്ത. ഫ്രഞ്ച്. ഫവ..)

പ്രതിജ്ഞ:— ദൈവത്തിന്റെനേരെ പ്രദർശിപ്പിക്കേണ്ട നന്ദിയെപ്പറ്റി എപ്പോഴും പ്രത്യേകം ദിവ്യപൂജയിൽ "കർത്താവായ ദൈവത്തിന്നു ഉപകാരസ്മരണ ചെയ്യു" എന്നുള്ള ഭാഗം ചൊല്ലുന്നതു കേൾക്കുമ്പോഴും ഞാൻ ഓർക്കും.

രണ്ടാം വകുപ്പു്.

പരിശുദ്ധ കന്യകമറിയം ദിവ്യഉണ്ണിയെ നിവ്യപിതാവിന്നു കാഴ്ചവയ്ക്കുന്നു

ധ്യാനം:— പരിശുദ്ധ ദൈവജനനിയുടെ ഈ സമർപ്പണം മറ്റുള്ള സ്ത്രീകളുടെ സമർപ്പണത്തെക്കാൾ എല്ലാംകൊണ്ടും ഉത്തമമായതായിരുന്നു. മറ്റു സ്ത്രീകൾ തങ്ങളുടെ കടിഞ്ഞൂൽ പുത്രന്മാരെ കാഴ്ചവയ്ക്കുന്നതു് ന്യായപ്രമാണത്തെക്കുറിച്ചു മാത്രമേ ആയിരുന്നുള്ളു. പ്രമാണസിദ്ധമായ ഈ കടമ നിറവേറിയശേഷം അവർ തങ്ങളുടെ ഭവനങ്ങളിലേയ്ക്കു് പിന്തിരിഞ്ഞു, വിരസം ഉല്ലാസവുമായി ദിവസം കഴിച്ചുകൂട്ടിയിരുന്നു. ദൈവജനനിയാകട്ടെ, ലോകരക്ഷയ്ക്കുവേണ്ടി ഒരിക്കൽ സമർപ്പിക്കപ്പെടുവാനുള്ള ബലി, താൻതന്നെ മുൻകൂട്ടി കാഴ്ചവയ്ക്കുന്നതുപോലെ, കരുതിക്കൊണ്ടു തന്റെ സ്നേഹഭാജനമായ ശിശുവിനെ പരമപിതാവിനു ഹൃദയപൂർവ്വം കാണിക്കയായും ബലിയായും സമർപ്പിക്കുകയും, അനന്തരം ഉത്തമഭക്തിയോടും വിനയത്തോടും തന്റെ ദിനകൃത്യങ്ങളെ നിർവ്വഹിക്കുകയും, ഏകാന്തമായ ധ്യാനത്തിലും, മറ്റു കൃത്യങ്ങളിലും ഏർപ്പെടുകയും ചെയ്തുകൊണ്ടു ആ ദിവസം ചെലവഴിച്ചു.

പ്രായോഗികചിന്ത:— നാമും ഭാഗ്യവതിയായ നമ്മുടെ അമ്മയേപ്പോലെ, വിശ്വാസവും സ്നേഹവുമുള്ള ഹൃദയത്തോടെ, ദൈവത്തിന്നിഷ്ടമാകുന്ന വിധത്തിൽ നമ്മുടെ കാഴ്ചകളെ അവിടുത്തേയ്ക്കു് സമർപ്പിക്കണം. കർത്താവിന്റെ ദിവസമായ ഞാ

യാഴ്ചയെയും മുഖ്യ തിരുനാളുകളേയും, യഥാവിധി ആചരിയ്ക്കണം. എന്നാൽ അയ്യോ! കഷ്ടം! അനേക ക്രിസ്ത്യാനികളും ഈ വിശുദ്ധ ദിവസങ്ങളെ വിശുദ്ധ കാര്യങ്ങൾക്കായി വിനിയോഗിക്കുന്നില്ല. ആശ്വാസത്തിനും, സന്തോഷത്തിനും; വിരുന്നുസൽക്കാരങ്ങൾക്കുമുള്ള ദിവസങ്ങളായിട്ടാണ് അവർ അവയെ പരിഗണിച്ചുപോരുന്നതു.! തിരുസ്സഭയുടെ വിശുദ്ധ കർമ്മങ്ങൾ എന്തോ വിനോദങ്ങൾ എന്നു മാത്രമേ അവർ വിചാരിക്കുന്നുള്ളു. വിശുദ്ധദിവസങ്ങൾ ഉചിതമാംവണ്ണം ആചരിക്കുന്നവർ എത്രയോ ചുരുക്കം. ഈ വിഷയത്തിൽ മനസ്സാക്ഷി നിന്നെ കുറ്റപ്പെടുത്തുന്നില്ലയൊ? ഈ കാര്യത്തിൽ നിന്റെ സ്ഥിതി നല്ലവണ്ണം പരിശോധിക്കുകയും, കുറ്റക്കാരനെന്നു കണ്ടാൽ ദൈവതിരുമുമ്പിൽ ഏറ്റവും എളിമപ്പെടുകയും പശ്ചാത്തപിക്കുകയും ചെയ്യുക.

പ്രതിജ്ഞ:– ഇനിമേൽ സകലവും അന്യൂനമായി നിവർത്തിപ്പാനും, തിരുനാളുകളിൽ ബാഹ്യമോടികൾക്ക് പ്രാധാന്യം കല്പിക്കാതിരിക്കുന്നതിനും സൂക്ഷിക്കുക. ക്ഷണത്തേക്കാൾ പ്രാണൻ വലിയതല്ലയൊ? (ലൂക്കാ. ഥവ. വന.) എന്ന വേദവാക്യത്തിന്റെ സാരം ഈ പ്രകൃതത്തിൽ ആലോചനാർഹമാണ്. ദൈവരാജ്യം ഭക്ഷണത്തിലും പാനത്തിലും അല്ല അടങ്ങിയിരിക്കുന്നതു്.

മൂന്നാം വകുപ്പ്.

ഈശോ അവിടുത്തെ ദിവ്യമാതാവിന്റെ കരങ്ങളാൽ കാഴ്ചയായി അർപ്പിക്കപ്പെട്ടു

ധ്യാനം:– ദൈവജനനി തന്റെ സ്നേഹഭാജനമായ ശിശുവിനെ നിത്യപിതാവിനു കാഴ്ചവെക്കുമ്പോൾ ആ ദിവ്യശിശു തന്റെ ദിവ്യദൃഷ്ടിയിൽ അതു വ്യക്തമായി കണ്ടുകൊണ്ടിരുന്നു. എങ്കിലും അതൊന്നും പുറത്തു പ്രകടിപ്പിക്കാതെ തന്റെ പരിശുദ്ധ മാതാവിന്റെ കരങ്ങളാൽ തന്നെ പരമപിതാവിനു ബലിയായി സ്വയം സമർപ്പിക്കുന്നതിനു തിരുമനസ്സായി. അതുപക്ഷം ചെയ്യപ്പെട്ടിരുന്ന ഇതരബലികളെല്ലാംതന്നെ ഈ ദിവ്യബലിയുടെ നിഴൽ മാത്രമായിരുന്നു.

പ്രായോഗിക ചിന്ത:— ഈശോ അവിടുത്തെ നന്നേ കിടന്നായ ശൈശവദശപോലും ഒഴിക്കാതെ തന്റെ ആയുഷ്കാലം മുഴുവനും അവിച്ഛിന്നമായ ഒരു ബലിയായിട്ടും, സ്നേഹത്തിന്റെ ഇടമുറിയാത്ത ഒരു പ്രകാശനമായിട്ടും പരമപിതാവിനു് സമർപ്പിച്ചു. നമ്മെ ഇങ്ങനെ പ്രതിഷ്ഠിച്ചുതൊ നന്നേ താമസിച്ചു. അങ്ങനെ പ്രതിഷ്ഠിക്കപ്പെട്ടതിനശേഷമെങ്കിലും വിശ്വാസക്കുറവും മാന്ദ്യവുംകൂടാതെ ജീവിച്ചെങ്കിൽ എത്ര നന്നായിരുന്നു. ഒരുപക്ഷേ, ഇങ്ങനെ വിശ്വാസക്കുറവും മടിയും ഉള്ളവരായിപ്പോയെന്നുവന്നാലും അധൈര്യപ്പെടാതെ അവിടുത്തെ പ്രസാദവരത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ടു നമ്മുടെ കഴിഞ്ഞ ജീവിതത്തിലെ തെറ്റുകളേയും, ഉദാസീനതയേയും പരിഹരിപ്പാൻ ശ്രമിക്കണം.

പ്രതിജ്ഞ:— മേലിൽ ഇപ്രകാരം ചെയ്യുന്നുണ്ടെന്നു പ്രതിജ്ഞ ചെയ്യുക.

സംഭാഷണം:— നമ്മുടെ സ്നേഹമുള്ള അമ്മയോടു സംഭാഷണം ചെയ്യു. ഈശോകുത്താവിനു നമ്മെ കാഴ്ചവെപ്പാനും, നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കാനും, സ്വാർത്ഥരാഹിത്യം, ആശാനിഗ്രഹശക്തി, ആത്മികശ്രദ്ധാന്തി എന്നിവയിൽ നമുക്കു ഔൽസുക്യം ജനിപ്പിക്കുവാനും ഈ അമ്മയോടു അഭ്യർത്ഥിക്കുക.

ജനുവരി പതിനേഴാം തിയ്യതി.

ദേവാലയത്തിൽ ഉണ്ണിഈശോയും സീമയോനും തമ്മിൽ കണ്ടതു്

പ്രാരംഭം:— ഫ. മഹാത്മാവായ സീമയോൻ ദിവ്യശിശുവിനെ കരങ്ങളിൽ എടുത്തിരിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

2. വയോധികനായ ആ മഹാത്മാവിനു സിദ്ധിച്ച അനുഗ്രഹത്തിന്റെ ഒരു ഓഹരി നിനക്കും ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പ്.

പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ ഈ മഹാത്മാവ് ദേവാലയത്തിൽ പ്രവേശിക്കുന്നു

ധ്യാനം:– "ശീമെയോൻ എന്നു പേരുള്ള ഒരു മനുഷ്യൻ അപ്പോൾ അതാ യെരുശലേമിൽ ഉണ്ടായിരുന്നു. ഈ മനുഷ്യൻ നീതിമാനും, ദൈവഭക്തനും, ഇസ്രായേലിന്റെ സമാശ്വാസത്തെ പ്രതീക്ഷിച്ചിരുന്നവനും (ആയിരുന്നു) പരിശുദ്ധാത്മാവും അയാളിലുണ്ടായിരുന്നു. അയാൾ പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ ദേവാലയത്തിലേയ്ക്കു വന്നു, (ഉടൻ) ശിശുവായ യേശുവിന്നുവേണ്ടി നിയമപ്രകാരമുള്ള മുറയനുസരിച്ചു പ്രവർത്തിക്കേണ്ടതിലേക്കു അവിടുത്തെ മാതാപിതാക്കന്മാർ ശിശുവിനെ അകത്തേയ്ക്കു കൊണ്ടുചെന്നു." (ലൂക്കാ. ൨. ൨൭, ൨൯.) മൈവണ്ണനനി ദിവ്യഉണ്ണിയെ ദേവാലയത്തിലേക്കു കൊണ്ടുചെന്ന സമയംതന്നെ ഈ മഹാത്മാവും അവിടെ പ്രവേശിക്കുന്നതിനിടയായതെങ്ങിനെ? അതു പരിശുദ്ധാത്മാവിന്റെ പ്രേരണമൂലമായിരുന്നു. ഈ മഹാത്മാവു് തന്റെറ ഭക്തിവിശ്വാസങ്ങളാൽ എപ്പോഴും ദൈവത്തിന്റെ പ്രേരണകളെ അനുസരിച്ചു നടന്നതിനാൽ അദ്ദേഹത്തിനു ഈ ഭാഗ്യം സിദ്ധിപ്പാനിടയായി.

പ്രായോഗികചിന്ത:– പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ആത്മാവു് ഭാഗ്യമുള്ളതാകുന്നു. ഈ ആത്മാവിനു പല ആപത്തുകളിൽനിന്നൊഴിഞ്ഞു് ഉത്തമങ്ങളായ അനേക പുണ്യങ്ങൾ അഭ്യസിപ്പാനും, ഏറ്റവും വലിയ യോഗ്യതകൾ സമ്പാദിപ്പാനും അവസരം ലഭിക്കും. ലൌകികാത്മാവിനാൽ നയിക്കപ്പെടുന്ന ആത്മാവോ, എന്നാൽ ഏറ്റവും വലിയ കുറ്റങ്ങളിൽനിന്നു് കുറ്റങ്ങളിലേയ്ക്കും, അഗാധങ്ങളിൽനിന്നു് അഗാധങ്ങളിലേയ്ക്കും വീണുകൊണ്ടിരിക്കും.

സ്നേഹപ്രകരണങ്ങൾ:– എന്റെറ കർത്താവെ, ഞാനും എപ്പോഴും അങ്ങയുടെ പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുവാൻ അനുഗ്രഹം ചെയ്യേണമെ.

പ്രതിജ്ഞ:– ഭക്തിപ്രവൃത്തി, ഏകാന്തപ്രാർത്ഥന, വരപ്രസാദപ്രേരണ അനുസരിക്കുന്നതിനുള്ള ഒരുക്കം എന്നിവയുടെ

അഭ്യസനംകൊണ്ടു് ഈ കൃപ നേടുവാൻ തൊൻ ശ്രമിക്കും.

രണ്ടാംവകുപ്പു്.

മഹാത്മാവായസീമെയോൻ പരിശുദ്ധാത്മാവിയാൽ പ്രകാശിപ്പിക്കപ്പെടുന്നു.

ധ്യാനം:- പരിശുദ്ധകന്യകമറിയത്തിന്റെ കരങ്ങളിലിരുന്ന ദിവ്യശിശുവിനെ മറ്റു മനുഷ്യശിശുക്കളിൽനിന്നു് വേർതിരിച്ചറിയാൻ യാതൊരു പ്രത്യേക അടയാളവും ഉണ്ടായിരുന്നില്ല. അവിടുത്തെ ദൈവത്വം മനുഷ്യത്വത്താൽ മറയ്ക്കപ്പെട്ടിരുന്നു. അതിനാൽ പുരോഹിതന്മാരും അവരുടെ ശുശ്രൂഷകരും ഈ ശിശു ആരെന്നറിഞ്ഞിരുന്നില്ല. സീമെയോൻ ഒരുവൻമാത്രം പെട്ടെന്നു പരിശുദ്ധാത്മാവിയാൽ പ്രകാശിപ്പിക്കപ്പെട്ടിട്ടു്, ഈ ദുർബലനായ പൈതൽ സശരീരനായ ദൈവവചനമാണെന്നും, നാലായിരം വർഷമായി നരവംശം ആഗ്രഹിച്ചു പ്രതീക്ഷിച്ചിരിക്കുന്ന മിശിഹായാണെന്നും ഗ്രഹിക്കയും, "കർത്താവെ, അങ്ങയുടെ തിരുവചനപ്രകാരം അങ്ങയുടെ ദാസനെ അങ്ങു സമാധാനത്തോടെ വിടുകയെന്നു. എന്തുകൊണ്ടെന്നാൽ വിജാതീയരെ പ്രകാശിപ്പിക്കുന്നതിനുള്ള വെളിച്ചമായും, നിന്റെ ജനമായ ഇസ്രായേലിന്റെ മഹത്വമായും നീ സകല ജനങ്ങളുടെയും സമക്ഷം സജ്ജീകരിച്ചിട്ടുള്ള നിന്റെ രക്ഷണം എന്റെ കണ്ണുകൾ ദർശിച്ചിരിക്കുന്നു" എന്നു് നിലവിളിക്കയുംചെയ്തു. (ലൂക്കാ. 2. 28-32. 34.)

പ്രായോഗികചിന്ത:- ലൗകികശാസ്ത്രജ്ഞനും പരിശുദ്ധാത്മാവിയാൽ പ്രകാശിപ്പിക്കപ്പെടുന്ന വിശുദ്ധാത്മാവിനും തമ്മിൽ എത്ര വലിയ വ്യത്യാസം! ആദ്യത്തെ ആൾ ശാരീരിക കണ്ണുകളാൽ മാത്രം ദർശിക്കുന്നു. രണ്ടാമനോ വിശ്വാസത്തിന്റെ കണ്ണുകൾകൊണ്ടുകൂടെയും കാര്യങ്ങൾ കാണുന്നു. ലൗകികൻ സൃഷ്ടിക്കപ്പെട്ട വസ്തുക്കളിൽവച്ചു് അവന്നിഷ്ടമുള്ളവമാത്രം ദർശിക്കയും അതുകളിന്മേൽ പക്ഷംവയ്ക്കുകയുംചെയ്യുന്നു. വിശ്വാസിയാകട്ടെ സൃഷ്ടികൾ വഴിയായി സ്രഷ്ടാവിന്റെ അനന്തപരിപൂർണ്ണതയെ ദർശിക്കുകയും ഇവ വഴിയായി സ്രഷ്ടാവിനോടുതന്നെ ഒന്നിപ്പിക്കയും ചെയ്യുന്നു. നീ ഇവരിൽ ആരേപ്പോലെയാണെന്നു ആലോചിക്കുക.

സ്നേഹപ്രകരണങ്ങൾ:- പരിശുദ്ധാത്മാവിയെ, എഴുന്നള്ളിവരിക; എന്റെ പാദങ്ങളെ നേർവഴിയിലേയ്ക്കു തിരിക്കുന്നതിനും, രക്ഷയുടെ തുറമുഖത്തിലേയ്ക്കു എന്നെക്കൊണ്ടുപോകുന്നതിനുമായി; അങ്ങയുടെ ദിവ്യപ്രകാശത്തിന്റെ കതിരുകളെ എന്റെമേൽ ചിന്തുക. (തിരുസഭാജപം)

പ്രതിജ്ഞ:- എനിക്കുണ്ടാകുന്ന എല്ലാ സംശയങ്ങളിലും പ്രയാസങ്ങളിലും പരിശുദ്ധാത്മാവിയുടെ സഹായം ഞാൻ പ്രാർത്ഥിക്കയും, സൃഷ്ടികളിൽ ദൈവത്തിന്റെ ശക്തിയേയും ഗുണവിശേഷങ്ങളേയും കണ്ടു് അവിടുത്തെ സ്തുതിപ്പാൻ ഞാൻ ശ്രമിക്കയും ചെയ്യും.

മൂന്നാംവകുപ്പു

മഹാത്മാവായ സീമെയോൻ് പരിശുദ്ധാത്മാവു നൽകിയ വരങ്ങൾ.

ധ്യാനം:— നീതിമാനും ദൈവഭക്തനുമായ സീമെയോൻ കർത്താവിന്റെ അഭിഷിക്തനെ കാണുംമുമ്പു മരിക്കുകയില്ല, എന്നു് പരിശുദ്ധാത്മാവിയിൽനിന്നു് വെളിപാടു പ്രാപിച്ചിട്ടുണ്ടായിരുന്നു. (ലൂക്ക. ൨. ൨൬.) ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാകുന്നു. എന്നാൽ കൊടുക്കുമ്പോൾ സാമാന്യമായി, വാഗ്ദാനം ചെയ്തതിലും കൂടുതലായെ കൊടുക്കുകയുള്ളു. ഇതിനു സീമെയോന്റെ അനുഭവം തന്നെ ഒരു ദൃഷ്ടാന്തമാകുന്നു. ഈ മഹാത്മാവിനു് ഉണ്ണിയേശുവെ കാണുന്നതിനു മാത്രമല്ലാ, അവിടുത്തെ തന്റെ കരങ്ങളിൽ എടുക്കുന്നതിനും ഭാഗ്യം സിദ്ധിച്ചു. "അയാൾ തന്റെ കരങ്ങളിൽ അവിടുത്തെ വാങ്ങി." (ലൂക്കാ. ൨. ൨൮.) ആ സമയത്തു് അയാളുടെ ആത്മാവു് എത്ര വിസ്മയനീയമായ ആനന്ദാധിക്യത്താൽ നിറഞ്ഞിരിക്കണം? എത്ര മഹത്തുക്കളായ വരങ്ങളും നന്മകളും അയാൾക്കു സിദ്ധിച്ചിട്ടുണ്ടായിരിക്കണം! അയാളുടെ മരണം എത്ര ആനന്ദം നിറഞ്ഞതും സമാധാനപൂർണ്ണമായതുമായിരുന്നിരിക്കണം!

പ്രായോഗികചിന്ത:— സീമെയോൻ ഇത്ര അസാധാരണങ്ങളായ വരങ്ങൾ ഏകെക്കൊണ്ടതിന്റെ കാരണങ്ങൾ എന്തായിരുന്നു? അത്ര അയാൾ തന്റെ ജീവിതക്കാലത്തെ മുഴുവനും

ദൈവസ്നേഹത്തിലും അവിടത്തെ ശുശ്രൂഷയിലും ചെലവഴിച്ചുതന്നെ. നിന്റെ ഇതുവരെയുള്ള ജീവിതം ഇപ്രകാരമല്ല നയിച്ചുവന്നതെങ്കിൽ, മേലാലെങ്കിലും ഇപ്രകാരം ജീവിപ്പാൻ ശ്രമിക്കുക. അങ്ങനെ ജീവിക്കുന്നപക്ഷം കർത്താവിന്റെ സമാധാനത്തിലും സന്തോഷത്തിലും മരിക്കാമെന്ന് ന്യായമായി പ്രതീക്ഷിക്കാവുന്നതാണ്.

സംഭാഷണം:— ഈ ധ്യാനംകൊണ്ടു നിന്റെ ഹൃദയത്തിനുണ്ടാകുന്ന വികാരവിശേഷങ്ങൾക്ക് ഒത്തവണ്ണം സീമെയോനോടു സംസാരിക്കുക.

ജനുവരി പതിനെട്ടാം തിയ്യതി.

സീമെയോന്റെ വാക്യങ്ങളെക്കുറിച്ച്.

പ്രാരംഭം ഫ. അങ്ങയുടെ തിരുവചനപ്രകാരം ഇപ്പോൾ നിന്റെ ഈ ശുശ്രൂഷകനെ സമാധാനത്തിൽ വിട്ടയക്കുന്നു എന്ന് സീമെയോൻ പറയുന്നതു നീ കേൾക്കുന്നതായി വിചാരിക്കുക.

ഫ. ഈ മഹാത്മാവിനു അദ്ദേഹത്തിന്റെ മരണസമയത്തു് ഉണ്ടായിരുന്ന ഒരുക്കത്തിന്റെ ഓഹരി നിനക്കും ലഭിപ്പാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

മരണത്തിനുള്ള രണ്ടുവിധ ഒരുക്കങ്ങൾ.

ധ്യാനം:— "ഇപ്പോൾ അങ്ങയുടെ ശുശ്രൂഷകനെ സമാധാനത്തിൽ വിട്ടയക്കുന്നു." സീമെയോൻ, വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനെ സ്വനേത്രങ്ങളാൽ കണ്ടശേഷം മരണത്തെ പ്രാർത്ഥിച്ചു. കാരാഗൃഹത്തിൽ ബന്ധിക്കപ്പെട്ട പൗലൊസ് അതിൽനിന്നു ഏറെറം വേഗത്തിൽ രക്ഷപ്പെടുവാൻ ആഗ്രഹിക്കുന്നതുപോലെ ഈ മഹാത്മാവും ശരീരബന്ധത്തിൽനിന്നു് കഴിയുന്നതും വേ

ഗം മോചനം ലഭിക്കുവാൻ ആഗ്രഹിച്ചുകൊണ്ടിരുന്നു. ആദിപിതാവായ ആദം പാപം ചെയ്യുന്നതിനു മുമ്പുള്ള കളങ്കരഹിതമായ സ്ഥിതിയിൽ ആത്മാവിന്റെ ഒരു മനോഹര കൊട്ടാരമായിരുന്ന മനുഷ്യശരീരം ആദാമിന്റെ, പാപത്താൽ അന്ധകാരവും നിർഭാഗ്യവും നിറഞ്ഞ പാറാവായിത്തീർന്നിരിക്കുന്നു. തങ്ങളുടെ കർത്തവ്യങ്ങൾക്കൊത്തപോലെ വ്യാപരിക്കാത്ത ക്രിസ്ത്യാനികളും, സന്യാസികളും, ന്യായാധിപതിയുടെ മുമ്പിലേയ്ക്ക് മരണവിധിയും ഓർത്തുകൊണ്ട് പുറപ്പെട്ടുന്ന രാജദ്രോഹികളേപ്പോലെ സങ്കടത്തോടും ഭയത്തോടുംകൂടി ശരീരത്തെ വിട്ടു പുറപ്പെട്ടുന്നു. എന്നാൽ ദൈവത്തിന്റെ വിശ്വസ്ത ശുശ്രൂഷകരായ ക്രിസ്ത്യാനികളും, സന്യാസികളും ദൈവതിരുമനസ്സിനോടു യോജിച്ച സമാധാനത്തോടുകൂടെ എന്നല്ല; അന്യായമായി കുറ്റം ചുമത്തപ്പെട്ട തടവുകാരൻ അതിൽനിന്നു വിടുതൽവിധി കേൾപ്പാനായി എത്ര ബലിയ സന്തോഷത്തോടെ ന്യായാധിപതിയുടെ മുമ്പാകെ പോകുമോ അതുപോലെ ശരീരം വിട്ടു ദൈവസന്നിധിയിലേയ്ക്ക് പുറപ്പെട്ടുന്നു.

പ്രായോഗിക ചിന്ത:— നിന്റെ ജീവിതാന്ത്യ സമയം നീ മുകളിൽ പറഞ്ഞവരിൽ ആര് സദൃശനായിരിക്കും? അപ്പോൾ നിന്റെ ആത്മാവസ്ഥ എന്തായിരിക്കും? വരുവാനിരിക്കുന്നവനമുക്ക് അഗ്രാഹ്യമാണ് എന്നു നീ പറയുമായിരിക്കും. ഇതു വാസ്തവംതന്നെ. എന്നുവരികിലും മരണം ജീവിതത്തിന്റെ പ്രതിഷ്ഠാപനീയായിരിക്കകൊണ്ട്, ഇപ്പോൾതന്നെ നീ ദിവ്യന്യായാധിപന്റെ മുമ്പിൽ ഹാജരാകേണ്ടിവന്നാൽ, നിന്റെ സ്ഥിതി എന്തായിരിക്കുമെന്നു നിന്നോടുതന്നെ ചോദിക്കുക. ഇതറിയുമ്പോൾ മരണസമയത്തു നിനക്ക് പ്രതീക്ഷയുള്ളതല്ലാതെ ഭയത്തിനു് അവകാശം ഇല്ലാതിരിക്കാൻ വേണ്ടി ഇനി ചെയ്യേണ്ടതു് ഇന്നതെന്ന് നിനക്കു മനസ്സിലാകും.

സ്നേഹപ്രകരണങ്ങൾ:— നിന്നെത്തന്നെ നന്നായി അറിവാനും, പുണ്യപൂർണ്ണതയുടെ ഉന്നതപദവി പ്രാപിപ്പാനും ആഗ്രഹിക്കുക.

പ്രതിജ്ഞ:—ക്രമരഹിതമായ ലൌകികബന്ധങ്ങളിൽനിന്നു നിന്റെ ഹൃദയത്തെ പാടെ അകറ്റുന്നതിനു ശ്രമിക്കുക.

രണ്ടാംവകുപ്പു .

മരണത്തെ സന്തോഷകരമാക്കിത്തീർക്കുന്ന രണ്ടു കാരണങ്ങളും.

ധ്യാനം:— മരണമുള്ള ഈ ശരീരത്തിൽനിന്നു ആത്മ ഏ ന്നെ രക്ഷിക്കും? (റോ. ൭. ൨൪.) ഈ ജീവിതത്തെ വിട്ടു മിശി ഹായോടു ഐക്യപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നു. (ഫിലി. ൧. ൨൩.) വി. പൌലോസിന്റെ നെടുവീർപ്പുകളായ ഈ ഉത്ത വാക്യങ്ങളിൽനിന്നു, മരണത്തെ ആഗ്രഹയോഗ്യമാക്കി തീർക്ക ന്നതിനു പയ്യാപ്പമായ സംഗതികളും ഏതെല്ലാമെന്നു നമുക്കു മ നസ്സിലാക്കാം. അതിൽ ഒന്നാമത്തേതു്; ഈ ജീവിതത്തിന്റെ നിർഭാഗ്യങ്ങളിൽനിന്നു പ്രത്യേകമായി ജഡികേച്ഛകളോടും, പഞ്ചേന്ദ്രിയങ്ങളുടെ ദുരാശകളോടും ഇടവിടാതെ യുദ്ധം ചെയ്തു കൊണ്ടിരിക്കാനുള്ള അദ്ധ്വാനങ്ങളുടേയും ആപത്തുകളുടേയും മദ്ധ്യത്തിൽനിന്നു ഒഴിയുക എന്നിതത്രെ. രണ്ടാമത്തേതു നമ്മു ടെ ആത്മികമണവാളനായ ഈശോയെ അങ്ങയുടെ പ്രതാപാവ സ്ഥയിൽ ദർശിപ്പാനും, അങ്ങയുമായി ഒന്നിപ്പാനും, പൂർണ്ണപൂ ർണ്ണതയിൽ സ്ഥിരമായി നിലനിന്നുകൊണ്ടു നിത്യമായി സ്നേ ഹിപ്പാനും ഇടവരുക എന്നിതാകുന്നു. ഇവ രണ്ടും പ്രയോജന കരം തന്നെയെങ്കിലും രണ്ടാമത്തേതു ഏറ്റം ഉത്തമമാകുന്നു.

പ്രായോഗിക ചിന്ത:— നാം സന്ന്യാസികളാകയാൽ, വ ഞ്ചനയുള്ള ഈ ലോക സുഖസന്തോഷങ്ങളും നാം ത്യജിച്ചിരിക്കു ന്നു. ഈ ജീവിതത്തിൽ വിട്ടുപിരിയാത്ത അനർത്ഥങ്ങളും നമ്മെ ഇടവിടാതെ ദുഃഖിപ്പിച്ചുംവരുന്നു. എന്നിട്ടും ലൌകിക ആശക ളെ നാം തീരെ വിട്ടുപേക്ഷിക്കുന്നില്ല. നമ്മുടെ ദിവ്യരക്ഷിതാവു നമുക്കു വാഗ്ദാനം ചെയ്തിരിക്കുന്ന സ്വർഗ്ഗീയ സൌഭാഗ്യത്തി ലേയ്ക്കു നമ്മെ ആനയിക്കുന്ന മരണത്തെ നാം ഭയപ്പെടുക യും ഈ ലോകത്തെ വിട്ടുപിരിയുന്നതിനേക്കുറിച്ചു ദുഃഖിക്കുക യും ചെയ്യുന്നു. ഇതു നമ്മുടെ വിശ്വാസത്തിന്റെയും ശരണത്തി ന്റേയും പോരായ്മയെയല്ലാതെ മറെറന്തിനെയാണു് കാണിക്കു ന്നതു്? അല്പവിശ്വാസീ നീ എന്തിനു സംശയിച്ചു? (മത്തേ. ൧൪. ൩൧.) എന്നു് ഈശോ വി. പത്രോസിനോടു അരുളിച്ചെ യ്ത വചനങ്ങളും നമ്മേക്കുറിച്ചും പറയാവുന്നതല്ലേ?

സ്നേഹപ്രകരണങ്ങൾ:— മനോവാക്കുകർമ്മങ്ങൾ അവിഹിതമായ സ്വർഗ്ഗഭാഗ്യത്തെ വിശ്വാസനേത്രങ്ങൾകൊണ്ട്, ഭർശിച്ചു ധ്യാനിക്കയും, മിശിഹായോടു നമ്മെ ഒന്നിപ്പിക്കുന്ന ആ ക്ഷണത്തെ ആഗ്രഹിച്ചു നെടുവീർപ്പിടുകയും ചെയ്യുക.

പ്രതിജ്ഞ:— ഈ ലോകത്തിൽ വച്ചു നമുക്കു നേരിടുന്ന അനർത്ഥങ്ങളെ സ്വർഗ്ഗീയാനന്ദ ഭാഗ്യങ്ങളെ വിചാരിച്ചുകൊണ്ട് ധൈര്യത്തോടെ സഹിക്കുക.

മൂന്നാം വകുപ്പ്

നന്മരണം പ്രാപിപ്പാനുള്ള രണ്ടു മാർഗ്ഗങ്ങൾ.

ധ്യാനം:— സുകൃതജീവിതം നയിച്ചവൻ ദുർഭാഗനായി മരിക്കുക എന്നതു കേവലം അസാദ്ധ്യമത്രെ എന്ന് വി. അഗസ്തീൻ പറയുന്നു. ആകയാൽ നല്ലതും സൗഭാഗ്യകരവുമായ മരണം പ്രാപിക്കുന്നതിന് ഏറ്റവും സുകരമായ ഒന്നാമത്തെ മാർഗ്ഗം, ഒരു നല്ല ക്രിസ്ത്യാനിയും ഒരു നല്ല സന്ന്യാസിയും ചേർന്നവിധം ജീവിക്കുന്നതാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഓരോരുത്തരുടെ സ്ഥിതിക്കനുസൃതം ജീവിക്കുന്നതുതന്നെ. അങ്ങിനെ ജീവിക്കാതെ നന്മരണം പ്രാപിക്കുമെന്നു വിചാരിക്കുന്നതു വ്യർത്ഥമത്രെ. എന്തെന്നാൽ നല്ല ജീവിതം കഴിക്കാത്തവൻ നന്മരണം പ്രാപിക്കുന്നതു് അപൂർവ്വമാകുന്നു എന്ന് വിശുദ്ധ അഗസ്തീൻതന്നെ എഴുതിയിരിക്കുന്നു. രണ്ടാമത്തെ മാർഗ്ഗം ക്രിസ്ത്യാനുകരണം എന്ന പുസ്തകം നമുക്കു കാണിച്ചുതരുന്നു. അതായതു്: "തന്റെ മരണത്തെ എപ്പോഴും കൺമുമ്പാകെ ഭർശിച്ചുകൊണ്ടു നടക്കുന്നവൻ ഭാഗ്യവാൻ" (ക്രീസ്ത്യാ. ഉ. പു. 23-ാ.) ആകയാൽ നാം മരണത്തെപ്പറ്റി കൂടക്കൂടെ ഓർക്കുകയും, അതിന് ഒരുങ്ങുകയും ചെയ്യേണ്ടതാണ്. വിശേഷിച്ചും വലിയ പരീക്ഷകൾ നേരിടുമ്പോൾ ഇതിൽ തോറ്റുപോയാൽ അതു് എന്റെ മരണസമയത്തു് എന്നെ എത്ര കൂടുതലായി പീഡിപ്പിക്കും എന്നു നമ്മോടുതന്നെ ചോദിക്കയും വേണം.

പ്രായോഗിക ചിന്ത:— ലോകത്തിലേയ്ക്ക് വലിയ അനുഗ്രഹമാണ് നന്മരണം. അതു് പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് അനുസരിക്കുന്നതിന് നിനക്ക് എത്ര ജാഗ്രതയും

വിശ്വസ്തതയും ഉണ്ടെന്നു സ്വയം പരിശോധിക്കുക. ഇതിന്റെ സാരം നീ നല്ലവണ്ണം ഗ്രഹിക്കുന്നപക്ഷം നീ ദൈവത്തിന്നു വിശ്വസ്തനായിരിക്കും. മരണസമയത്തു ഏതു വിധം നിന്റെ ഭിവസങ്ങളെ ചെലവഴിച്ചിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്നു നീ ആഗ്രഹിക്കുമോ ആ വിധം ഇനി ശേഷിച്ചിരിക്കുന്ന ദിവസങ്ങളിൽ ഓരോന്നും ചെലവഴിപ്പാൻ ശ്രമിക്കുക.

സംഭാഷണം:— നന്മരണ മദ്ധ്യസ്ഥനായ വി. യൌസേപ്പുപിതാവിനോടു സംഭാഷണം ചെയ്ക.

ജനുവരി പതിനാലാം തിയ്യതി

മഹാത്മാവായ സീമെയോന്റെ പ്രവചനങ്ങൾ.

പ്രാരംഭം ഫ. വി. സീമെയോൻ പറയുന്ന വചനങ്ങൾ ദൈവജനനി അത്യന്തം ശ്രദ്ധയോടെ കേട്ടുകൊണ്ടു നില്ക്കുന്നതു നാം കാണുന്നതായി വിചാരിക്കുക.

ഉ. വിശ്വാസം നമുക്കു വെളിപ്പെടുത്തിയിരിക്കുന്ന പരമരഹസ്യങ്ങളെ ഗ്രഹിപ്പാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ഈശോയേക്കുറിച്ചുള്ള പ്രവചനങ്ങൾ.

സ്വാനം:— മഹാത്മാവായ സീമെയോൻ ഉണ്ണി ഈശോയെ ദേവമാതാവിന്റെ കരങ്ങളിൽ തിരിച്ചു കൊടുക്കുമ്പോൾ പെട്ടെന്നു പ്രാപിച്ച ദൈവികവെളിച്ചത്താൽ, ഭാവി ഉണ്ണിയുടെ ഭാവിയേക്കുറിച്ചു, സുരണീയമായ ഏതാനും വചനങ്ങൾ ഉച്ചരിച്ചു. അതായതു: ഈ ശിശു ഇസ്രായേലിൽ അനേകരുടെ അധഃപതനത്തിന്നും ഉൽക്കർഷത്തിന്നും പ്രതിവാദിക്കപ്പെടുവാനിരിക്കുന്ന ലക്ഷ്യമായിട്ടു നിയോഗിക്കപ്പെട്ടവനാകുന്നു. (ലൂക്കാ. ൨. ൩൪.)

ഈ പ്രവചനം നടന്നിട്ട്, അന്നുമുതൽ ഇന്നുവരെയുള്ള അനുഭവം കൊണ്ട് അതിന്റെ യാഥാർത്ഥ്യം തെളിവാകയും ചെയ്യുന്നു. പ്രത്യേകമായി നമ്മുടെ ഈ കാലങ്ങളിൽ, അനേക വേദപ്രാസംഗികന്മാരുടെ ദിവ്യമായ ശുശ്രൂഷയാൽ വിസ്മയനീയമായ വിധത്തിൽ അനേകം ആത്മാവുകൾ മാനസാന്തരപ്പെട്ട് ആത്മികമായ ഉത്സാഹവും ഉൽകർഷവും പ്രാപിക്കുന്നതും, മറിച്ചു തിരുസ്സഭയുടെ മക്കളും ഈശോയുടെ ശിഷ്യരുമെന്നു പറയുന്നവരിൽ തന്നെയും പലർ ഈ കർത്താവിനും അവിടുത്തെ ആദ്ധ്യാത്മിക പത്നിയായ തിരുസ്സഭയ്ക്കും വിരോധമായ കാര്യങ്ങളെ മഹാനിഷ്ഠുരതയോടെ ചെയ്തുവരുന്നതും നാം കാണുന്നുണ്ടല്ലൊ.

പ്രായോഗികചിന്ത:— സന്യാസിയായ നിന്നെപ്പറ്റി നിനക്കുതന്നെ ശ്രദ്ധയില്ലാതെ നടന്നാൽ അനന്തസ്നേഹനിധിയും രക്ഷകനുമായ ഈശോ നിനക്ക് ആത്മനാശത്തിനും നിത്യശാപത്തിനും കാരണമായിത്തീരുവാൻ പാടുള്ളതല്ലയോ? അതേ, തിരുസ്സഭാചരിത്രത്തിൽ ഇതിനെ തെളിയിക്കുന്ന ദൃഷ്ടാന്തങ്ങൾ എത്രവളരെയാണ്! ധാരാളം ദൈവവരങ്ങൾ കൈക്കൊണ്ടിരുന്നിട്ടും തങ്ങളുടെ വിശുദ്ധ ജീവിതത്തിന്റെ അരുപിയിൽ ക്രമേണ ക്ഷീണിച്ചുപോകയാൽ ലോകമായങ്ങളിൽ മുഴുകി ഈശോ കർത്താവിന്റെ ദിവ്യപഠനങ്ങൾക്കു ബദ്ധവിരോധികളായിത്തീർന്നിട്ടുള്ള എത്ര സന്യാസികളെ നാം കാണുന്നു. അവർ കൈക്കൊണ്ടിരുന്ന വരങ്ങൾ എത്രത്തോളം അധികമായിരുന്നോ അത്രത്തോളം അവരുടെ അധഃപതനവും ഭയങ്കരമായി കാണുന്നതിൽ വ്യസനിക്കേണ്ടിയിരിക്കുന്നു.

സ്നേഹപ്രകരണം:— ഒരിക്കലും നമ്മുടെ മേൽ ആശ്രയിക്കാതെ, ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അവിടുത്തെ ശുശ്രൂഷയിൽ വിശ്വസ്തരായിരിപ്പാൻ ശ്രമിക്കുക.

പ്രതിജ്ഞ:— ലോകമായകളിലൊ, ആത്മിക അന്ധതയിലൊ, ഉദാസീനതയിലൊ വീഴാതിരിപ്പാൻവേണ്ടി സർവ്വശക്തമായ ദൈവത്തിരുക്കരത്തിൻകീഴ് എപ്പോഴും അനുസരണവും എളിമയുമുള്ളവരായിരിപ്പാൻ ശ്രമിക്കുക.

രണ്ടാംവകുപ്പ്

പരിശുദ്ധ കന്യകമറിയത്തെക്കുറിച്ചുള്ള പ്രവചനം.

വ്യാഖ്യാനം:— മഹാത്മാവായ സീമെയോൻ ഈശോകർത്താവിനെക്കുറിച്ചു് പ്രസ്തുത പ്രവചനം ചെയ്തതിന്റെ ശേഷം, ദൈവജനനിയുടെ നേരെ തിരിഞ്ഞു് ഹൃദയഭേദകമായ ചില വചനങ്ങൾ അറിയിച്ചു. അതായതു്: "നിന്റെ ആത്മാവിൽ ഒരു വാൾ കടക്കും" (ലൂക്കാ. ൨. ൩൫.) ദൈവജനനി തന്റെ തിരുക്കുമാരൻ ഗാഗുൽത്താമലയിൽ കുരിശിൽ തറയ്ക്കപ്പെട്ട മഹാ വ്യാകുലത്തോടെ മരിക്കുന്നതു കാണുകയും, അവിടുത്തോടൊന്നിച്ചു മരിക്കുന്നതിന്നു് ഈ അമ്മയ്ക്കു സാധിക്കാതെ വരുകയും ചെയ്ത സ്ഥിതിയിൽ അവർണ്ണനീയമായ ദുഃഖം അനുഭവിച്ചപ്പോൾ മേൽപ്പറഞ്ഞ പ്രവചനം തികച്ചും അനവസ്ഥമായി. ആ വ്യഥകളെല്ലാം പ്രസ്തുത പ്രവചനം ചെയ്യപ്പെട്ടതുമുതൽക്കു് ദൈവജനനി വ്യക്തമായി അറിഞ്ഞിരുന്നതിനാൽ അന്നുതുടങ്ങി മുപ്പത്തിമൂന്നു വർഷംവരെ ആ വ്യാകുലങ്ങളൊക്കയും തന്റെ ഹൃദയത്തിൽ അനുഭവിക്കയും ചെയ്തിരുന്നു. മാത്രമല്ല, ഈ അമ്മയുടെ വ്യാകുലങ്ങൾ വളരെ ശ്രുതമായിരുന്നതിനാൽ സഹതപിക്കുന്നതിനോ, തന്നെ ആശ്വസിപ്പിക്കുന്നതിനോ ആരും ക്ലേശിച്ചിരുന്നതുകൊണ്ടും അവ ഏറ്റവും തീക്ഷ്ണങ്ങളായിരുന്നു. പക്ഷെ, ആ കാരണത്താൽതന്നെ അവ ദൈവസന്നിധിയിൽ ക്ലേശത്തിൽ യോഗ്യതയുള്ളവയുമായിരുന്നുവെന്നതിനു സംശയമില്ല.

പ്രായോഗിക ചിന്ത:— ശേഷംപേർ അറിവാനും അവരാൽ സമാശ്വസിപ്പിക്കപ്പെടുവാനും വഹിയാത്ത വിധം ആത്മികമോ, ശാരീരികമോ ആയ വല്ല സങ്കടങ്ങളും നിനക്കു നേരിടുമ്പോൾ, പരിശുദ്ധ അമ്മയോടു ആ കാര്യത്തിൽ നീ സാന്ത്വനം പ്രാപിക്കുന്നുവെന്നു വിചാരിച്ചു് സമാശ്വസിക്കുക, നീ അനുഭവിക്കുന്ന ദുഃഖാരിഷ്ടതകളെല്ലാം ദൈവം തൃക്കൺപാർത്തുകൊണ്ടിരിക്കുന്നുവെന്നും, അവിടുത്തെ സ്നേഹത്തോടുകൂടി നിന്റെ ജീവിതക്കാലം മുഴുവനും നീ അവയെ അനുഭവിക്കുന്നതു് അവിടുത്തേയ്ക്കു ഇഷ്ടമുള്ളതാകുന്നുവെന്നും വിചാരിച്ചു ദൈവജനനിയോടുകൂടെ നീ സമാശ്വസിക്കണം. ആരും അറിയാതെ സ

ഹിക്കുന്ന പീഡകളും ദൈവതിരുമുമ്പിൽ വളരെ വിലയേറിയ വയായിരിക്കും. തന്റെ ക്ലേശങ്ങളും ദൈവം മാത്രം അറിഞ്ഞാൽ മതിയെന്നു വിചാരിക്കുന്ന ക്രിസ്ത്യാനിക്കും സന്യാസിക്കും എത്ര വലുതായ ആശ്വാസമുണ്ടാകും. ഈ പ്രകാരമുള്ള ദുഃഖങ്ങളിലും പരീക്ഷകളിലും നീ എങ്ങിനെയാണു് വ്യാപരിച്ചു വരുന്നതു്?

സ്നേഹപ്രകരണം:— വേദസാക്ഷികളുടെ രാജ്ഞീ, ആവലാധി പറയാതെയും ഭൗതിക ആശ്വാസം ആവശ്യപ്പെടാതെയും ക്ലേശം അനുഭവിക്കാൻ വേണ്ട ശക്തി ലഭിക്കുന്നതിന്നായി ദുർബലനായ എനിക്കുവേണ്ടി അപേക്ഷിക്കണമെ.

പ്രതിജ്ഞ:— മൌനത്തോടും ദൈവതിരുമനസ്സിനോടുള്ള സംയോജ്യതയോടുംകൂടി ക്ലേശങ്ങളെ സഹിച്ചുകൊണ്ടു് എന്റെ വാത്സല്യ നിധിയായ അമ്മയെ അനുകരിപ്പാൻ ഞാൻ ശ്രമിക്കും.

മൂന്നാം വകുപ്പു്.

മനുഷ്യരെക്കുറിച്ചുള്ള പ്രവചനം.

ധ്യാനം:— പിന്നെയും വി. സീമെയോൻ പറഞ്ഞു: അനേകം ഹൃദയങ്ങളിലെ വിചാരങ്ങളും വെളിവാക്കപ്പെടും. (ലൂക്കാ. ൨. ൩൫.) അതായതു്: മതപീഡനാവസരത്തിൽ, കർത്താവിന്റെ ശിഷ്യരെന്നു നടിക്കുന്നവരുടെ യഥാർത്ഥസ്ഥിതി എന്തെന്നു പ്രത്യക്ഷപ്പെടും. അപ്പോൾ അവർ ദൈവത്തെ വാസ്തവത്തിൽ സ്നേഹിക്കുന്നുണ്ടോ ഇല്ലയോ എന്നും, പാപത്താൽ ദൈവത്തെ ഉപദ്രവിക്കയും, തങ്ങളെത്തന്നെ നശിപ്പിക്കയും, ചെയ്യുന്നതിനേക്കാളും തങ്ങളുടെ സമ്പത്തു്, സുഖം സ്നേഹിതന്മാർ കീർത്തി മുതലായവ എന്നല്ല തങ്ങളുടെ ആയുസ്സു കൂടെയും ഉപേക്ഷിപ്പാൻ ഒരുക്കമുള്ളവരായിരിക്കുന്നോ എന്നും സ്പഷ്ടമാകും.

പ്രായോഗിക ചിന്ത:— ദൈവത്തിന്റെ നേരെ നിനക്കുള്ള സ്നേഹം ഏതുവിധമായിരിക്കുന്നു? ഈ സ്നേഹം ശേഷംപേരിൽ നിന്നുണ്ടാകുന്ന വിരോധം, കുറ്റാരോപണം, പരിഹാസം, മുതലായവയാൽ ക്ഷയിച്ചുപോകുന്നുവെങ്കിൽ, നിന്റെ അധൈര്യത്തെയും, ബലഹീനതയേയും കുറിച്ചു ദൈവതിരുമുമ്പാകെ

സ്വയം വിനീതനാവുക. "ശരീരത്തെ കൊല്ലുന്നവെങ്കിലും ആത്മാവിനെ കൊല്ലുവാൻ കഴിയാത്തവരെ നിങ്ങൾ ഭയപ്പെടേണ്ട; ആത്മാവിനേയും ശരീരത്തേയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ പ്രത്യേകം ഭയപ്പെട്ടുവിൻ" (മത്തേ. ഫ്ര. വ്യ.) എന്ന് ഈശോ അരുളിച്ചെയ്തിരിക്കുന്ന വചനങ്ങൾ നീ സദാ ഓർക്കയും അതിനെ മനസ്സിൽ ഗാഢമായി പതിക്കയും ചെയ്തുകൊള്ളുക. നിനക്കു പ്രത്യേകം ആവശ്യമുള്ള ശക്തിയും ധൈര്യവും ഇതിൽനിന്നു സിദ്ധിക്കും.

സംഭാഷണം:— നമ്മുടെ രക്ഷകനായ ഈശോക്രിസ്ത്താവിനോടും, അവിടുത്തെ പ്രസാദവരങ്ങൾ സകലർക്കും പകുത്തുകൊടുക്കുന്നതിനു നിയമിക്കപ്പെട്ടവളായ പരിശുദ്ധ മാതാവിനോടും സംഭാഷണം ചെയ്യുക.

ജനുവരി ഇരുപതാം തിയ്യതി

ആത്മരക്ഷ ഏറ്റവും സാരമായ കാര്യമാകുന്നു.

പ്രാരംഭം:— ഫ്ര. ഒന്നാമതായി ദൈവത്തിന്റെ രാജ്യത്തേയും, അവിടുത്തെ നീതിയേയും അന്വേഷിപ്പിൻ (മത്തേ. ന്യ. നമ.) എന്ന ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നതു കേൾക്കുന്നതായി വിചാരിക്കുക.

ര. എല്ലാ കാര്യങ്ങളിലും ഈ വാക്യങ്ങളുടെ അർത്ഥത്തിനൊത്തവിധം പ്രവർത്തിപ്പാൻ വേണ്ട വെളിച്ചവും ധൈര്യവും പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പ്

ധ്യാനം:— നിത്യരക്ഷ എന്നതു മറ്റെല്ലാ കാര്യങ്ങളിലും വെച്ചു ഏറ്റവും സാരമുള്ളതാകുന്നു എന്നതിൽ സംശയമില്ല. എന്തെന്നാൽ അതു നിത്യതയെ സംബന്ധിച്ച കാര്യമാകുന്നു. നാം ഈ ലോകം വിട്ടുപിരിയുമ്പോൾ നിത്യമായ നരകാഗ്നിയിൽ

വീഴാതെ ഭാഗ്യപൂർണ്ണമായ സ്വർഗ്ഗത്തിലേയ്ക്കു കടക്കുന്നതിനു വേണ്ടി പ്രയത്നിച്ചുകൊണ്ടിരിക്കുകയെന്നതാണ് നിത്യരക്ഷയ്ക്കു വേണ്ടി വേലചെയ്യുക എന്നു പറയുന്നതു്. അതുകൊണ്ടു നമ്മുടെ നിത്യരക്ഷ എന്നതു നമ്മുടെ ആത്മാവിനേയും ശരീരത്തേയും നിത്യമായി രക്ഷിക്കുന്നതുതന്നെയാകുന്നു. മറ്റു കാര്യങ്ങളിൽ ഏതെങ്കിലും എത്ര സാരമായതായി തോന്നിയാലും അതെല്ലാം ഈ ലോകത്തോടുകൂടെ അവസാനിച്ചു പോകുന്നവയത്രെ. അറുപതുകൊല്ലം എൺപതുകൊല്ലം, നൂറുകൊല്ലം എന്നിങ്ങനെയുള്ള ഐഹിക ജീവിത കാലാവധികളെ നിത്യതയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ലോക ജീവിതക്കാലം എത്ര തുച്ഛമാകുന്നു?

പ്രായോഗിക ചിന്ത:— നിത്യഭാഗ്യത്തിന്റെ കാര്യങ്ങളെ അന്വേഷിക്കാതെ ലോകകാര്യങ്ങൾക്കായി രാപ്പകൽ അലഞ്ഞുതിരിഞ്ഞു കഷ്ടപ്പെടുകയോ ക്ഷണഭംഗുരങ്ങളായ ഇന്ദ്രിയസന്തോഷങ്ങളെപ്രതി അനശ്വരമായ സ്വർഗ്ഗീയ ഭാഗ്യത്തെ നഷ്ടപ്പെടുത്തുകയൊ അഥവാ, അപകടത്തിലാക്കുക തന്നെയുമോ ചെയ്യുന്നതു വലിയ മൌഢ്യവും അന്ധതയുമല്ലയൊ? മനുഷ്യരിൽ വലിയഭാഗവും ഈ വിധ മൌഢ്യത്തിലും അന്ധതയിലും അകപ്പെട്ടാണിരിക്കുന്നതു. നിന്റെ ചുറ്റും സംഭവിക്കുന്നവയെത്തന്നെ സൂക്ഷിക്കുക; ഈ മൌഢ്യത്തിൽ നീയും അകപ്പെട്ടിട്ടില്ലയൊ? ഈ മാതിരി അന്ധതപം നിന്നിൽനിന്നു ഇനിയും നീങ്ങേണ്ടതായിട്ടില്ലയൊ?

സ്നേഹപ്രകരണം:— മനുഷ്യവർഗ്ഗം ഇപ്രകാരം നശിക്കുന്നതുകണ്ടു വിലപിക്കുന്നതിനും പുറമെ, നിന്റെ കഴിഞ്ഞ ജീവിതത്തിലെ മൌഢ്യത്തേയും ഇപ്പോഴത്തെ വിചാരമില്ലായ്മയേയും ഓർത്തു പശ്ചാത്തപിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— "ഒന്നാമതായി ദൈവരാജ്യത്തേയും, അവിടുത്തെ നീതിയേയും, അന്വേഷിപ്പിൻ" എന്നുള്ള വേദവാക്യപ്രകാരം ഈ വത്സരത്തിൽ എല്ലാ കാര്യങ്ങളിലും ദൈവത്തെ പ്രസാദിപ്പിപ്പാനും, നിത്യതക്കുപകരിക്കുന്ന ധനം സമ്പാദിപ്പാനും മുഖ്യമായിശ്രമിക്കുക.

രണ്ടാംവകുപ്പ്.

സ്വാനം:— നിത്യരക്ഷ എല്ലാറ്റിലും സാരമായിട്ടുള്ളതാണ്. അതു് ഒരിക്കൽ നഷ്ടപ്പെട്ടുപോയാൽ പിന്നീടു പരിഹരിക്കാവുന്നതുമല്ല. മറ്റൊല്ലാ ഞാറുകളും പാഴാരിപ്പിച്ചാൻ മാർഗ്ഗമുണ്ടു്. മോശമായി ചെയ്ത വേല വീണ്ടും നന്നാക്കാം. നഷ്ടമായിപ്പോയ സമ്പത്തു വീണ്ടും സമ്പാദിക്കാം. തീപിടിച്ചുപോയ ഭവനം വീണ്ടും പണിചെയ്യാം. എന്നാൽ നിത്യരക്ഷയുടെ കാര്യത്തിൽമാത്രം ഒരിക്കൽ തെറ്റിപ്പോയാൽ പിന്നെ പരിഹാരമാർഗ്ഗമൊന്നുമില്ല. എന്തുകൊണ്ടെന്നാൽ മരിച്ചവൻ വീണ്ടും ജീവിക്കുന്നതിനിടവരികയില്ല. നിത്യനരകത്തിൽ അകപ്പെട്ടവൻ ഒരു നാളും അതിൽനിന്നു രക്ഷപ്പെടുകയില്ല. "ഇവർ നിത്യബാധയിലേയ്ക്കു പോകും." (മത്തേ: 25. 8.) എന്നു സർവ്വജ്ഞനായ മിശിഹാ അരുളിച്ചെയ്തിരിക്കുന്നു.

പ്രായോഗിക ചിന്ത:— ഈ സ്വാനത്തിൽനിന്നു നാം പ്രാപിക്കേണ്ട പ്രയോജനം എന്തു്? വി. പൌലോസ് പറയുന്നതുപോലെ ഭയത്തോടും ഞെട്ടക്കത്തോടുംകൂടെ നമ്മുടെ രക്ഷയ്ക്കായി പ്രയത്നിക്കുക എന്നതുതന്നെ. (ഫിലി. 2. 12.) നീ സന്യാസിയായതുകൊണ്ടു ഈ ഉപദേശം നിന്നെ സംബന്ധിച്ചുള്ളതല്ലെന്നു വിചാരിച്ചുകളയരുതു്; എന്തുകൊണ്ടെന്നാൽ വി. പൌലോസ് തന്നെയും പ്രസാദവരത്തിൽ സ്ഥിരത പ്രാപിച്ചിരുന്നിട്ടും, തന്നെക്കുറിച്ചു ഇപ്രകാരം പറയുകയുണ്ടായി:— "ഞാൻ നിങ്ങളുടെ പക്കൽ വളരെ ബലഹീനതയിലും, ഭയത്തിലും പരിഭ്രമത്തിലും ആയിരുന്നു" (1. കൊ. 2. 3.) ഞാൻ മറ്റുള്ളവർക്കു ഉപദേശങ്ങളും കൊടുത്തിട്ടു ഞാൻതന്നെ തിരസ്കൃതനാകാതിരിക്കേണ്ടതിന്നു്; എന്റെ ശരീരത്തെ ഞാൻ ശിക്ഷിച്ചു് അതിനെ ഞാൻ അനുസരണത്തിലേയ്ക്കു നയിക്കുന്നു. (1. കൊറി. 9. 27.) നിത്യതയെ സംബന്ധിച്ച കാര്യത്തിൽ നാം വേണ്ടിടത്തോളം വേവു ചെയ്തിട്ടുണ്ടെന്നു ഒരിക്കലും വിചാരിച്ചുപോകരുതു്; എന്നു് വി. ഗ്രിഗോരിയൂസ് പാപ്പാ പഠിപ്പിക്കുന്നു. ദൈവഭക്തന്മാർ പിഴെക്കുകയും, നരകാഗ്നിയിലേയ്ക്കു തള്ളപ്പെടുകയും ചെയ്ത വസ്തുത ഈ പ്രകൃതത്തിൽ നാം സ്മരിക്കേണ്ടതാണു്.

സ്നേഹപ്രകരണം:— നമ്മുടെ സ്വശക്തിയിൽ ഒരിക്കലും വിശ്വസിക്കാതെയും ആശ്രയിക്കാതെയും എപ്പോഴും ദൈവത്തെ

ത്തിൽ വർത്തിക്കുക.

പ്രതിജ്ഞ:— ആത്മരക്ഷയ്ക്ക് വിഘ്നമുണ്ടാക്കാവുന്നതും ക്രമരഹിതവുമായ ആശകളെ കണ്ടുപിടിപ്പാനും, അവയെ നിഗ്രഹിപ്പാനും ശ്രമിക്കുക.

മൂന്നാംവകുപ്പ്.

സ്വാനം:— നിത്യരക്ഷ എന്നതു ഒഴിച്ചുവയ്ക്കാവുന്നതല്ലാത്തതിനാൽ, മറെറല്ലാറിനേക്കാൾ സാരമേറിയ കാര്യമാണ്. പല കാര്യങ്ങളും ഒരുവിധം ആവശ്യമെന്ന് പറയാം. അതായതു്: നിന്നെ ഏല്പിച്ചിരിക്കുന്ന ഏതെങ്കിലും ജോലി നിവൃത്തിക്കുന്നതിനു നിനക്കു മനസ്സാക്ഷിക്കുത്തു കൂടാതെയുണ്ടായിരിക്കാം. എങ്കിലും അതു് കേവലം നീ തന്നെ ചെയ്യേണ്ടതാണ് എന്നു പറയാൻ പാടില്ല. വേറെ ഒരാളേക്കൊണ്ടു അതു നടത്തിക്കാം. നിന്നെ ക്രൂശാതെ ദൈവത്തിനും അതു് ചെയ്വാൻ കഴിയും. എന്നാൽ നിന്റെ ആത്മാവു് നിത്യനരകാഗ്നിയിൽ വീഴാതെ അതിനെ കാത്തുരക്ഷിക്കുക എന്നതു, നിനക്കു ഒരു വിധത്തിലും മറെറാരാളെ ഏല്പിച്ചു ചെയ്യിക്കുവാൻ പാടില്ലാത്ത കാര്യമാകുന്നു. അതു് നീ തന്നെ ചെയ്യാതെ ശ്രേഷ്ഠന്മാരോ, നിന്റെ സഹോദരന്മാരോ, എന്നല്ല ദൈവം തന്നെയോ ചെയ്യേണ്ട കാര്യമല്ല. നിന്നെ ക്രൂശാതെ നിന്നെ സൃഷ്ടിച്ച ദൈവം നിന്നെ ക്രൂശാതെ നിന്നെ രക്ഷിക്കയില്ല, എന്ന് വി. അഗസ്തീൻ എഴുതിയിരിക്കുന്നു.

പ്രായോഗിക ചിന്ത:— വിശ്വാസിയായിക്കൊണ്ടു രക്ഷ പ്രാപിക്കുവാൻ അശ്രദ്ധിക്കാത്ത സന്യാസിക്ക് നിർഭാഗ്യം. ശ്രേഷ്ഠൻ എത്ര ഉണർവോടുകൂടെ സൂക്ഷിച്ചാലും അവന്റെ പുറമെയുള്ള കാര്യങ്ങൾ ക്രമപ്പെടുത്തുവാൻ മാത്രമല്ലാതെ, അവനെ രക്ഷിക്കുന്നതിനോ, വിശ്വാസിയാക്കുന്നതിനോ, അദ്ദേഹത്തിനു സാധിക്കയില്ല. രക്ഷയ്ക്കു അനുകൂലമായ സാഹചര്യങ്ങൾ എന്തെല്ലാമുണ്ടായിരുന്നാലും, അതുപയോഗിച്ചു തന്നത്താൻ പ്രയത്നിക്കാതിരുന്നാൽ, ഒരുവൻ രക്ഷപ്പെടുകയില്ല. അതുകൊണ്ടു അനിഷേധ്യമായ നിന്റെ ഈ കർത്തവ്യകർമ്മത്തിന്റെ ഗൗരവം ശരിയായി മനസ്സിലാക്കുകയും പൊയ്പോയ സമയം വീണ്ടും പിന്തിരിയുകയില്ലാ എന്ന് ഓർക്കുകയും ചെയ്തുകൊള്ളുക. ശേഷം

പേർ എങ്ങിനെയിരുന്നാലും, നിന്റെ മേൽ നീ സൂക്ഷ്മം കൂടാതിരിക്കരുത്. നീ നിന്നോടുതന്നെ എത്ര ബലം പ്രയോഗിക്കുമൊ, അത്രയും പുണ്യത്തിൽ നീ വർദ്ധിക്കുകയും ചെയ്യുമെന്ന് ക്രിസ്താനുകരണത്തിൽ പറയുന്നു.

സംതോഷണം:— ഇന്നു തിരുസ്സഭ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ആചരിക്കുന്ന ദിവസമാകയാൽ, അദ്ദേഹത്തോടു സംതോഷണം ചെയ്യുക. ഈ വിശുദ്ധൻ സ്വന്തം നിത്യരക്ഷയെ സ്ഥിരപ്പെടുത്തുവാൻ വേണ്ടി റോമാ ചക്രവർത്തിയുടെ സ്നേഹത്തെ തൃജിക്കുകയും, കഷ്ടതരമായ പീഡകളുടെ ഇടയിൽ അമ്പുകളാൽ എയ്യപ്പെട്ട് മരിക്കുന്നതിനു സന്തോഷപൂർവ്വം സമ്മതിക്കയും ചെയ്തു. (ക്രിസ്തബ്ദം ൨൮൭)

ജനുവരി ഇരുപത്തൊന്നാം തിയ്യതി.

നിത്യരക്ഷ ഏറ്റവും മുഖ്യകാര്യമായി നീ കരുതുന്നുണ്ടൊ? എന്നറിയുന്നതെങ്ങിനെ?

പ്രാരംഭം:— ഫ. സ്വർഗ്ഗരാജ്യം ബലവാന്മാരായിരിക്കുന്നു. (മത്തേ. ൧൧. ൧൨.) എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നതു കേൾക്കുന്നതായി വിചാരിക്കുക.

൨. നിത്യരക്ഷയെ സംബന്ധിച്ചു നിന്റെ ഒരുക്കം എങ്ങനെയിരിക്കുന്നെന്നു നല്ലവണ്ണം അറിവാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ധ്യാനം:— ഒരുവന്നു മറ്റെല്ലാ കാര്യങ്ങളെക്കാളും അധികമായി ഒരു കാര്യത്തെപ്പറ്റി വിചാരമുണ്ടായിരുന്നാൽ, അവന്റെ മനസ്സു സദാ അതിൽതന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കും. ഉദാഹരണമായി: ഒരാൾ തന്റെ സമ്പത്തു മുഴുവനെയും സംബന്ധിക്കുന്ന ഒരു വ്യവഹാരത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്നു വിചാ

രിക്കുക, ഏതു സ്ഥലത്തും, ഏതു സമയത്തും അവൻ അതുത
ന്നെയായിരിക്കും വിചാരിക്കയും പറയുകയും ചെയ്യുന്നതു. ആ
വ്യവഹാരത്തെക്കുറിച്ചുള്ള വിചാരം അവന്റെ വേലകളിലും
ആശ്വാസങ്ങളിലും, വിനോദങ്ങളിലും, യാത്രയിലും, ഊണിലും
എല്ലാം അവനോടുകൂടെ ഉണ്ടായിരിക്കും. പ്രഭാതത്തിൽ ഉണരു
മ്പോൾ അതായിരിക്കും അവന്റെ പ്രഥമവിചാരം. രാത്രി നിദ്ര
യ്ക്കു പോകുമ്പോൾ, അതു് അവന്റെ അവസാനത്തെ വിചാരവു
മായിരിക്കും. ഇങ്ങിനെ ആ വ്യവഹാരവിചാരം ഒരിക്കലും അ
വനെ വിട്ടുമാറാതിരിക്കുന്നു.

പ്രായോഗികചിന്ത:— നിന്റെ നിത്യരക്ഷയെക്കുറിച്ചു
ഈ വിധമുള്ള ജാഗ്രത നിന്നിൽ കാണുന്നുണ്ടോ? അതിനെക്കു
റിച്ചുള്ള വിചാരം എപ്പോഴും നിന്നിലുണ്ടോ? പ്രഭാതത്തിൽ ഉണ
രുമ്പോൾ, നിന്റെ പ്രഥമ വിചാരമായിരിക്കുന്നതും, നിദ്രയ്ക്കു
പോകുമ്പോൾ അവസാന വിചാരമായിരിക്കുന്നതും ഇതുതന്നെ
യാണോ? നിന്റെ ഹൃദയത്തിൽ ഗാഢമായി പതിഞ്ഞിരിക്കു
ന്നതും; ഏതു നേരത്തും മുഖ്യമായി നിന്റെ ഹൃദയത്തിൽ ഉണ
ർന്നുകൊണ്ടിരിക്കുന്നതും, നിത്യരക്ഷയെക്കുറിച്ചുള്ള വിചാരമൊ
അല്ലെങ്കിൽ ലൌകികമഹിമ സുഖസന്തോഷങ്ങൾ മുതലായവ
യെപ്പറ്റിയുള്ള വിചാരമൊ? ഇതു നല്ലവണ്ണം പരിശോധിക്കുക.
ഇപ്രകാരം ചെയ്യുന്നതായാൽ, നിനക്കു സിദ്ധിപ്പാനിരിക്കുന്ന
നിത്യതയെക്കുറിച്ചു ഭയപ്പെടുകയൊ, പ്രതീക്ഷയാൽ സമാ
ശ്വസിക്കുകയൊ എന്താണു് വേണ്ടതെന്നു് അറിയാനിട
യാകും.

സ്നേഹപ്രകരണങ്ങൾ:— ഞാൻ നിസ്സാര കാര്യങ്ങളെക്കു
റിച്ചു കൂടക്കൂടെ വിചാരിക്കുകയും, നിത്യരക്ഷ എന്നീ മഹൽകാ
ര്യത്തെക്കുറിച്ചു അപൂർവ്വമായിമാത്രം ചിന്തിക്കുകയും ചെയ്യുന്നതി
നെപ്പറ്റി വിസ്മയിക്കുകയും ലജ്ജിക്കുകയും ചെയ്യുന്നു.

പ്രതിജ്ഞ:— നിത്യതയിൽ ഇതുകൊണ്ടു എന്തുപകാരം?
എന്നു് വി. ലൂയീസ് ഗൊൺസാഗ പറഞ്ഞിരുന്ന വാക്യത്തെ
എപ്പോഴും ഓർമ്മിച്ചു്, അതിന്റെ സാരം അനുസരിക്കാൻ ശീ
ലിക്കുക.

രണ്ടാം വകുപ്പ്

ധ്യാനം:— ഒരു കാര്യം മറെറല്ലാ കാര്യങ്ങളേക്കാളും മുഖ്യമായി വിചാരിക്കുന്നവൻ, അതു ലഭിക്കുമോ, കാലഗതിയിൽ നഷ്ടപ്പെട്ടുപോകുമോ, എന്നുള്ള ചിന്താഭാരത്താൽ ഭയപ്പെടുക പതിവാണു. കാര്യം എത്രത്തോളം ഗൗരവമുള്ളതായിരിക്കുമോ, അത്രത്തോളം അവൻെറ ഉൽകണ്ഠയും ഭയവും അധികരിച്ചിരിക്കും. ഇതു് അനുദിനാനുഭവങ്ങളാൽ നാം കണ്ടുവരുന്നതാണു്.

പ്രായോഗികചിന്ത:— നിൻെറ നിത്യരക്ഷയേക്കാൾ സാരമായ കാര്യം മറെറന്താണുള്ളതു്? മറെറല്ലാ കാര്യങ്ങളെപ്പറ്റിയും നീ ചിന്താകുലനായിരിക്കുന്നുവെങ്കിൽ, നിൻെറ നിത്യരക്ഷ എന്ന മഹൽകാര്യത്തെക്കുറിച്ചു മാത്രം നിനക്കു ഭയവും ചിന്തയും ഇല്ലാതിരിക്കുന്നതിനു എന്താണു കാരണം? അതു് ഒന്നുകിൽ മറെറല്ലാ കാര്യങ്ങളേക്കാളും മുഖ്യമായി നീ അതിനെ വിചാരിക്കുന്നില്ല; അല്ലെങ്കിൽ അതു ഗാഢമായി നിൻെറ മനസ്സിൽ പതിഞ്ഞിട്ടില്ല; ഇതിനു കാരണമെന്നു സ്പഷ്ടമല്ലയൊ? ഇക്കാര്യത്തിൽ നീ ഏറക്കുറെ അബദ്ധത്തിൽ അകപ്പെട്ടിരിക്കുന്നു. ഈ ദുരവസ്ഥയെക്കുറിച്ചു നിനക്കുള്ള ഭയമില്ലായ്മയെ ശരിയായി ആലോചിച്ചാൽ നീ ഭയപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ തോൽവിയേക്കുറിച്ചു ഭയമില്ലാത്തവൻ, ജയോപലബ്ധിക്കു ഉറപ്പുള്ള മാർഗ്ഗങ്ങളെ അന്വേഷിച്ചു എന്നു വരുന്നതല്ലല്ലോ. എന്നാൽ നിത്യരക്ഷ അജ്ഞാനത്തിൻെറ ഫലമാണെന്നു നാമോർക്കണം. സത്യരാജ്യം ബലവത്തായിരിക്കുന്നു. ബലം ചെയ്യുന്നവൻ അതിനെ പിടിച്ചടക്കുകയും ചെയ്യുന്നു എന്നു് ദിവ്യരക്ഷിതാവു അരുളിച്ചെയ്തിട്ടുണ്ടല്ലൊ. (മത്തേ ൧൧. ൧൨.) അതിനാൽ പ്രയത്നം കൂടാതെ സ്വർഗ്ഗരാജ്യം പ്രാപിക്കാമെന്നു നാം കരുതേണ്ടാ.

സ്നേഹപ്രകരണങ്ങൾ:— മരണകരമായ അബദ്ധത്തിലും മാന്ത്രത്തിലും ഞാൻ അകപ്പെട്ടു നശിക്കാതിരിപ്പാനായി, അങ്ങയെക്കുറിച്ചുള്ള അനുഗ്രഹീതമായ ഭയത്താൽ എൻെറ മാംസത്തെ കുത്തിപ്പിളർക്കേണമെ എന്നു ദാവീദുരാജാവിനോടുകൂടെ ഞാനും അപേക്ഷിക്കും. (സങ്കീ. ൧൧൯. ൧൨൦.)

പ്രതിജ്ഞ:— സർവ്വോപരി ദൈവത്തെ ഭയപ്പെട്ടു നടക്കുക എന്നാൽ അവസാന സമയം നിനക്കു സംപൂർണ്ണമായ സമാധാ

നം ലഭിക്കും. പരിശുദ്ധാത്മാവിയുടെ ഈ വചനത്തെ അനുകരിച്ചു ജീവിപ്പാൻ ശ്രമിക്കുക. (സുഭാ. 4-ന. ക്ര. ക്രവ്യ)

മൂന്നാം വകുപ്പു

സ്വാനം:— ഒരു കാര്യത്തെ മറെറല്ലാറെറിനേക്കാൾ മുഖ്യമായി വിചാരിക്കുന്നവൻ, ആ കാര്യത്തിന്റെ സിദ്ധിക്കായി എന്തെല്ലാം ചെയ്താലും, ഒരിക്കലും അധികമായെന്നു വിചാരിക്കാറില്ല. തന്റെ സമ്പത്തിനെ സംബന്ധിക്കുന്ന വ്യവഹാരത്തിൽ ഉൾപ്പെട്ടുന്ന ഒരു മനുഷ്യന്റെ സ്ഥിതി തന്നെ നോക്കുക. അവൻ അതിൽ വിജയം പ്രാപിപ്പാനുള്ള പുതിയ പുതിയ മാർഗ്ഗങ്ങൾ ഇടവിടാതെ അന്വേഷിക്കുന്നു. ഒരുവനോടു് ആലോചിച്ച കാര്യം, ഉടനെ മറെറാരുത്തനോടു് ആലോചിക്കുന്നു. കാര്യസിദ്ധിക്കുള്ള ഒരു വഴി കണ്ടുവെച്ച ശേഷവും, അതിനേക്കാൾ നല്ലതായ വേറൊരു മാർഗ്ഗം ഉണ്ടോ എന്നു് പിന്നെയും അന്വേഷിക്കുന്നു. വളരെ സമർത്ഥന്മാരായ അഭിഭാഷകന്മാരുടെ സഹായം ലഭിച്ചിരുന്നാലും, മതിയായ ധൈര്യം അവനിൽ കാണപ്പെടുന്നില്ല; ഓരോ ദിവസങ്ങളും മണിക്കൂറുകളും എന്നല്ല, നിമിഷങ്ങളും തന്നെയും, നവംനവങ്ങളായ ന്യായങ്ങളും, യുക്തികളും ആലോചിച്ച തന്നെ അവൻ കഴിച്ചുകൂട്ടുന്നു. അവയിൽ എത്രയും നിസ്സാരമായവകൂടെയും, അവൻ കാര്യമായി അംഗീകരിക്കുകയും ചെയ്യുന്നു. താൻ ചെയ്ത വേല വേണ്ടിടത്തോളമായെന്നു ഒരിക്കലും അവനു തോന്നുകയുമില്ല. ഇതു് വാസ്തവമല്ലയോ?

പ്രായോഗികചിന്ത:— എന്നാൽ നമ്മുടെ പരമാന്യലബ്ധിയുടെ കാര്യം നാം സവ്വപ്രധാനമായി മതിക്കുന്നപക്ഷം; മേല്പറഞ്ഞ ലൌകിക വ്യവഹാരിയുടേതിൽ കൂടുതലായ ഒരു മനോവ്യഗ്രത ഇക്കാര്യത്തിൽ നമുക്കും കാണേണ്ടതല്ലയോ? ഉപേക്ഷിക്കാൻ വഹിയാത്ത കാര്യങ്ങളെ മാത്രം—അതായതു, ഖണ്ഡിതമായി കല്പിച്ചിട്ടുള്ള കൃത്യങ്ങൾ മാത്രം—ചെയ്താൽ മതി എന്നു വിചാരിക്കുന്ന ചില മന്ദബുദ്ധികളായ സന്യാസികളേപ്പററി എന്തു പറയട്ടെ! നീ അവരെ അനുകരിക്കാതെ, സുസ്ഥിരയത്നത്തെ ആശ്രയിച്ചിരിക്കുന്ന സ്വർഗ്ഗപ്രാപ്തിക്കായി, എന്തെല്ലാം മാർഗ്ഗങ്ങൾ പ്രയോഗിച്ചാലും, എത്ര വേലയെടുത്താലും വേണ്ടിടത്തോളം ആയെന്നു് ഒരിക്കലും വിചാരി

ക്കാതിരിക്കുക: നീ ഈ ഉപദേശത്തെ താത്പര്യമായി സമ്മതിക്കുമെന്നതിനു് സംശയമില്ല. എന്നാൽ നിന്റെ പ്രവൃത്തികളും ഈ തത്വത്തിനു് അനുയോജ്യമായിരിക്കുന്നുണ്ടോ? ഈ ചോദ്യത്തിനുള്ള ഉത്തരം നീ നിന്നെത്തന്നെ നിഷ്കപടമായി പരിശോധിച്ചു കണ്ടുപിടിക്കുക. ഈ ആത്മിക പരിശോധനയുടെ ഫലം ദൈവശുശ്രൂഷയിൽ ഏറ്റവും വലിയ ഉത്സാഹം നിന്നിൽ ജനിപ്പിക്കും; സംശയമില്ല.

സംഭാഷണം:— വിശ്വാസ ജയീസ് ഗ്രൊൻസാഗയോടു് സംസാരിക്കുക. ഒരു ദൈവഭക്തനു തുല്യം നിർമ്മലനായിരുന്ന ആ ബാലൻ പ്രകൃത്യാതന്നെ ദൈവശുശ്രൂഷയിൽ ശ്രേഷ്ഠാതിയുള്ളവനായിരുന്നുവെങ്കിലും, തന്റെ നിത്യരക്ഷയെ സംബന്ധിച്ചു ചെയ്യേണ്ടവയിൽ വല്ലതും ഉപേക്ഷിച്ചുപോയേക്കുമോ എന്നുള്ള ഭയത്താൽ, ഏറ്റവും കഠിനമായ തപസ്സും ചെയ്തിരുന്നു. എന്നാൽ നീ പലപ്പോഴും ഗൗരവതരമായ പാപങ്ങളാൽ നിത്യരക്ഷ അപകടത്തിലാക്കുകയും, അതേ സ്ഥിതിയിൽ തന്നെ വളരെ നാൾ ജീവിക്കയും ചെയ്തിട്ടില്ലയോ? നിന്നെക്കുറിച്ചു നീ എന്തു വിചാരിക്കുന്നു? ആകയാൽ തപക്രിയകളിൽ താല്പര്യം ജനിക്കുവാൻ വേണ്ടി ഈ വിശ്വാസിയുടെ മദ്ധ്യസ്ഥതയെ നീ അഭ്യർത്ഥിക്കുക.

ജനുവരി ഇരുപത്തിരണ്ടാം തിയ്യതി.

ത്രിക്കുട്ടുംബം ഈജിപ്തിലേയ്ക്കു് യാത്രചെയ്യുന്നു.

പ്രാരംഭം:— ക്ര. ഈജിപ്തു് ദേശത്തിലേയ്ക്കു പോയി മറഞ്ഞുകൊള്ളണമെന്നുള്ള കല്പന ദൈവഭക്തൻ ത്രിക്കുട്ടുംബത്തെ അറിയിക്കുന്നതു് നാം കാണുന്നുവെന്നു സങ്കല്പിക്കുക.

വ. വി. യൌസേപ്പും പരി: കന്യകമറിയവും പ്രഭാതശിപ്പിച്ച വിശ്വാസം, ദൈവതിരുമനസ്സിനോടുള്ള മനസംയോജിത എന്നീ പുണ്യങ്ങളും നമുക്കും സിദ്ധിക്കാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ഈജിപ്ത് ദേശത്തിലേയ്ക്കു ഓടിപ്പോകേണമെന്നുള്ള കല്പന തൃക്കട്ടംബം സ്വീകരിക്കുന്നു.

ധ്യാനം:— കർത്താവിന്റെ ദൂതൻ വി. യൌസേപ്പിന്നു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു്, "നീ എഴുന്നേറ്റു ശിശുവിനെയും അമ്മയുടെ മാതാവിനെയും കൂട്ടിക്കൊണ്ടു് ഈജിപ്തിലേയ്ക്കു് ഓടിപ്പോവുക" (മത്തേ. ൨. ഫ്രം) എന്നു കല്പിച്ചു. വി. യൌസേപ്പുപിതാവും പരിശുദ്ധ കന്യകമറിയവും ദരിദ്രരായിരുന്നെങ്കിലും, അവർ ഈശോയോടുകൂടെ ഏറ്റവും സുഖത്തിലും സമാധാനത്തിലും ജീവിച്ചിരുന്നു. അവർക്കു പരിതസ്ഥിതികളേപ്പറ്റി ഭയമൊ, വിശ്വാസക്കുറവൊ, ഉണ്ടായിരുന്നില്ല. എന്നാൽ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ തന്നെ കബളിപ്പിച്ചു എന്നു് ഹെറോദേസ് മനസ്സിലാക്കിയതിനാൽ (മത്തേ. ൨. ൧൬) അയാൾ ദിവ്യശിശുവിനെ കൊല്ലുവാൻ വേണ്ട ഒരുക്കങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു. സർവ്വശക്തനായ ദൈവത്തിന്നു ദിവ്യ ഉണ്ണിയെ രക്ഷിച്ചിരുന്നവരുടെ മേൽ പ്രത്യേക വിചാരം ഉണ്ടായിരുന്നതിനാൽ, ഹെറോദേസിന്റെ ഈ ദുഷ്ട ആലോചനകളെ അവിടുന്നു് അവർക്കു വെളിപ്പെടുത്തുകയും, അതിൽനിന്നൊഴിയുന്നതിന്നുള്ള മാർഗ്ഗങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്തു.

പ്രായോഗികചിന്ത:— ദൈവം തന്റെ ശുശ്രൂഷികളുടെ നേർക്കു് കാണിക്കുന്ന പരിപാലനാവൈഭവത്തെ നമുക്കു ഈ സംഭവത്തിൽനിന്നു മനസ്സിലാക്കാം. അവർക്കു പീഡകളും ഞെരുക്കങ്ങളും നേരിടായ്വാൻ നോക്കാമെന്നല്ല ദൈവത്തിന്റെ വാഗ്ദാനം. നേരിട്ടാൽ അവരെ കാത്തുകൊള്ളാമെന്നും നിയമിതശ്രേഷ്ഠന്മാർ മുഖാന്തരം അവയെല്ലാം നേർവഴിയെ ശുഭ പരിണാമാത്മകം പ്രയോഗപ്പെടുത്തിക്കൊള്ളാമെന്നുമത്രെ. തന്റെ ദാസന്മാരുടെ വിപത്സങ്കടങ്ങളിൽ ദുഷ്ടന്മാരുടെ കൌശലങ്ങൾ അവർക്കുതന്നെ ലജ്ജയ്ക്കു ഹേതുവാക്കുമാറു് വിഫലപ്പെടുത്തിക്കളകനന്നെന്നു കാണുമ്പോൾ അങ്ങിനെ ചെയ്യാനും അവിടുത്തേയ്ക്കു് അറിയാം. തൃക്കട്ടംബം ഈജിപ്തിലേയ്ക്കു് നയിക്കപ്പെട്ട ആ സംഭവം കൊണ്ടും, വേദാഗമങ്ങളിലും, തിരുസ്സഭാചരിത്രത്തിലും ഏതാട്ടുമായുള്ള മറ്റനേകം ദൃഷ്ടാന്തങ്ങൾ കൊ

ണ്ടും; ഇതു നമുക്കു സ്പഷ്ടമായി ഗ്രഹിക്കാവുന്നതാണു.

സ്നേഹപ്രകരണങ്ങൾ:— ദൈവപരിപാലനയെ യഥാർത്ഥമായി വിശ്വസിക്കുകയും അതിനെ ശരണം പ്രാപിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— പൊതുവായും പ്രത്യേകമായും ഉണ്ടാകുന്ന ദുഃഖങ്ങളിലും അനർത്ഥങ്ങളിലും മിശിഹായുടെ പ്രമാദരഹിതമായ പ്രബോധനത്തിനു തക്കവണ്ണം, വിചാരിപ്പാനും, പ്രവർത്തിക്കാനും പരിശീലിക്കുക.

രണ്ടാംവകുപ്പു.

അടയ സങ്കേതത്തിലേയ്ക്കു ഓടിപ്പോകണമെന്നുള്ള കല്പനയെ വി. യൗസേപ്പു ദൈവജനനിയെ അറിയിക്കുന്നു.

ധ്യാനം:— കർത്താവിന്റെ ദൂതൻ വി. യൌസേപ്പിനു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു് ഈജിപ്തിലേയ്ക്കു് വേഗം പോകണമെന്നു് അറിയിച്ചുവല്ലൊ. എന്നാൽ പുണ്യത്തിലും വിശുദ്ധിയിലും വി. യൌസേപ്പിനേക്കാൾ ഔന്നത്യവും, ദൈവത്തോടു കൂടുതൽ അടുപ്പവും പ്രാപിച്ചിരിക്കുന്നവളായ ദൈവജനനിയെ ഈ കാര്യം നേരിട്ടു് അറിയിക്കയുണ്ടായില്ല. ഇതിന്റെ കാരണം:— ഒന്നാമതു്: വി. യൌസേപ്പു ദൈവജനനിയുടെ ന്യായാനുസൃതമായ ഭർത്താവായിരുന്നു. രണ്ടാമതു്: തൃക്കുടുംബത്തിന്റെ നായകനായിരുന്നു. മൂന്നാമതു്: കീഴുള്ളവർ പുണ്യത്തിൽ എത്ര ഉയർന്നിരുന്നാലും അവർ ശ്രേഷ്ഠന്മാർ വഴിയായിട്ടത്രേ നയിക്കപ്പെടേണ്ടതു് എന്നു കാണിക്കുന്നതിനുമായിരുന്നു. അതുകയാൽ നാം ശ്രേഷ്ഠന്മാരെ അനുസരിക്കുന്നതിൽ അവരുടെ പുണ്യവും യോഗ്യതയുമല്ല, മാനദണ്ഡമായി സ്വീകരിക്കേണ്ടതു്; അവരുടെ അധികാരത്തെയാണു്. നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. (ലൂക്കാ. ഫ്ര. ഫ്രന്ച.) എന്ന വേദവാക്യപ്രകാരം, ആദ്ധ്യാത്മികഭരണകർത്താക്കൾ ദൈവത്തിന്റെ പ്രതിനിധികളത്രേ; ഈ വാസ്തവമാണു് അവരെ കീഴ്വഴങ്ങി നടക്കുവാൻ നമ്മെ കടപ്പെടുത്തിയിരിക്കുന്നതു്.

പ്രായോഗികചിന്ത:— ദൈവം സ്ഥാപിച്ചിട്ടുള്ള ഈ മുറയ്ക്കും പഠനത്തിനും ഒത്തവിധം ഞാൻ വ്യാപരിച്ചുവരുന്നുണ്ടോ?

എന്റെ ശ്രേഷ്ഠൻ എന്നിലിളയവനും, വളരെ ഒട്ടക്കം മാത്രം സഭയിൽ ചേർന്നയാളും, എന്നേക്കാൾ യോഗ്യത കുറഞ്ഞയാളുമാണ് എന്നീ കാരണങ്ങളാൽ, ഞാൻ ചിലപ്പോഴൊക്കെ അല്പം ഹത്തെ മനഃപൂർവ്വാനസരണത്തോടെ വഴങ്ങാതെയും വേണ്ടവിധം ബഹുമാനിക്കാതെയും ഇരുന്നിട്ടില്ലയൊ? അങ്ങിനെ വരുന്ന പക്ഷം; ദൈവം സ്ഥാപിച്ച ക്രമം എന്തെന്നു ഞാൻ മനസ്സിലാക്കുകയോ, കീഴവഴക്കം എന്ന പുണ്യത്തിന്റെ യഥാർത്ഥ സ്വരൂപം ഇന്നതെന്നു ഗ്രഹിക്കയൊ ചെയ്തിട്ടില്ലെന്നു നിശ്ചയമല്ലേ? ക്രൂടാതെയും ഇതുപേക്ഷിക്കുമുള്ള കീഴ്വഴക്കം മൂകളിൽ പറഞ്ഞ വിധമാണെങ്കിൽ, അതു സ്വർഗ്ഗസമ്മാനത്തിനു് ഒരുത്തനെ അർഹനാക്കുന്ന സദ്ഭാവാതീതമായ അനുസരണമല്ലാ, കേവലം ലൗകികമായ ന്യായങ്ങളും മര്യ്യാദകളും അസ്പഷ്ടമാക്കി ചെയ്യുന്ന കീഴ്വഴക്കം മാത്രമാണെന്നതിൽ എന്താണു സംശയം?

സ്നേഹപ്രകരണങ്ങൾ:— ദൈവം സ്ഥാപിച്ച മുറയ്ക്കു് അനുസൃതം എല്ലായ്പ്പോഴും അധികൃതന്മാരെ കീഴ്വഴങ്ങുവാൻ ശ്രമിക്കുക.

പ്രതിജ്ഞ:— കുറവില്ലാത്തവരായി മനുഷ്യരിൽ ആരും തന്നെ ഉണ്ടാവാൻ തരമില്ലാത്തതുകൊണ്ടു്, ഞാൻ എന്റെ ശ്രേഷ്ഠനിലുള്ള ന്യൂനതകളെ ഗണനിക്കാതെ, അല്പമെങ്കിലും ദൈവത്തിന്റെ പ്രതിനിധി എന്നുമാത്രം വിചാരിക്കും.

മൂന്നാംവകുപ്പു.

ദൈവദൂതൻ വി. യൌസേപ്പിനെ അറിയിച്ച കല്പന.

ധ്യാനം:— "ഈജിപ്തിലേയ്ക്കു ഓടിപ്പോകുക; ഞാൻ നിന്നോടു പറയുന്നതുവരെ അവിടെ പാർക്കുകയും ചെയ്യുക" (മത്തേ. ൨. ഫനു) എന്ന ആ കല്പനയുടെ ഒരു ഭാഗത്തു് "ഞാൻ നിന്നോടു പറയുന്നതുവരെ അവിടെ പാർക്കുക" എന്ന കല്പിച്ചുകൊണ്ടു്, ആ പരദേശവാസത്തിന്റെ കാല ദൈർഘ്യത്തെ അറിയിക്കാതിരിക്കുന്നതിനാൽ; പരി. ദൈവജനനിയും വി. യൌസേപ്പും, ന്യായാന്യായങ്ങളെയൊ, കായ്യാകായ്യങ്ങളെയൊ പറഞ്ഞു ചോദ്യം ചെയ്യാതെ, ദൈവകല്പനയ്ക്കു കീഴ്വഴങ്ങണമെന്നു മാത്രം അവശ്യപ്പെടുന്നതും; ഇതരഭാഗത്തു ഹേറോദേസ്, വധിക്ക

ന്നതിനുവേണ്ടി ശിശുവിനെ അന്വേഷിപ്പാനിരിക്കുന്നതിനാൽ അവിടത്തെയുംകൊണ്ട് പരദേശത്തിലേയ്ക്ക് ഓടിപ്പോകുവാൻ അവരോട് പറയുന്നതും സംബന്ധിച്ചു നാം നന്നായി ചിന്തിക്കുക.

പ്രായോഗിക ചിന്ത:— ഇതിൽനിന്നും നാം ഗ്രഹിക്കേണ്ടതു: തങ്ങൾ കല്പിക്കുന്നതിനുള്ള കാരണം കീഴുള്ളവരെ അറിയിക്കുകയൊ അറിയിക്കാതിരിക്കുകയൊ ചെയ്യാൻ ശ്രേഷ്ഠന്മാർക്കു സ്വതന്ത്ര്യമുണ്ട്. കല്പനയുടെ ന്യായങ്ങളെ അവർ പലപ്പോഴും വിവേകപൂർവ്വം മറച്ചുവെയ്ക്കാറുണ്ട്. ചിലപ്പോൾ അവ ഭരണീയരെ അറിയിക്കേണ്ടതും ആവശ്യമായിവരാം. കല്പിക്കപ്പെട്ട കാര്യം ഏറ്റം വേഗത്തിൽ നിവൃഹിക്കേണ്ടതിനും, അവ നിവൃഹിക്കേണ്ട വിധം ഗ്രഹിക്കുന്നതിനും ഈ അറിവ് കീഴുള്ളവർക്കു ചിലപ്പോൾ അത്യാവശ്യമായിരിക്കാം. കീഴുള്ളവരുടെ ബലഹീനതയും ന്യൂനതയും കൊണ്ടും കല്പനയ്ക്കുള്ള കാരണം അവരെ ധരിപ്പിക്കേണ്ടിവരും. എന്നാൽ കീഴ്വഴക്കത്തിന്റെ യോഗ്യത നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ളവർ, ന്യായം ഒന്നും അന്വേഷിക്കാതെ കല്പന ഒന്നുമാത്രമെ നോക്കുകയുള്ളു. അങ്ങിനെയുള്ളവരെ നാം അനുകരിക്കുകയും, ഏറ്റം പൂർണ്ണമായ കീഴ്വഴക്കം സമ്പാദിപ്പാൻ എപ്പോഴും ആഗ്രഹിക്കുകയും ചെയ്യേണ്ടതത്രെ.

സംഭാഷണം:— പരിശുദ്ധ കന്യകയോടും വി. യൌസേപ്പിനോടും സംഭാഷണം ചെയ്യുക. ഉത്തമമായ കീഴ്വഴക്കത്തെ എപ്പോഴും ആഗ്രഹിക്കുവാനും ശ്രേഷ്ഠന്മാർ വഴിയായി ദൈവം കല്പിക്കുന്നതൊക്കയും ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് സന്തോഷത്തോടും നിഷ്കപടതയോടുംകൂടെ സ്വീകരിക്കുവാനും വേണ്ട അനുഗ്രഹം ലഭിച്ചുതരുവാനായി പ്രാർത്ഥിക്കുക.

ജനുവരി ഇരുപത്തിമൂന്നാം തിയ്യതി

പരി. ദൈവജനനിയുടെയും വി. യൌസേപ്പുപിതാവിന്റെയും വിസ്മയനീയമായ കീഴ്വഴക്കം.

പ്രാരംഭം:— ഫ. തൃക്കുടുംബം ഈജിപ്തിലേയ്ക്കു പോകുന്നതു കാണുന്നതായി വിചാരിക്കുക.

ഫ. എപ്പോഴും മേലധികാരികളെ പൂർണ്ണമായി കീഴ്വഴങ്ങിവരുവാൻ വേണ്ട ദൈവവരം പ്രാർത്ഥിക്കുക.

ധ്യാനം:— പരി. ദൈവജനനിയേയും വി. യൌസേപ്പിനേയും, അവരുടെ സമ്പൂർണ്ണമായ ത്യാഗവും, സഹനവും അനുസരണവും പ്രത്യക്ഷീഭവിക്കുമാറു്; വിദേശഗമനത്തിനു നിയോഗിക്കാതെ തന്നെ ഹേറോദേസിന്റെ കരത്തെ തടുക്കുകയും, അവന്റെ അഹങ്കാരത്തെ താഴ്ത്തുകയും ചെയ്യുക ദൈവത്തിനു അസാദ്ധ്യമായിരുന്നോ? അഥവാ അവർ പരദേശത്തിലേയ്ക്കു പോകണമെന്നിരുന്നാൽ തന്നെയും, ഇസ്രായേൽ ജനത്തിന്റെ ബദ്ധവൈരികളായ ഈജിപ്ത്യരുടെ പക്കലേയ്ക്കു അവരെ അയക്കുന്നതിനേക്കാൾ ഭേദം, അവർക്കു അറിവും പരിചയവുമുള്ള മൂന്നു രാജാക്കന്മാരുടെ നാട്ടിലേയ്ക്കു അയക്കുകയായിരുന്നില്ലെ? അതുമല്ലെങ്കിൽ യാത്രയ്ക്കു വേണ്ട ഒരുക്കം ചെയ്യുന്നതിനു തക്കവണ്ണം കുറെ നേരത്തെ തന്നെ വിവരം അറിയിക്കാമായിരുന്നില്ലെ? എന്നിങ്ങനെ പല യുക്തിവാദങ്ങൾ, ദൈവതിരുവുള്ളത്തെ ശരിയായി അനുസരിക്കാൻ തങ്ങൾക്കുള്ള കടമയും, അങ്ങനെയുള്ള അനുസരണത്തിന്റെ വിലയും അറിയാത്ത മനുഷ്യർ പുറപ്പെട്ടു വിച്ചേക്കാം. എന്നാൽ പരി. ദിവ്യജനനിയും വി. യൌസേപ്പും ഇത്തരം കുയുക്തികളെ മനസ്സിൽ വിചാരിക്കുകപോലും ചെയ്തില്ല. ദൈവം തന്റെ പ്രതിനിധി വഴിയായി എന്തറിയിച്ചുവൊ, അതു ശ്രവിക്കുന്നതിനു മാത്രമെ അവർ കാംക്ഷിച്ചുള്ളു. അവിടത്തെ തിരുവുള്ളം എന്തോ, അതുതന്നെ ഉത്തമമെന്നും വിചാരിച്ചു് അവർ കീഴ്വഴങ്ങി.

പ്രായോഗികചിന്ത:— എന്തെങ്കിലും കല്പിക്കപ്പെട്ടുമ്പോൾ നാം ആ കല്പനയുടെ ന്യായത്വാന്യായതയെ അന്വേഷിക്കാതെ, ദൈവമാതാവിനേയും യൌസേപ്പുപിതാവിനേയും പോലെ, സ

ന്ത യുക്തികളേയും ന്യായങ്ങളേയും സൈയ്യും അമത്തിക്കൊ ണ്ടു്, സ്വാത്മനാ കീഴ്വഴങ്ങണം; എന്തുകൊണ്ടെന്നാൽ നമു ക്കു ലഭിക്കുന്ന കല്പനകളുടെ ന്യായം അറിഞ്ഞു് അതു നല്ലതൊ പ്രയോജനമുള്ളതൊ എന്നു നോക്കിയതിന്നു ശേഷം മാത്രം കീ ഴ്വഴങ്ങുകയാണെങ്കിൽ, നമ്മുടെ ആ കീഴ്വഴക്കം ദൈവത്തിനു മനസ്സിനേക്കാൾ, നമ്മുടെ ബുദ്ധിയേയും യുക്തിയേയുമാണാശ്രയി ച്ചിരിക്കുക. എന്നാൽ ദൈവത്തിനുവുള്ളം എപ്രകാരമൊ, അപ്ര കാരംതന്നെ നാമും പ്രവർത്തിക്കുന്നില്ലെങ്കിൽ, നമ്മുടെ കീഴ്വഴ ക്കത്തിന്റെ വില വളരെ താഴ്ന്നുപോകും.

സ്നേഹപ്രകരണം:— "അതേ, പിതാവെ; എന്തെന്നാൽ ഇപ്രകാരം അങ്ങയ്ക്കു പ്രസാദംതോന്നി." (മത്തേ ഫ്ര. വന്ന) എ ന്നു് ഈശോകർത്താവിനോടുള്ളതെ ചൊല്ലിക്കൊണ്ടു പ്രയാസമുള്ള എല്ലാക്കായ്ങ്ങളിലും നമ്മുടെ വിശ്വാസവും മനോ ധൈര്യവും അനുസരണവും വർദ്ധിപ്പിക്കുക.

പ്രതിജ്ഞ:— സന്ന്യാസികളുടെ ധർമ്മാനുസൃതമായ കീഴ്വ ഴക്കത്തിന്നും, നമ്മിൽ ഓരോരുത്തർ അനുവർത്തിക്കുന്ന കീഴ്വ ഴക്കത്തിന്നും തമ്മിലുള്ള വ്യത്യാസം കണ്ടുപിടിക്കുക: സന്ന്യാ സയോഗ്യമായ കീഴ്വഴക്കത്തിന്റെ തത്വാനേഷണം നട ത്തുന്നതു നല്ലതാണെങ്കിലും; * നമ്മിൽ ഓരോരുത്തരെ സംബ ന്ധിക്കുന്ന കീഴ്വഴക്കത്തെക്കുറിച്ചു് തർക്കിക്കേണ്ടതില്ല. കുറ റമല്ലാത്ത എല്ലാ കായ്ങ്ങളിലും ദൈവത്തെപ്രതി നാം കീഴ്വഴ ങ്ങുക.

രണ്ടാംവകുപ്പു്.

ധ്യാനം:— കല്പന കിട്ടിയിട്ടു് ഒട്ടും താമസിക്കാതെ പരി. ദൈവജനനിയും വി. യൌസേപ്പും അതിന്നു കീഴ്വഴങ്ങി. സുവിശേഷകൻ പറയുന്നതുപോലെ; വി. യൌസേപ്പു എഴുന്നേ റ്റു് കർത്താവിങ്കൽനിന്നും തനിക്കുണ്ടായ കല്പന ദൈവജന നിയെ അറിയിക്കുകയും, അവർ ഇരുവരും പൂർണ്ണമനസ്സോടെ അതിന്നു കീഴ്വഴങ്ങുവാൻ ഒരുങ്ങുകയും ചെയ്തു. നേരം വെള

* ഒരു സന്ന്യാസി ഏതെല്ലാംകായ്ങ്ങളിൽ, അതൊക്കെല്ലാം ഏതു് വിധത്തിൽ കീഴ്വഴങ്ങണം എന്നിതുകൂടെ അറിഞ്ഞിരിക്കുന്നതു് നല്ലതാകുന്നു.

ക്കുന്നതുവരെയൊ മറെറാ താമസിക്കാതെ, അവർ ഉടനെ ശിശുവിനെ കരങ്ങളിലെടുത്തു ആ രാത്രിതന്നെ പുറപ്പെട്ടുകയായി. "അയാൾ എഴുന്നേററു രാത്രിയിൽ ശിശുവിനെയും അമ്മെ മാതാവിനെയും കൂട്ടിക്കൊണ്ടു ഈജിപ്തിലെയ്ക്കു പോയി" (മത്തേ. ൨. ൧൪.)

പ്രായോഗികചിന്ത:— ശുശ്രൂഷാന്തിപൂവ്വകമായ ഈ കീഴ് വഴക്കത്തിന്നും നമ്മുടെ കീഴ്വഴക്കത്തിന്നും തമ്മിൽ പല പ്പോഴും എത്ര വലിയ വ്യത്യാസം സംഭവിച്ചിട്ടുണ്ടു? സഭയിലു ള്ള ഓരോ ചട്ടങ്ങൾ കാക്കുന്നതിന്നും അല്മീയാത്മികാഭ്യാസങ്ങ ളിൽ പങ്കുകൊള്ളുന്നതിന്നും നാം എത്രകണ്ടു താമസം വരുത്താ റുണ്ടു? അവയെപ്പററി നാം എത്രവളരെ ശങ്കിച്ചിട്ടുണ്ടു? സഭയെ സംബന്ധിക്കുന്ന പൊതു പ്രവൃത്തികൾ നടത്തുന്നതി ന്നു് ആജ്ഞാപിക്കുന്ന അടയാളം ലഭിക്കുമ്പോൾ, ഭയവും ശങ്ക യും ക്ലാതെയും, നിസ്സാര കാരണങ്ങൾ കൊണ്ടും, സുഖച്ഛയും ഇന്ദ്രിയാനന്ദവും മൂലമായിട്ടും, നാം ആ അടയാളത്തിന്നു കീഴ് വഴങ്ങുന്നതിൽ മടിയും, താമസവും കാണിക്കാറില്ലയോ? നമ്മെ ഭരമേല്പിച്ച കാര്യത്തിൽ പ്രത്യേക ശ്രദ്ധ കാണിപ്പാൻ ആവ ശ്യമായിരിക്കെ, ഈളശമായ ഉദാസീനത പലപ്പോഴും വലിയ തിന്മയ്ക്കു കാരണമായേക്കും. ദൈവേച്ഛതന്റെ കല്പനയ്ക്കു വി. യൗ സേപ്പു ഉടനെ കീഴ്വഴങ്ങാതെ ഇരുന്നെങ്കിൽ, അദ്ദേഹം ഭരമേ ററിരുന്ന കാര്യം എത്രവലിയ അപകടത്തിലാകുമായിരുന്നു!

സ്നേഹപ്രകരണങ്ങൾ:— ദേവമാതാവും യൌസേപ്പുപിതാ വും പ്രയാസമുള്ള കാര്യങ്ങളിൽ എത്ര ശുശ്രൂഷാന്തിയോടെ കീഴ്വ ഴങ്ങി എന്ന സംഗതി ഓർത്തുകൊണ്ടു, കഴിഞ്ഞ ജീവിതത്തി ലെ അനേക കുററങ്ങളേക്കുറിച്ചു് ലജ്ജിക്കുകയും ദൈവതിരുമു മ്പാകെ സവിനയം താഴ്ത്തുകയും മാപ്പു അപേക്ഷിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— ഇന്നുമുതൽ അല്പകാര്യങ്ങളിൽ ക്രടേയും വലിയ ശുശ്രൂഷാന്തിയോടുക്രടെ ഞാൻ കീഴ്വഴങ്ങുന്നുണ്ടു.

മൂന്നാംവകുപ്പു

ധ്യാനം:— മഹാമനസ്സുതയോടെ അവർ കീഴ്വഴങ്ങുന്നു. അവർ ആവലാധിയൊന്നും പറയാതേയും; തങ്ങളുടെ ചാർച്ച

ക്കാരുടെയും സ്നേഹിതന്മാരുടെയും, ഇടയിൽ നിന്നിങ്ങനെ പെട്ടെന്നു വിട്ടുപോകേണ്ടതിനെപ്പറ്റി ദുഃഖമോ, ചാഞ്ചല്യമോ കാണിക്കാതെയും, തങ്ങളുടെ യാത്രയുടെ അവസാനം എന്തായിരിക്കുമോ എന്നു ഭയമോ ആശങ്കയോ ഭാവിക്കാതെയും, ഉടനെ കല്പനയ്ക്കു കീഴ്വഴങ്ങുകയാണുണ്ടായതു്. എന്തുകൊണ്ടെന്നാൽ തങ്ങളുടെ ക്രൂടെയുള്ള ഈശോ തങ്ങളുടെ സർവ്വസ്വമാണെന്നു് അവർ പൂർണ്ണമായും വിശ്വസിച്ചിരുന്നു. അവിടുന്നു് അവരോടൊന്നിച്ചുള്ളപ്പോൾ, ഏതു വിഷമങ്ങളും അവർക്കു നിഷ്പ്രയാസം തരണം ചെയ്യാമെന്നും, യാതൊരപകടവും അവർക്കു ബാധകമാകയില്ലെന്നും; തങ്ങളെ ഉപദ്രവിപ്പാൻ ആർക്കും സാധിക്കുകയില്ലെന്നും അവർ അറിഞ്ഞിരുന്നു.

പ്രായോഗികചിന്ത:— നാം നമ്മുടെ സ്വന്ത മനസ്സും സ്വാതന്ത്ര്യവും ദൈവത്തിനു സമർപ്പിച്ചിരിക്കുന്നതിനെ ഓർത്തു്, നാം നമ്മെത്തന്നെ ഉപേക്ഷിക്കുന്ന അളവിൻപ്രകാരം നമ്മുടെ ശ്രേഷ്ഠന്മാർ വഴിയായി, നമ്മുടെ സ്വർഗ്ഗോദ്ദേശമായ സ്വർഗ്ഗത്തിലേയ്ക്കു നമ്മെ നടത്തിക്കൊണ്ടു പോകുവാൻ ദൈവം കടപ്പെട്ടിരിക്കുന്നുവെന്നു് നാം വിചാരിക്കണം. ഈ വിചാരം നമ്മിൽനിന്നു എല്ലാവിധ ഭയവും സംശയങ്ങളും അകറ്റിക്കളയുന്നതാണു്. ആവലാധി കൂടാതെ, മനഃസ്ഥൈര്യത്തോടുകൂടി എപ്പോഴും കീഴ്വഴങ്ങി ജയശാലികളാകുന്നതിനു് അതു നമുക്കു ഇടവരുത്തുകയും ചെയ്യും. അങ്ങനെയാൽ എന്തെങ്കിലും പ്രയാസം നേരിടുമ്പോൾ ദൈവത്തിൽ മാത്രം ആശ്രയിച്ചുകൊണ്ടു്, "എന്നെ ശക്തിപ്പെടുത്തുന്ന ദൈവത്തിൽ സകലത്തിനും ഞാൻ ശക്തനാകും" (ഫിലി. ൪. ൧൩.) എന്നു് വിശുദ്ധ പൌലോസിനപ്പോലെ നമുക്കും പറയാം. വിശുദ്ധമായ ഈ വിചാരങ്ങളെ അനുസരിക്കയും നമ്മുടെ ഹൃദയത്തിൽ സ്ഥിരമായി പ്രതിഷ്ഠിക്കയും ചെയ്യുക.

സംഭാഷണം:— ഈജിപ്തിലേയ്ക്കു് ഓടിപ്പോകുവാനുള്ള കല്പന തുടക്കുമ്പോഴത്തെ അറിയിക്കുകയും അവരുടെ വിസ്മയനീയമായ കീഴ്വഴക്കത്തെ കാണുകയും ചെയ്ത ദൈവദൂതനോടു് സംസാരിക്കുക. ഈ സന്ദർഭത്തിൽ പരി. ദൈവജനനിയും വി. യൌസേപ്പുപിതാവും കാണിച്ച ദൃഷ്ടാന്തത്തിൽനിന്നു് നാം പഠിക്കേണ്ടവ എല്ലാം കണ്ടു ഗ്രഹിക്കുന്നതിനു വേണ്ട ദൈവവരങ്ങളും എല്ലാ കാര്യങ്ങളിലും ഇവരെ അനുകരിച്ചു കീഴ്വഴക്ക

ത്തിൽ സ്ഥിരപ്പെട്ടുന്നതിന്നുവേണ്ട ധൈര്യവും, ലഭിച്ചുതരുവാൻ ആ ദൈവഭൃതനോട് അഭ്യർത്ഥിക്കുക.

ജനുവരി ഇരുപത്തിനാലാം തിയ്യതി.

മൂന്നാതരം കീഴ്വഴക്കം

പ്രാരംഭം:— ഫ. ദൈവത്തിന്ന് എന്നപോലെ നിങ്ങളുടെ ഹൃദയപരമാർത്ഥത്തോടുകൂടെ കീഴ്വഴങ്ങുവിൻ, എന്നു വിശുദ്ധ പൌലോസ് പറയുന്നതു് കേൾക്കുന്നതായി വിചാരിക്കുക.

വ. ഈ ജ്ഞാനത്തിന്റെ ഫലമായി യഥാർത്ഥ കീഴ്വഴക്കത്തിന്റെ അരൂപി നിന്നിൽ ജനിക്കുന്നതിന്ന ഇടയാക്കേണമെന്ന് അഭ്യർത്ഥിക്കുക.

ഒന്നാം വകുപ്പ്.

അടിമകളുടെ കീഴ്വഴക്കം

ജ്ഞാനം:— അടിമകളുടെ കീഴ്വഴക്കം എന്നതു്, ആ വാക്കിന്റെ അർത്ഥംതന്നെ സൂചിപ്പിക്കുന്നപ്രകാരം; ദൈവഭയത്തിൽനിന്നു് ജനിക്കാതെ, മനുഷ്യരെ ഭയപ്പെട്ടിട്ട്, അതായതു്: ശേഷംപേരിൽനിന്നു കുറ്റാരോപണം, ശിക്ഷ ആക്ഷേപം മുതലായവ ഉണ്ടാകും, അല്ലെങ്കിൽ തനിക്കു ലഭിച്ചുവരുന്ന സഹായം നഷ്ടമായിപ്പോകും, എന്നിങ്ങനെയുള്ള കാരണങ്ങൾ കൊണ്ടു് ഉണ്ടാകുന്നതാകയാൽ, അതു് അടിമകളുടെ കീഴ്വഴക്കം എന്നു പറയപ്പെടുന്നു. എന്തുകൊണ്ടെന്നാൽ അടിമകൾ തങ്ങളുടെ യജമാനൻ കാണുന്ന അവസരങ്ങളിലെല്ലാം തങ്ങളോടു കല്പിക്കപ്പെടുന്നവ നിറവേറുന്നതിന്നു് അതിജാഗ്രതയുള്ളവരായി കാണപ്പെടുന്നു. എന്നാൽ അവർ തനിയെ ആയിരിക്കുമ്പോൾ, കല്പനയെ ലംഘിക്കയും തങ്ങളുടെ ഇഷ്ടംപോലെ വർത്തിക്കയും ചെയ്യുന്നു, ഇതിൽ നിർബന്ധംകൊണ്ടുള്ള ഗത്യന്ത

രമില്ലായ്മയും അടിമത്തവുമല്ലാതെ, പുണ്യവും കീഴ്വഴക്കത്തിന്റെ യോഗ്യതയും ഇല്ലെന്ന് സ്പഷ്ടമാണല്ലൊ.

പ്രായോഗികചിന്ത:— സന്ന്യാസികളായ നാം സ്വമനസ്സാലെ കീഴ്വഴങ്ങുന്നതിന്ന് വാക്കാനം ചെയ്തിരിക്കുന്നു. അതുകൊണ്ട് അടിമകളുടേതും, ആക്ഷേപയോഗ്യവുമായ ഈ കീഴ്വഴക്കത്തോട് യാതൊരു സംബന്ധവും നമ്മുടെ കീഴ്വഴക്കത്തിന്ന് ഉണ്ടാകാവുന്നതല്ല. ശ്രേഷ്ഠനും മറ്റാളുകളും നമ്മോടുകൂടെ ഇല്ലാത്ത അവസരങ്ങളിൽ, കീഴ്വഴക്കത്തിലും സഭാനടപടികളുടെ അനുസരണത്തിലും ശ്രേഷ്ഠന്റെ മുമ്പാകെ വെച്ചുള്ളടത്തോളം കൃത്യശുദ്ധ നമ്മിലുണ്ടൊ എന്നു നാം നമ്മെത്തന്നെ പരിശോധിച്ചു മനസ്സിലാക്കേണ്ടതാണ്. പലപ്പോഴും ഇതിന്നു വിപരീതമായി സംഭവിക്കുന്നുണ്ടെങ്കിൽ, അതു നമ്മുടെ കീഴ്വഴക്കത്തിന്ന് ആസ്പദമായി കേവലം അടിമകൾക്കു ചേർന്ന ഭയംകൂടെയും കലർന്നിട്ടുണ്ടെന്നല്ലയോ സൂചിപ്പിക്കുന്നത്.

സ്നേഹപ്രകരണം:— നിന്റെ കഴിഞ്ഞ ജീവിതത്തിലെ ഈശ്വരങ്ങളായ കുറവുകളെ ഓർത്തു് എളിമപ്പെട്ട പശ്ചാത്തപിക്കുക.

പ്രതിജ്ഞ:— എന്റെ കടമകളെ നിറവേറുവാൻ എന്നെ പ്രേരിപ്പിക്കുന്ന കാരണങ്ങളെ ഞാൻ പലപ്പോഴും പരിശോധിച്ചു്, അവയിൽ അടിമകൾക്കടുത്തതും, മാനുഷികഭയം സംബന്ധിച്ചതുമായ യാതൊരു കുറവും ഉണ്ടാകാതിരിപ്പാൻ ശ്രമിക്കുന്നുണ്ടു്.

രണ്ടാംവകുപ്പു

മുഖപ്രീതിയേക്കുറിച്ചുള്ള കീഴ്വഴക്കം

ധ്യാനം:— ഈ കീഴ്വഴക്കം എപ്പോഴും ശ്രേഷ്ഠന്മാരുടെ പ്രീതി നേടണം എന്ന ആഗ്രഹത്തിന്മേൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതാണ്. ഇതുകൊണ്ടു പല അനർത്ഥങ്ങളിൽനിന്നും ഒഴിവാനും പല ഉപകാരങ്ങൾ ലഭിപ്പാനും ഇടയാകുന്നുണ്ടെന്നുള്ളതു് ശരിതന്നെ. എങ്കിലും ഇതു് മാനുഷിക ഉദ്ദേശത്തെ മാത്രം ആശ്രയിച്ചിരിക്കുന്നു. ഈ കീഴ്വഴക്കത്തിന്നും ആദ്യം പറഞ്ഞ കീഴ്വഴക്കത്തിന്നും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. മാത്രമല്ല ഇതു

സ്നേഹത്തിൽനിന്നു പുറപ്പെടുന്നതാകയാൽ, മനുഷ്യരുടെ മുമ്പാകെ നന്നായി കാണപ്പെട്ടാലും ദൈവത്തിങ്കൽമുമ്പാകെ ഒരു വഞ്ചനമാത്രമായിരിക്കും.

പ്രായോഗികചിന്ത:— മുഖപ്രീതിക്കുള്ള വാഞ്ഛയും വഞ്ചനയും നിന്റെ കീഴ്വഴക്കത്തിനു ചിലപ്പോഴെങ്കിലും പ്രേരകമായിരുന്നിട്ടില്ലയൊ? ശ്രേഷ്ഠനോടുള്ള നിന്റെ കീഴ്വഴക്കം കൊണ്ടു നീ അദ്ദേഹത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നതു നേരിങ്കൽ ദൈവത്തെക്കുറിച്ചൊ അഥവാ നിന്നെക്കുറിച്ചുതന്നെയൊ? ശ്രേഷ്ഠനേക്കുറിച്ചു നീ പറയുന്നതുപോലെതന്നെ ഉള്ളിലും വിചാരിക്കുന്നുണ്ടൊ? നീ അവരോടു സംസാരിക്കുന്നതുപോലെയാണൊ; അവരേക്കുറിച്ചും സംസാരിക്കുന്നതു്? ശ്രേഷ്ഠന്മാരുടെ മുമ്പാകെ സമ്മതിച്ചു പുകഴ്ത്തിയ ആജ്ഞകളെ തന്നെ ഉള്ളതൊ മറു സഹോദരന്മാരുടെ മുമ്പാകെയോ കൊള്ളരുതാത്തവയെന്നു കുറ്റം പറയുന്നുണ്ടൊ? ഈ ലക്ഷണങ്ങൾകൊണ്ടു നിന്റെ കീഴ്വഴക്കം ഏതുപ്രകാരമുള്ളതാണെന്നു നിനക്കറിയാവുന്നതാണു്.

സ്നേഹപ്രകരണങ്ങൾ.— നിന്റെ കീഴ്വഴക്കത്തിൽ ഉണ്ടായിട്ടുള്ള പലേ ന്യൂനതകളെയും കുറവുകളെയുംപറ്റി പശ്ചാത്തപിക്കുകയും, ദൈവത്തിങ്കൽമുമ്പാകെ നീ സദയം താഴുകയും മാപ്പു അപേക്ഷിക്കുകയും ചെയ്ക.

പ്രതിജ്ഞ:— സൃഷ്ടികളുടെ ഗുണവും, സൃഷ്ടി ഏന്ന നിലയിൽ ശ്രേഷ്ഠന്മാരുടെ പ്രസാദവും കൃത്യനിർവ്വഹണത്തിനു് ഒരിക്കലും പ്രേരകമായി ഭവിക്കായ്വാൻ നോക്കുന്നതാണെന്നും, കീഴ്വഴക്കത്തിൽ മുഖപ്രീതിയും സ്വലാഭവും തേടുകയില്ലെന്നും ശപഥം ചെയ്ക.

മൂന്നാം വകുപ്പ്.

സ്വഭാവാതീതമായ കീഴ്വഴക്കം.

ധ്യാനം:— യഥാർത്ഥമായതും, യോഗ്യതയുള്ളതും ദൈവത്തിനിഷ്ടപ്പെടുന്നതും, വിവേകമുള്ള മനുഷ്യനു് യോജിച്ചതുമായ അനുസരണം ഈ ഒടുവിൽ പറയുന്ന തരത്തിൽപെടുന്നതാകുന്നു. ഈ അനുസരണം ദൈവികപുണ്യമായ വിശ്വാസത്തിൽനിന്നു്

ഉളവാകുന്ന ഒന്നാകുന്നു; അതായതു്: സർവ്വോപരിയായ ദൈവപ രമാധികാരത്തിന്റെ ദൃശ്യ പ്രതിനിധികളും കാവൽക്കാരും ആയിട്ടു ദൈവം നിശ്ചയിച്ചിട്ടുള്ള മനുഷ്യർതന്നെ മനുഷ്യരെ ഭരിക്കേണമെന്നാണു് അവിടുത്തെ മനസ്സു് എന്നീ അനിഷേധ്യ ത തപത്തിന്മേൽ സ്ഥാപിതമായിരിക്കുന്ന അനുസരണമാണതു്. ഇതുകൊണ്ടു നാം ശ്രേഷ്ഠന്മാർക്കു കീഴ്വഴങ്ങുമ്പോൾ, മനുഷ്യർ വഴിയായി ദൈവത്തിനല്ലാതെ മനുഷ്യർക്കല്ല കീഴ്വഴങ്ങുന്നതു്. എന്നു സ്പഷ്ടമാകുന്നു. ഇതിനാൽ ദൈവം മാത്രം എനിക്കു മേലുള്ളവൻ, അവിടുത്തേയ്ക്കു മാത്രമേ ഞാൻ കീഴ്വഴങ്ങുന്നുള്ളു എന്നു് ഇങ്ങനെയുള്ളവർക്കു് ന്യായമായി പറയാം.

പ്രായോഗികചിന്ത:— ഇപ്രകാരം കീഴ്വഴങ്ങുന്ന ക്രിസ്ത്യാനി, അഥവാ സന്യാസി എത്ര മഹിമയുള്ളവനാകുന്നു! അല്പകാര്യങ്ങളിൽപ്രകടെയും ഇവന്റെ കീഴ്വഴക്കം എത്ര പ്രയോജനകരവും ദൈവത്തിനു എത്രമാത്രം പ്രസാദകരവുമായിരിക്കും? ഇപ്രകാരമുള്ള കീഴ്വഴക്കത്തിനു യോജിക്കാത്ത എല്ലാക്കാര്യങ്ങളിൽനിന്നും വളരെ ഉത്സാഹത്തോടെ ഒഴിഞ്ഞുകൊള്ളുക. വിശ്വാസത്തിൽ നിന്നു ജനിക്കുന്നതും ദൈവസ്നേഹം നിറഞ്ഞതുമായ കീഴ്വഴക്കത്തിന്റെ ശ്രേഷ്ഠതയും ഇതിനാൽ സിദ്ധിക്കുന്ന ആശ്വാസം പ്രയോജനം മുതലായവയും കണ്ടറിയുന്നതിനു ദൈവം നിനക്കു ഇടയാക്കിയതിനാൽ, മഹത്തായ ആ ഉപകാരത്തെക്കുറിച്ചു് അവിടുത്തോടു നന്ദി പറയുക.

സംഭാഷണം എപ്പോഴും ദൈവത്തെ ദർശിച്ചു്, അവിടുത്തെ തിരുമനസ്സുപോലെ സകലവും പൂർണ്ണമായി നിറവേറുന്നതിനു വേണ്ട സഹായം അഭ്യർത്ഥിച്ചുകൊണ്ടു നിന്റെ കാവൽഭൂതനോടു് അല്ലെങ്കിൽ ഇന്നു തിരുസ്സഭ ആരുടെ തിരുനാൾ കൊണ്ടാടുന്നുവോ, ആ വി. തിമോത്തെയൂസിനോടു് സംഭാഷണം ചെയ്യുക. ഇദ്ദേഹം വി. പൌലോസിന്റെ വിശ്വസ്തശിഷ്യനും, അദ്ദേഹത്താൽ എഫെസൂസിന്റെ മെത്രാനായി നിയമിക്കപ്പെട്ട ദേഹവും ആണു്. കീഴ്വഴക്കം വഴിയായി പുണ്യത്തിൽ ഉന്നത പദവിയും ഒടുവിൽ രക്തസാക്ഷ്യക്കിരീടവും പ്രാപിച്ചിട്ടുണ്ടു്.

ജനുവരി ഇരുപത്തഞ്ചാം തിയ്യതി

തൃക്കുടുംബം ഈജിപ്തിൽനിന്നു മടങ്ങിപ്പോരുന്നു.

പ്രാരംഭം:— ക. തൃക്കുടുംബം ഇസ്രയേൽ ദേശത്തേയ്ക്കു് മടങ്ങിപ്പോരുന്നതു് ആത്മനാ ദർശിക്കുക.

ഖ. ദൈവത്തിന്റെ നീതിപരമായ നിശ്ചയങ്ങൾക്കു് പൂർണ്ണമായി കീഴ്പ്പെട്ടു നടക്കുന്നതിനുവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു്

വി. യൌസേപ്പുപിതാവിന്റെ സ്ഥിരത.

ധ്യാനം:— വി. യൌസേപ്പു ഈശോയോടും അവിടുത്തെ പരിശുദ്ധ മാതാവിനോടുംകൂടെ, ഹെറോദേസിന്റെ മരണംവരെ ഈജിപ്തിൽ വസിച്ചിരുന്നു. (മത്തേ. ൨. ൧൯) നിഷ്കളങ്കശിശുക്കളെ സംഹരിച്ചിട്ടു, നാലു വർഷം തികയുമ്പോഴേയ്ക്കു്, ഈ ഹെറോദേസ് നിര്യാതനായി. എങ്കിലും ഇവൻ മരിച്ചിട്ടു മൂന്നു വർഷം കഴിഞ്ഞശേഷം മാത്രമെ ഈജിപ്തുദേശത്തിൽനിന്നു പുറപ്പെട്ടുപോരുവാനുള്ള കല്പന തൃക്കുടുംബത്തിനു് സിദ്ധിച്ചുള്ളൂ. എന്നാൽ പരി. മറിയവും വി. യൌസേപ്പും ഈ കാലമെല്ലാം പരദേശത്തിൽ വസിച്ചിരുന്നതു് ദുഃഖത്തോടും, മടങ്ങിപ്പോകുവാനുള്ള അതിയായ ആഗ്രഹത്തോടുംകൂടെയായിരുന്നുവോ? അല്ല; ദൈവം നിശ്ചയിച്ച സ്ഥലത്തിൽ അവർ വസിക്കുന്നു എന്ന വിചാരത്താൽ, ഈ വാസം അവർക്കു് എല്ലാം കൊണ്ടും സന്തോഷകരമായിരുന്നു. അവർക്കു് ആവശ്യമുള്ളതിൽ ഒന്നും പോരായ്മ വന്നതായി സുവിശേഷത്തിൽ ഒരിടത്തും പറയുന്നില്ല. ദൈവവിചാരണയാൽ അവർക്കു് ആവശ്യമുള്ളതെല്ലാം സിദ്ധിച്ചിരുന്നു.

പ്രായോഗികചിന്ത:— ദൈവം, നമ്മുടെ ശ്രേഷ്ഠന്മാർ വഴിയായി നമ്മെ നടത്തുന്നു എന്ന വിചാരത്തോടുകൂടെ, കീഴ്

വഴക്കത്താൽ നാം ആനയിക്കപ്പെടുന്ന സ്ഥലത്തും, സ്ഥിതിയിലും സമാധാനമായിരിപ്പാനത്രെ ഇതിൽനിന്നു നാം പഠിക്കേണ്ടതു്. ഒരു സ്ഥലത്തിൽനിന്നു് മറ്റൊരു സ്ഥലത്തേയ്ക്കു് നാം മാറപ്പെടുമ്പോഴും, നാം ഓരോ ജോലികൾക്കു നിയമിക്കപ്പെടുമ്പോഴും, ആ സ്ഥലമോ ജോലിയോ നമുക്കു് അയുക്തമെന്നു പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാം. എന്നാൽ ആ വിരുദ്ധപ്രതീതികളെ ഉടൻ പരിത്യജിക്കയും, ഇക്കാര്യത്തിൽ നമ്മെത്തന്നെ ജയിപ്പാൻ തീവ്രമായി യത്നിക്കയും ചെയ്യുക. എന്നാൽ ഈ വിരുദ്ധബുദ്ധി ക്രമേണ നമ്മിൽനിന്നു പാടെ നീങ്ങിപ്പോകും. ഓരോ സ്ഥലവും, ജോലിയും മാറിക്കൊണ്ടിരിക്കുവാനുള്ള ആഗ്രഹത്തേയും, ഉടനടൻ നിഗ്രഹിക്കണം. ഇപ്രകാരമുള്ള വിരോധബുദ്ധി നമുക്കു സഹജമാകയാൽ, അതിനോടു ധീരതയോടെ എതിർത്തു യുദ്ധം ചെയ്യേണ്ടതാണു്. അങ്ങിനെ ചെയ്യാത്തതു കാരണത്താൽ എത്രയോ സന്ന്യാസികൾ ഓരോ വ്യാമോഹങ്ങളിൽ ഉൾപ്പെടുകയും തങ്ങളുടെ ദൈവവിളിയെ ക്രമേയും നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

സ്നേഹപ്രകരണങ്ങൾ:— ദൈവമെ, നീ അറിയുന്നതുപോലെയും, നിന്റെ ഇഷ്ടംപോലെയും എന്നെ നടത്തുക; എന്തുകൊണ്ടെന്നാൽ നീ എന്റെ സ്നേഹിതനാകുന്നു എന്നു ഞാൻ അറിയുന്നു, എന്നു് വിശുദ്ധ അഗസ്തീനോടുകൂടെ ചൊല്ലുക.

പ്രതിജ്ഞ:— എന്നെ ഏതു സ്ഥലത്തു് അയച്ചാലും, വരുവാനിരിക്കുന്ന കാര്യത്തെക്കുറിച്ചു വിചാരിക്കാതെ, ഏല്പിക്കപ്പെടുന്ന ജോലികളെ ഞാൻ മുഴമനസ്സോടെ നിറവേറ്റും. ദൈവം തിരുമനസ്സായിരിക്കുന്ന സ്ഥലത്തിൽ ഞാൻ ഇരിക്കുന്നു. അവിടുന്നു തിരുമനസ്സായിരിക്കുന്ന ജോലി ഞാൻ ചെയ്യുന്നു, എന്ന വിചാരത്താൽ, ആവശ്യപ്പെടുമ്പോൾ എന്റെ ധൈര്യത്തെ ഞാൻ പുതുക്കും.

രണ്ടാം വകുപ്പു്.

വി. യൗസേപ്പുപിതാവിന്റെ സമചിത്തത.

ധ്യാനം:— ഈജിപ്തിൽവെച്ചു് കർത്താവിന്റെ ദൂതൻ യൗ

സേപ്പിന്റെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട്, ശിശുവിനെയും അമ്മയുടെ മാതാവിനെയും കൂട്ടിക്കൊണ്ട്, ഇസ്രയേൽ ദേശത്തിലേയ്ക്കു പൊയ്ക്കൊള്ളുക എന്നു പറഞ്ഞു. (മത്തേ. ൨. ഛൻ–൨൦) ചില വേദപാരംഗതന്മാർ പറയുന്നതുപോലെ, വി. യൌസേപ്പു പിതാവു് ഈജിപ്തുകാരായ ചിലരുടെ സഹായത്താൽ തന്റെ വേലകൾ അവിടെ വെച്ചു നടത്തുവാൻ തുടങ്ങുകയും, അവ പ്രയോജനകരമായിത്തീരുകയും, തൻനിമിത്തം ആസ്ഥലത്തെ വാസം അദ്ദേഹത്തിന്നു ഒരുവിധം തൃപ്തികരമാകയും ചെയ്തിരുന്നു എന്നു നമുക്കു ന്യായമായി അനുമാനിക്കാവുന്നതാണു്. അതുകൊണ്ടു് അതെല്ലാം വിട്ടു് ദീർഘയാത്ര ചെയ്യേണ്ടിവരുന്നതിനാലും ഇപ്രകാരം യാത്ര ചെയ്താലും എവിടെ ചെന്നു് വസിക്കണമെന്നു് നിശ്ചയമില്ലാതിരുന്നതുകൊണ്ടും, ഈ യാത്ര അദ്ദേഹത്തിന്നു സങ്കടത്തിന്നും ക്ലേശത്തിന്നും കാരണമായിരുന്നുവെന്നു് നാം വിചാരിച്ചേക്കാം. വാസ്തവം അപ്രകാരമായിരുന്നില്ല. വരുവാനിരിക്കുന്നവയെക്കുറിച്ചു് സംശയിക്കയൊ ചിന്തിക്കയൊ ചെയ്യാതെ, ദൈവദൂതൻ അറിയിച്ച ഉടനെ എല്ലാം വിട്ടുംവെച്ചു് അവിടുന്നു് യാത്രതിരിക്കുകതന്നെ ചെയ്തു.

പ്രായോഗികചിന്ത.— നീ വസിക്കുന്ന ആശ്രമത്തെയും നീ നടത്തുന്ന ജോലിയേയും ചിരപരിചയമുള്ള നിന്റെ സഹോദരന്മാരെയും ഉപേക്ഷിച്ചു് പോകുന്നതിനുള്ള അവസരം നിനക്കു് ഉണ്ടാകയും അതു് ഏതൽകാരണങ്ങളാൽ ചിലപ്പോൾ നിനക്കു് സങ്കടകരമായി വരികയും ചെയ്തേക്കാം. നീ വയോവൃദ്ധനായിരുന്നാൽ, നീ വസിക്കുന്ന ഭവനം, മുറി, നീ വഹിക്കുന്ന ഉദ്യോഗം, ചുമ്മിവയിലും നിന്റെ ശ്രേഷ്ഠനിലും ഉണ്ടാകുന്ന മാറ്റം സ്വാഭാവികഗതിക്കു വളരെ അനിഷ്ടകരവും, പലപ്പോഴും നിന്നിൽനിന്നു് ഏറ്റവും സങ്കടാവഹമായ പരിത്യാഗത്തെ ആവശ്യപ്പെടുന്നവയും ആയേക്കാം. ഇപ്രകാരമുള്ള പരിത്യാഗത്തിനു് അവസരം വരുന്നതായാൽ, നീ അതു ഹൃദയപൂർവ്വം നിറവേറ്റുക. അപ്പോൾ വി. യൌസേപ്പിന്റെ സിദ്ധിച്ചതുപോലെ, (നിന്റെ ശുഷ്കാന്തിയുള്ള കീഴ്വഴക്കംകൊണ്ടു) നിനക്കും വലിയ പ്രതിഫലം സിദ്ധിക്കും.

സ്നേഹപ്രകരണങ്ങൾ:— എന്റെ കർത്താവെ, എന്റെ ദൈവമേ, അങ്ങയുടെ ഭയവും സ്നേഹവും നിറഞ്ഞ ഭരണാധികാരത്തിൽനിന്നും പുറപ്പെടുന്ന കല്പനകൾക്കു് ഞാൻ എന്നെത്ത

ന്നെ പൂർണ്ണമായി സമർപ്പിച്ചിരിക്കുന്നു.

പ്രതിജ്ഞ:— സ്വാഭാവികമായ അവജ്ഞയെ ജയിക്കാൻ വയസ്സുകൂട്ടുന്തോറും പ്രയാസം വർദ്ധിച്ചുവരുന്നതിനാൽ, അതിനെ ജയിക്കാൻ ഇപ്പോൾ തുടങ്ങി ഞാൻ ശ്രമിക്കും.

മൂന്നാം വകുപ്പ്.

വി. യൌസേപ്പിന്റെ വിവേകം.

ധ്യാനം:— എന്നാൽ യൂദേയായിൽ അർക്കലാവോസ്, തന്റെ പിതാവായ ഹെറോദേസിന്റെ സ്ഥാനത്തിൽ വാഴുന്നു എന്നു കേട്ട്, അവിടെ പോകുവാൻ വി. യൌസേപ്പു ഭയപ്പെട്ടു. (മത്തേ. ൨. ൨൨.) എന്തുകൊണ്ടെന്നാൽ ഈയാൾ ഹെറോദേസിന്റെ കുമാരനും അനന്തരവനും, അവനെപ്പോലെ തന്നെ ക്രൂരനുമായിരുന്നതിനാൽ; ഇയാളുടെ രാജ്യത്തിൽ ഉണ്ണീശോയ്ക്കു ആപത്തുണ്ടാകാനിടയുണ്ടെന്നു വി. യൌസേപ്പു വിചാരിച്ചിരുന്നു. ക്രൂരതയും ദൈവദൂതൻ നിർദ്ദേശിച്ച ഇസ്രായേൽനാട്ടു ഭാഗിച്ച പല ഉപരാജ്യങ്ങളായി ഉപരാജാക്കന്മാർ ഭരിക്കയായിരുന്നു. ഇവയിൽ ഏതു ഭാഗമാണ് അദ്ദേഹം തെരിഞ്ഞെടുക്കേണ്ടിയിരുന്നത്? എവിടമാണ് ഭദ്രമായ താമസത്തിനു പറ്റിയത്? എന്നിവ അറിയുവാൻ അദ്ദേഹത്തിനു ദൈവികവെളിച്ചം ആവശ്യമായിരുന്നു. അദ്ദേഹം ജപധ്യാനങ്ങൾ വഴിയായി ഇതു അന്വേഷിക്കുകയും, തൽഫലമായി സ്വപ്നത്തിൽ ഉപദേശിക്കപ്പെട്ടു, ഗലീലേയപ്രദേശങ്ങളിലേയ്ക്കു മാറിപ്പോകയും, നസറേത്തു എന്നു പേരുള്ള ഒരു നഗരത്തിൽ ചെന്നു പാർക്കയും ചെയ്തു. (മത്തേ. ൨൨. ൨൩.)

പ്രായോഗികചിന്ത:— എല്ലാക്കാര്യവും നന്നായി വിചാരിച്ചിട്ടേ ചെയ്യാവൂ, എന്നു വി. യൌസേപ്പിന്റെ ഈദൃഷ്ടാന്തത്തിൽനിന്നു നമുക്കു പഠിക്കാം. നമുക്കുണ്ടാകുന്ന എല്ലാ സന്ദേഹങ്ങളിലും വിഷാദങ്ങളിലും, നന്നായി ആലോചിക്കുകയും, ഏതെങ്കിലും പ്രവർത്തിക്കുന്നതിനു മുമ്പു, എളിമയോടും തീക്ഷ്ണതയോടും കൂടെ പ്രാർത്ഥിക്കുകയും ചെയ്യുക ആവശ്യമാണ്. ഈ ക്രമം നാം അനുസരിച്ചിരുന്നെങ്കിൽ, നമുക്ക് എത്രമാത്രം മനഃകലക്കങ്ങളും മനസ്താപങ്ങളും ക്ലേശം കൂടാതെ കഴിക്കാമായിരുന്നു.

സംഭാഷണം:— വി. യൌസേപ്പപിതാവിനോട്ട, അഥവാ ഇന്ന് വി. പൌലോസ് ശ്ലീഹായുടെ മാനസാന്തരത്തിരുനാൾ ആകയാൽ, അദ്ദേഹത്തോട്ട് സംഭാഷണം ചെയ്യുക.

ജനുവരി ഇരുപത്താറാം തിയ്യതി.

തൃക്കുട്ടംബം യെരുസലേം ദേവാലയത്തിലേയ്ക്ക് പോകുന്നു.

പ്രാരംഭം:— ക. തൃക്കുട്ടംബം ദേവാലയത്തിൽ ദൈവതിരു സന്നിധിയിൽ സാഷ്ടാംഗം വീഴുന്നതു കാണുന്നതായി സങ്കല്പിക്കുക.

ഖ. സക്രാരിയിൽ മറഞ്ഞു വസിക്കുന്ന ഈശോയുടെ സന്നിധിയിൽ സജീവമായ വിശ്വാസവും, ഭക്തിതീക്ഷ്ണതയും ലഭിക്കുവാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പ്.

വി. യൌസേപ്പപിതാവു യെരുസലേം ദേവാലയത്തിൽ പെസഹാത്തിരുനാളിന്നു പോകുന്നു.

ധ്യാനം:— അവിടുത്തെ മാതാപിതാക്കന്മാർ ആണ്ടുതോതോറും പേസഹത്തിരുനാളിൽ യെരുസലേമിലേയ്ക്ക് പോയിരുന്നു. (ലൂക്കാ. ഖ. ൪൧.)

ഒരു ദൈവം മാത്രമെയുള്ളു, അവിടുത്തെമാത്രമാണ് ആരാധിക്കേണ്ടതു് എന്ന ബോധം; വിഗ്രഹാരാധനയിൽ വാസനയുള്ളവരായിരുന്ന ഇസ്രയേൽജനങ്ങൾക്ക് നൽകുവാൻവേണ്ടി യെരുസലേമ്മിൽ മാത്രം ഒരു ദേവാലയം അനുവദിക്കപ്പെട്ടിരുന്നു. ന്യായപ്രമാണപ്രകാരം എല്ലാ പുരുഷന്മാരും നിശ്ചിതവയസ്സു തികഞ്ഞ ആൺകുട്ടികളും ആണ്ടിൽ മൂന്നവണ അതായതു്: പേസഹാ, പെന്തക്കോസ്ത, കൂടാരത്തിരുനാൾ എന്നീ

അവസരങ്ങളിൽ, ദേവാലയത്തിൽ പോകുവാൻ കടപ്പെട്ടമിരുന്നു. (ആവർത്തനം. ഫന്നു. ഫന്നു.) ഇതു് ഒട്ടും പ്രയാസമുള്ള ഒരു കാര്യമായിരുന്നില്ല. എങ്കിലും യാത്രയുടെ ദീർഘതയും പ്രയാസവും നോക്കിയാൽ ദൂരസ്ഥന്മാരെ സംബന്ധിച്ചേടത്തോളം വലിയ കാര്യമെന്നുതന്നെ വിചാരിക്കേണ്ടതാണു്. എന്നാൽ ഭക്തശിരോമണിയായ വി. യൌസേപ്പിനു് ആണ്ടിൽ മൂന്നുപ്രാവശ്യം മാത്രം ദേവാലയം സന്ദർശിക്കുകയെന്ന ഈ സമ്പ്രദായം ഒരിക്കലും തന്റെ ആഗ്രഹാധിക്യത്തെ ശമിപ്പിക്കുവാൻ പര്യാപ്തമായിരുന്നില്ല. തൻമൂലം അദ്ദേഹം ഒട്ടുവളരെ സങ്കടം അനുഭവിച്ചുകൊണ്ടേയിരുന്നു.

പ്രായോഗികചിന്ത:— നമുക്കു അനേകം സ്ഥലങ്ങളിൽ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട ആലയങ്ങൾ ഉണ്ടായിരിക്കുന്നതിനാൽ, നാം ഇസ്രയേൽ ജനങ്ങളെക്കാൾ എത്രയോ ഭാഗ്യവാന്മാരാണു്? യെരുസലേം ദേവാലയത്തിൽ കർത്താവു് യഥാർത്ഥത്തിൽ എഴുന്നള്ളിയിരുന്നില്ല. എന്നാൽ ഇപ്പോഴാകട്ടെ നമ്മുടെ കണ്ണുകൾക്കു് അദൃശ്യനായിരുന്നാലും, ഓരോ ദേവാലയങ്ങളിലും അവിടുന്നു് യഥാർത്ഥത്തിൽ എഴുന്നള്ളിയിരിക്കുന്നു. നാം കുറച്ചു നടന്നാൽ ആ ദേവാലയങ്ങളിൽ ചെന്നെത്താവുന്നതുമാണു്. ഈ ദേവാലയങ്ങലിൽ എഴുന്നള്ളിയിരിക്കുന്ന കർത്താവു് നമ്മെ നന്മകളാൽ നിറയ്ക്കുന്നതിന്നായി അവിടുത്തെ സന്നിധിയിലേയ്ക്കു ക്ഷണിക്കുകയും ചെയ്യുന്നു. ഈ ക്ഷണം നാം സ്വീകരിക്കുന്നുണ്ടോ? പ്രതിദിനം എത്ര പ്രാവശ്യം നാം അവിടുത്തെ സന്ദർശിക്കുന്നുണ്ടു്? ഈ സന്ദർശനത്തിനു് നമുക്കു സമയം ഉണ്ടായിരുന്നിട്ടും, ആ സമയം അവിടുത്തെ സന്ദർശനത്തിൽ ചെലവഴിക്കണമെന്നുള്ള വിചാരം നമ്മുടെ ഉള്ളിൽ ഉദിച്ചിരുന്നിട്ടും നാം ഉദാസീനരായിരുന്നിട്ടില്ലയോ?

സ്നേഹപ്രകരണങ്ങൾ:— നിങ്ങൾ എന്റെ പക്കൽ വരുവിൻ. മനുഷ്യമക്കളോടുകൂടെ ഇരിക്കുന്നതു് എന്റെ സന്തോഷമാകുന്നു. എന്ന വാക്യങ്ങളെപ്പറ്റി നന്നായി ചിന്തിച്ചു ഉണർവും ഉന്മേഷവും പ്രാപിക്കുക.

പ്രതിജ്ഞ:— സഭയുടെ ചട്ടങ്ങളാൽ നിയമിക്കപ്പെട്ടിട്ടുള്ള സമയങ്ങളിൽ മാത്രമല്ല സമയമുള്ളപ്പോഴൊക്കെയും പരിശുദ്ധ കൂദ്ധാനയെ ആരാധിക്കുന്നതാണെന്നു് പ്രതിജ്ഞ ചെയ്യുക.

രണ്ടാംവകുപ്പു.

പരി. ദൈവജനനിയും വി. യൌസേപ്പിനോടുകൂടെ പോകുന്നു.

ധ്യാനം:— അവിടുത്തെ മാതാപിതാക്കന്മാർ ആണ്ടുതോറും പേസഹാഘോഷദിവസത്തിൽ യെരുസലേമ്മിലേയ്ക്കു് പോയിരുന്നു. സ്ത്രീകൾ യെരുസലേമ്മിലേയ്ക്കു പോകുവാൻ നിർബ്ബന്ധിതരായിരുന്നില്ല. എങ്കിലും ദൈവജനനിയും, പേസഹാകർമ്മത്തിനായി യെരുസലേമ്മിലേയ്ക്കു പോയിരുന്നു എന്നു വിശുദ്ധസുവിശേഷം വഴിയായി നാം അറിയുന്നു. അതു, നമ്മുടെ മാതാവു നിയമത്താൽ നിർദ്ദേശിക്കപ്പെട്ടിരുന്നിടത്തോളംമാത്രം കായ്ക്കുകൾ അനുഷ്ഠിക്കയും ആചരിക്കയും ചെയ്യുന്നതുകൊണ്ടു തൃപ്തിപ്പെട്ടില്ല. ദൈവസ്തുതിക്കും തന്റെ പുണ്യാഭിവൃദ്ധിക്കും, ഇതരന്മാർക്കു സന്മാതൃകാപ്രകാശനത്തിനും, ഉപകരിക്കുന്നവയായി എന്തെല്ലാം നിവർത്തിക്കാൻ സാധിച്ചിരുന്നോ അതെല്ലാം അവിടുന്നു ചെയ്തിരുന്നു.

പ്രായോഗികചിന്ത:— ദൈവജനനിയുടെ ദൃഷ്ടാന്തത്തെ എല്ലാ സന്ന്യാസികളും അടുത്താദർശമായി സ്വീകരിക്കണം. പുണ്യത്തിലും വിശുദ്ധിയിലും, അഭിവൃദ്ധി പ്രാപിയ്ക്കണമെങ്കിൽ, നിയമപ്രകാരം നിർബന്ധിതങ്ങളായവകൂടാതെ മറ്റു കൃത്യങ്ങളും ചെയ്വാൻ ആവശ്യമുണ്ടു എന്നാണു് എല്ലാ വേദശാസ്ത്രജ്ഞന്മാരുടേയും സാമാന്യാഭിപ്രായം. അതായതു: ആശാസ്ത്രഗ്രഹം, ഉപവി, ഉത്സാഹം എന്നീ പുണ്യങ്ങളുടെ അഭ്യസനവും വിശുദ്ധിയുടെ അഭിവൃദ്ധിയ്ക്കു് ആവശ്യമാണു്. ഈ പ്രമാണം ഞാൻ അനുസരിച്ചുവരുന്നുണ്ടോ? കടപ്പെട്ടവമാത്രം അനുഷ്ഠിച്ചുകൊണ്ടു ദൈവത്തിന്റെ മാനങ്ങളെ നഷ്ടമാക്കികളഞ്ഞിട്ടില്ലെ? തൻമൂലം കടപ്പെട്ട കായ്ക്കുകൂടെയും നിറവേറാതെ വിട്ടുകളയുവാൻ ഇടവന്നിട്ടില്ലെ?

സ്നേഹപ്രകരണങ്ങൾ:— ദൈവം നിന്നെമേൽ സുലഭമായിപ്പൊഴിയുന്ന അനുഗ്രഹങ്ങൾക്കായി അങ്ങയ്ക്കു നന്ദി പറയുക. ഏതെല്ലാം സംഗതികളിലും ഏതെല്ലാം വിധങ്ങളിലുമാണു് ലോഭംകൂടാതെ ഇന്നു ദൈവത്തോടു പെരുമാറേണ്ടതെന്നു വിചാരിച്ചുനോക്കുക.

പ്രതിജ്ഞ:— അവിടുന്നു സ്നേഹപൂർവ്വം നൽകിയ ദിവ്യവരങ്ങളെ നിഷ്ഫലമാക്കിയതിനെക്കുറിച്ചു ക്ഷമാപണം ചെയ്യുക.

മൂന്നാം വകുപ്പു.

പന്ത്രണ്ടു വയസ്സുള്ളപ്പോൾ ഈശോ സ്വമാതാവും വളർത്തുപിതാവു, ഒരുമിച്ചു ദേവാലയത്തിലേയ്ക്കു പോകുന്നു.

ധ്യാനം:- യെരുസലേമ്മിലേയ്ക്കു തീർത്ഥയാത്രചെയ്യുന്ന ഈ കുടുംബത്തെ നാം ആന്തരികമായി അനുഗമിക്കുക. അവർ എത്ര തീക്ഷ്ണതയുള്ള സ്നേഹത്തോടെ വഴി നടന്നു പോകുന്നു! എത്ര സന്തോഷത്തോടെ അവർ ദേവാലയത്തിന്റെ പടികളെ തരണംചെയ്യുന്നു! ദേവാലയത്തിൽ എത്ര അടക്കത്തോടും ഭക്തിയോടുംകൂടെ അവർ വർത്തിക്കുന്നു! അവർ ചിലപ്പോൾ മുട്ടുകുത്തുകയും, സാഷ്ടാംഗം വീഴുകയും ചിലപ്പോൾ കണ്ണുകളെ സ്വർഗ്ഗത്തിലേയ്ക്കു ഉയർത്തുകയും ചെയ്യുന്നു. അവർ എത്ര തീക്ഷ്ണതയോടെ ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തുകയും, അവിടുത്തോടു നന്ദിപറയുകയും; ലോകത്തിന്റെ പാപങ്ങൾക്കു പരിഹാരമായി തങ്ങളെത്തന്നെ ബലികളായി സമർപ്പിക്കയും, ചെയ്യുന്നു എന്നും; ഇസ്രയേൽ ജനങ്ങളുടെമേൽ ദൈവാശീർവ്വാദം ഉണ്ടാകുവാനായി എത്ര തീക്ഷ്ണതയോടെ പ്രാർത്ഥിക്കുന്നു എന്നും അവരുടെ ആത്മാവുകളിൽ പ്രവേശിച്ചു നാം മനസ്സിലാക്കണം.

പ്രായോഗികചിന്ത:— ദേവാലയത്തിൽ പ്രവേശിക്കുമ്പോഴൊക്കെയും, പ്രത്യേകിച്ചു ദിവ്യപൂജ നടക്കുന്ന സമയത്തും നാം ബാഹ്യമായും ആന്തരികമായും പ്രദർശിപ്പിക്കേണ്ട ഭക്തിതീക്ഷ്ണതയുടെ എത്ര ഉത്തമമായ ദൃഷ്ടാന്തമാണു് ഇവിടെ നാം കാണുന്നതു്! ഈ ദൃഷ്ടാന്തത്തെ നാം ശരിയായി അനുസരിച്ചുവരുന്നുണ്ടോ?

സംഭാഷണം:— ലോകത്തിന്നു് ഈ ഭക്തിജനകമായ ദൃഷ്ടാന്തം നൽകിയ തൃക്കുടുംബത്തെ ആശ്ചര്യത്തോടും, ആനന്ദത്തോടുംകൂടെ ദർശിച്ചുകൊണ്ടിരുന്ന ദൈവമന്മാരോടു സംഭാഷണം ചെയ്യുക. ധ്യാനസമയത്തും പരി. കുർബാന സന്ദർശിക്കുമ്പോഴും, മറ്റു ഭക്തിക്കുടുത്ത അഭ്യാസങ്ങളുടെ സമയ

ത്തും തൃക്കുടുംബത്തിന്റെ ഈ ദൃഷ്ടാന്തം ഓർമ്മയിൽ വരുത്തുവാൻ അവരോടു പ്രാർത്ഥിക്കുക.

ജനുവരി ഇരുപത്തേഴാം തിയ്യതി.

ഉണ്ണിഈശോയെ കാണാതായതും മൂന്നാംദിവസം ദേവാലയത്തിൽ വച്ചു കണ്ടതും.

പ്രാരംഭം:— ക. ദേവമാതാവും യൌസേപ്പുപിതാവും ഉണ്ണിഈശോയെ അന്വേഷിച്ചുപോകുന്നതു കാണുന്നതായി സങ്കല്പിക്കുക.

ഖ. ഈശോമിശിഹായുമായി ഏറ്റവും ഗാഢമായ സ്നേഹത്തിൽ ജീവിക്കാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വികല്പം

ഉണ്ണിഈശോ തന്റെ മാതാപിതാക്കന്മാർ അറിയാതെ യെരുസലേമിൽ താമസിച്ചുകളയുന്നു.

ധ്യാനം:— ഇന്നത്തെ ധ്യാനവിഷയമായ സുവിശേഷസംഭവം അതിഗഹനങ്ങളായ പല തത്വങ്ങളും അടങ്ങിയ ഒരു രഹസ്യമത്രേ: എന്തുകൊണ്ടെന്നാൽ വി. ഗ്രെഗോരിയൂസ് പാപ്പാ പറയുന്നതുപോലെ "മാംസമായ ദൈവവചനം" വചനത്താൽ മാത്രമല്ല പ്രവൃത്തിയാൽക്കൂടെയും നമ്മെ പഠിപ്പിക്കാൻ തിരുമനസ്സായ ഒരു സംഭവമാണത്രേ. ഈശോ അവിടുത്തെ മാതാപിതാക്കന്മാരുടെ അറിവുകൂടാതെ യെരുസലേമ്മിൽ താമസിക്കുകയും ആ കാരണത്താൽ അവർക്കും തനിക്കുതന്നെയും ഉളവായ സങ്കടത്തെ വകവയ്ക്കാതിരിക്കുകയും ചെയ്യുന്നു! ഏറ്റവും ന്യായമുള്ള കാര്യങ്ങളിൽക്കൂടെയും സ്വാഭാവികേച്ഛയേക്കാൾ

ദൈവഹിതത്തെ സർവ്വപ്രധാനമായി മതിച്ചു പ്രവൃത്തിക്കേണ്ടതാണ് എന്നതത്രെ ഇതുകൊണ്ടു് അവിടുന്നു നമ്മെ പഠിപ്പിക്കുന്നതു്. പ്രത്യേകം സന്ന്യാസികൾ അവരുടെ ചാർച്ചക്കാരുടേയും സ്നേഹിതജനങ്ങളുടേയും നേക്കുള്ള ബന്ധങ്ങളിൽനിന്നു വിമുക്തരായി, ആത്മികവിഷയങ്ങളിൽ നിർബ്ബാധം അടിയുറച്ചു നില്ക്കുന്നതിനു വേണ്ടി തങ്ങളിൽ തന്നെ മുഴുവനായി മരിക്കേണമെന്നും ഇതുമൂലം അവിടുന്നു നമ്മെ പഠിപ്പിക്കുന്നുണ്ടു്.

പ്രായോഗികചിന്ത:— ന്യായമായ സ്വാഭാവികസ്നേഹം ദൈവഹിതങ്ങളായി മാറുമ്പോൾ അവ നശിച്ചുപോകയല്ല; അവയ്ക്കു കൂടുതൽ ഉത്കർഷവും യോഗ്യതയും സിദ്ധിക്കുക മാത്രമാണു ചെയ്യുന്നതു്. അവ ഒരുവിധത്തിൽ ദൈവിക ഹിതങ്ങളായി മാറുകതന്നെ ചെയ്യുന്നു. നീ ഈ തത്വത്തെ നല്ലവണ്ണം ഗ്രഹിക്കുകയും, പ്രവൃത്തിയിൽ വരുത്തുകയും ചെയ്തിട്ടുണ്ടോ? ഇതു നന്നായി ഗ്രഹിക്കായ്കയാലും, പ്രായോഗികമാക്കായ്കയാലും എത്ര വളരെ സന്ന്യാസികൾ കൂടുതൽ പ്രാമാണ്യമുള്ള തങ്ങളുടെ ദൈവവിളിയെത്തന്നെ നശിപ്പിക്കാൻ ഇടയായിട്ടുണ്ടു്.

സ്നേഹപ്രകരണങ്ങൾ:— ഈവക അബദ്ധത്തിൽ നീ അകപ്പെടാതിരിക്കുന്നതിനെക്കുറിച്ചു ദൈവത്തിനു സ്തോത്രം ചെയ്കയും, ഇതിൽനിന്നു എപ്പോഴും ഒഴിഞ്ഞിരിപ്പാൻവേണ്ട ദൈവസഹായം പ്രാർത്ഥിക്കുകയും ചെയ്ക.

പ്രതിജ്ഞ:— മാതാപിതാക്കന്മാരുടേയും ചാർച്ചക്കാർ സ്നേഹിതർ മുതലായവരുടേയും നേർക്കുള്ള ന്യായമായ സ്നേഹം അമിതമായതായിവരുമ്പോൾ ഉണ്ടാകുന്ന പരീക്ഷകളെ കണ്ടു് ഉടനെ ആ അബദ്ധത്തെ ദൂരീകരിക്കുക. "എന്നെക്കാൾ അധികം പിതാവിനെയെങ്കിലും മാതാവിനെയെങ്കിലും സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല." (മത്തേ. 10. 37.) എന്നീ വാക്യത്തെ കൂടക്കൂടെ ഓർമ്മിക്കുവാൻ ഉത്സാഹിക്കുകയും ചെയ്ക.

രണ്ടാം വാരം.

അവിടുത്തെ മാതാപിതാക്കന്മാർ മഹാ സങ്കടത്തോടുകൂടി മൂന്നുദിവസം അവിടുത്തെ അന്വേഷിച്ചു.

ധ്യാനം:— പിന്നെ ആ ദിവസങ്ങൾ കഴിഞ്ഞു് മാതാപി

താക്കന്മാർ മടങ്ങിപ്പോകുമ്പോൾ പൈതലായ യേശു യെരൂ
സലേമ്മിൽ താമസിച്ചു. അത് അവിടത്തെ മാതാപിതാക്കന്മാ
രൊട്ട് അറിഞ്ഞുമില്ല. അതുകയാൽ അദ്ദേഹം യാത്രക്കാരുടെ കൂട്ട
ത്തിൽ ഉണ്ടായിരിക്കുമെന്നു വിചാരിച്ചുംകൊണ്ട് അവർ ഒരു ദി
വസത്തെ വഴി പോന്നു. പിന്നെ അവർ തങ്ങളുടെ ചാർച്ച
ക്കാരുടെയും, പരിചിതന്മാരുടെയും ഇടയിൽ അദ്ദേഹത്തെ അ
ന്വേഷിച്ചിരുന്നു. എന്നാൽ അദ്ദേഹത്തെ കാണുകയുണ്ടായില്ല.
അതിനാൽ അദ്ദേഹത്തെ അന്വേഷിച്ചു അവർ യെരുസലേമ്മി
ലേയ്ക്ക് തിരിച്ചുപോയി. (ലൂക്കാ. ൨. ൫൧, ൫൨, ൫൩.) ദൈവ
ജനനിയും യൌസേപ്പപിതാവും ഈശോയെ തങ്ങളുടെ കണ്മ
ണിയായും ജീവനായും വിചാരിക്കയും സ്വാത്മനാ സ്നേഹിക്ക
യും ചെയ്തിരുന്നു. അവരുടെ സ്വസ്ഥവും ഈശോ ഒരാളായിരു
ന്നു. അവിടത്തെ മനോജ്ഞമായ സാന്നിദ്ധ്യം നഷ്ടമായപ്പോൾ
ലോകം സങ്കടം നിറഞ്ഞ ഒരു മഹാവനംപോലെ അവർക്കു തോ
ന്നി. അപ്പോൾ അവർക്കുണ്ടായ സങ്കടവും വ്യാകുലവും എത്രയാ
യിരുന്നിരിക്കണം. അതു ഗ്രഹിപ്പാൻ ആർക്കു സാധിക്കും.

പ്രായോഗികചിന്ത:— പാപംവഴിയായി ഈശോയെ ന
ഷ്ടമാക്കിക്കളയുന്നതിനാൽ നിനക്കുണ്ടാകുന്ന ദുഃഖം അല്പമാത്രമാ
യിരിക്കുന്നതു് എന്തുകൊണ്ടു്? അവിടത്തെ യഥാർത്ഥമായി സ്നേ
ഹിക്കാത്തതും അവിടുന്നു നിന്റെ സ്വസ്ഥവുമാണെന്നു് കരു
താത്തതും അല്ലെ അതിനു കാരണം? എന്നാൽ ഈശോയെ ന
ഷ്ടപ്പെടുത്തുക എന്നതു, ചാവുദോഷത്താൽ അവിടത്തെ വിട്ടു
പിരിയുകയും, പാപദോഷം കാരണത്താൽ അവിടത്തോടുള്ള
സ്നേഹബന്ധത്തെ ശിഥിലമാക്കുകയും ചെയ്യുന്നതുമാത്രമല്ലാ, ത
ന്റെ സാന്നിദ്ധ്യത്തിൽനിന്നുളവാകുന്ന സമാധാനവും, ആ
ദ്ധ്യാത്മികമാധുര്യവും കളയുന്നതും അവിടത്തെ നഷ്ടപ്പെടുത്തുക
തന്നെയാണു് എന്നതെ വിശുദ്ധന്മാരുടെ അഭിപ്രായം. മൂന്നാമ
തു പറയുന്ന ഈ നഷ്ടം നമ്മുടെ കുറവും ക്ലേശാതെയും സംഭവി
പ്പാൻ ഇടയുണ്ടു്. ദൈവത്തിന്റെ ഏറ്റവും അടുത്ത ശുശ്രൂഷക
രുടെ നെടുവീർപ്പുകളാലും, കണ്ണുനീരുകളാലും ഇതു നമുക്കു ഉണ്ടാ
ക്കപ്പെടുന്നതാണല്ലൊ. എന്നാൽ ക്രീസ്താനുകരണത്തിൽ പറ
യപ്പെട്ടിരിക്കുന്നതുപോലെ ഈ നഷ്ടം പലപ്പോഴും നമ്മുടെ കു
റവുകൊണ്ടു സംഭവിക്കുന്നുവെന്നു് വിചാരിക്കേണ്ടതാകുന്നു. അ
തെന്തെന്നാൽ നാം സ്വാഭാവിക ബലഹീനതയാലും ദുസ്സ

ഴക്കത്താലും പലപ്പോഴും ദൈവഭക്തിയിൽ വേണ്ടത്ര താല്പര്യമില്ലാതിരിക്കുന്നു. പുറമെയുള്ള കാര്യങ്ങളെ അശേഷം വിട്ടുപേക്ഷിക്കയും ഹൃദയമനസ്താപത്തെ അന്വേഷിക്കയും ചെയ്യുന്നില്ല.

സ്നേഹപ്രകരണങ്ങൾ:— ദൈവിക ആശ്വാസങ്ങൾക്ക് നീ അയോഗ്യനെന്നു ഏറ്റുപറയുക, അവ നിന്നിൽനിന്നു തീരെ നീങ്ങിപ്പോകാതിരിപ്പാൻ എളിമയോടെ പ്രാർത്ഥിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— ക്രീസ്തു നിന്നിലും നീ ക്രീസ്തുവിലും ജീവിക്കാൻവേണ്ടി ലോകത്തിനും നിനക്കുതന്നെയും മരിച്ചവനായി ജീവിക്കാൻ പ്രതിജ്ഞ ചെയ്യുക.

മൂന്നാം വകുപ്പു

വി. യൌസേപ്പും പരി. കന്യകമറിയവും ഉണ്ണിഈശോയെ ദേവാലയത്തിൽവെച്ചു കണ്ടെത്തി.

ധ്യാനം:— മൂന്നു ദിവസങ്ങളുടെശേഷം അദ്ദേഹം ദേവാലയത്തിൽ ശാസ്ത്രജ്ഞന്മാരുടെമദ്ധ്യേ ഇരുന്നു അവരെ ശ്രവിക്കുകയും, അവരോടു ചോദിക്കുകയും ചെയ്യുന്നവനായി അവർ അദ്ദേഹത്തെ കണ്ടെത്തി. മാതാവു അദ്ദേഹത്തോടു: മകനെ, നീ എന്തുകൊണ്ടു ഞങ്ങളോടിങ്ങനെ പ്രവർത്തിച്ചു? ഇതാ നിന്റെ പിതാവും ഞാനും വ്യസനപൂർവ്വം നിന്നെ അന്വേഷിക്കയായിരുന്നു എന്നു പറഞ്ഞു. അപ്പോൾ അദ്ദേഹം അവരോടു: നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചതു്? ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ ഉത്സുകനായിരിക്കാൻ ആവശ്യമെന്നു നിങ്ങൾ അറിഞ്ഞിരുന്നില്ലയോ? എന്നു ചോദിച്ചു. (ലൂക്കാ. ൨. ൪൯. ൪൯. ൪൯.)

പ്രായോഗികചിന്ത:— രണ്ടാം വകുപ്പിൽ പറഞ്ഞിരിക്കുന്ന മൂന്നു കാരണങ്ങളിൽവെച്ചു് ഏതെങ്കിലുംകൊണ്ടു് ഈശോനമുക്കു നഷ്ടമായിപ്പോയാൽ, അവിടുത്തെ നാം വീണ്ടും കണ്ടെത്തുന്നതുവരെ ആശ്വസിക്കരുതെന്നു്, ദൈവമാതാവും യൗസേപ്പുപിതാവും നമ്മെ പഠിപ്പിക്കുന്നു. ഇപ്രകാരം നാം പ്രവർത്തിച്ചിട്ടുണ്ടോ? അപ്രകാരംതന്നെ ദൈവഭക്തിയും നമ്മെ പ്രതിഷ്ഠിക്കുന്നതിനു നമ്മുടെ മാതാപിതാക്കന്മാർ, ഗാർഡുക്കാർ,

സ്നേഹിതന്മാർ മൃതലായവരെക്കുറിച്ചുള്ള വിചാരം ഒരു വിഷ്ണമായി വരരുതെന്നും ദിവ്യഗുരുനമ്മെ പഠിപ്പിക്കുന്നുണ്ട്. ഈ ക്രമം എപ്പോഴും നാം അനുസരിച്ചിട്ടുണ്ടോ?

സംഭാഷണം:— ഇന്നു തിരുസ്സഭയാതൊരു വിശുദ്ധന്റെ തിരുന്നാൾ ആചരിക്കുന്നുവോ ആ മഹാ വേദപാരംഗതനായുവി. ക്രിസോസ്തോമ്മിനോട് സംഭാഷണം ചെയ്ക.

ജനുവരി ഇരുപത്തെട്ടാം തിയ്യതി

ഉണ്ണിഈശോ യെരുസലേം ദേവാലയം വിട്ട് നസറേത്തിലേയ്ക്കു പോകുന്നു.

പ്രാരംഭം:— ഫ. ഉണ്ണിഈശോ ദേവമാതാവിന്റെയും യൗസേപ്പുപിതാവിന്റെയുംമദ്ധ്യേ നടന്നുപോകുന്നതു കാണുന്നതായി സങ്കല്പിക്കുക.

വ. അജ്ഞാതജീവിതത്തേയും വിനയത്തേയും സ്നേഹിപ്പാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പ്

ഉണ്ണിഈശോ ദേവാലയത്തെ വിട്ടുപോകുന്നു

ധ്യാനം:— പന്ത്രണ്ടു വയസ്സുള്ള ഈശോ തന്റെ ദൈവിക ജ്ഞാനത്തിന്റെ വിസ്മയനീയ ദൃഷ്ടാന്തം ദേവാലയത്തിൽവെച്ചു വേദശാസ്ത്രജ്ഞന്മാർക്കു കാണിച്ചുകൊടുത്തു. അദ്ദേഹത്തെ ശ്രവിച്ചുകൊണ്ടിരുന്ന സകലരും അദ്ദേഹത്തിന്റെ ജ്ഞാനത്തേയും പ്രത്യുത്തരങ്ങളേയുംകുറിച്ചു വിസ്മയിച്ചിരുന്നു. (ലൂക്കാ. ൨, ൪൭) അദ്ദേഹം ഇപ്രകാരം നന്നായി ആരംഭിച്ചതുപോലെതന്നെ, തന്റെ ആയുഷ്കാലം മുഴുവനും ഇങ്ങിനെ പ്രസംഗിച്ചുകൊണ്ടും, സകലരേയും വിസ്മയിപ്പിച്ചുകൊണ്ടും നടക്കാമായിരു

ന്ന എന്ന നമുക്കു ന്യായമായി വിചാരിക്കാം. എങ്കിലും അപ്രകാരം ചെയ്യാതെ, തന്റെ പ്രായക്കാരായ കുട്ടികളെ പ്രകൃത്യാ ചെയ്യുന്നതുപോലെ, അവിടുന്ന് മാതാപിതാക്കന്മാരുടെ സംരക്ഷണത്തിനു സ്വയം സമർപ്പിച്ചു. വി. ലൂക്കാ സുവിശേഷകൻ പറയുന്നതുപോലെ; അദ്ദേഹം അവരോടുകൂടെ പുറപ്പെട്ടുപോയി. (ലൂക്കാ. ൨, ൫൧) അനന്തരം സന്ന്യാസജീവിതത്തിന്റെ ഉഷ്ണാന്തമെന്നോണം, അവിടുന്നു നസ്രസ് ഗ്രാമത്തിൽ ഏകാന്തതയിൽ വസിച്ചു. ആത്മാവുകളുടെ രക്ഷയ്ക്കുവേണ്ടി പ്രയത്നിക്കുന്നതിനു തനിക്കുണ്ടായിരുന്ന വലിയ ആഗ്രഹത്തെ തന്നിൽ തന്നെ അടക്കിക്കൊണ്ട്, പരമപിതാവു നിശ്ചയിച്ച കാലംവരുന്നതുവരെ, അവിടുന്നു താമസിക്കുകയാണുണ്ടായതു്.

പ്രായോഗികചിന്ത:— ഈശോമിശിഹായുടെ പ്രവൃത്തികളും നമുക്കു ഉഷ്ണാന്തങ്ങളാണെന്നു മുമ്പു പ്രബോധിപ്പിച്ചിട്ടുണ്ടല്ലൊ. എന്നാൽ മേല്പറഞ്ഞ രഹസ്യജീവിതംകൊണ്ട് അവിടുന്നു നമ്മെ പഠിപ്പിക്കുന്ന ഉഷ്ണാന്തം എന്താണ്? നാം അന്യരെ പഠിപ്പിക്കാൻ പോകുന്നതിനുമുമ്പ്, ഏകാന്തത്തിലും മൌനത്തിലും ഇരുന്ന് ആദ്ധ്യാത്മികകാര്യങ്ങളുടെ അറിവും, വിജ്ഞാനിയും നാം സമ്പാദിക്കേണമെന്നാണ് മിശിഹാ പ്രഥമത നമ്മെ പഠിപ്പിക്കുന്നതു്. എല്ലാ സന്ന്യാസസഭകളിലും നവസന്ന്യാസത്തിന്റെ ഉദ്ദേശം ഇതുതന്നെയാണു്. നമ്മുടെ ശ്രേഷ്ഠന്മാർ നമ്മെ വിളിക്കുന്നതിനുമുമ്പ്, ഈ ഏകാന്തത്തിൽനിന്നു പുറപ്പെടുവാൻ ആഗ്രഹിക്കയൊ, ബദ്ധപ്പെടുകയൊ ചെയ്യരുതു, ബാഹ്യമായ ഓരോ ജോലികൾക്കായി നാം അയക്കപ്പെടുമ്പോഴും ദൈവത്തോടുകൂടെ നമ്മുടെ മുറിയിൽ ഇരിക്കുന്നതുപോലെ അതുല്ലഭവും, ഫലപ്രദവും ഭാഗ്യപൂർണ്ണവുമായി മറ്റൊന്നുമില്ലെന്നു കരുതിക്കൊണ്ട്; ലോകകലഹങ്ങളിൽനിന്നു, കഴിയുന്നിടത്തോളം, പിന്മാറാൻ ശ്രമിക്കണം എന്നിവയും മിശിഹായുടെ അജ്ഞാതജീവിതം നമ്മെ ഉൽബോധിപ്പിക്കുന്നുണ്ട്. ഈ വിഷയത്തിൽ നമ്മുടെ അഭിപ്രായവും വ്യാപാരവും ഏതുവിധമാണിരിക്കുന്നതെന്നു വിചിന്തനം ചെയ്യുക.

സ്നേഹപ്രകരണങ്ങൾ:— ആ എന്റെ ദൈവമേ, അവിടുത്തെ തിരുക്കുമാരന്റെ ഉഷ്ണാന്തങ്ങൾക്കനുരൂപമായി ഞാൻ വർത്തിച്ചില്ലല്ലൊ. ഞാൻ അപ്രകാരം വ്യാപരിച്ചിരുന്നെങ്കിൽ, എത്ര കുറെ കുറ്റങ്ങളിലും കുഴക്കങ്ങളിലുംനിന്ന് എനിക്ക് ഒഴിയാൻ

കഴിയുമായിരുന്നു!

പ്രതിജ്ഞ:— ആശ്രമത്തിലും ആശ്രമത്തിന്നു പുറത്തും വൃഥായുള്ള ചുറ്റിനടപ്പിൽനിന്നും, വ്യർത്ഥവും വിനോദകരവുമായ സംഭാഷണങ്ങളിൽനിന്നും പിന്മാറുക.

രണ്ടാം വകുപ്പു

ഉണ്ണിയേശോ ശബരിലേയയിലേയ്ക്കു തിരിച്ചു പോകുന്നു

ധ്യാനം:— തൃക്കട്ടംബം ദേവാലയത്തിൽ സാഷ്ടാംഗംവീണുകൊണ്ടു ചെയ്ത ജപം നമ്മുടെ ആത്മപ്രയോജനത്തിന്നായി നാം സ്വാനിച്ചുകഴിഞ്ഞല്ലൊ. ഇപ്പോൾ അവർ ദേവാലയത്തെവിട്ടു് ശബരിലേയയിലേയ്ക്കു മടങ്ങിപ്പോരുന്നതിനെപ്പറ്റി നമുക്കു ധ്യാനിക്കാം. ഇതിൽ നമ്മുടെ ആത്മികാഭ്യസനത്തിന്നും വലിയ ജ്ഞാനാഭിവൃദ്ധിക്കും ഉപകരിക്കുന്ന നവീന വിഷയങ്ങളെ നാം കാണും. ആദ്യംതന്നെ ദൈവമാതാവും യൗസേപ്പുപിതാവും, തങ്ങളുടെ മദ്ധ്യേ ഉണ്ണിയേശുവിനെ നടത്തിക്കൊണ്ടുപോകുന്നതു ഉറ്റു സൂക്ഷിക്കുക. അവരുടെ നടപ്പിലും ഭാവത്തിലും എന്തൊരു ഗൗരവവും, സന്ന്യാസോചിതമായ അടക്കവും പ്രകാശിക്കുന്നു! നമുക്കു സഹജവും മിക്കവാറും ആപല്ക്കരവുമായ ജിജ്ഞാസാധിക്യം സുഖഭോഗപ്രീതി, സൂക്ഷ്മമില്ലായ്മ മുതലായവ ഒന്നും അവരിൽ കാണുന്നില്ല. അവർ ജപധ്യാനം ചെയ്യുയും, മൗനമായിരിക്കയും ചെയ്യാത്തപ്പോൾ, അവരുടെ സംഭാഷണം എന്തു വിഷയത്തെക്കുറിച്ചാണെന്നു സൂക്ഷിക്കുക. സ്വർഗ്ഗീയാനന്ദത്തിന്റെ രഹസ്യങ്ങളേയും ദൈവസ്തുതിയ്ക്കായി ഈശോ ഈ ലോകത്തിൽ ചെയ്വാനിരിക്കുന്ന വലിയ കാര്യങ്ങളേയും പറ്റി അവർ സംഭാഷിക്കുന്നു. "എന്റെ പിതാവിന്റെ കാര്യങ്ങളിൽ ഞാൻ ഉദ്യുക്തനായിരിക്കാൻ ആവശ്യമെന്നു നിങ്ങൾ അറിഞ്ഞില്ലയോ?" എന്നു ദിവ്യകുമാരൻ മാതാവിനോടു അരുളിച്ചെയ്തതിൽനിന്നു് ഇതു നമുക്കു മനസ്സിലാക്കാം. അവരുടെ ആത്മാവുകളിൽ സംഭവിക്കുന്നവ കാണ്മാൻ നമുക്കു സാധിക്കുമെങ്കിൽ, അവർ ധ്യാനത്തിലും സ്നേഹോജ്ജ്വലമായ പ്രാർത്ഥനകളിലും നിമഗ്നരായിരുന്നുവെന്നു് നമുക്കു ഗ്രഹിക്കാം. ദൈവഹത്തിന്റെ മാതാവു ഈ കാര്യങ്ങളൊക്കയും തന്റെ ഹൃ

ളയത്തിൽ സംഗ്രഹിച്ചിരുന്നു." (ലൂക്കാ. ൨, ൫൧) എന്ന സുവിശേഷവാക്യങ്ങളാൽ ഇതു സ്പഷ്ടമാകുന്നുണ്ടല്ലൊ.

പ്രായോഗികചിന്ത:— ഈ ധ്യാനത്തിൽനിന്നു ഫലം പ്രാപിക്കേണമെങ്കിൽ, നാം തനിയെ ഇരിക്കുമ്പോഴും ഇതരന്മാരുടെ കൂട്ടത്തിൽ ഇരിക്കുമ്പോഴും യാത്ര ചെയ്യുമ്പോഴും ഉല്ലസിക്കാൻ പോകുമ്പോഴും നമ്മുടെ വ്യാപാരത്തിനു തുക്കട്ടംബത്തിനേറതിനോട് അനുയോജ്യതയുണ്ടോ എന്നു പരിശോധിക്കണം. ഇപ്രകാരം നാം ശോധന ചെയ്യുന്നതായാൽ, ഏതെല്ലാം കായ്ങ്ങളിൽ നമുക്കു തെറ്റുകൾ ഉണ്ടെന്നും ഏതെല്ലാം പരിഹരിക്കേണ്ടതാണെന്നും ഗ്രഹിക്കാവുന്നതാണ്.

സ്നേഹപ്രകരണങ്ങൾ:— നിങ്ങളുടെ അടക്കം സകലർക്കും അറിയപ്പെടട്ടെ. (ഫിലി. ൪, ൫) എന്നു വി. പൌലോസ് പറഞ്ഞിരിക്കുന്ന വാക്യത്തിനൊത്തവിധം എല്ലാ സ്ഥലത്തും വ്യാപരിക്കുന്നതിനു ആഗ്രഹിക്കുക.

പ്രതിജ്ഞ:— നാം പുറത്തുപോയിട്ട് ആശ്രമത്തിലേയ്ക്കു മടങ്ങിവരുമ്പോൾ, പരിശുദ്ധ കുർബാന സന്ദർശിക്കുകയും, പുറമെ ചെലവഴിച്ച സമയത്തെപ്പറ്റി ചുരുക്കിയ ഒരു ആത്മശോധന നടത്തുകയും വേണം.

മൂന്നാം വകുപ്പു

ഈശോ നസറേത്തിൽ വസിക്കുന്നു

ധ്യാനം:— ദൈവകുമാരൻ മനുഷ്യരുടെ കണ്ണുകൾക്ക് ഏറ്റവും നീചവും തിരസ്കൃതവുമായ സ്ഥലത്തിൽ പിറപ്പാൻ തിരുമനസ്സായതുപോലെതന്നെ, മുപ്പതു വത്സരത്തോളം തനിക്കു വസിക്കുന്നതിന് ഇസ്രയേൽ ദേശത്തിൽ ഏറ്റവും ചെറിയതും, യാതൊരു നന്മയും ഉണ്ടാകുവാൻ കഴിയാത്തതെന്നു പഴഞ്ചൊല്ലായി പറഞ്ഞിരുന്നതുമായ നസറേത്തിനെ തെരിഞ്ഞെടുത്തു. (യോഹ. ൧, ൪൬)

പ്രായോഗികചിന്ത:— ഈശോ ഇപ്രകാരം ചെയ്തത് എന്തുകൊണ്ട്? അതു വലിയതും ജനപുഷ്ടിയുള്ളതുമായ പട്ടണങ്ങളിൽ വസിക്കുന്നതിനു ആഗ്രഹിക്കയും, പരിശ്രമിക്കയും ചെയ്യുന്നതിനു നമുക്കുള്ള ആഗ്രഹങ്ങളെയും, ഭോഷത്വത്തെയും ഇ

ല്ലാതാക്കുന്നതിനാണ മറൊന്നിനുമല്ല. വലിയ പട്ടണങ്ങളിൽ ഇരുന്നാൽ, അനേക നന്മകൾ ചെയ്യാൻ കഴിയുന്നതുകൊണ്ടാണ് അങ്ങിനെ അഗ്രഹിക്കുന്നതെന്ന പുറമെ പറഞ്ഞാലും; ഉള്ളിലുള്ള കരുതൽ അവിടെ സ്തുതിയും കീർത്തിയും പ്രാപിക്കണം എന്നുള്ളതായിരിക്കും. നീ നിൻെറയുള്ളിൽ പ്രവേശിച്ച് നിൻെറ കരുതലുകളെ പരിശോധിച്ചാൽ, ഇതിൻെറ യഥാർത്ഥസ്ഥിതി കാണാവുന്നതാണ്. ഇതു വാസ്തവമാണൊങ്കിൽ, നിനക്കു എത്രയധികം ലജ്ജയുണ്ടാകും? അനന്ത ജ്ഞാനമാകുന്ന ഈശോ മനുഷ്യസ്തുതി; കീർത്തി മുതലായവയിൽനിന്ന് ഓടിഅകലുകയിൽ, നീ അവയെ അന്വേഷിച്ചുനടക്കുന്നതു ശരിയോ? അങ്ങനെ ചെയ്യുന്നതുകൊണ്ടു നിൻെറ സൽകൃത്യങ്ങളുടെ യോഗ്യത നഷ്ടമാകുന്നതുകൂടാതെ, ദൈവത്തിനു് അനിഷ്ടവും നിനക്കു നാശവും വരുന്നതിനു് അതു കാരണമാകയും ചെയ്യുന്നു.

സംഭാഷണം:— തൃക്കുടുംബത്തിൻെറ കാവല്ക്കാരായ ദൈവമാതാവിനോടു സംഭാഷണം ചെയ്യുക.

ജനുവരി ഇരുപത്തൊമ്പതാം തിയ്യതി

ഈശോയുടെ അജ്ഞാത ജീവിതത്തിലെരഹസ്യം

പ്രാരംഭം:— ഫ. തൃക്കുടുംബം വസിച്ചിരുന്ന നസറേത്തിലെ ചെറിയവീട്ടിൽ നാം കാണുന്നതായി വിചാരിക്കുക.

ഫ. ഈശോമിശിഹായുടെ അജ്ഞാത ജീവിതത്തിൻെറ വലിയ രഹസ്യം നന്നായി ഗ്രഹിക്കുന്നതിനുവേണ്ട വരപ്രസാദം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോയുടെ അജ്ഞാതജീവിതത്തിന്റെ രഹസ്യം

ധ്യാനം:— ഈശോമിശിഹാ ഇഹലോകത്തിൽ വന്നതു തന്റെ മരണത്താൽ നരകച്ചങ്ങിന്ന് ആത്മാത്മികജീവൻകൊടുക്കാൻ മാത്രമല്ല, അവിടുത്തെ ദിവ്യോപദേശത്താൽ സത്യത്തെ ഗ്രഹിപ്പിക്കാനും ദൈവത്തെ സ്നേഹിപ്പിച്ചു് ആരാധിപ്പിക്കാനും വേണ്ടിക്കൂടെയും ആയിരുന്നു. അതേ; ലോകത്തെ മനസ്സാന്തരപ്പെടുത്തേണ്ട ജോലിക്കൂടി അവിടുത്തേയ്ക്കുണ്ടായിരുന്നു. ഈ മഹാജോലി നടത്തുവാൻ അവിടുത്തയ്ക്കു് മുപ്പത്തിമൂന്നു വത്സരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ കാലതാമസംവരുത്തുന്നതു നന്നല്ലായിരുന്നു. അവിടുന്നു മനുഷ്യകുലത്തിന്റെ ഗുരുവായി പരമപിതാവിനാൽ അയക്കപ്പെട്ടിരുന്നതിനാൽ, കഴിയുന്നവേഗത്തിൽ മനുഷ്യർക്കു തന്നെ പ്രസിദ്ധപ്പെടുത്തേണ്ടതായിരുന്നു. എങ്കിലും അപ്രകാരം ചെയ്യാതെ, മുപ്പതു വത്സരത്തോളം ആർക്കും അറിയപ്പെടാത്തവനായി ഒരു തച്ചന്റെ പണിപ്പുരയിൽ വസിച്ചതു മഹാരഹസ്യംതന്നെ.

പ്രായോഗികചിന്ത:— നാം ഇതിനെപ്പറ്റി ധ്യാനിച്ചു്, നമ്മുടെ ദിവ്യഗുരു അജ്ഞാതജീവിതം കഴിക്കുന്ന നിഷ്പ്രഭമായ ആ വസതിയിലേക്കു ആത്മനാ ചെല്ലുന്നുവെങ്കിൽ, അവിടുത്തെ ശിഷ്യരോടുകൂടെ "കർത്താവെ, നീ നിന്നെത്തന്നെ ലോകത്തിനു വെളിപ്പെടുത്തുക" (യോഹ. ൭, ൪) ലോകം നശിച്ചുപോകുന്നു, നീ അതിനെ രക്ഷിക്കുക. നീ ഇവിടെ ഒന്നും ചെയ്യാതെ വിലയേറിയ ഈ സമയം വ്യർത്ഥമാക്കളയുന്നതായി കാണപ്പെടുന്നല്ലൊ എന്നൊക്കെ പറയാൻ നമുക്കും തോന്നിയേക്കാം. ഇതിന്നു് അവിടുന്നു പറയുന്ന പ്രത്യുത്തരം കേൾക്കുക:— "ഇതുവരെയായിട്ടും നിങ്ങളും വിവേചനയില്ലാത്തവർ ആകുന്നോ"? (മത്തേ. ൧൫, ൧൬) അതായതു: ഞാൻ ഒന്നും ചെയ്യുന്നില്ലയെന്നു നിങ്ങൾ പറയുന്നു; എന്നാൽ എന്റെ പരമപിതാവിന്റെ ഹിതം ഞാൻ നിവൃഹിക്കുന്നു; ഇതു മാത്രം സർവ്വപ്രധാനവും സ്തുത്യർഹവുമെന്നു നിങ്ങൾ അറിഞ്ഞിരിക്കണം. ഞാൻ വ്യർത്ഥസമയം വ്യയംചെയ്യുന്നു എന്നാണല്ലൊ നിങ്ങൾ പറയുന്നതു്. ഏ

ന്നാൽ അപ്രകാരമല്ല. മനുഷ്യർ— പുണ്യപൂർണ്ണതയ്ക്കായി വിളിക്കപ്പെട്ടവർ വിശേഷിച്ചും – തങ്ങളുടെ അഹങ്കാരത്തെ അടക്കുന്നതിനും, കീഴ്വഴക്കം നിമിത്തം ലോകത്തിന്നു് അറിയപ്പെടാതെ നിന്ദിതരായി അജ്ഞാതജീവിതം കഴിക്കേണ്ടതിനും ഇടവരുമ്പോൾ, ആവലാധിയും പിറുപിറുപ്പും കൂടാതെ, സന്തോഷത്തോടുകൂടെയിരിക്കണം എന്നാണു ഞാൻ പഠിപ്പിക്കുന്നതു്. മിശിഹായുടെ ഈ ഉപദേശം അറിഞ്ഞശേഷം, തങ്ങളുടെ യോഗ്യതയ്ക്കും, സാമർത്ഥ്യത്തിനും തക്കവണ്ണമുള്ള ജോലികൾ ലഭിക്കുന്നില്ലെന്നു് ആവലാധി പറയാൻ ആരുതുനിയും?

സ്നേഹപ്രകരണങ്ങൾ:— ഞാൻ വിവേകമില്ലാത്തവനായി ഇപ്രകാരം ആവലാധി പറയുന്നതിനെക്കുറിച്ചു് കർത്താവിനോടു മാപ്പു് അപേക്ഷിക്കുന്നതുകൂടാതെ, അവിടുത്തെ അജ്ഞാതജീവിതത്തിന്റെ പരമരഹസ്യത്തെ ഞാൻ ആരാധിക്കയും ചെയ്യുന്നു. എന്നേത്തന്നെയും, ദൈവമല്ലാത്തതും, ദൈവസംബന്ധമില്ലാത്തതുമായ സകലത്തേയും, നിന്ദിപ്പാനും ഉപേക്ഷിപ്പാനും വേണ്ട വരം ഞാൻ പ്രാർത്ഥിക്കും.

പ്രതിജ്ഞ:- വാർദ്ധക്യത്താലും രോഗത്താലും ലോകത്തോടു സമ്പർക്കമില്ലാതെ, മുറിയിൽതന്നെ താമസിക്കേണ്ടിവരുമ്പോൾ, നസറേത്തിലെ എളിയ ഭവനത്തിൽ താമസിച്ചിരുന്ന ഈശോയെപ്പറ്റി ഞാൻ ചിന്തിക്കും. ലോകത്തിൽനിന്നു് അകന്നിരുന്നാലും, ജപധ്യാനത്താലും, ക്ഷമയാലും, പീഡകളിൽ ദൈവതിരുമനസ്സു് നിറവേറിക്കൊണ്ടും, ഈശോമിശിഹായോടുകൂടെ ആത്മാവുകളുടെ രക്ഷയ്ക്കുവേണ്ടി പ്രയത്നിക്കാമെന്നു കരുതി ഞാൻ തൃപ്തനാകും.

രണ്ടാംവകുപ്പു്

ഈ പരമരഹസ്യത്തിന്റെ അർത്ഥം

ധ്യാനം:- ഈശോമിശിഹായുടെ അജ്ഞാതമായ ജീവിതത്തിന്റെ പരമരഹസ്യത്തേയും, അതിൽ അവിടുത്തേയ്ക്കുണ്ടായിരുന്ന കരുതലിനേയുംകുറിച്ചു നാം അവിടുത്തേയ്ക്കു ഏതു മാർഗ്ഗത്തുടെ കൃതജ്ഞത പ്രദർശിപ്പിക്കണമെന്നു നന്നായി ഗ്രഹിക്കണമെങ്കിൽ, ലോകത്തിന്നു വന്നിട്ടുള്ള നാശങ്ങളും അനർത്ഥ

ങ്ങളുമെല്ലാം അഹങ്കാരത്തിൽനിന്നാണു ജനിച്ചതെന്നും, ഈ ദുഷ്പ്രവൃത്തികളെല്ലാം വീണ്ടും വന്നുകൂടുവാൻ സ്ഥായിയായി നില്ക്കുന്നതു കാരണം അതേ, അഹങ്കാരംതന്നെയാണെന്നും നാം ആദ്യമായി മനസ്സിലാക്കണം. ആകയാൽ എല്ലാറ്റിനും മുമ്പ് അഹങ്കാരത്തെ നിർമ്മൂലമാക്കേണ്ടതാകുന്നു. ഇതിനുള്ള ഏകപ്രത്യൗഷധം എളിമയാണെന്നു മനുഷ്യരെ പ്രത്യേകാൽ ഗ്രഹിപ്പിക്കാനും അതിനെ മനുഷ്യരെക്കൊണ്ടു സ്വീകരിപ്പിക്കാനും ആവശ്യമായിരുന്നു. ഈ കാര്യമാണ് അവിടുന്നു ലോകത്തിനു നൽകിയ ആദ്യപാഠങ്ങളിൽ സ്ഥായിയായി നില്ക്കുന്നതും; "ഞാൻ ശാന്തശീലനും ഹൃദയ എളിമയുള്ളവനും ആകുന്നതുകൊണ്ടു്, എന്നോടു പഠിപ്പിൻ" (മത്തേ. ൧൧, ൨൯) "തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും" (മത്തേ. ൨൩, ൧൨) മുമ്പന്മാരായ അനേകംപേർ പിമ്പന്മാരും, പിമ്പന്മാരായ അനേകംപേർ മുമ്പന്മാരും ആകും. (മത്തേ. ൧൯, ൩൦) ഇതാ ഇങ്ങനെ എളിമയുടെ പാഠങ്ങളെ അവിടുന്നു നമ്മെ പഠിപ്പിച്ചിരിക്കുന്നു. ഇതിൽനിന്നു് എളിമയുടെ അത്യാവശ്യമെന്നു കാണുന്നില്ലയോ?

എന്നാൽ എളിമയുടെ ഈ മഹാപാഠം നമുക്കു ഭിഷ്ടാനുസരത്താൽ കാണിച്ചുതരാതെ, അവിടുന്നു പ്രസംഗരൂപേണ മാത്രം പഠിപ്പിച്ചാൽ ധാരാളം മതിയായിരുന്നുവെല്ലോ എന്നു നമുക്കു ഒന്നു സങ്കല്പിച്ചുനോക്കാം. പക്ഷെ അങ്ങിനെയായിരുന്നുവെങ്കിൽ, നമ്മിൽ ആഴത്തിൽ വേരുന്നിയിരിക്കുന്ന നിഗളം അവിടുത്തെ ദിവ്യപഠനങ്ങളോടു് ശക്തിയായി എതിർക്കുമായിരുന്നുവെന്നു മാത്രമല്ല, "മിശിഹാ എളിമയെക്കുറിച്ചു് ഏറെറം വാചാലതയോടും സാമർത്ഥ്യത്തോടുംകൂടെ പ്രസംഗിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ; എന്നാൽ അവിടുന്നു് ഉന്നതവും അന്യാദൃശമെസ്തുതിക്കും പ്രശംസയ്ക്കും പാത്രീഭവിക്കത്തക്കതുമായ ഒരു സ്ഥിതിയിലാണല്ലോ ലോകത്തിൽജീവിച്ചിരുന്നതു്" എന്നിവിധത്തിലുള്ള ഒരു വിചാരം നമ്മിൽ അങ്കുരിക്കുന്നതിനു് ഇടയാവുകയും ചെയ്യുമായിരുന്നു. ഈ സ്ഥിതിയിൽ നമ്മുടെ ദിവ്യരക്ഷകന്റെ പ്രബോധനങ്ങൾ കേവലം നിഷ്ഫലങ്ങളായിപ്പോകുമായിരുന്നു. മാത്രമല്ല, അഹങ്കാരംഅതിന്റെ അനർത്ഥഫലങ്ങളായ നാശങ്ങളും ക്രമക്കേടുകളും തുടർന്നുനടത്തിക്കൊണ്ടും ഇരിക്കുമായിരുന്നുവെന്നു് സ്പഷ്ടമാണല്ലോ.

പ്രായോഗികചിന്ത:- തന്നെക്കുറിച്ചുതന്നെ അല്പമെങ്കിലും അറിവുള്ള ഒരുത്തനും ഈ സത്യം ഗ്രഹിക്കാതിരിക്കുകയില്ല. ഇപ്രകാരമുള്ളവൻ തന്റെ ഉള്ളിൽതന്നെ പ്രവേശിച്ചു നോക്കിയാൽ എന്തുപറയേണ്ടിവരും? ദിവ്യഗുരു തന്നത്തന്നെ ഇത്ര താഴ്ത്തുകയും, ലോകത്തിന്റെ മുമ്പാകെ ഒന്നുമില്ലാത്തവനായി തോന്നിക്കുന്ന സ്ഥിതിയിൽ വ്യാപരിക്കയും ചെയ്തതു കണ്ടിട്ടും, എന്റെ അഹങ്കാരത്തെ ജയിപ്പാൻ — അതായതു. ശേഷംപേർ എന്നെ നിന്ദിക്കുകയും, ഞാൻ ശേഷംപേരുടെ പിന്നിലാക്കപ്പെട്ടുകയും, ബഹുമാനമുള്ള ഉദ്യോഗങ്ങളിൽനിന്നു നീക്കപ്പെട്ടുകയും, ഹീനജോലികൾക്കു നിയമിക്കപ്പെട്ടുകയും ചെയ്യുന്ന അവസരങ്ങളിൽ ആവലാധിയും കലക്കവുംകൂടാതെ ഇരിക്കാൻ—എനിക്ക് എത്ര പ്രയാസം തോന്നുന്നു! ആ സ്ഥിതിക്കു, മിശിഹായുടെ ദിവ്യദൃഷ്ടാന്തം ഇല്ലായിരുന്നെങ്കിൽ, എന്റെ സ്ഥിതി എന്തായിരുന്നേനെ? ഈ ദിവ്യദൃഷ്ടാന്തം ഇത്ര തെളിവായി കാണുമ്പോൾ, അഹങ്കാരത്തെ അമർത്തുവാനും, എളിമയെ സ്നേഹിക്കാനും എന്റെ സമസ്തശക്തിയോടുംകൂടെ പ്രയാസപ്പെടേണ്ടതല്ലയോ?

സംഭാഷണം— നസറേത്തിൽ ഒളിക്കപ്പെട്ടവനായി, മനുഷ്യർക്കു് അറിയപ്പെടാത്തവനായി, ജീവിക്കുന്ന ഈശോയോടു സംഭാഷണം ചെയ്യുക. അവിടുത്തെ ആരാധിക്കുക, ആ അജ്ഞാതജീവിതംവഴിയായി അവിടുന്നു് നമുക്കു കാണിച്ചുതന്നിരിക്കുന്ന മാഹാത്മ്യവും പ്രോത്സാഹജനകവുമായ പഠനങ്ങളെ നാമും ഗ്രഹിപ്പാൻ ഇടവരുത്തിയതിനെക്കുറിച്ചു നാം അവിടുത്തോടു നന്ദി പറയുക. അവിടുത്തെ ദിവ്യപഠനങ്ങൾക്കുതക്കവണ്ണം, ധീരതയോടുകൂടെ പ്രവർത്തിക്കാഞ്ഞതിനെക്കുറിച്ചു്, അവിടുത്തോടു മാപ്പു ചോദിക്കുക. നല്ല പ്രതിജ്ഞകളെ അവിടുത്തേയ്ക്കു കാഴ്ചവയ്ക്കുക. ആ പ്രതിജ്ഞകളിൽ വിശ്വസ്തനായി ജീവിപ്പാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ജനുവരി മുപ്പതാം തിയ്യതി

ശ്ലൂഹാ നിയോഗത്തിന്റെ സ്വഭാവം, പ്രേരകകാരണങ്ങൾ, അഭ്യാസം എന്നിവ

പ്രാരംഭം— ഫ. സകലവും ദൈവാസ്തുതിക്കായി ചെയ്വിൻ എന്നു വി. പൌലോസ് പറയുന്നതു കേൾക്കുന്നതായി വിചാരിക്കുക. (ഫ കോറി. ഫം, ൧൦ ഫ)

൨. എപ്പോഴും ശ്ലൂഹാ നിയോഗത്തോടുകൂടെ പ്രവർത്തിക്കുന്ന ശീലം ഉണ്ടാകുവാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു,

ശ്ലൂഹാനിയോഗത്തിന്റെ സ്വഭാവം.

ധ്യാനം:— നമ്മുടെ ജീവിതത്തിനും ഈശോ നസറേത്തിലെ വസതിയിൽ കഴിച്ച ജീവിതത്തിനും തമ്മിൽ വലിയ സാമ്യമുണ്ട്. നമ്മുടെ ജീവിതത്തിന്റെ വലിയ ഭാഗവും നാം ആശ്രമത്തിലെ ഏകാന്തതയിൽ ചെലവഴിക്കുന്നു. ഇങ്ങനെ നാം ലോകത്തിന്നു് അറിയപ്പെടാത്തവരായി ജീവിക്കുന്നു. ഇപ്രകാരമുള്ള ജീവിതത്തെ എങ്ങിനെ വിശുദ്ധമാക്കാം? എങ്ങിനെ വിശുദ്ധമാക്കേണം? നമ്മുടെ ഏറ്റവും ചെറിയ പ്രവൃത്തികൾപ്പോലും ദൈവത്തിങ്കൽമുമ്പാകെ വിലയേറിയതാക്കി തീർക്കുന്ന ഉത്തമ നിയോഗംകൊണ്ടു നമുക്കു ഇതിനെ വിശുദ്ധീകരിക്കാം. ഇങ്ങനെയത്രെ ഇതു നാം വിശുദ്ധീകരിക്കേണ്ടതു്. ആകയാൽ ശ്ലൂഹാനിയോഗത്തിന്റെ സ്വഭാവം, ഉദ്ദേശ്യം, അഭ്യാസം, എന്നിവയെ നല്ലപോലെ ഗ്രഹിപ്പാൻ നമുക്കു യത്നിക്കാം.

നിയോഗം എന്നതു് മനുഷ്യനെ ഒരു ലക്ഷ്യത്തിലേയ്ക്കു നയിക്കുന്ന മനസ്സിന്റെ ഒരു പ്രവൃത്തിയാണു്. ഈ ലക്ഷ്യം നന്നാണെങ്കിൽ, നിയോഗവും നല്ലതായിരിക്കും. എന്നാൽ ഈ ലക്ഷ്യം ദൈവത്തിങ്കൽമുമ്പാകെ യോഗ്യതയുള്ളതായിരിക്കണമെങ്കിൽ, അതു് സ്വഭാവാതീതമായിരിക്കേണ്ടതുകൂടാതെ, ആ ലക്ഷ്യത്തെ മുൻനിറുത്തി പ്രവർത്തിക്കുന്നവൻ ദൈവപ്രസാദവരമുള്ള

വന്നമായിരിക്കണം. ഒരേ സമയത്തുതന്നെ ദൈവസ്തുതിക്കായി നേരെയുള്ളതും അല്ലാത്തതുമായ പല സ്വഭാവാതീതലക്ഷ്യങ്ങളും നമുക്കുണ്ടാകാം. ഇപ്രകാരമായിരിക്കെ, ഒരേ ഒരു പ്രവൃത്തികൊണ്ട് പലവിധമായ യോഗ്യതകളും നമുക്കു സമ്പാദിക്കയും ചെയ്യാം.

പ്രായോഗികചിന്ത:— സുബോധമുള്ള മനുഷ്യൻ നിശ്ചിതമായ ഒരു ലക്ഷ്യംനോക്കി പ്രവർത്തിക്കാൻ അവശ്യമാകുന്നു. എന്നാൽ അനേകർ തങ്ങളുടെ നിയോഗങ്ങളുടെ ശ്രേഷ്ഠിയെ ഗവനിക്കാതെ, പരിചയത്താലുള്ള സ്വാഭാവിക കരുതലോടെ പ്രവർത്തിക്കുന്നുണ്ട്. ഒരിക്കലും പരിഹരിക്കാൻ പാടില്ലാത്ത എത്ര വലിയ ആദ്ധ്യാത്മികനഷ്ടമാണ് ഇതിനാൽ ഇവർക്കു വന്നുകൂടുന്നതു! തങ്ങളുടെ നിത്യനന്മകളെ ഇത്ര നിസ്സാരമായി കരുതുന്ന ക്രിസ്ത്യാനികളുടെ, അഥവാ സന്ന്യാസികളുടെ ഗണത്തിൽ പക്ഷെ നീയും ഒരുവനായിരിക്കുമോ?

സ്നേഹപ്രകരണങ്ങൾ:— ആഃ എന്റെ ഈശോയെ! അങ്ങു നിന്ന് മുപ്പത്തുവത്സരം അജ്ഞാതനായി ജീവിച്ചിരിക്കുമ്പോൾ, പരമപിതാവിനു് അങ്ങുനിന്ന് ഇഷ്ടപ്പെട്ടവനായിരുന്നതുപോലെ, ഞാനും ശ്രേഷ്ഠവും ഉന്നതവുമായ കരുതൽ വഴിയായി അങ്ങയ്ക്ക് ഇഷ്ടമുള്ളവനായിത്തീരുവാൻ എന്നെ പഠിപ്പിക്കേണമെ.

പ്രതിജ്ഞ:— സകല പ്രവൃത്തികളും എപ്പോഴും ഉത്തമ നിയോഗത്തോടെ ചെയ്യുന്ന തഴക്കം ഉണ്ടാകുവാൻ ശ്രമിക്കുക.

രണ്ടാംവകുപ്പു.

ശ്രേഷ്ഠനിയോഗത്തിന്റെ പ്രേരകഹേതുക്കൾ.

ധ്യാനം:— നമ്മുടെ സകല പ്രവൃത്തികളും ശ്രേഷ്ഠ നിയോഗത്തിൽ ആശ്രയിച്ചിരിക്കത്തക്കവണ്ണം നാം സൂക്ഷിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്ന പല കാരണങ്ങളും ഉണ്ട്. അവയിൽ പ്രഥമവും സർവ്വപ്രധാനവുമായ കാരണം: ദൈവതിരുമുമ്പാകെ നമ്മുടെ പ്രവൃത്തികളുടെ വിലയും, നിത്യത്വത്തെ നിശ്ചയിക്കുന്ന സമയത്തിന്റെ വിലയും നമ്മുടെ കരുതലിനെ ആശ്രയിച്ചിരിക്കുന്നു എന്നതാണു. നമ്മുടെ ഈ അല്പകാലത്തെ ജീവിതത്തിൽ തുടരെത്തുടരെ നാം ചെയ്യുന്ന പ്രവൃത്തികളുടെ അവസ

രമാണല്ലൊ സമയം എന്നു പറയുന്നതു്. രണ്ടാമതു്: ഇതിനേക്കാൾ നീതിപരമായതു് മറെറാന്നുമില്ല. എന്തെന്നാൽ നാം മുഴുവനും ദൈവത്തിനുള്ളവരാകുന്നു. ആകയാൽ നമ്മുടെ പ്രവൃത്തികളിൽ സ്വഭാവത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ, സകലവും ശുദ്ധനിയോഗത്തോടെ ദൈവത്തിനു സമർപ്പിക്കേണ്ടതാണു്. ഇപ്രകാരം നാം ക്ഷേമിക്കയൊ, പാനംചെയ്കയോ, മറെറന്തെങ്കിലും പ്രവൃത്തിക്കയൊ ചെയ്താലും, സകലവും ദൈവസ്തുതിക്കായിട്ടായിരിക്കണം എന്നു വിശുദ്ധ പൌലോസ് എഴുതിയിരിക്കുന്നു. (ഫ. കൊ. ഫാ. ന്മഫ.)

മൂന്നാമതു്: അടുത്ത ധ്യാനത്തിൽ കാണിപ്പാനിരിക്കുന്നതുപോലെ ഏതേതു ജീവിതത്തിലും, സ്ഥിതിയിലും ശുദ്ധ നിയോഗത്തിന്റെ അഭ്യാസത്തെക്കാൾ എളുപ്പമുള്ള പുണ്യാഭ്യാസം മറെറാന്നുമില്ലതന്നെ.

പ്രായോഗികചിന്ത:— ഈ കാരണങ്ങളെ നീ നന്നായി ചിന്തിക്കയും വിലമതിക്കയും ചെയ്യുമെങ്കിൽ, ശുദ്ധനിയോഗം കാണിച്ചതരുന്ന പരിപൂർണ്ണത പ്രാപിക്കാൻ വലിയ ആഗ്രഹം നിന്നിൽ ജനിക്കാതിരിക്കുകയില്ല. പ്രത്യേകമായി ദൈവത്തിന്റെ പ്രസാദവരത്തിൽ ഇരിപ്പാൻ വളരെ എളുപ്പമുള്ള സന്യാസജീവിതത്തിൽ ഇതിനു നിനക്കു യാതൊരു വിഘ്നവുമുണ്ടാകയില്ല.

സ്നേഹപ്രകരണങ്ങൾ:— ദൈവസ്നേഹത്തിലും, തന്റെ സാന്നിദ്ധ്യത്തെയും സ്നേഹത്തെയും എപ്പോഴും ഓർമ്മിപ്പിക്കുന്ന ഒരു സ്ഥിതിയിലും ജീവിപ്പാനായി, ദൈവം നമ്മെ വിളിച്ചതിനെക്കുറിച്ചു സന്തോഷിക്കയും അവിടുത്തോടു നന്ദിപറയുകയും ചെയ്യുക.

പ്രതിജ്ഞ:— ശുദ്ധനിയോഗത്തിന്റെ അഭ്യാസം സംബന്ധിച്ചു കൂടക്കൂടെ ആത്മശോധന നടത്തുക.

മൂന്നാംവകുപ്പു

ശുദ്ധനിയോഗത്തിന്റെ അഭ്യാസം.

ധ്യാനം:— ശുദ്ധനിയോഗത്തോടെ ഓരോ പ്രവൃത്തികളും ചെയ്യുന്നതിനുള്ള ശീലം സമ്പാദിക്കുന്നതിലേക്കു രണ്ടു കായ്യ

ങ്ങൾ ചെയ്യേണ്ടതുണ്ടു്. ഒന്നു്: നമ്മുടെ ഓരോ പ്രവൃത്തിയും അനേകം ഉത്തമ നിയോഗങ്ങളോടുകൂടെ ചെയ്യുന്നതിനു പറ്റുന്ന വല്ല ജപവും ദിനംപ്രതി പ്രഭാതത്തിൽ വ്യഗ്രതയീക്ഷ്ണതയോടെ ചൊല്ലണം എന്നുള്ളതാണു്. മായസ്തുതിയിലൊ സേവ്യയിലൊ ഉള്ള മോഹത്താൽ വഴി തെറ്റിപ്പോകാതിരിപ്പാൻ വേണ്ടി, ഓരോ ജോലി ആരംഭിക്കുന്നതിനുമുമ്പു നാവുകൊണ്ടൊ, വ്യഗ്രയംകൊണ്ടൊ അതിനെ സംഗ്രഹമായി നവീകരിക്കുക എന്നിതാണു രണ്ടാമത്തെ കായ്യം.

പ്രായോഗികചിന്ത:— നിന്നെത്തന്നെ നന്നായി പരിശോധിച്ചു്, ഇക്കായ്യത്തിൽ നിന്റെ സ്ഥിതി എന്തെന്നു നോക്കുക. നീ നവസന്ന്യാസാലയത്തിൽ ആയിരുന്നപ്പോൾ, നിന്നെ പഠിപ്പിച്ച പല നല്ല നിയോഗങ്ങൾ അടങ്ങിയ ജപം ദിനംപ്രതി കാലത്തു നിഷ്കർഷാപൂർവ്വം നീ ചൊല്ലിവരുന്നുണ്ടോ? ദിവസത്തിൽ പല പ്രാവശ്യം അതു് നവീകരിച്ചുവരുന്നുണ്ടോ? അപ്രകാരം അതിനെ നവീകരിക്കുന്നതിനുള്ള ഓർമ്മ വരുവാനായി എന്തെല്ലാം മാർഗ്ഗങ്ങൾ നീ പ്രയോഗിച്ചുവരുന്നുണ്ടു് എന്നിവ ആലോചിച്ചുനോക്കുക.

സംഭാഷണം:— വി. ളയീസ് ഗൊൻസാഗയോടു സംഭാഷണം ചെയ്യു. ഈ വിശുദ്ധൻ അല്പ കായ്യങ്ങൾകൂടെയും ശുദ്ധാകരുതലോടെ ചെയ്തുവന്നതിനാൽ, ചുരുങ്ങിയ ഇടകൊണ്ടു യോഗ്യതയിൽ ഉന്നത പദവി പ്രാപിച്ചു. നാമും ഇതു അനുകരിപ്പാൻ വരപ്രസാദം ലഭിച്ചുരേണമെന്നു അഭ്യർത്ഥിക്കുക.

ജനുവരി മുപ്പത്തൊന്നാം തിയ്യതി.

ഈശോ തന്റെ അജ്ഞാതജീവിതത്തിൽ
കീഴ്വഴക്കത്തിന്റെ ഒരു ദൃഷ്ടാന്തമായിരുന്നു.

പ്രാരംഭം:— ക്ര. ഉണ്ണിഈശോ ദൈവമാതാവിനും യൌസേപ്പുപിതാവിനും വണ്ണമായി കീഴ്വഴങ്ങിവരുന്നതു് കാണുന്ന

തായി വിചാരിക്കുക.

൨. വിശ്വാസത്തോടുകൂടിയ കീഴ്വഴക്കത്തെ അറിവാനും അനുകരിപ്പാനുംവേണ്ട പ്രസാദവരം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്.

ഈശോയുടെ കീഴ്വഴക്കത്തിന്റെ ലക്ഷണങ്ങൾ.

൧. സ്ഥാനം:— അവിടുന്നു അവർക്കു കീഴ്പ്പെട്ടിരുന്നു. (ലൂക്കാ ൨. ൫൧.) ഈശോയുടെ മുപ്പതു വയസ്സുവരെയുള്ള ജീവിതത്തിന്റെ ചരിത്രം മുഴുവനും, ഈ മൂന്നു വാക്കുകളിൽ അടക്കി എല്ലാക്കാലത്തും അറിയിക്കുന്നതിനു പരിശുദ്ധാത്മാവു തിരുവുള്ളമായി. ഇതിനാൽ സകലവും കീഴ്പ്പെടുത്തിൽ അടങ്ങിയിരിക്കുന്നു എന്നതെ കാണിക്കുന്നതു്. എന്തുകൊണ്ടെന്നാൽ, ഈശോ എല്ലാറ്റിനും മുമ്പു അവിടുത്തെ അജ്ഞാതമായ ജീവിതത്താൽ മനുഷ്യരെ പഠിപ്പിപ്പാൻ തിരുമനസ്സായ എളിമയുടെ ഉത്തമായ ലക്ഷ്യം കീഴ്പ്പെടുക്കമായിരുന്നു; എളിമ കൂടാതെ നാം ദൈവത്തിന്നിഷ്ടമുള്ളവരാകയില്ല; കീഴ്പ്പെടുക്കം കൂടാതെ എളിമയുള്ളവരെന്നു വിചാരിപ്പാനും പാടില്ല. അതിനാൽ നമ്മുടെ കീഴ്പ്പെടുക്കം എങ്ങനെയുള്ളതായിരിക്കണമെന്നതിനു സജീവമായ ദൃഷ്ടാന്തം കാണിപ്പാൻ ഈശോ നിശ്ചയിച്ചു. ഈ ദിവ്യദൃഷ്ടാന്തം നാം നല്ലവണ്ണം സൂക്ഷിച്ചു് പ്രവൃത്തിയിൽ അനുസരിക്കേണ്ടതാണു്. "അവിടുന്നു അവർക്കു കീഴ്പ്പെട്ടിരുന്നു" ആരാണു് ഇപ്രകാരം കീഴ്പ്പെട്ടിരുന്നതു്? മനുഷ്യന്റെ സൃഷ്ടാവും ഭൂലോകപരലോകങ്ങളുടെ രാജാവുമായ ദൈവംതന്നെ. ആർക്കു കീഴ്പ്പെട്ടിരുന്നു? പരിശുദ്ധ കന്യകമറിയത്തിനും വി. യൌസപ്പിനും കീഴ്പ്പെട്ടിരുന്നു. ഇവർ പുണ്യത്തിലും വിശുദ്ധിയിലും ഏറ്റവും ഉയർന്നവരായിരുന്നുവെന്നതു സത്യമാണെന്നിരുന്നാലും, അവർ രണ്ടുപേരും സൃഷ്ടികൾമാത്രമായിരുന്നു. അതെ, ആരു് അവർക്കു കീഴ്പ്പെട്ടിരുന്നു, അയാളുടെ സൃഷ്ടികൾ മാത്രമായിരുന്ന അവർ! അവിടുന്നു ഏതെല്ലാം കാര്യങ്ങളിൽ അവർക്കു കീഴ്പ്പെട്ടിരുന്നു? ഒന്നിനെക്കുറിച്ചും ഒഴിവും കുഴിവും പറയാതെ, സകലത്തിനും കീഴ്പ്പെട്ടിരുന്നു. എങ്ങനെ കീഴ്പ്പെട്ടിരുന്നുവെന്നുംകൂടി നാം ചിന്തിക്കുക. ദൃഷ്ടാന്തി

യോടും സൂക്ഷ്മത്തോടും, സ്ഥിരതയോടും, സ്നേഹപൂർണ്ണതയോടും കൂടെ കീഴ്വഴങ്ങിയിരുന്നു.

പ്രായോഗികചിന്ത:— "ഞാൻ നിങ്ങളോട് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്നു; ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു" (യോഹ. ക്രമ. ക്രമ.) എന്നു് ഈശോ അരുളിച്ചെയ്യുന്നതു കേൾക്കുന്നതായി വിചാരിച്ചിട്ടു് നിന്നെത്തന്നെ നീ പരിശോധിച്ചു, നിൻറെ കീഴ്വഴക്കം നിൻറെ ദിവ്യഗുരു കാണിച്ച കീഴ്വഴക്കത്തോടു് എപ്പോഴും യോജിച്ചിരിക്കുന്നുണ്ടോ എന്നു ആലോചിച്ചുനോക്കുക! അവിടത്തെ കീഴ്വഴക്കത്തിൽ പ്രശോഭിച്ചിരുന്ന ലക്ഷണങ്ങളും നിൻറെ കീഴ്വഴക്കത്തിൽ ഉണ്ടോ? അവിടത്തെ കീഴ്വഴക്കത്താൽ ദൈവജനനിക്കും യൌസേപ്പുപിതാവിനും ഉണ്ടായതുപോലെയുള്ള സന്തോഷവും ഭാഗ്യവും നിൻറെ കീഴ്വഴക്കത്താൽ നിൻറെ ശ്രേഷ്ഠന്മാർക്കുണ്ടാകുന്നുണ്ടോ? എന്നു നീ വിചിന്തനം ചെയ്യുക.

സ്നേഹപ്രകരണങ്ങൾ:— ഈശോയുടെ കീഴ്വഴക്കത്തിൻറെ ഈ ലക്ഷണങ്ങളെല്ലാം കണ്ടു് അശ്ചര്യപ്പെടുകയും, നന്ദി പറയുകയും ചെയ്യുന്നതുകൂടാതെ, നമുക്കു കാണിച്ചുതന്ന ദിവ്യദൃഷ്ടാന്തത്തെ ഉത്തമവിധമായി അനുകരിപ്പാൻ തീക്ഷ്ണതാപൂർവ്വം ആഗ്രഹിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— എൻറെ കീഴ്വഴക്കത്തിൽ ഉള്ള കുറവുകളെ തീർപ്പാൻ വലിയ ശ്രദ്ധാന്തിയോടെ ഞാൻ യത്നിക്കും.

രണ്ടാംവാരം.

ഈശോയുടെ കീഴ്വഴക്കത്തിൻറെ കാരണം.

സ്വാനം:— ബാഹ്യപ്രവൃത്തികളെല്ലാം ആഭ്യന്തരമായ മൂലത്തിൽനിന്നു്, അഥവാ ഉള്ളിൽ കരുതിയ ലാക്കിൽനിന്നു്, അതെ ജനിക്കുന്നതും ജനിക്കേണ്ടതും. ഇപ്രകാരമെങ്കിൽ ഉണ്ണിഈശോയുടെ പൂർണ്ണ കീഴ്വഴക്കത്തിൻറെ മൂലം എന്തായിരുന്നു? പക്ഷേ ഭയമായിരിക്കുമോ? ഒരിക്കലുമല്ല. സ്വാർത്ഥംകൊണ്ടു് അഥവാ സമ്മാനത്തിന്മേലുള്ള ആഗ്രഹംകൊണ്ടു് ഉണ്ടായതായിരിക്കുമോ? അതുമല്ല. പ്രപഞ്ചപ്രഭുവായ അവിടത്തേയ്ക്കു് മനുഷ്യരിൽനിന്നു് ഭയപ്പെടുവാനോ ആഗ്രഹിപ്പാനോ വല്ലതുമുണ്ടോ? ഇങ്ങനെ

യെങ്കിൽ പിന്നെ എന്തു കാരണത്താലായിരുന്നു അവിടുന്ന് ഈ ദുരമായ കീഴ്പഴക്കം കാണിച്ചത്? ദൈവമാതാവും യൗസേപ്പു പിതാവും വഴിയായി അറിയിക്കപ്പെട്ടിരുന്ന പരമപിതാവിന്റെ തിരുച്ചിത്തമല്ലാതെ; മറെറാന്നുമല്ലായിരുന്നു ഇതിനു കാരണം. അവിടുന്നു തന്റെ പരമപിതാവിനെ നോക്കി "അതേ, പിതാവെ, ഇപ്രകാരം അങ്ങേയ്ക്കു പ്രസാദം തോന്നി. (മത്തേ. ഫ്രഞ്ച.) അതായത്: പരിശുദ്ധ കന്യകമറിയത്തെ എനിക്കു അമ്മയായിട്ടും, വി. യൗസേപ്പിനെ വളർത്തുപിതാവായിട്ടും തരുവാൻ തിരുമനസ്സായി. അങ്ങയുടെ ഇഷ്ടം നിറവേറട്ടെ; അങ്ങയുടെ സ്നേഹത്തെപ്രതി അങ്ങയ്ക്കു എന്നപോലെ എല്ലാ കായ്ങ്ങളിലും അവക്കു ഞാൻ കീഴ്പഴങ്ങും, എന്നു പറഞ്ഞിരുന്നു. ആകയാൽ വാസ്തവം പറയുന്നതായാൽ; ഈശോ തന്റെ സൃഷ്ടികളായ പരി. കന്യകമറിയത്തിനും വി. യൗസേപ്പിനുമല്ല, അവർ വഴിയായി തന്റെ പരമപിതാവിനുതന്നെ കീഴ്പഴങ്ങിയിരുന്നതു്.

പ്രായോഗികചിന്ത:— ഇതുതന്നെ സ്വഭാവാതീതമായ കീഴ്പഴക്കം. വിശ്വാസമെന്ന മൂലത്തിൽനിന്നു വിശ്വാസംവഴിയായുള്ള കീഴ്പഴക്കം ജനിക്കുന്നു. അപ്രത്യക്ഷനായ ദൈവം; പ്രത്യക്ഷപ്രതിനിധികളം വഴിയായി നമ്മെ നടത്തുവാൻ തിരുവുള്ളമായിരിക്കുന്നു. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു; നിങ്ങളെ നിന്ദിക്കുന്നവൻ എന്നെ നിന്ദിക്കുന്നു." (ലൂക്കാ. ഫ്രഞ്ച.) എന്നുള്ള വാഗ്വൃപ്രകാരം, ദൈവം അവിടുത്തെ അധികാരം കൈക്കൊണ്ടിരിക്കുന്ന മനുഷ്യർവഴിയായി മറു മനുഷ്യരെ നടത്തുവാൻ മനസ്സായിരിക്കുന്നു; ഈ മുഖാന്തരത്താലുള്ള കീഴ്പഴക്കം ശ്രേഷ്ഠവും യോഗ്യതാസംപുഷ്ടവുമായിരിക്കും. ഈ സ്ഥിതിയിൽ കീഴ്പഴങ്ങുന്നതു മനുഷ്യരെയല്ല, (ശ്രേഷ്ഠന്മാർ വഴിയായി) ദൈവത്തെത്തന്നെയാണു്. നാം ഇപ്രകാരമാണു് എല്ലാപ്പോഴും കീഴ്പഴങ്ങിവരുന്നതെന്നു നമുക്കു ഉറപ്പു പറയാമോ? ചിലപ്പോൾ എന്നല്ല, പലപ്പോഴും കീഴ്പഴക്കത്തിന്റെ മഹിമയും, യോഗ്യതയും ഇല്ലാത്തതായ ലൌകികകാരണങ്ങളാലൊ സ്വാഭാവികകാരണങ്ങളാലൊ അല്ലെ നാം കീഴ്പഴങ്ങുന്നതു്?

സ്നേഹപ്രകരണങ്ങൾ:— യഥാർത്ഥവും യോഗ്യതാപരവുമായ കീഴ്വഴക്കം അറിവാൻ ദൈവം നമുക്കു് ഇടവരുത്തിയതിനെക്കുറിച്ചു അങ്ങയ്ക്കു കൃതജ്ഞതാപൂർവ്വം സ്തോത്രം ചെയ്യുന്നു. മേല്പെട്ടതും വിശുദ്ധവുമായ ഈ കീഴ്വഴക്കത്തെ നാം കായ്മയായി

മതിപ്പാനും ഇതിന്റെ അഭ്യസനത്തിൽ സ്ഥിരതയുള്ളവരാകുവാനും വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— കീഴ്വഴക്കത്തിന്റെ മൂലത്തെയും ഉത്സാഹകാരണങ്ങളേയും ക്രടക്കൂടെ ശോധന ചെയ്യുക.

മൂന്നാംവകുപ്പ്.

ഈശോയുടെ കീഴ്വഴക്കത്തിനുള്ള യോഗ്യത.

ധ്യാനം:— ഉണ്ണിഈശോ തന്റെ ശിശുപ്രായം മുതൽക്ക് ഉത്തമമായ കീഴ്വഴക്കത്താൽ; തന്റെ എതുയും അല്പമായ ക്രിയകൾക്കുക്രടെ, പരമപിതാവിന്റെ സന്നിധിയിൽ വലിയ യോഗ്യത പ്രാപിച്ചുവന്നിരുന്നു. അഭ്യന്തരപ്രകരണങ്ങളുടെയും പുറമേയുള്ള പ്രവൃത്തികളുടെയും ഇടമുറിയാത്ത തുടർച്ചയാണ്, സമയം എന്നു പറയപ്പെട്ടുന്നതെങ്കിൽ, ഈശോ മനുഷ്യസ്വഭാവത്തിൽ കഴിച്ചുക്രട്ടിയ മുപ്പതുവർഷത്തെ അജ്ഞാതജീവിതത്തിനിടയ്ക്ക് എത്ര വിലയേറിയ ആദ്ധ്യാത്മിക നിക്ഷേപങ്ങളെ നമുക്കായിപ്രാപിച്ചിട്ടുണ്ടായിരിക്കണം!

പ്രായോഗികചിന്ത:— നിത്യതപത്തിൽ ഉപകരിക്കുന്ന യോഗ്യത പ്രാപിപ്പാനാണല്ലൊ നാം സന്ന്യാസികളായിരിക്കുന്നതു്. കീഴ്വഴക്കമെന്ന പുണ്യത്തിൽ അഭിവൃദ്ധി പ്രാപിപ്പാൻ നാം യത്നിക്കുമെങ്കിൽ നമ്മുടെ ഉദ്ദേശം സാദ്ധ്യമാകും. ഇതിന്നു നാം യത്നിച്ചുകൊണ്ടു് തപസ്സു പരസ്നേഹകൃത്യങ്ങൾ ആദിയായി മനുഷ്യദൃഷ്ടിക്ക് കേമമായ പ്രവൃത്തികൾ ഒന്നും ചെയ്യാതെ; ലോകത്തിന്നറിയപ്പെടാത്തവരായി സാധാരണ ജീവിതം കഴിച്ചാലും പരലോകത്തിൽ ഏറ്റവും വിലയേറിയ വളരെ നിക്ഷേപങ്ങൾ നമുക്കു ലഭിക്കാതിരിക്കുകയില്ല.

സംഭാഷണം:— കീഴ്വഴക്കത്തിന്റെ ഉത്തമദൃഷ്ടാന്തമായ ഈശോകർത്താവിനോടു് സംഭാഷണം ചെയ്യുക. മുൻപിലത്തെ രണ്ടു വകുപ്പുകളിൽ കാണിച്ചിരിക്കുന്ന സ്നേഹപ്രകരണങ്ങളിലും പ്രതിജ്ഞകളിലും ഇതിന്നു പറ്റിയ വിഷയങ്ങൾ കാണും.

ൈഖ്വവരി ഒന്നാംതിയ്യതി.

ഈശോ അവിടുത്തെ അജ്ഞാതജീവിതത്തിൽ പ്രദർശിപ്പിച്ച • അടക്കം, ശാന്തം, ഭക്തി, ഒന്നിവ.

പ്രാരംഭം:—ഫ. ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു. (യോഹ. ഫ്രാ. ഫ്രാ.) എന്നു ഈശോ അരുളിച്ചെയ്യുന്നതു കേൾക്കുന്നതായി വിചാരിക്കുക.

ഉ. ഈശോയുടെ ശാന്തം, അടക്കം, ഭക്തി, മുതലായ ഗുണങ്ങൾ നിന്നിൽ ഉണ്ടാകുവാൻ ഏറ്റവും തീക്ഷ്ണതയുള്ള ആഗ്രഹം നിപ്പാൻ വേണ്ട കൃപാവരം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്.

ഈശോയുടെ ശാന്തത.

ധ്യാനം:— ഈശോ തന്റെ അജ്ഞാതജീവിതത്തിൽ കീഴ്വഴക്കത്തിന്റെ ഉത്തമദൃഷ്ടാന്തം കാണിച്ചതുകൊണ്ടു തൃപ്തിപ്പെടാതെ, സന്ന്യാസികൾ പ്രേഷിതജോലി ആരംഭിക്കുന്നതിനു മുമ്പു്, ആശ്രമത്തിലെ ഏകാന്തതയിൽ സമ്പാദിക്കേണ്ട മറ്റനേക പുണ്യങ്ങളുടെ ദൃഷ്ടാന്തംകൂടെയും കാണിച്ചുതന്നിരിക്കുന്നു. പരിശുദ്ധാത്മാവു ഇവയിൽ മൂന്നു പുണ്യങ്ങളെ പ്രത്യേകം കാണിച്ചുതരുന്നുണ്ടു്. അവ ശാന്തത, വിനയം, ഭക്തി എന്നിവയത്രെ. വി. പൌലോസ് കൊറീന്ത്യക്കാർക്കു് എഴുതിയ ൨-ാംലേഖനത്തിൽ (ഫ്രാ, ഫ്രാ.) "സഹോദരന്മാരെ മിശിഹായുടെ വിനയത്തേയും ശാന്തഗുണത്തേയും നോക്കി നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു" എന്നു എഴുതിയിരിക്കുന്നു. ഇസയാസ് ദീർഘദർശി, വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായെക്കുറിച്ചു് സംസാരിച്ചപ്പോൾ 'ഭക്തിയുടെ അരൂപി അദ്ദേഹത്തിൽ വസിക്കും' എന്നു് പറഞ്ഞിരിക്കുന്നു. (ഇസയാസ്; ഫ്രാ. ൨) ആകയാൽ ഈ പുണ്യങ്ങളെ നാം സമ്പാദിച്ചു്, ഇവയിൽ അഭിവൃദ്ധി പ്രാപിക്കുന്നതി

ന്ന് ഇവയുടെ സ്വഭാവത്തെ നന്നായി ഗ്രഹിക്കുകയും ഏറ്റവും ആവശ്യകമായിരിക്കുന്നു. തോമസ് അകപീനാസ് എന്ന വേദപാരംഗതൻ എഴുതിയിരിക്കുന്നതുപോലെ ശാന്തത ശ്രേഷ്ഠതയുള്ള ആത്മാവിന്റെ പുണ്യമാണ്. ഈ പുണ്യം സമ്പാദിച്ചിരിക്കുന്ന ആത്മാവ് നിന്ദകളേയും അവമാനങ്ങളേയും സാരംവെക്കാതിരിക്കുന്നതുകൂടാതെ, കയ്യേറ്റം ഏല്പിക്കുന്നവരുടെയും ഹൃദയസമാധാനം കളയാതെ ശാന്തമായിരിക്കുന്നു.

പ്രായോഗികചിന്ത:— ക്രിസ്തീയ ശാന്തതയുടെ ലക്ഷണങ്ങളും നിന്നിൽ കാണുന്നുണ്ടോ? ഇതിനു വിരോധമായ മനക്കുക്കം അക്ഷമത, കോപം, ഇതരന്മാരിൽനിന്നു നേരിട്ട അനിഷ്ടങ്ങളാൽ അവരുടെ നേരെ വെറുപ്പു മുതലായവയെല്ലാം നീ പലപ്പോഴും വശംവദനാകുന്നില്ലയോ? അങ്ങനെയാണെങ്കിൽ, നിന്നെത്തന്നെ ഏളിമപ്പെടുത്തുകയും, നിന്റെ കുറവുകളേക്കുറിച്ചു് പശ്ചാത്തപിച്ചു് അവയ്ക്കു് പരിഹാരം തേടുകയും ചെയ്യണം.

സ്നേഹപ്രകരണങ്ങളം:— മാധുര്യം നിറഞ്ഞ ഈശോയെ, ശാന്തശീലരും സമാധാനശീലരും ഭാഗ്യവാന്മാർ: എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കുകയും, ദൈവത്തിന്റെ പുത്രന്മാരെന്നു് വിളിക്കപ്പെടുകയും ചെയ്യും. (മത്തേ. ര്. ൻ) എന്നു നീ അരുളിച്ചെയ്തു കാണിച്ചിരിക്കുന്ന ആ ഭാഗ്യവാന്മാരുടെ കൂട്ടത്തിൽ ഞാനും ഒരുവനാകുവാൻ അനുഗ്രഹം ചെയ്യേണമെ.

പ്രതിജ്ഞ:— നിന്റെ സഹോദരന്മാരിൽ ശാന്തതയും, സ്വഭാവമാധുര്യവും കൊണ്ടു് ഏറ്റവുമധികം ശോഭിച്ചിരിക്കുന്നവരെ അനുകരിക്കുക.

രണ്ടാംവകുപ്പു്.

ഈശോയുടെ വിനയം.

ധ്യാനം:— വി. പൌലോസ് രണ്ടാമത്തെ പുണ്യമായി പറഞ്ഞിരിക്കുന്ന വിനയത്തിനും ശാന്തതയ്ക്കും തമ്മിലുള്ള സാദൃശ്യത്തെപ്പറ്റി സ്വല്പം ചിന്തിക്കാം. വിനയം ശാന്തതയേപ്പോലെതന്നെ മറുള്ളവരുടെ ഹൃദയങ്ങളെ ആകർഷിക്കുകയും, മറു

പുണ്യങ്ങളെ പരിശോഭിപ്പിക്കുകയും ചെയ്യുന്നു. ശൈശവത്തിലും യൌവ്വനത്തിലും ഈശോയിൽ ഉണ്ടായിരുന്ന വിനയം മൈവല്യതന്മാരുടേതിലും ഉന്നതമായതെന്നല്ലാ, മൈവികം തന്നെയായിരുന്നു. ഈശോ അവിടുത്തെ നോക്കിലും, വാക്കിലും, നടപ്പിലും ശരീരത്തിന്റെ ഓരോ ചലനങ്ങളിലും; അന്യരോടുള്ള സംസർഗ്ഗത്തിലും കാണിച്ച സാക്ഷാത്തായതും മാറ്റമില്ലാത്തതുമായ വിനയം എത്ര വിസ്മയകരമായിരുന്നു! ഇപ്രകാരം അങ്ങനെ സങ്കടഭാവം കാണിക്കയൊ, ശേഷംപേർക്ക് എന്തെങ്കിലും ഉപദ്രവം വരുത്തുകയൊ ചെയ്തില്ലെന്നുള്ള (ഇസയാ: ൪൨) പ്രവചനസാക്ഷീകരണം അനപത്ഥമാവുകയും ചെയ്തിരിക്കുന്നു.

പ്രായോഗികചിന്ത:— വിനയത്തെ സംബന്ധിച്ചുള്ള ഈ ദൃഷ്ടാന്തങ്ങളെ നീ അനുകരിക്കാറുണ്ടോ എന്നു നോക്കുക. നിന്റെ വചനങ്ങളിൽ പരിത്യാഗം; വിനയം, വിവേകം ശേഷംപേർക്ക് നല്ല ദൃഷ്ടാന്തം, മൈവസ്തുതി മാത്രം ആഗ്രഹിക്കുന്ന മനസ്സു മുതലായവ പ്രശോഭിക്കുന്നുണ്ടോ? അല്ലെങ്കിൽ മറ്റുള്ളവർ നിന്നെ വലിയവനായി മതിക്കണമെന്നുള്ള വിചാരം; വചനങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള അല്പത്വം മുതലായവ സാധാരണമായിട്ടുണ്ടോ? നിന്റെ നോട്ടത്തിലും, നടപ്പിലും; ആശ്രമത്തിലും ആശ്രമത്തിന്നു പുറത്തുമുള്ള ഇരിപ്പിലും, ക്രിയകളിലും നീ വിനയമുള്ളവനും, നിനക്കുതന്നെ മൂതനുമായിട്ടൊ, അതൊ, ഡംഭുള്ളവനും, സ്വലാഭം തേടുന്നവനുമായോ എങ്ങനെയാണ് നിന്നെ ശേഷംപേർ കണക്കാക്കാൻ നിന്റെ പെരുമാറ്റം കാരണമാകുന്നതു? ഇതു് ആലോചിച്ചുനോക്കുക.

സ്നേഹപ്രകരണങ്ങൾ:— നിങ്ങളുടെ വിനയം സകലർക്കും പ്രകാശിക്കട്ടെ. (ഫിലി. ൪. ൫.) എന്നു് വി. പൌലോസ് പറയുന്ന വചനങ്ങൾ നിന്നിൽ അനപത്ഥമാകുവാൻ നീ തീക്ഷ്ണതയോടെ ആഗ്രഹിക്കുക.

പ്രതിജ്ഞ:— വിനയത്തിന്റെ മുറകളേയും, പ്രമാണങ്ങളേയും പുരസ്സരിച്ചു് ക്രടക്കുടെ ആത്മികപരിശോധന ചെയ്യുക.

മൂന്നാംവകുപ്പ്

ഈശോയുടെ ഭക്തി

നസറേത്തിൽ അജ്ഞാതജീവിതം കഴിച്ചിരുന്ന ഈശോയിൽ പ്രശോഭിച്ച മൂന്നാമത്തെ പുണ്യം പുത്രസഹജമായ ഭക്തി, അഥവാ മക്കൾക്ക തങ്ങളുടെ മാതാപിതാക്കന്മാരുടെ നേക്ക സ്വാഭാവികമായി ഉണ്ടാകേണ്ട സ്നേഹാദരവത്രെ. ഇതിനാലാണ് ഭക്തിയുടെ അരൂപി അവനിൽ വസിക്കുമെന്ന് ദീർഘദർശി പറഞ്ഞിരിക്കുന്നത്. (ഇസയ്യ. ക്ഛ. ൧.) മിശിഹായ്ക്ക് തന്റെ പരമപിതാവായ ദൈവത്തോട് തന്നെ ഒന്നിപ്പിക്കുന്നതിന്ന്, നമ്മെപ്പോലെ ജപദ്ധ്യാനം ആവശ്യമുണ്ടായിരുന്നില്ല. എങ്കിലും അവിടുന്ന ജപദ്ധ്യാനത്തിൽ എത്രയും താല്പര്യമുള്ളവനായിരുന്നു. വി. ലൂക്കാസ് (൨൩. ക്ഛ-ൽ) എഴുതിയിരിക്കുന്നതുപോലെ മിശിഹാ തന്റെ പ്രസിദ്ധ ജീവിതത്തിൽ രാത്രി മുഴുവനും ജപദ്ധ്യാനത്തിന്നായി ചെലവഴിച്ചിരുന്നുവെങ്കിൽ, അവിടുത്തെ അപ്രസിദ്ധജീവിതത്തിന്റെ വലിയ പങ്കും ഇതിന്നായി ചെലവഴിച്ചുവെന്ന നാം വിശ്വസിക്കണം.

പ്രായോഗികചിന്ത:— നമ്മുടെ സ്നേഹംനിറഞ്ഞ പിതാവായ ദൈവത്തെ കണ്ണുകൊണ്ട കാണുന്നതിന്ന് നമുക്ക വാഹിയാത്തതിനാൽ, ജപദ്ധ്യാനവും ഭക്തിപ്രകരണങ്ങളും മറും വഴിയായി അരൂപിയാൽ നമ്മെ അവിടുത്തെ പക്കലേക്ക ഉയർത്തിയിട്ടാണ് അവിടുത്തേക്കുറിച്ചുള്ള മാധുര്യപൂർണ്ണമായ അറിവ് നാം പ്രാപിക്കയും, അവിടുത്തെ നേരെ മക്കൾക്കുള്ള സ്നേഹം കാണിക്കുകയും ചെയ്യേണ്ടതു്. അതുകയാൽ ഭക്തകൃത്യങ്ങളെ നാം വളരെ കായ്മയായി മതിക്കയും, ശ്രദ്ധാന്തിയോടെ അവയെ അഭ്യസിക്കയും ചെയ്യേണ്ടതാണ്. ഇപ്രകാരം നാം ചെയ്യുവരുന്നുണ്ടോ?

സംഭാഷണം:— അന്ത്യോക്ക്യാമെത്രാനും വേദസാക്ഷിയുമായ വി. ഇഗ്നേഷ്യസിനോടു സംഭാഷണം ചെയ്യുക. നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം പറയാനും, ശാന്തത, വിനയം ഭക്തി എന്നിവയുടെ അഭ്യസനത്തിൽ നമുക്കുള്ള കുറവുകളെ തീർപ്പാൻ വേണ്ട വരപ്രസാദം ലഭിച്ചുതരുവാനും ഈ വിശുദ്ധനോട് അഭ്യർത്ഥിക്കുക. (ഇന്നു ഈ വിശുദ്ധന്റെ തിരുനാൾ ആചരിക്കുന്നു.)

ഫെബ്രുവരി രണ്ടാം തിയ്യതി

ദൈവജനനിയുടെ ശുദ്ധീകരണത്തിരുനാൾ

പ്രാരംഭം:— ഫ. ദൈവജനനി ഉണ്ണിഈശോയെ ദേവാലയത്തിൽ കാഴ്ചവെയ്ക്കുന്നതും; ഉണ്ണിഈശോ അവിടുത്തെ പരിശുദ്ധ മാതാവിന്റെ കരങ്ങളാൽ തന്നെത്തന്നെ പരമപിതാവിനു സമർപ്പിക്കുന്നതും കാണുന്നതായി സങ്കല്പിക്കുക.

ഉ.. ഔദാര്യത്തിന്റെയും, സ്വപരിത്യാഗത്തിന്റെയും അരൂപി ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

ഇന്ന് ദൈവജനനി നമുക്കുവേണ്ടി എന്തുചെയ്തു?

ധ്യാനം:— പരിശുദ്ധ കന്യകമറിയം ശുദ്ധീകരണകല്പനയ്ക്കധീനയാവാൻ ആവശ്യമില്ലാതിരിക്കെ, അതിനു കീഴ്പ്പെട്ടതിനാലും, ഇതു നിമിത്തം തന്നെ കാണുന്നവരെല്ലാം താൻ മറ്റു സ്ത്രീകളേപ്പോലെ അശുദ്ധിയുള്ളവളെന്നു വിചാരിപ്പാൻ സമ്മതിച്ചതിനാലും, താഴ്മ, കീഴ്വഴക്കം എന്ന പുണ്യങ്ങളുടെ വിസ്മയനീയമായ ദൃഷ്ടാന്തം നമുക്കു കാണിച്ചുതന്നിരിക്കുന്നു. ഈ നാഥ ഇന്ന് ഒരു മഹാ ബലി സമർപ്പിച്ചതിനാലും, നാം ഈ അമ്മയെ ക്രൂശതൽ ക്രൂശതലായി മതിച്ചു സ്നേഹിക്കേണ്ടിയിരിക്കുന്നു. അതായത്: തന്റെ സ്നേഹത്തിന്റെ ഏക വിഷയമായ ഈശോയെ നമ്മുടെ പാപപരിഹാരത്തിനുള്ള ബലിയായും, നമ്മുടെ പരിത്രാണനത്തിന്റെ വിലയായും പരമപിതാവിനു സമർപ്പിച്ചു. മറ്റു സ്ത്രീകളേപ്പോലെ ഈ നാഥയും അഞ്ചു സെക്കൽസ് എന്ന നാണയം കൊടുത്തുകൊണ്ട് അവിടുത്തെ വീണ്ടെടുത്തു എന്നതു് ശരിതന്നെ. എങ്കിലും ഇതു ബലിക്കായുള്ള ചെമ്മരിയാട്ടിൻകുട്ടിയെപ്പോലെ, അവിടുത്തെ വളർത്തുന്നതിനും കാത്തുസൂക്ഷിക്കുന്നതിനും വേണ്ടിയായിരുന്നു.

പ്രായോഗികചിന്ത:— നമ്മുടെ കൺമുമ്പിൽ എന്താണു

നാം കാണുന്നത്! ദൈവസ്നേഹത്തിയേയും ഇതരന്മാരുടെ രക്ഷയേയും കുറിച്ചുള്ള താല്പര്യം കന്യകമറിയത്തിന്റെ മാതൃസ്നേഹത്തേയും കരുണയേയും ജയിച്ചിരിക്കുന്നു. ഇപ്രകാരം ദൈവസ്നേഹത്തേയും, പരസ്നേഹത്തേയും പ്രതി, നമ്മെത്തന്നെ പരിത്യജിക്കുന്നതിൽ നാം എത്ര വിമുഖരും അലസരുമായിരിക്കുന്നു! ദൈവസ്നേഹത്തിയിലും ശ്രേഷ്ഠന്മാരുടെ ആത്മരക്ഷയിലുമുള്ള താല്പര്യത്തേക്കാൾ, നമ്മുടെ സ്വന്ത ഗുണത്തിലുള്ള താല്പര്യം നമ്മിൽ എത്ര അധികരിച്ചിരിക്കുന്നു! നമ്മുടെ കടമകളെ നിറവേറുവാനും, നിസ്സാരമായ ഒരു വെറുപ്പ് ജയിപ്പാനും മറും അവസരം വരുമ്പോൾ, ഓരോ ഒഴിവുകൾ പറഞ്ഞു് എത്തെല്ലാം വിധത്തിൽ നാം പിന്മാറിക്കളയുന്നു. ഇനിയെങ്കിലും ഇപ്രകാരം ചെയ്യാതെ; നമ്മെത്തന്നെ ജയിച്ചു നമ്മുടെ ദിവ്യ അമ്മയ്ക്കു് യോഗ്യമക്കളാകുവാൻ പ്രയാസപ്പെടുക.

സ്നേഹപ്രകരണങ്ങൾ:— ഔദാര്യത്തിലും പരിത്യാഗത്തിലും നിനക്കു താല്പര്യം ലഭിച്ചീടുവാൻ പരിശുദ്ധ അമ്മയോടു അഭ്യർത്ഥിക്കുക.

പ്രതിജ്ഞ:— പരിശുദ്ധ അമ്മയെ അനുകരിപ്പാൻവേണ്ടി, നമ്മുടെ സ്വഭാവത്തിന്നു് അനിഷ്ടമേതുകവും, ദൈവത്തിന്നു് ഇഷ്ടകരവുമായ സ്വയനിഗ്രഹപ്രവൃത്തികൾ ചെയ്യാൻ ശീലിക്കുക.

രണ്ടാം വകുപ്പു

ഈ ദിവസത്തിൽ ഈശോ നമുക്കുവേണ്ടി എന്തു ചെയ്തു?

സ്വാനം:— അവിടുന്നു നാല്പതു ദിവസം മാത്രം പ്രായമുള്ള ഒരു ശിശുവായിരുന്നെങ്കിലും; പൂർണ്ണ ജ്ഞാനമുള്ളവനായിരുന്നതിനാൽ, പിശാചിന്റെ നീചദാസ്യത്തിൽ അകപ്പെട്ടിരുന്ന മനുകുലത്തെ വീണ്ടെടുക്കുന്നതിനും, പാപത്താൽ ദൈവത്തോടു മനുഷ്യർ കാണിച്ച നിന്ദനങ്ങളെ പരിഹരിക്കുന്നതിനും സകല മനുഷ്യർക്കും പാപമോചനം നൽകുന്നതിനുമായി തിരുക്രൂശു ബലിയായി പൊഴിയുകയുടെ ചെയ്യുന്നതിനുവേണ്ടി തന്റെ പരിശുദ്ധ മാതാവിന്റെ കരങ്ങളാൽ, പരമപിതാവിന്നു് സ്വയം ബലിയായി സമർപ്പിക്കുകയത്രെ ചെയ്തതു്. ദൈവ

പിതാവു് അവിടത്തേയ്ക്കു് ഏററം യോഗ്യമായ ഈ കാഴ്ചയെ പൂർണ്ണമനസ്സോടെ അംഗീകരിച്ചതിനാൽ, കുരിശിൽ ഒടുക്കത്തെ ദീർഘനിശ്വാസത്തോടുകൂടെ അവസാനിച്ച ആ മഷ്പത്തിമൂന്നു വത്സരത്തെ രക്തസാക്ഷിത്വം ഈശോ ഇന്നു ആരംഭിച്ചു!

പ്രായോഗികചിന്ത:—നിന്റെ ദിവ്യ മാതൃകയായിരിക്കുന്ന രക്ഷകന്റെ വചനം ശിശുത്തൊട്ടിയിൽ തുടങ്ങി കുരിശിലെ മരണം വരെ, എന്നല്ലാ കല്ലറയിൽ അടക്കപ്പെട്ടതുവരെയും, ദൈവസ്നേഹം ആത്മാവുകളുടെ രക്ഷയ്ക്കുമായുള്ള ഒരു നിരന്തര ബലിയായിരുന്നു. ഇപ്രകാരം അവിടത്തെ ജീവിതം മുഴുവനും ഒരു ബലിയായിയിരിക്കുകയും, ഒടുവിൽ കുരിശുമരണം കൊണ്ടു് ആ ബലി പൂർണ്ണമാക്കുകയും ചെയ്തു. ഇതു് ഒരു യഥാർത്ഥ സന്യാസിയ്ക്കുള്ള ഉത്തമമാതൃകയാണു്. എന്തെന്നാൽ ഒരു സന്യാസി കീഴ്വഴക്കം, ദാരിദ്ര്യം, വിരക്തി എന്നീ മൂന്നു വ്രതങ്ങൾ സ്വീകരിച്ചിരിക്കുന്നതുകൊണ്ടും, അന്യരുടെ ആത്മരക്ഷയ്ക്കായി പ്രയത്നിക്കുന്നതിനു് തന്നെത്താൻ നിയോഗിച്ചിരിക്കുന്നതുകൊണ്ടും പൂർണ്ണമായ ദഹനബലിയായി ദൈവസ്നേഹമെന്ന ബലിപീഠത്തിന്മേൽ സ്വയം സമർപ്പിക്കുന്നു. സന്ന്യാസ പരിപൂർണ്ണതയുടെ ഈ മാതൃകയോടു് നീ എത്രമാത്രം അടുത്തിരിക്കുന്നു? ഇതിനോടു അടുക്കാൻ നീ എന്തെല്ലാം യത്നങ്ങൾ ചെയ്യുന്നുണ്ടു്?

സ്നേഹപ്രകരണങ്ങൾ:— പൂർണ്ണപൂർണ്ണതയുടെ ഈ ഉന്നതപദവി പ്രാപിപ്പാൻ സ്വാഗപൂർവ്വം പരിശ്രമിക്കുക.

പ്രതിജ്ഞ:— ഇന്നു് പരിശുദ്ധ കുർബാന ഉൾക്കൊള്ളുമ്പോൾ, പരിത്യാഗപരമായ ഏതാനും പ്രതിജ്ഞകളെ ഈശോയ്ക്കു സമർപ്പിക്കുക.

മൂന്നാംവകുപ്പു്

ഈ ദിവസം ഈശോയ്ക്കും പരി. മാതാവിനും
നാം എന്താണു ചെയ്യേണ്ടതു്?

ധ്യാനം:— ഈശോയും പരി. മാതാവും നമ്മോടു കാണിച്ച സ്നേഹത്തിനു് നമ്മിൽ കഴിയുന്ന പ്രതിസ്നേഹം കാണിക്കണം. നാം ദേവാലയത്തിൽ ചെന്നു് നമ്മെത്തന്നെ കർത്താവിനു

കാഴ്ചവെയ്ക്കണം. ഇന്ന് ദേവാലയത്തിൽ മെഴുകുതിരി ആശീർവ്വദിച്ച് അവയെ ജനങ്ങൾക്കുകൊടുക്കുമ്പോൾ, നാം നമ്മെ മുഴുവനും സർവ്വേശ്വരന് സമർപ്പിക്കുകയും ഈശോകർത്താവും പരിമാതാവും സമർപ്പിച്ച ബലിപീഠത്തിൽതന്നെ ദൈവസ്നേഹം എന്ന അഗ്നിയാൽ നമ്മെ മുഴുവനും ഹോമിക്കാൻ അനുഗ്രഹിക്കുകയും വേണം.

പ്രായോഗികചിന്ത:— ഈ തിരുനാളിന്റെ സ്മരണ നമ്മുടെ ആത്മികശുഷ്കാന്തിയെ നവീകരിക്കുകയും, ദൈവശുശ്രൂഷയിലും നമ്മുടെ കടമകളെ നിറവേറുന്നതിലും, ആത്മരക്ഷയ്ക്കായി ചെയ്യേണ്ട അദ്ധ്വാനങ്ങളിലും നമുക്കു പുതിയ ഉത്സാഹവും ധൈര്യവും ജനിപ്പിക്കുകയും ചെയ്യണം. നാം ഇപ്പോൾ ഈ വർഷത്തിന്റെ രണ്ടാമത്തെ മാസത്തിലേയ്ക്കു പ്രവേശിച്ചിരിക്കുന്നു. ആകയാൽ കഴിഞ്ഞ മാസത്തിലേതിനേക്കാൾ അഭിവൃദ്ധി പ്രാപിപ്പാൻ, അഥവാ കഴിഞ്ഞ മാസത്തിലെ തെറ്റുകൾ പരിഹരിക്കാൻ ശ്രമിക്കണം.

സംബോധനം:— നമ്മുടെ ഭാഗ്യവതിയായ അമ്മയോട് സംബോധനം ചെയ്യുക. ഈ ദിവസത്തിൽ അവിടുന്നു നമുക്കുവേണ്ടി ചെയ്ത നന്മകൾക്കായി നന്ദി പറയുക. ഈശോകർത്താവിനോടുകൂടെ നമ്മെയും പരമപിതാവിന് സമർപ്പിപ്പാനും, ഈ ധ്യാനത്തിൽ നാം ചെയ്ത നല്ല പ്രതിജ്ഞകളെ നിറവേറുവാൻ വേണ്ട വരപ്രസാദം ലഭിച്ചുതരുവാനും ഈ നാഥയോട് അഭ്യർത്ഥിക്കുക.

ഫെബ്രുവരി മൂന്നാം തിയ്യതി

ഈശോ ജ്ഞാനത്തിലും വയസ്സിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പക്കലുള്ള പ്രസാദത്തിലും
വർദ്ധിച്ചുവന്നിരുന്നു

പ്രാരംഭം:— ക്ര. തുക്കടംബവാസികളായ മൂവരും നസ്രേത്തിലെ ചെറിയ വീട്ടിൽ ഒന്നിച്ചു കൂടിയിരിക്കുന്നതു കാണു

ന്നതായി വിചാരിക്കുക.

൨. പുണ്യപൂർണ്ണതയ്ക്കായുള്ള തീക്ഷ്ണമായ ആഗ്രഹം നിന്നിൽ ഉണ്ടാകുവാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പ്

ഈശോ മനുഷ്യരുടെ മദ്ധ്യേ ജ്ഞാനത്തിൽ വർദ്ധിച്ചുവന്നിരുന്നു

ധ്യാനം:— ഈശോ ജ്ഞാനത്തിൽ വർദ്ധിച്ചുവന്നിരുന്നു; അതായത്: അവിടുത്തേയ്ക്ക് വയസ്സ് കൂടുന്തോറും, കൂടുതൽ ജ്ഞാനവും പുണ്യപൂർണ്ണതയും അവിടുത്തെ പ്രവൃത്തികളിൽ പ്രത്യക്ഷപ്പെടുത്തുവാൻ തിരുവുള്ളമായി. ഇതുകൊണ്ട് ശ്രേഷ്ഠം മനുഷ്യർക്ക് വയസ്സു കൂടുന്തോറും ബുദ്ധിവികാസം ഉണ്ടാകുന്നതുപോലെ, അവിടുത്തേയ്ക്കും ഉണ്ടായിവന്നിരുന്നതായി മനുഷ്യരുദ്ദിക്കുന്നതാണിയിരുന്നു. എന്നാൽ വി. ലൂക്കാ പറയുന്നതുപോലെ; അവിടുത്തെ മനുഷ്യാവതാരക്ഷണം മുതല്ക്കു തന്നിൽ ജ്ഞാനത്തിന്റെയും അറിവിന്റേയും സമ്പൂർണ്ണത അടങ്ങിയിരിക്കുന്നു. (കൊലൊ. ൨.) അതിനാൽ അവിടുന്നു പുണ്യപൂർണ്ണതയിലും മാധുര്യശീലത്തിലും നിരന്തരം അഭിവൃദ്ധി പ്രാപിക്കുകയും; അവിടുത്തെ ദർശിക്കുന്നവരെ എല്ലാവരേയും അധികമധികം സന്തോഷിപ്പിക്കുകയും നന്മയിലേയ്ക്ക് ആകർഷിക്കുകയും ചെയ്തിരുന്നു.

പ്രായോഗികചിന്ത:— അവിടുത്തെ ദിവ്യദൃഷ്ടാന്തം അനുകരിച്ച്, വയസ്സ് അധികരിക്കുന്തോറും കൂടുതൽ കൂടുതൽ നല്ലവരായിത്തീരുന്നതിനുവേണ്ട ദൈവസഹായം തീക്ഷ്ണതയോടെ ആഗ്രഹിച്ചുപേക്ഷിക്കുകയും, അതു പ്രാപിപ്പാൻ ഭാഗ്യം ലഭിക്കുകയും ചെയ്യുന്ന സന്ന്യാസികളും എത്ര സൂക്ഷ്മാർഹരാണ്. ഇവർ തങ്ങളുടെ ശ്രേഷ്ഠന്മാരെ സമാശ്രയിപ്പിക്കുകയും തങ്ങളുടെ സഹോദരന്മാരെ നന്മയിലേയ്ക്ക് ആകർഷിക്കുകയും ചെയ്യുന്നതുകൂടാതെ; ഈശോയുടെ തിരുഹൃദയത്തെ ആനന്ദിപ്പിക്കുകയും പുണ്യപൂർണ്ണത പ്രാപിപ്പാനുള്ള പ്രഥമ കടമയെ നിറവേറ്റിക്കൊണ്ടെയിരിക്കുന്നുവെന്ന് കാണിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഈശോയുടെ പിന്നാടിയിൽ നടക്കുന്നവരുടെ കൂട്ടത്തിൽ ഞാനും ഒരുവനാണോ? അല്ലെങ്കിൽ അപ്രകാരം ആഗ്രഹിക്കുന്നെങ്കിലും

ഒന്നും ചെയ്യാത്ത വ്യർത്ഥമനോരാജ്യക്കാരുടെ കൂട്ടത്തിലാണൊ എനിക്കുള്ള സ്ഥാനം?

സ്നേഹപ്രകരണങ്ങൾ:— മേൽകാണിച്ച വിഷയം നന്നായി പരിശോധിച്ചശേഷം, നിന്റെ മനസ്സാക്ഷിയുടെ വിധിക്കൊക്കുംവിധത്തിലുള്ള സ്നേഹോജ്ജ്വലമായ അപേക്ഷകൾ ചെയ്‌വാൻ ശ്രമിക്കുക.

പ്രതിജ്ഞ:— ക്ഷണഭംഗുരങ്ങളായ ലോകകാര്യങ്ങൾക്കുവേണ്ടി മനുഷ്യർ എത്രത്തോളം അദ്ധ്വാനിക്കുന്നുവോ, അത്രയ്ക്കെങ്കിലും അദ്ധ്വാനം, പുണ്യത്തിൽ അഭിവൃദ്ധി പ്രാപിപ്പാനായി ഞാൻ ചെയ്യും.

രണ്ടാംവകുപ്പ്

ഈശോ ദൈവപ്രസാദത്തിൽ വർദ്ധിച്ചുവന്നു

ധ്യാനം:— ഈശോ ദൈവപ്രസാദത്തിൽ വർദ്ധിച്ചുവന്നിരുന്നു. (ലൂക്കാ. 2, 52) അവിടുന്ന് ദൈവപ്രസാദവും, വിശുദ്ധതയുംതന്നെയായിരിക്കെ, ദൈവപ്രസാദത്തിൽ വർദ്ധിച്ചുവന്നിരുന്നു എന്നു പറയുന്നതെങ്ങിനെ? അതു മനുഷ്യദൃഷ്ടിക്കു വലിയതും അധികം പ്രയാസമുള്ളതും, ഏറ്റവും ത്യാഗസമ്പുഷ്ടവും സ്വഭാവത്താലെതന്നെ പൂർണ്ണവുമായ പുണ്യങ്ങളിൽ അവിടുന്ന് അതിന്റെ മദ്ധ്യം മുതൽക്കേ അഭ്യസിച്ചിരുന്നു. അതിലും ഉയർന്ന പദവിയിലുള്ളവർ, അവിടുത്തെ പ്രസിദ്ധജീവിതത്തിൽ അഭ്യസിച്ചു. അന്ത്യഘട്ടത്തിലാകട്ടെ, അവിടുന്ന് അവയെ ധീരധീരം പ്രകാശിപ്പിക്കുകയും ചെയ്തു. ഈശോ ദൈവപ്രസാദത്തിൽ വർദ്ധിച്ചുവെന്നു പറയുന്നതിനു വേറൊരു അർത്ഥംകൂടിയുണ്ട്. അതായതു: അവിടുന്ന് അഭ്യസിച്ച പുണ്യങ്ങൾകൊണ്ടു മനുഷ്യർ അവിടുത്തെ വളരെ മതിച്ചിരുന്നതുകൂടാതെ, പരമപിതാവിന്റെ പ്രസാദത്തിനും അവിടുന്ന് അത്യന്തം പാത്രീഭവിച്ചിരുന്നു; എന്തെന്നാൽ തന്റെ പരിശുദ്ധമായ നിയോഗവും, ജ്വലിക്കുന്ന സ്നേഹവും നിമിത്തം, തന്റെ പ്രവൃത്തികൾ പരമപിതാവിൻ പക്കലും ഏറ്റവും ഉയർന്നതും, സ്തുത്യർഹവും പൂജ്യവുമായിരുന്നു.

പ്രായോഗികചിന്ത:— ഇവിടെ നിന്നോടുതന്നെ നീ ചോ

ദിക്കേണ്ട രണ്ടു കാര്യങ്ങൾ ഉണ്ട്. ക്ര. നിനക്കു പ്രായം കൂടുന്തോറും നിന്റെ പ്രവൃത്തികൾ പുണ്യപൂർണ്ണത കൈവരുത്തുന്നതായിട്ടാണോ ഇരിക്കുന്നത്? അവയുടെ എണ്ണവും ഗുണവും വർദ്ധിക്കുന്നുണ്ടോ? ഖ. നിന്റെ ക്രിയകൾക്കുള്ള കരുതലുകൾ സ്വച്ഛതയും സ്വാർത്ഥവും കലരാതെ, സ്വച്ഛവും ശുദ്ധവുമായിരിക്കുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— ഈ ചോദ്യങ്ങൾക്ക് അഭിലഷണീയമായ ഉത്തരം പറയാനിടവരുന്നതിനും, ദൈവം നിന്നോ കരുണാപൂർവ്വം വിളിച്ചു കാട്ടിത്തന്നിരിക്കുന്ന പുണ്യപൂർണ്ണത പ്രാപിക്കാനുള്ള വലിയ ആഗ്രഹം നിന്നിൽ ഉണ്ടാകുവാനുംവേണ്ടി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— എന്നെത്തന്നെ ധൈര്യപ്പെടുത്തുവാൻവേണ്ടി; ഇതുവരെ ഞാൻ പ്രാപിച്ച നന്മകളെപ്പറ്റി ചിന്തിക്കുകയും, ഇനി ചെയ്വാൻ ഉള്ളവയോടു് ഇതുവരെ ചെയ്തവ താരതമ്യപ്പെടുത്തിനോക്കിയാൽ; അവ എത്ര തുച്ഛമെന്നു വിചാരിക്കുകയും ചെയ്യും.

മൂന്നാംവകുപ്പു

ഈശോ തന്റെ അജ്ഞാതജീവിതത്തിൽ പുണ്യങ്ങളിൽ അഭിവൃദ്ധി പ്രാപിച്ചു

ധ്യാനം:— ഈശോ പുണ്യപൂർണ്ണതയുടെ കാര്യത്തിൽ എങ്ങിനെ അഭിവൃദ്ധി പ്രാപിച്ചു? ശ്രമിച്ചാൽ നമുക്കും സാധിക്കുന്ന മാർഗ്ഗങ്ങളാലത്രെ അവിടുന്നു് അതു സാധിച്ചതു്. അതായതു്: ആർക്കും അറിയപ്പെടാത്തവനായി ജീവിച്ചുകൊണ്ടും; മനുഷ്യർ സാധാരണചെയ്യാറുള്ള ഗാർഹിക കൃത്യങ്ങൾ ചെയ്തുകൊണ്ടുമായിരുന്നു. നസറേത്തിലെ എളിയ ഭവനത്തിൽ അവിടുന്നു ചെയ്തതു് എന്താണെന്നു നീ നോക്കുമെങ്കിൽ; അവിടെ ബാഹ്യദൃഷ്ടിയ്ക്കു പ്രബലമായി തോന്നുന്ന യാതൊന്നും കാണുകയില്ല. എളിയ സ്ഥിതിയിൽ വലിയ മഹിമയെ ദർശിപ്പാൻ അറിഞ്ഞുകൂടാത്തവർ സ്തുത്യർഹമായ പ്രവൃത്തികൾ ഒന്നും അവിടെ കണ്ടെത്തുകയില്ല.

പ്രായോഗികചിന്ത:— നമ്മുടെ ദിവ്യമാതൃകയായിരിക്കു

ന്ന കർത്താവിന്റെ ജീവിതത്തിലെ ഓരോ ഭാഗങ്ങളും നമുക്ക എത്ര മഹാ പഠനങ്ങളും ധൈര്യവും നൽകുന്നവയാണ്. അവിടുത്തെ ദൃഷ്ടാന്തം അനുകരിച്ചു, ദൈവത്തിന്റെയും മനുഷ്യരുടെയുംമുമ്പാകെ പുണ്യപൂർണ്ണതയുള്ളവരാകുവാൻ അവിടുന്ന നമ്മോടു കല്പിക്കുന്നതിനാൽ അവിടുന്നു പ്രവർത്തിച്ചതുപോലെ പ്രവർത്തിച്ചു, ഏതു ജീവിതാവസ്ഥയിലും ചെയ്യാവുള്ള സാധാരണ പ്രവൃത്തികൾകൊണ്ടുതന്നെ അതു സാധിക്കാമെന്നു അവിടുന്നു നമുക്കു കാണിച്ചുതന്നുമിരിക്കുന്നു. എന്നാൽ നാം അപ്രകാരം ചെയ്യാതെ, വിലയേറിയ സമയം വൃഥാ നഷ്ടപ്പെടുത്തുന്നതുകൊണ്ടും, നമുക്ക് ഏറ്റവും പ്രയോജനകരമായതിനെ വേണ്ടവിധം ഗ്രഹിക്കാത്തതുകൊണ്ടും, ഒരു ദിവസം നാം എത്രമാത്രം ദുഃഖിക്കേണ്ടിവരുമെന്നു ഓർക്കുന്നുണ്ടോ?

സംഭാഷണം:— പുണ്യങ്ങളിൽ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിപ്പാൻ തന്റെ വചനങ്ങളാലും, ദൃഷ്ടാന്തങ്ങളാലും നമ്മെ ധൈര്യപ്പെടുത്തുകയും; അതിലേയ്ക്കു നമ്മെ ക്ഷണിക്കയും ചെയ്യുന്ന ഈശോകർത്താവിനോടു സംഭാഷണം ചെയ്യുക. 'സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിപ്പിൻ' എന്നു് അവിടുന്നു് അരുളിച്ചെയ്ത വചനങ്ങളും വി. അന്ത്രയാസ് അവല്ലീനൊയുടെ മനസ്സിൽ സദാ ഉണ്ടായിരുന്നതുപോലെ, നമ്മിലും സദാ ഉണ്ടായിരിപ്പാൻ ഇടവരുത്തേണമെന്നു് അപേക്ഷിക്കുക. ഈ പുണ്യവാൻ പ്രസ്തുത വാക്യം നിരന്തരം കൺമുമ്പാകെ വെച്ചിരുന്നതിനാൽ പുണ്യത്തിൽ എപ്പോഴും അഭിവൃദ്ധി പ്രാപിപ്പാൻ ശ്രമിക്കുന്നുണ്ടെന്നുള്ള വ്രതത്താൽ അതിന്റെ അനുവർത്തനത്തിനു സഹായം കടപ്പെടുത്തിയിരുന്നു.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
00002841
K19 V58